# കുഴിച്ചിടപ്പെട്ട താലന്ത്

## ഏദൻതോട്ടവും വിശുദ്ധ മാതാവിന്റെയും ഇയ്യോബിന്റെയും കബറിടവും

(Malayalam)

**Kuzhichidappetta Thalanthu**

**K. P. Varghese Adoor**

| | | |
|---|---|---|
| Published by | : | The Author |
| First Edition | : | Oct., 2014 |
| Distributors | : | Sophia Books, Kottayam |
| Cover Design, Typesetting & Printing | : | Sophia Print House, Kottayam |

Price: **Rs. 75.00**

# കുഴിച്ചിടപ്പെട്ട താലന്ത്

## ഏദൻതോട്ടവും വിശുദ്ധ മാതാവിന്റെയും ഇയ്യോബിന്റെയും കബറിടവും

കെ. പി. വർഗീസ് അടൂർ

SOPHIA BOOKS

സോഫിയാ ബുക്സ്
കോട്ടയം

# പ്രചോദനം

സ്വർഗ്ഗത്തിലെ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ കാണാതെ പോയ ആടുകളെ അന്വേഷിപ്പാനും അവയെ കണ്ടെത്തുവാനും ഭൂമിയിലേക്ക് അയക്കുന്നു. ഭൂമിയിൽ അവതരിച്ച ക്രിസ്തു 12 ശിഷ്യന്മാരെ തിരഞ്ഞെടുത്ത് അവരെ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ ചെന്ന് സുവിശേഷം അറിയിപ്പാനും കാണാതെ പോയ തന്റെ പിതാവിന്റെ മക്കളെ, സഹോദരന്മാരെ കണ്ടെത്തുവാനും അയക്കുന്നു. അങ്ങനെ എ.ഡി. 52-ാം ആണ്ടിൽ കർത്താവിന്റെ ശിഷ്യനായ തോമാ ശ്ലീഹാ ഇന്ത്യയിൽ വന്നു. വളരെ കുറച്ച് മാത്രം ആളുകളെ ക്രിസ്തീയ വിശ്വാസത്തിലേക്ക് ആകർഷിച്ചു സ്നാനപ്പെടുത്തി. അങ്ങനെ സ്നാനപ്പെടുത്തി ക്രിസ്ത്യാനിയായ ഒരു ക്രിസ്തീയ കുടുംബം മതംമാറിയതിന്റെ പേരിൽ ഭവനത്തിൽ നിന്നും ഭ്രഷ്ടരാവുകയും ബ്രാഹ്മണ ആചാരപ്രകാരം അവരെ പടി അടച്ച് പിണ്ഡം വയ്ക്കുകയും ചെയ്തു. എന്നാൽ ആ പുരുഷനും സ്ത്രീയും യാത്രയാകുമ്പോൾ സ്ത്രീ ഗർഭിണി ആയിരുന്നു. ഇവരുടെ ഒപ്പം രക്ഷസിനെയും മൂർത്തിയേയും അയക്കുന്നു. അങ്ങനെ തിരുവിതാംകൂറിന് വടക്കുള്ള പറവൂർ എന്ന സ്ഥലത്തു നിന്നും യാത്ര ചെയ്ത് മദ്ധ്യതിരുവിതാംകൂറിൽ എത്തിച്ചേർന്നു. പന്തളം എന്ന സ്ഥലത്തിന് ഒരു കി.മി. കിഴക്ക് മാറി തലനാട് എന്ന സ്ഥലം അവർക്ക് തങ്ങുവാനുള്ള സ്ഥലമായി അവിടെയുള്ള ഒരു കുടുംബം ദാനം ചെയ്തു. ആ കുടുംബവും ക്രിസ്തീയ വിശ്വാസത്തിൽ ആയിരുന്നു. എന്നാൽ ശേഷം പറവൂരിൽ നിന്നും വന്ന മാർത്തോമ്മാ ക്രിസ്ത്യാനികളായ ആ മനുഷ്യർ (പിതാവ്, മാതാവ്, മകൻ) മൂവരും അവിടെ മരിച്ച് അടക്കം ചെയ്തിരിക്കുന്നു. ഒപ്പം ഉള്ള രണ്ട് കല്ലറകൾ രക്ഷസ്, മൂർത്തി എന്നിവയ്ക്കും ആണ് എന്ന് സങ്കൽപ്പം. എന്നാൽ ഇന്ന് ആ സ്ഥലം മനോഹരമായ ദേവാലയവും അഞ്ച് കബർ സംരക്ഷിക്കപ്പെടുന്ന വിശുദ്ധ സ്ഥലവും ആകുന്നു. തലനാട് കുടുംബം, ആ സ്ഥലം ദാനം ചെയ്ത ഭവനത്തിന്റെ അവകാശികളിലേക്ക് തലമുറകളായി നൂറ്റാണ്ടുകളായി അവകാശം സംക്ഷിപ്തമായിരുന്നു. ഇന്ന് കുരമ്പാല-പന്തളം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ പേരിൽ ആകുന്നു ഈ വിശുദ്ധ സ്ഥലം. ക്രിസ്തീയ വിശ്വാസത്തിന് അൽപ്പം ചേരാത്ത വിശ്വാസമായതിനാൽ പൂർണ്ണ സമ്മതം സഭയിൽ നിന്നും ഉണ്ടായിട്ടില്ല. അതിനാൽ ഒരു ചാപ്പലിന്റെ സ്ഥാനം മാത്രമേ ഈ പള്ളിക്ക് ഉള്ളൂ. കാരണം ഇത് ഒരു കുടുംബത്തിന്റെ ആയതിനാൽ ഇടവക ആയിട്ടില്ല. വിഷയം ഇതല്ല. കർത്താവിന്റെ ശിഷ്യരിൽ പലർക്കും എല്ലാ കാര്യങ്ങളും അറിയാൻ സാധിച്ചില്ല. എല്ലാ ശിഷ്യന്മാരിലും കുറേശെയായി സുവിശേഷം ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നു. അക്കാലത്ത് ഒരു പുസ്തകമോ

ഏകോപിച്ചുള്ള അറിവോ കർത്താവിന്റെ സുവിശേഷത്തിന് ലഭിച്ചില്ല. ഉദാ: കർത്താവ് അറിഞ്ഞുകൊണ്ട് തന്നെ അങ്ങനെ ചെയ്തിരിക്കുന്നു. ഒരുവന് അഞ്ച്, മറ്റൊരുവന് മൂന്ന്, വേറൊരുവന് രണ്ട്, ഒന്ന് ഇങ്ങനെ അവനവന്റെ പ്രാപ്തിക്ക് ഒത്തവണ്ണം സുവിശേഷം ലഭിച്ചു. അങ്ങനെ തോമാശ്ലീഹായ്ക്ക് കിട്ടിയ അറിവ് പകർന്ന് കൊടുത്തത് കുഴിച്ചിടപ്പെട്ട അവസ്ഥയിൽ ആയിരുന്നു. കാരണം ഇന്ത്യയിലെ വിശ്വാസങ്ങളും മറ്റും അതിന്റെ വളർച്ചയ്ക്ക് തടസ്സം ആയിരിക്കണം. ഇതും ദൈവത്തിന് ആവശ്യം തന്നെ. അതിനാൽ സത്യം അറിയാൻ താമസിച്ചു. അറിയാൻ ആരും ശ്രമിച്ചില്ല. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാനം ജീവിച്ചിരുന്ന തലനാട് കുടുംബത്തിന്റെ യഥാർത്ഥ അവകാശിയായ പന്തളം കടക്കാട് ചിറക്കരോട്ട് കിഴക്കേപുരയിൽ ഈപ്പൻ ഗീവർഗ്ഗീസ് എന്ന മനുഷ്യൻ അതായത് ഇത് എഴുതുന്ന എന്റെ മാതാവിന്റെ പിതാവ് ആയിരുന്നു ഈ കഥ പറഞ്ഞു തന്നത്. അവർ 20-ാം നൂറ്റാണ്ടിൽ തന്നെ ഈ ലോകത്തോട് വിട പറഞ്ഞു. ഇപ്പോൾ ഈ സത്യം അറിയാവുന്നത് ഞാൻ മാത്രം. ഇതിന്റെ സത്യം അറിയാൻ ശ്രമിച്ചപ്പോഴൊക്കെ പല പ്രതിസന്ധികളും എനിക്ക് അനുഭവിക്കേണ്ടതായി വന്നു. ഈ സത്യം മറഞ്ഞു കിടക്കാതെ കർത്താവിന്റെ ഉപമയിലെ ഒരു താലന്ത് ലഭിച്ചവന്റെ ഉപമയ്ക്ക് തുല്യമായി ഇനിയും കുഴിച്ചിടാതെ ശാപത്തിന് ഇടവരാതെ വ്യാപാരം ചെയ്യുന്നവരെ ഏൽപ്പിക്കുന്നു. ഒന്നിനു പുറകെ ഒന്നായി ദൈവം ഇത് എനിക്ക് വെളിപ്പെടുത്തിയിരിക്കുന്നു. കാരണം ഞാൻ അന്വേഷിച്ചു. ദൈവം അതു കണ്ടെത്താൻ എന്നെ സഹായിച്ചു. എന്നാൽ സാത്താൻ തടസം നിൽക്കുന്നു. ദൈവം സഹായിക്കട്ടെ. പലരോടും ഒരു സഹായത്തിനായി യാചിച്ചു. ദൈവമല്ലാതെ ആരും സഹായിച്ചില്ല. എന്റെ പേര് വർഗ്ഗീസ് കെ. പി. (ബിജു കെ. പി.). പന്തളം അടൂർ സ്വദേശി. സുവിശേഷം പലരീതിയിലും പല താലന്തുകളായി ഉപമകളായി കർത്താവ് കൊടുത്തിരിക്കുന്നു. യഥാർത്ഥ പൊരുൾ ഇപ്പോഴും മറഞ്ഞിരിക്കുന്നു. അനവധി ചിന്തകരായ മഹാന്മാർ ഒക്കെയും അന്വേഷിച്ചിട്ടും കാണാതെ പോയ സത്യം സ്വർഗ്ഗീയ മാലാഖമാരും മനുഷ്യനും എന്ന വിഷയം എല്ലാവരും കൈകാര്യം ചെയ്തിരുന്നു. എന്നാൽ ആർക്കും കണ്ടെത്താൻ കഴിയാത്ത കാര്യമാണ് തലമുറകളായി കിട്ടിയ സത്യം. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ അടിച്ചറിക്കപ്പെട്ട മാലാഖമാരാണ് മനുഷ്യർ എന്ന് ഇതിനെ ആസ്പദമാക്കി ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്തത് കൂടാതെ ദർശനങ്ങളാലും കാഴ്ചകളാലും ഓരോ കാലങ്ങളിലെ നടത്തിപ്പിനാലും ദൈവം എന്നെ ഏദൻതോട്ടം വരെ എത്തിച്ചു. ക്രിസ്തുവിനെ അറിയുന്നവർ എല്ലാം ക്രിസ്ത്യാനികൾ ആവില്ല. അനുഭവിച്ചറിയുന്നവരും അവന്റെ പാതയിൽ നടക്കുന്നവരും ആണ് ക്രിസ്ത്യാനികൾ. അതുപോലെ നാം അറിയുമ്പോഴാണ്, മനസ്സിലാക്കുമ്പോൾ ആണ് യഥാർത്ഥ

ബോധം ഉണ്ടാവുക. അതുവരെ നാം കണ്ണുണ്ടായിട്ടും കാണുന്നില്ല. ചെവി ഉണ്ടായിട്ടും കേൾക്കുന്നില്ല. ഹൃദയം കൊണ്ട് ഗ്രഹിക്കുന്നുമില്ല. മനം തിരിയുന്നുമില്ല.

ഈ പുസ്തകം ബൈബിളിനെ ആസ്പദമാക്കിയാണ്. എങ്കിലും ഇതര ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിരിക്കുന്നത് ഉൾക്കൊള്ളുന്നത് കൂടാതെ കടം കഥയായും വാമൊഴിയായും ഇന്നും നിലനിൽക്കുന്ന സത്യം കണ്ടെത്തി പങ്കുവയ്ക്കുന്നു. ഇത് വായിച്ച് മനസ്സിൽ ധ്യാനിച്ച് ആഴത്തിൽ ചിന്തിച്ചാൽ ദൈവത്തിന്റെ അത്ഭുതങ്ങൾ കാണുവാൻ സാധിക്കും. ലോകത്തുള്ള എല്ലാ മനുഷ്യരും ഇത് മനസ്സിലാക്കണം എന്നില്ല. നെല്ലും പതിരും ഒന്നിച്ച് കിടക്കുന്നതിനാലും പതിരാണ് ഭൂമിയിൽ ഉള്ള കൂടുതൽ മനുഷ്യർ എന്നതിനാലും നല്ല നെല്ല് വേർതിരിയാൻ ഇത് ഇടയാകട്ടെ. എന്നാൽ പശ്ചാത്തപിച്ചാൽ പതിരും നല്ല ഫലം ഉള്ളതായി തീരും. ദൈവം അത് ആഗ്രഹിക്കുന്നു.

**കെ. പി. വർഗീസ് അടൂർ**
**(ബിജു. കെ. പി.)**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ദൈവത്തിന് ഒരു കത്ത് | 9 |
| 2 | സുബോധം | 12 |
| 3 | പ്രസക്തി | 14 |
| 4 | മദ്യവും മയക്കുമരുന്നും | 15 |
| 5 | കൽപ്പവൃക്ഷം | 17 |
| 6 | പരിണാമ സിദ്ധാന്തം | 19 |
| 7 | പ്രകൃതിയും സൗന്ദര്യവും | 23 |
| 8 | നിന്റെ ന്യായപ്രമാണത്തിലെ... | 25 |
| 9 | ദൈവം: മനുഷ്യനെ സൃഷ്ടിക്കുന്നു (ഏദൻതോട്ടം) | 29 |
| 10 | ആദാമിന്റെ വംശവും ജലപ്രളയവും | 32 |
| 11 | യേശാവ് യാക്കോബിന് കൊടുത്ത ജ്യേഷ്ഠാവകാശം | 34 |
| 12 | പ്രത്യക്ഷത്തിൽ | 41 |
| 13 | മുന്തിരിത്തോട്ടത്തിന്റെ ഉപമ | 43 |
| 14 | മുടിയനായ പുത്രനുമായി ദൈവത്തിന്റെ ഉടമ്പടി | 47 |
| 15 | സംശയനിവാരണം | 48 |
| 16 | നന്മയുടെയും തിന്മയുടെയും വൃക്ഷം വേർതിരിക്കുന്നു | 50 |
| 17 | ഹോശാന (ഊശാന) – ഉണങ്ങിയ അത്തി | 53 |
| 18 | പെസഹാ | 55 |
| 19 | ധനവാനും ലാസറും (ഉപമ) | 56 |
| 20 | മുടിയനായ പുത്രന്റെ ഉപമ | 58 |
| 21 | കർത്താവിന്റെ ശിഷ്യന്മാർ | 60 |
| 22 | യാഗം | 63 |
| 23 | ഗത്സമേനയിലെ അതിവേദന | 65 |
| 24 | മാലാഖാവൃന്ദങ്ങൾ | 67 |
| 25 | വ്യത്യസ്ത വിശ്വാസങ്ങൾ | 76 |
| 26 | ദൈവപദ്ധതി അഗാധം തന്നെ | 79 |
| 27 | ഏദൻതോട്ടം (സലാല) | 82 |
| 28 | നീതിമാനായ ഇയ്യോബ് | 83 |
| 29 | സലാല | 88 |
| 30 | മനുഷ്യന്റെ സ്ഥിതി | 90 |
| 31 | ബഥേലിന് സമം | 92 |
| 32 | മനുജൻ | 94 |
| 33 | അനന്ത രഹസ്യങ്ങളുടെ കലവറ | 95 |
| 34 | അനന്തരഹസ്യങ്ങളുടെ കലവറ – 2 | 99 |
| 35 | വീണ്ടും കുഴിച്ചിടപ്പെട്ടത് | 104 |
| 36 | പരീശന്മാരുടെ പുളിച്ച മാവ് | 107 |
| 37 | ദൈവകൽപ്പനകൾ | 112 |
| 38 | ക്രിസ്തുവിന്റെ പ്രസക്തി | 114 |
| 39 | ബലികൾ | 119 |
| 40 | മാറ്റം വരാത്ത മനുഷ്യരും മാറാത്തവരും | 122 |
| 41 | ഒമാനിലെ ഗ്രാൻഡ്മോസ്ക്ക് | 124 |

# 1

# ദൈവത്തിന് ഒരു കത്ത്

ത്രീയേക ദൈവത്തിന് സ്തുതി.

ദൈവമേ ഞാൻ ഈ കത്ത് അയക്കുന്നത് ഭൂമിയുടെ ഒരു കോണിൽ ഇരുന്നാണ്. അവിടുന്ന് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഈ ഭൂമിയിൽ വന്നിട്ട് പോയി. ഇനിയും വരാം എന്ന് വാക്കും തന്നു. എന്നാൽ വരും എന്ന് അങ്ങ് തീർത്ത് പറഞ്ഞില്ല. പിതാക്കന്മാർ ഒക്കെ കാലങ്ങളായി കാത്തിരുന്നു. അവർക്ക് കാണുവാൻ സാധിച്ചില്ല. എന്നാൽ ഞങ്ങൾ രണ്ടായിരം വർഷം പ്രതീക്ഷിച്ചു. രണ്ടായിരം എണ്ണപ്പെടില്ല എന്നൊക്കെ ഞങ്ങൾ ചിന്തിച്ചു. എന്നാൽ ഇപ്പോൾ 2012 ആയി. എന്താണ് അങ്ങ് വരാൻ താമസിക്കുന്നത്. കാരണം ഞാൻ ചിന്തിച്ചു. അവിടുന്ന് വളരെ സ്നേഹവാനായതു കൊണ്ടാണ് താമസിക്കുന്നത് എന്ന് മനസ്സിലായി. ഇന്ന് ഈ ഭൂമിയിൽ മതങ്ങളും, സഭകളും, സംഘടനകളും, പാർട്ടികളും ഒരുപോലെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. എന്തിനുവേണ്ടിയെന്നാൽ സമ്പത്തും, സ്ഥാനങ്ങളും, അധികാരങ്ങളും മാത്രം മതി. അതിനുവേണ്ടി എന്തും ചെയ്യുമെന്ന അവസ്ഥ. അവിടുന്ന് ജലപ്രളയത്താൽ മനുഷ്യനെ എന്തിന് നശിപ്പിച്ചോ, സോദോം ഗോമോറ എന്തിന് നശിപ്പിച്ചോ അതേ അവസ്ഥയ്ക്ക് സമാനമായി ഇവിടെ മനുഷ്യർ കൊല്ലാനും, തല്ലാനും, പിടിച്ചുപറിക്കാനും, മോഷ്ടിക്കാനും, മറ്റ് അനാശാസ്യങ്ങൾക്കും യാതൊരു മടിയുമില്ലാതെ പ്രവർത്തിക്കുന്നു. കാരണം രണ്ടായിരത്തിൽ പോലും വരാത്ത അവിടുന്ന് ഇപ്പോഴെങ്ങും വരികയില്ല എന്നു വിചാരിച്ചാണ് അങ്ങയുടെ നാമം പ്രഘോഷിക്കുന്നവർ പോലും പ്രവർത്തിക്കുന്നത്. അവിടുന്ന് ഞങ്ങളെ സ്നേഹം പഠിപ്പിച്ചു. ഇന്ന് ആ ഒരു കാര്യം ഭൂമിയിൽ ഇല്ല. എന്നാൽ ഒരു കാര്യം പറയാതെ വയ്യ. ദേവാലയങ്ങൾ മനുഷ്യരെ കൊണ്ട് നിറയുന്നു. ഞങ്ങളുടെ ദൈവമാണ് യഥാർത്ഥ ദൈവം എന്ന് ഓരോ മതങ്ങളും അവകാശപ്പെടുന്നു. ദേവാലയങ്ങളുടെയും മറ്റ് സംരംഭങ്ങളുടെയും പേരിൽ കോടികൾ ഉണ്ടാക്കി വ്യാപാരം ചെയ്യുന്നു. ഇവിടെ ഹോസ്പിറ്റൽ ലോബികൾ ഉണ്ട്. ഹോട്ടൽ, സൂപ്പർ, ഹൈപ്പർ മാർക്കറ്റ്, സ്കൂൾ, കോളേജ് ഇങ്ങനെ അനവധി ലോബികൾ ഇവിടെ പ്രവർത്തിക്കുന്നു. എന്റെ ദൈവമേ അവിടുന്ന് പഴയ അവസ്ഥയിൽ ഇവിടെ വരല്ലേ. അവിടുന്ന് രോഗികളെ സൗഖ്യമാക്കിയും, വിശക്കുന്നവന് അപ്പം നൽകിയും, മനുഷ്യനെ നന്മകൾ പഠിപ്പിച്ചും ഇപ്പോൾ ഇവിടെ വന്നാൽ ഈ സാത്താന്റെ അവകാശത്തിൽ ഇരിക്കുന്ന ഭൂമി

യിൽ ഭൂമാഫിയകളും റിയൽ എസ്റ്റേറ്റുകാരും ഹവാലക്കാരും അങ്ങേക്ക് തല ചായ്ക്കാൻ ഇടം തരികയില്ല. പണ്ടത്തെ യഹൂദന്മാരേക്കാളും ശക്ത രായ ഇവർ അവിടുത്തോട് എന്ത് ചെയ്യുവാനും മടിക്കുകയില്ല. അതിനാൽ പഴയതുപോലെ അവിടുന്ന് നിന്നു കൊടുക്കല്ലെ. ഇവിടെ ഞങ്ങളുടെ വിചാരവും മറ്റും അവിടുന്ന് വന്ന് ഞങ്ങളെ എല്ലാം സ്വർഗ്ഗത്തിൽ കൊണ്ടു പോകും എന്നാണ്. ഇവിടെ ഞങ്ങൾക്ക് പ്രാർത്ഥനായോഗങ്ങളും കൂട്ടാ യ്മകളും ഒക്കെ ഉണ്ട്. പ്രാർത്ഥനയിൽ 'യേശുവേ അങ്ങ് വേഗം വരേ ണമേ' എന്നൊക്കെ ചില സ്വാർത്ഥരായവർ പറയും. അവർ അവരുടെ ഹൃദയം ശോധന ചെയ്തിട്ടല്ല പറയുന്നത്. തീർത്തും തങ്ങൾ ശുദ്ധിയു ള്ളവർ എന്ന് സ്വയം നിരൂപിക്കുന്നു. കൂടാതെ നല്ല വില കൂടിയ ഡ്രസ്സു കളും, ആഭരണങ്ങളും, മേക്കപ്പും, മോടിയും, പത്രാസും ഒക്കെ കാണി ക്കണം. ഉള്ളവനെ കണ്ട് ഇല്ലാത്തവൻ അസൂയപ്പെടണം. ഇല്ലാത്തവനെ ശത്രുവായി കണക്കാക്കണം. ഇങ്ങനെയൊക്കെ ഞങ്ങൾ ഇവിടെ കഴി യുന്നു. ഭൂമിയിലെ സമ്പത്ത് ഏതാണ്ടൊക്കെ ഊറ്റി തീരാറായി. മുടിയ നായ പുത്രന്റെ ധൂർത്തടിയുടെ കാലം ആണ് ഇപ്പോൾ നടക്കുന്നത്. ഇനി വാളവര കൂടി തിന്നേണ്ട അവസ്ഥയിലേക്ക് നീങ്ങിയാലേ ഞങ്ങൾക്ക് ദൈവമേ അവിടുത്തെ സന്നിധിയെപ്പറ്റി ബോധം ഉണ്ടാവുകയുള്ളു. അന്ന് ഞങ്ങൾ പശ്ചാത്തപിക്കും. അതുവരെ അവിടുന്ന് ക്ഷമിക്കേണമേ. അങ്ങ് ഇപ്പോൾ വന്നാൽ 100% നു 10% പോലും ഇവിടെ നല്ലവർ ഇല്ല. അത്രയു മെങ്കിലും കിട്ടിയില്ല എങ്കിൽ അങ്ങയുടെ വരവു കൊണ്ട് വെറുതെയാ വില്ലേ. പിന്നെ കുറച്ചു കൂടി താമസിച്ച് വന്നാൽ ഇവിടെ ഞങ്ങൾ സമ്പാ ദിച്ചു കൂട്ടുന്നത് കുറച്ചെങ്കിലും അടിച്ച് പൊളിക്കേണ്ടേ. ഓ അതൊന്നും പറ്റിയില്ല. സമ്പാദിക്കാനുള്ള തിരക്കിൽ പ്രായം കടന്നുപോയത് അറി ഞ്ഞില്ല. ഇനിയിപ്പം ഒന്നും കഴിക്കാനും വയ്യാതായി. ഉള്ളതെല്ലാം ഇന്ന് രോഗത്തിന് ചികിൽസിക്കുവാൻ തികയത്തുമില്ല. ചെറുപ്പകാലത്ത് സഹോദരങ്ങളെ ഒന്ന് സഹായിക്കുവാനോ മാതാപിതാക്കൾക്ക് കൈനി റയെ കൊടുക്കുവാനോ സാധിച്ചില്ല. എല്ലാം വെട്ടിപ്പിടിക്കാൻ നേരം അതൊന്നും ഓർത്തില്ല. ഇനിയിപ്പം അത് പറഞ്ഞിട്ട് എന്താ കാര്യം. എന്നാലും എന്റെ സ്ഥാനവും സമ്പത്തും ഒന്നും ഞാൻ ആർക്കും വിട്ടു കൊടുക്കുകയില്ല. പിന്നെ കർത്താവേ ഞാൻ കുമ്പസാരിക്കും. കുർബാന കൊള്ളും. ഇതൊക്കെ ആരും കാണാനല്ല. എന്നാലും മനുഷ്യർ എന്തു വിചാരിക്കും. പിന്നെ നോമ്പ് ശരിക്കും എങ്ങനെയാ മീനും, ഇറച്ചിയും വേണ്ടാ എന്ന് വച്ചു കൃത്യമായി പള്ളിയിൽ ആരാധനയ്ക്ക് പങ്കെടുക്കു ന്നുമുണ്ട്. മതിയല്ലേ. സ്വർഗ്ഗത്തിൽ പോകാൻ ഇത്ര തന്നെ ധാരാളം. എത്ര വിചാരിച്ചാലും കുശുമ്പും, കുറ്റംപറച്ചിലും എനിക്ക് മാറ്റാൻ പറ്റില്ല. പിന്നെ ഞാൻ ഉപവസിക്കും. അതുകൊണ്ട് ഈസ്റ്ററിന് ഞാൻ അടിച്ചുപൊളിക്കും. അന്ന് കൂട്ടുകാരെയൊക്കെ വിളിച്ച് സൽക്കരിക്കും. ദാനവും ആയി സൽ

ക്കാരവും ആയി. തീർച്ചയായും സ്വർഗ്ഗത്തിൽ വരാൻ എനിക്ക് അവകാശം ഇല്ലേ. എനിക്ക് ആരോടും ക്ഷമിക്കാൻ കഴിയുന്നില്ല. ആരുടേയും തെറ്റ് പൊറുക്കുവാനും കഴിയില്ല. എന്റെ ദൈവമേ എന്റെ തെറ്റെല്ലാം അവിടുന്ന് ക്ഷമിച്ച് തരേണമേ. ആമ്മേൻ. കത്ത് തൽക്കാലം ഇവിടെ നിർത്തുന്നു. സമയം പോലെ ഇനിയും അയക്കാം. മറുപടി അങ്ങ് വരുമ്പോൾ സമ്മാനമായി തന്നാൽ മതി.

സ്നേഹപൂർവ്വം

ഒരു ക്രിസ്ത്യാനി

# 2

# സുബോധം

സുബോധമുള്ളവരായി ഉണരുവിൻ. പാപം ചെയ്യാതിരിക്കുവിൻ. ചില ർക്ക് ദൈവത്തെക്കുറിച്ച് പരിജ്ഞാനം ഇല്ല. ഞാൻ ഇത് നിങ്ങളുടെ ലജ്ജ ക്കായി പറയുന്നു (1 കോരി. 15:34).

മനുഷ്യൻ ഭൂമിയിലുള്ള കാര്യങ്ങൾ ശ്രദ്ധിക്കാതെ പ്രപഞ്ചത്തിന്റെ അതിരുകൾ തേടി യാത്ര ചെയ്യുന്നു. ഇത് ഭൂമിയുടെ സമ്പത്ത് ധൂർത്ത് അടിക്കുന്ന ഒരു വഴി മാത്രം. ചന്ദ്രനിൽ കാലു കുത്തി, ചൊവ്വയിൽ സ്പർശിച്ച് ഇതര ഗ്രഹങ്ങളിലും ചെന്നെത്തുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യന് അവന്റെ ആയുസ്സോ, ഭാവിയോ നിനക്കാൻ കഴിയുമോ? ഭൂമി യിലെ കോടിക്കണക്കിന് ജനങ്ങൾ പട്ടിണിയിലും രോഗത്തിലും അടി പ്പെട്ട് പാർക്കാൻ ഭവനം ഇല്ലാതെ അലയുമ്പോൾ നീ മറ്റൊരു ഗ്രഹത്തിൽ കൂടു കൂട്ടാൻ പാടുപെടുന്നത് എന്തിന്. 70 കോടി പ്രകാശ വർഷങ്ങൾക്കും അപ്പുറത്തേക്ക് കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിന്റെ വിശാ ലത ഇനിയും എത്ര കോടി പ്രകാശവർഷങ്ങൾക്കും അപ്പുറം ആയി രിക്കും. ഇങ്ങനെയുള്ള പ്രപഞ്ചത്തിന്റെ ശക്തിയായ “ദൈവം.” ആ ശക്തിയെ നമുക്ക് ഊഹിക്കുവാൻ പ്രയാസമാണ്. പ്രപഞ്ചവും, ദൈവ വവും ചിന്തകൾക്കും അപ്പുറത്തേക്ക് വളർന്നിരിക്കുമ്പോൾ മനുഷ്യാ നാം എത്ര ചെറുതാണ് എന്ന് അറിയണം. ഭൂമിയുടെ നിലനിൽപ്പ് ഇപ്പോൾ ഭീഷണിയുടെ വക്കിലാണ്. 19-ാം നൂറ്റാണ്ടു വരെ ഈ ഭയം മനുഷ്യന് ഇല്ലായിരുന്നു. 20-ാം നൂറ്റാണ്ടിൽ മനുഷ്യൻ കണ്ടെത്തിയതെല്ലാം വിജയം എന്നു കരുതിയ മനുഷ്യന് ഒരു നൂറ്റാണ്ട് വിജയം ആഘോഷിക്കാൻ സാധിച്ചില്ല. അതാണ് മനുഷ്യന്റെ ഇപ്പോഴത്തെ ഭീതിക്ക് കാരണം. മനു ഷ്യൻ തുറന്നുവിട്ടത് ദൈവം അടച്ചുവച്ചിരുന്ന ഭൂതത്തെ ആയിരുന്നു. അതായത് ഭൂമിയുടെ സമ്പത്ത് (ശക്തി) എടുത്തതും നശിപ്പിച്ചതും തീരു ന്നതും എത്ര പെട്ടെന്നായിരുന്നു. ഇപ്പോഴും ഒന്നും കണക്കു കൂട്ടാതെ ഇന്ധനമെല്ലാം ശൂന്യാകാശത്തിലേക്ക് വിക്ഷേപിക്കേണ്ടതായ കാര്യം ഉണ്ടോ. സൂര്യനും അപ്പുറമുള്ള നക്ഷത്രങ്ങളിൽ മനുഷ്യന് എത്തിപ്പെ ടാമോ. ഏതെങ്കിലും ഗ്രഹങ്ങളിൽ കൂട് കൂട്ടിയാൽ തന്നെ എന്തിന്? മനു ഷ്യൻ ദൈവത്തിനും അതീതനാണോ. അവന്റെ സംവൽസരങ്ങൾ 120-നും മുകളിലേക്ക് പോകുമോ. ഈ അവസ്ഥയിൽ മനുഷ്യൻ സ്വർഗ്ഗ ത്തിലേക്ക് പോവില്ല. വരുംതലമുറയെങ്കിലും രക്ഷപ്പെടട്ടെ എന്ന വിചാര മാണ് എങ്കിൽ ഈ തലമുറയെ ഇല്ലാതാക്കി വേണോ ഈ ധൂർത്ത്. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കാൻ പഠിച്ചിരുന്നു എങ്കിൽ നമുക്കും

നമ്മുടെ തലമുറകൾക്കും സുരക്ഷിതരായി ഇവിടെ കഴിയാമായിരുന്നു. നമ്മുടെ കഴിവിനും അപ്പുറം ഉള്ളത് ദൈവത്തിന് വിട്ടേക്കൂ. ഭൂമിയെ പ്പോലെ ഇതര ഗ്രഹങ്ങളിലും ജീവനും, വായുവും, ജലവും ഒക്കെ കാണും. ഇല്ല എന്ന് ആരും പറഞ്ഞിട്ടില്ലല്ലോ. അതൊക്കെ ദൈവത്തിന്റെ പദ്ധതിയല്ലെ. അവിടെ എത്തപ്പെടുന്നതും നമ്മുടെ സ്വർത്ഥത അല്ലെ? കുറെയൊക്കെ അറിയുന്നത് നല്ലത് തന്നെ. ദൈവത്തെ മറന്ന് ആകരുത് എന്ന് മാത്രം.

# 3

# പ്രസക്തി

മനുഷ്യൻ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഒന്ന് ഉണ്ടായാൽ ഒരു ആണവയുദ്ധം ആയിരിക്കും. ഭൂമി മുഴുവനും ആണുപ്രസരണമുള്ള അവസ്ഥയിലേക്ക് മാറും. മാനവരാശിയുടെ അവസ്ഥ പ്രവചനാതീതം. എന്നാൽ ഈ പുസ്തകത്തിന്റെ പ്രസക്തി അപ്പോൾ അനുഭവിക്കാം. കാരണം മനുഷ്യന്റെ യഥാർത്ഥ തെറ്റ് ഈ പുസ്തകം ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ പശ്ചാത്തപിക്കാനുള്ളവർക്കുള്ള അവസരമാണ് ഈ പുസ്തകം. ശേഷം ഒരുക്കമുള്ളവരായി ഇരിക്കുക. ഏതു അവസ്ഥ ഉണ്ടായാലും ദൈവത്തോട് ചേരുവാനും നാം പ്രത്യാശയോടെ കാത്തിരിക്കേണം. അപ്പോൾ വരുവാനിരിക്കുന്ന സൗഭാഗ്യമോർത്ത് നമ്മുടെ ഭീതി ഇല്ലാതാകും. അങ്ങനെ നാം ദൈവപൈതലാകുവാനുള്ള ഒരുക്കം ഇപ്പോഴേ തുടങ്ങിക്കോളൂ. രാജ്യം രാജ്യത്തോടും, ജാതി ജാതിയോടും മനുഷ്യർ തമ്മിൽ തമ്മിലും മൽസരിക്കുന്ന കാലം ഇതാകുന്നു. യേശുക്രിസ്തുവിന്റെ ഉപമകളുടെ അർത്ഥം പൂർണ്ണമാകുന്ന കാലഘട്ടം ഏകദേശം അടുത്തുകൊണ്ടിരിക്കുന്നു. ഇങ്ങനെയൊക്കെ ചിന്തിക്കുവാൻ ഒരു പക്ഷേ എല്ലാവർക്കും സാധിക്കണമെന്നില്ല. ദൈവത്തെ അന്വേഷിക്കുന്നവർക്ക് ദൈവം പരിശുദ്ധാത്മാവിൽ അറിയിക്കും. ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത് എല്ലാം ശരിയാവണം എന്നില്ല. മിക്കവാറും തോന്നലുകളും ആവാം. എന്നാൽ ശരിക്കും ഉറപ്പാക്കാവുന്ന കാര്യങ്ങൾ അനവധിയാണ്. ദൈവത്തെ മുറുകെപ്പിടിച്ച് വായിച്ചാൽ ദൈവം അത് വെളിപ്പെടുത്തിത്തരും. ഈ സത്യങ്ങൾ ഓരോ മനുഷ്യനും കണ്ടെത്താകുന്ന കാലം അതിക്രമിച്ചിരിക്കുന്നു. എന്നാൽ മനുഷ്യൻ ഇഹലോക വ്യാപാരത്തിന്റെ മോഹങ്ങളിൽപ്പെട്ട് ദൈവത്തെ അന്വേഷിക്കുന്നത് മറന്നുകളഞ്ഞു. ദൈവം, മാലാഖമാർ, മനുഷ്യർ, പരദേശി, പശ്ചാത്താപം, വീണ്ടെടുപ്പ്, വീണ്ടും ജനനം, ഏദൻതോട്ടം, ക്രിസ്തുവിൽ വിശ്വാസം, സാത്താന്റെ അടിമത്വത്തിൽ നിന്നും മോചനം, മരണം, പുനരുത്ഥാനം, സ്വർഗ്ഗം, നരകം എന്നീ കാര്യങ്ങൾ ഒക്കെ യഥാർത്ഥമായി വിശ്വസിക്കണം. ഏകദേശം ചരിത്രങ്ങളും ഇതൊക്കെ വിശേഷിപ്പിക്കുന്നു. എങ്കിലും ചില വിട്ടുപോയ കണ്ണികൾ ഈ പുസ്തകം കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ മറഞ്ഞിരുന്ന പല സത്യങ്ങളും വെളിപ്പെടുവാൻ ഇടയായി. അതുമൂലം യഥാർത്ഥ പശ്ചാത്താപം ഉണ്ടാകുവാൻ വഴി ഒരുക്കുന്നു. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനും ഇത് വഴിയായി തീരട്ടെ എന്ന് ആഗ്രഹിക്കുന്നു.

# 4

# മദ്യവും മയക്കുമരുന്നും

മനുഷ്യൻ ഉണ്ടായ കാലം മുതൽ മദ്യവും മയക്കുമരുന്നുകളും ഉപയോഗിച്ച് തുടങ്ങി. കൂടാതെ അനാശാസ്യ പ്രവർത്തനങ്ങളും. ഈ കാരണങ്ങൾ ലോകത്ത് പെരുകുമ്പോൾ ദൈവത്തിന്റെ കോപം ഉണ്ടാകുന്നു. ദൈവത്തെ അറിയാതെ ഇങ്ങനെ പോയ ജനത്തെ നശിപ്പിക്കുവാൻ വേണ്ടി ദൈവം ഭൂമിയിൽ ജലപ്രളയം ഉണ്ടാക്കി. പിന്നീട് സോദോം ഗോമോറ ദേശം നശിപ്പിക്കുന്നു (ലോത്തിന്റെ ഭാര്യ അടയാളം). ദൈവത്തെ കണ്ട സ്ത്രീ ലോത്തിന്റെ ഭാര്യ ആവണം. അതിനാൽ അവൾ ഉപ്പുതൂണായിപ്പോയി. മദ്യം പല തെറ്റുകൾക്കും ഇട വരുത്തും. അത് ഉപയോഗിക്കുന്നവരുടെ ഭവനങ്ങൾക്ക് സമാധാനം നഷ്ടപ്പെടും. കൂടാതെ ദൈവത്തെ സ്തുതിക്കുന്നവൻ സ്വബോധം നഷ്ടപ്പെടാതെ സ്തുതിക്കണം. അതിനാൽ മദ്യം ഉപയോഗിക്കുന്നത് നന്നല്ല. ഇങ്ങനെ പല ദോഷങ്ങളും വിൽക്കുന്നവന് ഗുണവും ഉണ്ട്. ഇത് ആരോഗ്യത്തെ ബാധിക്കും. രോഗങ്ങൾ ഉണ്ടാക്കും. ഇങ്ങനെ ഒക്കെ വന്നാലല്ലേ മരുന്നുകൾ ചിലവാകൂ. രോഗം വരുത്താനുള്ള ബാക്റ്റീരിയ കണ്ടുപിടിച്ച് രോഗം വരുത്തി അത് പടർന്നുപിടിക്കുമ്പോൾ അതിന്റെ മരുന്ന് വിറ്റ് പണം ഉണ്ടാക്കുന്ന ലോകം, സ്വന്തം ഭാര്യക്കും കുഞ്ഞുങ്ങൾക്കും ജീവിക്കാൻ അവനവന് സുഖിക്കാൻ മറ്റ് സ്ത്രീകളെ വേശ്യാവൃത്തി ചെയ്യിച്ച് പണം ഉണ്ടാക്കുന്നവർ, രാത്രിയും പകലും പിടിച്ചുപറിക്കുകയും, ഭവനം ഭേദിക്കുകയും ചെയ്യുന്നവർ, സമ്പത്തിനും അധികാരങ്ങൾക്കും വേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവർ, കൊള്ളയും കൊലയും നടത്തുന്നവർ – ഇവരെല്ലാം ഈ സമൂഹത്തിൽ നിറഞ്ഞു നിൽക്കുന്നു. ഈ തെറ്റുകൾ ഒക്കെ ചെയ്ത് പണം സമ്പാദിച്ച് കോടികൾ ഉണ്ടാക്കി പേരിനു വേണ്ടി ദാനം ചെയ്യുന്നവരും അവർക്ക് സ്തുതി പാടുന്നവരും ഈ സമൂഹത്തിൽ ജീവിക്കുന്നു. എന്നാൽ ഇതിലൊന്നും ഭാഗഭാക്കാകാതെ ജീവിക്കുന്നവർ വളരെ ചുരുക്കം എങ്കിലും ഉണ്ട്. ഇവർക്ക് കഷ്ടതകളും ഉണ്ട്. എന്നാലും അനീതിയും, അക്രമവും, ദുർനടപ്പും ചെയ്യാതെ ജീവിക്കുന്നവരെ ദൈവം കണക്കിടാതിരിക്കയില്ല. സഭയും, സമുദായങ്ങളും, സംഘടനകളും നയിക്കുന്നവർ മദ്യനിരോധനത്തിനും മറ്റ് തെറ്റുകൾക്കും എതിരെ മുറവിളി കൂടാതെ സ്വന്തം സമൂഹത്തെ ശാസിക്കുക. അവരവരുടെ സമൂഹത്തിലും സംഘടനകളിലും മദ്യപാനവും പുകവലിയും ഉപേക്ഷിക്കാൻ പറയുക. അനുസരിക്കാത്തവരെ പുറത്താക്കുക. അവരെ ഒറ്റപ്പെടുത്തുക. അവരുടെ ദാനധർമ്മങ്ങൾ സ്വീകരിക്കാതിരിക്കുക. ആരും കേൾക്കുന്നില്ലാ

എങ്കിൽ നിങ്ങൾ ആ സ്ഥാനത്തിരിക്കാൻ യോഗ്യരല്ല. യേശുക്രിസ്തു തന്റെ സുവിശേഷം അറിയിക്കുവാൻ ശിഷ്യന്മാരെ ലോകത്തിലേക്ക് അയച്ചപ്പോൾ അവരോട് പറയുന്നു, 'നിങ്ങൾ ചെല്ലുന്ന ഭവനം നിങ്ങളെ സ്വീകരിക്കുന്നില്ലാ എങ്കിൽ നിങ്ങളുടെ കാലിലെ പൊടി അവിടെ തട്ടിക്കളഞ്ഞേക്കുക.' ദൈവവചനം പറയുക. അതു ചെവിക്കൊള്ളാത്തവനെ നിങ്ങളും ഉപേക്ഷിക്കുക. വിശുദ്ധ വേദപുസ്തകം എഴുതിയിട്ടുള്ളത് വരുവാനിരിക്കുന്ന തലമുറകൾക്കും വേണ്ടിയാണ്. അതിനാൽ പല സ്ഥലങ്ങളിലും പ്രദിപാദിച്ചിരിക്കുന്നു – ദൈവത്തെ അന്വേഷിക്കുന്നവർക്ക് വേണ്ടി, ജ്ഞാനമുള്ളവർ ശ്രവിക്കട്ടെ, ബുദ്ധിയുള്ളവർ ഗ്രഹിക്കട്ടെ, കണ്ണുള്ളവർ കാണട്ടെ. പ്രവാചകന്മാരും സുവിശേഷകരും പ്രദിപാദിച്ചിരിക്കുന്നു. മദ്യപാനത്തെപ്പറ്റി വീണ്ടും പറയുമ്പോൾ മദ്യപാനം കുടുംബം ശിഥിലമാക്കുന്നു. മദ്യം ഉപയോഗിക്കുന്നവൻ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ അവന് മനസ്സിലാവില്ല. കുടുംബത്തിൽ മറ്റുള്ളവർ അനുഭവിക്കുന്ന വിഷമതകൾ മനസ്സിലാക്കുന്നില്ല. 1. ലഹരി ഉപയോഗിക്കുന്നവൻ അവന്റെ സ്വന്തം കാര്യം മാത്രം ചിന്തിക്കുന്നു. 2. ജീവിതത്തിൽ നിന്നും ഒളിച്ചോടുന്നു. 3. എന്തു തെറ്റു ചെയ്യുവാനും അവനെ പ്രേരിപ്പിക്കുന്നു. 4. തുല്യ പങ്കാളിയെ അംഗീകരിക്കാതിരിക്കുന്നു. 5. അഹങ്കാരിയാക്കുന്നു. 6. ദൈവത്തിൽ നിന്നും അകലുന്നു. 7. സാമ്പത്തിക നഷ്ടത്താൽ സ്വന്ത ഭവനം കുപ്പക്കുന്നാക്കുന്നു. ഇതുമൂലം തകരുന്ന കുടുംബം ദുഃഖിക്കുന്നു. ഇതൊന്നും മനസ്സിലാക്കാതെ മദ്യം രാജാവായി വാഴുന്നു. എന്നാൽ ക്രിസ്തുവിനെ സ്വീകരിപ്പാൻ സ്വർഗ്ഗത്തിൽ പോകാൻ മനുഷ്യൻ പലതും ഉപേക്ഷിക്കണം. രണ്ട് കഷണമായി മുറിച്ചു മാറ്റുന്നതുപോലെ തെറ്റും ശരിയും വേർതിരിക്കണം. അത് മനുഷ്യൻ സ്വയം ചെയ്യണം. മറ്റാർക്കും ഒരാളുടെ ദുർഗ്ഗുണങ്ങളെ മാറ്റുവാൻ സാധിക്കുകയില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവേശിക്കുവാൻ അനവധി ദുഷ്ടാത്മാക്കളെ നമ്മളിൽ നിന്നും ഇറക്കി വിടണം. അങ്ങനെ സ്വയം മനുഷ്യൻ ശുദ്ധീകരിക്കുമ്പോൾ സുവിശേഷത്തിന്റെ യഥാർത്ഥ പൊരുൾ സ്വയം മനസ്സിലാകും. അങ്ങനെ ഓരോ ഭക്തനും കണ്ടെത്താനാകുന്ന കാലം സംജാതമാകുമ്പോൾ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം മനസ്സിലാകും. തെറ്റും ശരിയും ബോധ്യമാകും. സ്വയം പശ്ചാത്തപിക്കും. മനുഷ്യൻ പുതിയ സൃഷ്ടിയായി ദൈവസന്നിധിയിലേക്ക് എടുക്കപ്പെടും.

# 5

# കൽപ്പവൃക്ഷം

ദൈവം ഫലഭൂവിഷ്ടമായ ഏദൻതോട്ടം നിർമ്മിച്ച ശേഷം ആദാമിനെ സൃഷ്ടിച്ച് അവിടെ പാർപ്പിച്ചു. പക്ഷിമൃഗാദികളേയും ദൈവം അവിടെ വരുത്തി. എല്ലാം ഇണയും തുണയുമായി ജീവിക്കുന്നു. ഭൂമിയിൽ നിന്നും ആദമിന് അനുയോജ്യമായ ഒരു ഇണയെ കണ്ടെത്തുവാൻ ദൈവത്തിന് കഴിഞ്ഞില്ല. ദൈവം ആദമിന് ഒരു ഗാഢനിദ്ര വരുത്തി. അസ്ഥിയും മാംസവും രക്തവും കുറച്ച് എടുത്ത് ഹൗവ്വായെ സൃഷ്ടിച്ചു. ഇവരോട് ദൈവം കൽപ്പിച്ചു. തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന വൃക്ഷഫലം ഭക്ഷിക്കരുത് എന്ന്. ഈ വൃക്ഷം ഏത്? നന്മയും തിന്മയും തിരിച്ചറിയാനുള്ള ഫലം തരുന്ന വൃക്ഷം; ഒപ്പം മരണവും. എന്നാൽ ചിത്രകാരന്റെ ഭാവനയിൽ ഹൗവ്വായുടെ കയ്യിൽ ഒരു ആപ്പിൾ ആണല്ലോ. ഇത് ഇന്നുള്ള മനുഷ്യനും ആ നിഗമനത്തിൽ തന്നെ കരുതുന്നു. എന്നാൽ കൽപ്പവൃക്ഷം തെങ്ങ് ആണ് കാരണം. ഏദൻതോട്ടം എന്ന സ്ഥലത്ത് ഇന്ന് മുഖ്യമായ വൃക്ഷം തെങ്ങ് ആണ്. മരുഭൂമിയിൽ സ്ഥിരമായ ഒരു തോട്ടവും അവിടെ യഥേഷ്ടം ഉള്ള വൃക്ഷവും തെങ്ങ് ആണ്. ഒരു വൃക്ഷം അല്ലേ ഉണ്ടായിരുന്നുള്ളു എന്നായിരിക്കാം സംശയം. പിൽക്കാലത്ത് ഇവിടെ നിന്നും സമുദ്രത്തിന്റെ മറുകരയായ കേരളത്തിലും ശ്രീലങ്കയിലും ഇതര സ്ഥലങ്ങളിലും തെങ്ങ് ചേക്കറി. തെങ്ങിന്റെ മാഹാത്മ്യത്താൽ കേരളം ദൈവത്തിന്റെ സ്വന്തം നാടായി അറിയപ്പെടുന്നത് ഒരു നിയോഗം മാത്രം. തെങ്ങിനെപ്പറ്റി പറഞ്ഞാൽ ഉയരത്തിൽ ആയാൽ മാത്രമേ ഫലം ഉണ്ടാവുകയുള്ളു. അതിനാൽ പാമ്പിന്റെ സഹായം വേണ്ടി വന്നു പറിക്കുവാൻ. ഇതിന് നാരിയൽ എന്നും പേര് ഉണ്ട്. സ്ത്രീയ്ക്ക് അഭികാമ്യമായത്. സ്ത്രീയെപ്പോലെ തന്നെ അനവധി ഗുണങ്ങളും ദോഷങ്ങളും ഈ വൃക്ഷം തരുന്നു. തെങ്ങിനെപ്പോലെ സമാനമായ ഒരു വൃക്ഷം ലോകത്ത് ഇല്ല. സർവ്വഗുണസമ്പന്നമായ ഫലം ആണ്. ഇത് ഭക്ഷണവും പാനീയവും ആണ്. ഇത് ഭവനം നിർമ്മിക്കാനും വാഹനം നിർമ്മിക്കാനും, എണ്ണ ഉൽപ്പാദിപ്പിക്കാനും, മദ്യം ലഭിക്കുവാനും ഉപകരിക്കുന്നു. ഒരു പക്ഷേ, ഈ ഫലം അല്ലേ ആദം ഭക്ഷിച്ചിട്ടുണ്ടാവുക. ഈ വൃക്ഷത്തിന് മാത്രമുള്ള ഒരു വിശേഷണമാണ് മഴ ഉണ്ടെങ്കിൽ മാത്രമേ ഫലം കായ്ക്കുകയുള്ളു. മറ്റുള്ള എല്ലാ വൃക്ഷങ്ങൾക്കും ഭൂമിയിൽ ജലം കിട്ടിയാൽ ഫലം ഉണ്ടാകും. ആദാമിനെ സൃഷ്ടിക്കുന്ന കാലത്താണ് തെങ്ങും സൃഷ്ടിച്ചത്. കാരണം, അതുവരെ ഭൂമിയിൽ മഴ പെയ്തിരുന്നില്ലല്ലോ. ഭൂമിയെ നനക്കുവാൻ ഭൂമിയിൽ നിന്നും മഞ്ഞ് പൊങ്ങി സസ്യങ്ങൾക്ക് ജലം ലഭി

ച്ചിരുന്നു. ഈ വൃക്ഷഫലം ഭക്ഷിക്കുന്നതിനാൽ മനുഷ്യന് അതാത് സ്ഥല ങ്ങളിൽ കൂടുതൽ ദൈവവിശ്വാസവും ഒപ്പം അന്ധവിശ്വാസവും ഉണ്ടാ കുന്നു. നന്മയും തിന്മയും ഒരുമിച്ച് കിടക്കുന്നു. ഇവയെ പരസ്പരം വേർതി രിക്കുവാൻ ജീവന്റെ വൃക്ഷഫലം ഭക്ഷിക്കണം. ഇത് പരിശുദ്ധാത്മാവാ കുന്നു. ഇത് ലഭിക്കുമ്പോൾ മാത്രം മനുഷ്യന്റെ തിന്മ വേർപിരിയുന്നു. പരിശുദ്ധ കുർബാന ഭക്ഷിക്കുന്നതു മൂലം പരിശുദ്ധാത്മാവ് ലഭിക്കുന്നു എന്ന് എല്ലാവരും കരുതണ്ട. അത് ക്രിസ്തുവിന്റെ ഓർമ്മയ്ക്കായി ചെയ്യുന്നു. എന്നാൽ പൂർണ്ണമായ പശ്ചാത്താപവും, വിശ്വാസവും, ദൈവ ത്തിലുള്ള അർപ്പണവും ഉള്ളവർക്ക് അത് ലഭിക്കും. ജീവന്റെ വൃക്ഷ ഫലം ഭക്ഷിക്കാൻ യോഗ്യതയുള്ളവർ ഭാഗ്യവാന്മാർ. എന്തെന്നാൽ സ്വർഗ്ഗ രാജ്യം അവർക്കും കൂടി ഉള്ളതാകുന്നു.

# 6

# പരിണാമ സിദ്ധാന്തം

പരിണാമ സിദ്ധാന്തം എന്ന ആശയം ഡാർവിന്റെ ബുദ്ധിയിൽ ഉദിച്ചു. പരിണാമത്താൽ ആണ് മനുഷ്യൻ ഉണ്ടായത് എന്ന് ഡാർവിൻ പറയുന്നു. പക്ഷേ ശാസ്ത്രീയമായി ഈ ആശയം ഇതുവരെ തെളിയിക്കാൻ സാധിച്ചിട്ടില്ല. കാലഹരണപ്പെട്ടു പോയ ഒരു മണ്ടൻ ആശയം മാത്രമായി ഇത് നിലനിൽക്കുന്നു. ശാസ്ത്രം കൊണ്ട് തെളിയിക്കാൻ സാധിക്കാത്ത ഈ ആശയത്തെ അനുകൂലിക്കുന്ന ശാസ്ത്രവാദികൾ ഇന്നും ഉണ്ട്.

ആദം എന്ന ആദിമനുഷ്യന് മുമ്പ് മനുഷ്യന് സമാനമായ ജീവജാലങ്ങൾ ഭൂമിയിൽ ഉണ്ടായിരുന്നു. ഒരു പക്ഷേ ആദമിനെ സൃഷ്ടിക്കുന്നതിനും അനേകായിരം വർഷങ്ങൾ മുമ്പേ ഭൂമിയിൽ മനുഷ്യൻ ഉണ്ടായിരുന്നു. ബൈബിളിൽ ഉൽപ്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ തന്നെ എഴുതിയിരിക്കുന്നു, ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത് ആണും പെണ്ണുമായിട്ടാണ് എന്ന്. ഇവർ ഭൂമിയിൽ സന്താന സംപുഷ്ടരായി ജീവിക്കുവാൻ ദൈവം പറയുന്നു. ഇവരെ സൃഷ്ടിക്കുമ്പോൾ സകല ആത്മാക്കളും മാലാഖകളും അറിഞ്ഞാണ് സൃഷ്ടി നടക്കുന്നത്. അതിനാൽ 'വരുവീൻ നമുക്ക് മനുഷ്യരെ സൃഷ്ടിക്കാം' എന്ന് ദൈവം പറയുന്നു. എന്നാൽ ആദമിനെ സൃഷ്ടിച്ചപ്പോൾ കൈ കൊണ്ട് മെനഞ്ഞ് ആരും അറിയാതെ സൃഷ്ടിച്ചു. ഇതെല്ലാം ആറാം ദിവസത്തിൽ സംഭവിച്ചു. ദൈവത്തിന്റെ ഒരു ദിവസം മനുഷ്യന്റെ ആയിരക്കണക്കിന് സംവൽസരം ആണല്ലോ. എന്നാൽ ആദ്യം ഉള്ള മനുഷ്യർ പ്രാകൃതർ ആയിരുന്നു. പുരാണ ഇതിഹാസങ്ങളിൽ വാനരസൈന്യം ഉള്ളതായി പറയുന്നു. ഈ മനുഷ്യരെ വാനരർ എന്ന് വിളിക്കുന്നതിൽ തെറ്റില്ല. കാരണം ഇവർ ആത്മാവ് ഇല്ലാത്ത മനുഷ്യർ – മൃഗതുല്യർ. ഒന്നാംഘട്ട മനുഷ്യർ ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ടു. ഇവരെ ഉണ്ടാകട്ടെ എന്ന് ദൈവം കൽപിച്ചു; ഉണ്ടായി. ഇവരിൽ സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖമാർ (ആത്മാക്കൾ) വസിച്ചിരുന്നു. ചിലപ്പോൾ ആയിരമോ പതിനായിരമോ സംവൽസരം ഈ മനുഷ്യർ ജീവിച്ചതിന് ശേഷമാണ് ആദാമിനെ ദൈവം സൃഷ്ടിക്കുന്നത്. ഒന്നാം സംവൽസരം പ്രാകൃത മനുഷ്യരും, രണ്ടാം ഘട്ടം ആദമിന്റെ വംശവും, മൂന്നാംഘട്ടം ഇസ്രായേൽ കനാൻ നാട്ടിൽ എത്തപ്പെട്ട ജനവും, നാലാംഘട്ടം ക്രിസ്തു ഭൂമിയിൽ വന്നതിന് ശേഷം ഇന്നുവരെയുള്ള ജനവും ആകുന്നു. കർത്താവിന്റെ ഉപമയിലെ, തോട്ടത്തിലെ വൃക്ഷത്തിന്റെ ഉപമയുടെ സാരാംശം ഇതാണ്. മൂന്ന്

സംവൽസരമായി ഈ വൃക്ഷത്തിൽ ഫലം അന്വേഷിക്കുന്നു. ദൈവം തോട്ടത്തിന്റെ ഉടമസ്ഥനും ഫലം ഇല്ലാത്ത വൃക്ഷം മനുഷ്യരും തോട്ടക്കാരൻ യേശുക്രിസ്തുവും ആകുന്നു. എന്നാൽ മൂന്നു സംവൽസരം ഫലം തരാത്ത വൃക്ഷമാകുന്ന ഈ മാനവരാശിയെ വെട്ടി തീയാകുന്ന അഗ്നി നരകത്തിൽ ഇടാൻ പറയുന്ന പിതാവാംദൈവം ഇപ്പോൾ തന്നെ വൃക്ഷത്തിന്റെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായിക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ട് ചുട്ടുകളയും. ഗോതമ്പ് കളപ്പുരയിൽ സൂക്ഷിക്കും. പതിർ, കെടാത്ത തീയിൽ ഇട്ട് ചുട്ടുകളയും എന്ന് യോഹന്നാൻ സ്നാപകനും പറയുന്നു. എന്നാൽ ക്രിസ്തുവിന്റെ മനസ്സ് അലിഞ്ഞ് തോട്ടക്കാരൻ പിതാവാം ഉടയവനോട് ഒരു അവസരം കൂടി യാചിച്ച് തന്നിരിക്കുന്നു. ഇതാണ് തോട്ടത്തിലെ വൃക്ഷത്തിന്റെ ഉപമ. വീണ്ടും പറയുമ്പോൾ ദൈവം ആദാമിനെ സൃഷ്ടിക്കുമ്പോൾ ഒരു വലിയ കൊടുങ്കാറ്റ് അടിപ്പിച്ചു. പ്രളയസമാനമായ അവസ്ഥ. പ്രാകൃത മനുഷ്യരിൽ ബഹുഭൂരിപക്ഷവും നശിച്ചുപോയി. സാത്താൻ അടിമകളാക്കിയ അവൻ സ്വയം ദൈവമായി ഭരിച്ച ആത്മാക്കളെ ദൈവം ഏറിയപങ്കും ആദാമിലേക്ക് ആവാഹിച്ച് പ്രവേശിപ്പിച്ചു. ഇത് സാത്താന് മനസ്സിലായില്ല. എന്നാൽ സാത്താനോട് പറ്റിനിന്ന കുറച്ച് ആത്മാക്കൾ ആദമിന്റെ ഉള്ളിൽ കയറിയില്ല. ദൈവം തന്റെ കൈ കൊണ്ട് രൂപപ്പെടുത്തിയ മനുഷ്യനാണ് ആദാം. ആദാമിനെ സ്പർശിക്കുവാൻ സാത്താന് സാധിച്ചില്ല. എന്നാൽ ആദാമിന്റെ ഉള്ളിൽ ഉള്ളവരും പാപികൾ ആണല്ലോ. ഇവർ അവന്റെ ഉള്ളിലും മൽസരിച്ചുകൊണ്ടേയിരുന്നു. ദേഹവും, ദേഹിയും, ആത്മാവും ചേർന്ന പൂർണ്ണമനുഷ്യനാണ് ആദാം. ഈ മനുഷ്യനെ ഭൂമിയിലെ മറ്റ് മനുഷ്യനുമായി ബന്ധപ്പെടുവാനോ ഒന്നും ദൈവം അനുവദിച്ചില്ല. അതാണ് ആദാമിൽ നിന്നും ഹൗവ്വായെ ദൈവം സൃഷ്ടിച്ചത്. അതിനാൽ ദൈവം വേലികെട്ടിത്തിരിച്ച് ഏദൻതോട്ടം അവർക്ക് കൊടുത്തു. ആദം ആണ് ആദിമ മനുഷ്യൻ എങ്കിൽ ഭൂമിയിൽ പ്രത്യേകം വേർതിരിച്ച ഒരു സ്ഥലം (തോട്ടം) ദൈവം സൃഷ്ടിക്കേണ്ടതായ ആവശ്യം ഉണ്ടോ? ആദം മുതൽ ആണ് മനുഷ്യർ ഉള്ളത് എങ്കിൽ ഇന്നേക്ക് 6500 വർഷത്തിന് അകത്തേ മനുഷ്യൻ ഉണ്ടാവുകയുള്ളു. എന്നാൽ ഡാർവിൻ കണ്ടെത്തിയത് അതിനും എത്രയോ മുൻപേ മനുഷ്യന് സമാനമായ ജീവജാലങ്ങൾ ഉണ്ടായിരുന്നു എന്നാണ്. ആദാമും വംശവും മദ്ധ്യപൂർവ്വ ദേശമായ ഇന്നത്തെ ഒമാൻ എന്ന സ്ഥലത്തായിരുന്നു. എന്നാൽ സമാനമായ മനുഷ്യർ ലോകത്തിന്റെ എല്ലാ ഭാഗത്തും ഭൂപ്രകൃതിക്കനുസരിച്ച് ജീവിച്ചിരുന്നു. അതാണ് പൂർവ്വിക മനുഷ്യൻ ആദാം അല്ല എന്നുള്ളത്. എന്നാൽ ദൈവത്തിന്റെ പുത്രന്മാരായ തള്ളപ്പെട്ട മാലാഖമാരെ രക്ഷിക്കുവാൻ വേണ്ടി ദൈവം പിശാചിൽ നിന്നും അകറ്റി സംരക്ഷിച്ച സ്ഥലമാണ് ഏദൻതോട്ടവും ആദമും. ഭൂമിയിൽ മനുഷ്യൻ ഉണ്ടായിട്ടും ആദ

മിന് അനുയോജ്യമായ ഒരു തുണയെ കണ്ടെത്തുവാൻ ദൈവത്തിന് കഴിഞ്ഞില്ല. കാരണം അവർ മൃഗങ്ങളെപ്പോലെ മണ്ണിന്റെ മനുഷ്യർ ആണല്ലോ. എന്നാൽ ഡാർവ്വിന്റെ ചിന്തയിൽ ഇന്നത്തെ മനുഷ്യർ കുരങ്ങിൽ നിന്നും രൂപാന്തരം പ്രാപിച്ച് വന്നതാണ്. ഇന്നത്തെ മനുഷ്യർ ഇവ രണ്ടും വിശ്വസിക്കുന്നു. കാരണം വ്യക്തമായി ദൈവത്തെ അന്വേഷിപ്പാൻ തന്റെ അത്ഭുതങ്ങളെ ധ്യാനിപ്പാൻ മനുഷ്യന്റെ ഭൗതിക ജീവിതത്തിന്റെ ഭ്രമത്തിൽ സാധിക്കുന്നില്ല. കൂടാതെ തങ്ങളുടെ പാരമ്പര്യത്തിൽ നിലയുറപ്പിച്ച് അൽപ്പം പോലും വ്യതിചലിക്കുവാൻ ഇവർ ശ്രമിക്കുന്നില്ല. ഭൂമിയിൽ വ്യത്യസ്ത മതങ്ങളും ചിന്തകളും ഉണ്ടല്ലോ. അതുപോലെ ദൈവങ്ങളും യഥേഷ്ടം. ഇവരെ കൂടാതെ ജീവിച്ചിരിക്കുന്ന മനുഷ്യ ദൈവങ്ങളും, മിഥ്യാ ദൈവങ്ങളും, വിഗ്രഹ ദൈവങ്ങളും ഉണ്ട്. എന്നാൽ പരസ്പരം അംഗീകരിക്കുന്നുമില്ല. എല്ലാവരും അവരവരുടെ ന്യായീകരണത്തിൽ ഉറച്ചു നിൽക്കുന്നു. അനവധി ദൈവങ്ങളെ ആരാധിക്കുന്നവരും സമ്മതിക്കുന്നു. ദൈവം ഒന്നേ ഉള്ളു എന്ന്. എന്നാൽ മനുഷ്യന് യഥാർത്ഥ ദൈവത്തെ കണ്ടെത്തുവാൻ സാധിക്കുന്നില്ല. ആജീവനാന്തം ദൈവത്തെ വിളിച്ച് സ്വർഗ്ഗത്തിൽ പോകുവാൻ വിചാരിക്കുന്നവർ പോലും, ദൈവത്തെ മുഖാമുഖം ദർശിക്കണം എന്ന് പറയുന്നവർ പോലും, പലപ്പോഴും പറയും സ്വർഗ്ഗവും നരകവും എല്ലാം ഈ ഭൂമിയിൽ ആണ് എന്ന്. ഇതാണ് മനുഷ്യന് പ്രത്യാശ ഇല്ലാതെ പോകുന്നതും അവന്റെ വിശ്വാസം നഷ്ടപ്പെടുന്നതും.

ആദമിന് കായിനും ഹാബേലും ജനിക്കുന്നു. കായീൻ ഹാബേലിനെ കൊല്ലുന്നു. ദൈവത്തെ ഭയന്ന കായീൻ കിഴക്ക് ഭാഗത്തേക്ക് ഓടിപ്പോകുന്നു. അവിടെ ചെന്ന് വിവാഹം കഴിച്ച് മക്കൾ ഉണ്ടായി. ഹാനോക്ക് എന്ന മകന്റെ പേരിൽ പട്ടണം ഉണ്ടാക്കി അവിടെ പാർക്കുന്നു. ആദമിനും ഹൗവ്വായിക്കും ശേഷം മക്കൾ ഉണ്ടാകുന്നത് 130-ാം വയസ്സിൽ ആണ്. ശേത്ത് എന്ന മകൻ ജനിച്ചശേഷം പുത്രന്മാരും പുത്രിമാരും ഉണ്ടാകുന്നുവെന്ന് വ്യക്തമായി ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നു. ദൈവത്തിന്റെ മക്കളാകുന്ന ആദാമിന്റെ സന്തതികൾ ഭൂമിയിലെ മനുഷ്യരാകുന്ന ആത്മാവ് ഇല്ലാത്ത മനുഷ്യരുമായി വിവാഹം കഴിക്കുകയും മലിനമാവുകയും ചെയ്യുന്നു. അതിനാൽ ആത്മീയ മനുഷ്യരായ ആദാമിന്റെ സന്തതികൾക്ക് ഒരു മോചനം അസാധ്യമായി. ഈ മനുഷ്യർ പെറ്റുപെരുകി. ഇവരെ ഭരിച്ചിരുന്നത് കായീന്റെ വംശം ആയിരുന്നു. ഈ വംശത്തിന് നെറ്റിമേൽ ഒരു അടയാളം ദൈവം വച്ചിരിക്കുന്നു. ഇവർ പിശാചിന്റെ ആലോചനയാൽ കായീന്റെ വംശം ആയിത്തീരുന്നു. ഇങ്ങനെ 1658-ാം വർഷം ഭൂമിയിൽ ജലപ്രളയം വരുത്തി ദൈവം ഭൂമിയിലെ മാനവരാശിയെ നശിപ്പിക്കുന്നു. എന്നാലും ആ ഘട്ടത്തിലെ മനുഷ്യന്റെ

അന്ത്യം ആയിരുന്നില്ല. വീണ്ടും നോഹയിലും നോഹയുടെ വംശത്തിൽ കൂടിയും മരുഭൂമിയിൽ നാൽപ്പത് വർഷക്കാലം വരേയും ഈ കാലഘട്ടം രണ്ടാംഘട്ടം നിലനിന്നു. ജലപ്രളയത്തിന് മുമ്പും ശേഷം കുറച്ചുകാലവും സിന്ധു നാഗരിക സംസ്കാരവും ശിലായുഗവും, ഗുഹാജീവിതവും ഒക്കെ ആയിരുന്നു. ആദമിന്റെ മക്കൾ ആ ഘട്ടത്തിൽ ഉള്ളവർ അതിമാനുഷ്യരും, പുരാണ ഇതിഹാസങ്ങളിലെ മല്ലന്മാരും, ഗന്ധർവന്മാർ എന്ന് വിശേഷി പ്പിക്കാവുന്നവരും ഒക്കെ ആയിരുന്നു. ഈ കാലഘട്ടത്തിൽ നോഹ മുതൽ ആണ് ദൈവത്തിന്റെ ശബ്ദം ഭൂമിയിൽ കേൾക്കുന്നത്. കായീൻ തെറ്റ് ചെയ്തതു മുതൽ നോഹ വരെയുള്ള കാലത്ത് യഹോവയുടെ ശബ്ദം ഭൂമിയിൽ കേട്ടില്ല. പിന്നീട് മൂന്നാംഘട്ടത്തിൽ അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മോശ തുടങ്ങി ഏകദേശം 4000 വർഷക്കാലം ദൈവം പല രോടും സംസാരിക്കുന്നു, പ്രവചിക്കുന്നു. ശേഷം ക്രിസ്തു മരിച്ച് ഉയിർത്ത് എഴുന്നേൽക്കുന്നതുവരെ ദൈവത്തിന്റെ ശബ്ദം ഭൂമിയിൽ കേട്ടു. ശേഷം 2012 ആയ ഈ കാലഘട്ടം വരെയും യഹോവയോ, യേശുക്രിസ്തുവോ അവരുടെ ശബ്ദമോ ആരും കേട്ടില്ല. സുവിശേഷം കർത്താവ് തന്നേച്ച് പോയിരിക്കുന്നു. ഇത് നാലാം സംവൽസരം. ഇനിയും ഒരു അവസരം കിട്ടാൻ ചാൻസ് ഇല്ല. കാരണം, ഭൂമിയുടെ അടിസ്ഥാനം മനുഷ്യൻ ഇള ക്കിയിരിക്കുന്നു. ഭൂമിക്ക് എന്തു സംഭവിക്കും എന്ന് അറിയില്ല. ഈ പോക്ക് എവിടെ ചെന്ന് നിൽക്കും എന്നും അറിയില്ല.

# 7

# പ്രകൃതിയും സൗന്ദര്യവും

ഭൂമിയെ ദൈവം സൃഷ്ടിച്ചു. സകല ചരാചരങ്ങളേയും സസ്യലതാദി കളേയും. എല്ലാം നല്ലതെന്നും മനോഹരമെന്നും ദൈവം കണ്ടു. ഇത്രയും മനോഹരമായി സൃഷ്ടിച്ച ദൈവം അതു പരിപാലിക്കുവാനായി മനുഷ്യ നേയും സൃഷ്ടിച്ചു. എന്നാൽ മനുഷ്യൻ ഇവ സംരക്ഷിക്കുന്നുണ്ടോ? ആത്മികമായി ജീവിക്കുന്നവർ എന്ന് അവകാശപ്പെടുന്നവർ, രാവിലെ മുതൽ രാത്രി വരെ പ്രാർത്ഥിക്കുന്നവർ - ഇവർ തങ്ങളുടെ വീടും പരി സരവും സംരക്ഷിക്കുന്നുണ്ടോ. ദൈവം തന്നത് അടുക്കും ചിട്ടയോടും കൂടി വയ്ക്കുകയും മനോഹരമായി സംരക്ഷിക്കുകയും വേണം. ദൈവം നൽകിയിട്ടുള്ളതിനെ പരിപാലിച്ച് സമാധാനത്തോടെ വസിക്കുമ്പോൾ സ്വർഗ്ഗസമാധാനം നമുക്ക് ലഭിക്കും. അവിടെ ശാന്തത കളിയാടും. പൂക്കളെ സൃഷ്ടിച്ച ദൈവത്തിന് ഭംഗി ഇഷ്ടമല്ലേ? പക്ഷി മൃഗാദികളെയും സ്ത്രീയേയും സൃഷ്ടിച്ച ദൈവത്തിന് സൗന്ദര്യം ഇഷ്ടമല്ലേ? പുരുഷനും സ്ത്രീയും, പക്ഷിമൃഗാദികളും, ചെടികളും, പ്രകൃതി തന്നേയും മനോ ഹരമായി സംരക്ഷിക്കപ്പെടേണ്ടത് തന്നെ. ആർക്കും അവയെ നശിപ്പി ക്കാൻ അവകാശം ഇല്ല. ദൈവരാജ്യമാകുന്ന ആ മനോഹര ദേശത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അവിടെ താമസിക്കുവാൻ ആഗ്ര ഹിക്കുന്നവർക്ക് അവിടെ താമസിക്കാൻ യോഗ്യത ഉണ്ടോ എന്ന് പരി ശോധിക്കണം. ദൈവമേ, ദൈവമേ എന്ന് വിളിക്കുന്നതിലല്ല, നാം താമ സിക്കുന്ന സ്ഥലവും പരിസരവും വൃത്തിയും വെടിപ്പുമായി സൂക്ഷിക്കുക എന്നതിലാണു കാര്യം. ഇവിടെ പരീശന്മാരുടെ ഉപമ ദൈവം നമ്മളോട് പറഞ്ഞിരിക്കുന്നു. ഇന്ന് ദൈവത്തിന്റെ സ്വന്തം നാട് എന്ന് അവകാശ പ്പെടുന്ന കേരളം കുപ്പക്കൂനയായി മാറിയില്ലേ. ഇവിടെ മതങ്ങളും ദൈവ ങ്ങളും യഥേഷ്ടം ഉണ്ടല്ലോ. ഇങ്ങനെയുള്ള സ്ഥലത്താണോ ദൈവം വസിക്കുന്നത്? നാം പ്രകൃതിയെ സ്നേഹിക്കുക. ചുറ്റുപാടും ഉള്ളവരെ സ്നേഹിക്കുക. ആരേയും നോവിക്കാതെ ഇരിക്കുക. ശത്രുക്കൾ ആയാൽ പോലും സഹായിക്കാൻ മടിക്കാതിരിക്കുക. പ്രതിഫലം ആഗ്രഹിക്കാതെ ചെയ്യുക. ഇതെല്ലാം ദൈവത്തിന് സ്തുതി തന്നെ. നാമും നാം വസി ക്കുന്ന സ്ഥലവും വീടും പരിസരവും ശുദ്ധിയുള്ളതും വെടിപ്പുള്ളതും ആയാൽ പിശാച് അധിനിവേശം നടത്തുകയില്ല. സ്വർഗ്ഗമായാലും ഭൂമി യായാലും നല്ല പ്രവർത്തിയാണ് വേണ്ടത്. നല്ല പ്രാർത്ഥന അല്ല. എന്നാൽ മനസ്സ് എപ്പോഴും ദൈവത്തിൽ ആയിരിക്കട്ടെ. ഒരു ജപമാല കയ്യിൽ വച്ച് ലോകകാര്യങ്ങളിൽ വ്യാപൃതരായാൽ എന്ത് ഗുണം. ഉള്ളതു

കൊണ്ട് തൃപ്തരായി ജീവിക്കാൻ പഠിക്കുക. ദൈവരാജ്യത്തിൽ പ്രാർത്ഥന മാത്രമേ ഉള്ളോ. ആ മനോഹര തീരം എന്ന് പറയുമ്പോൾ തന്നെ അവിടുത്തെ സൗന്ദര്യം മനസ്സിലാകുമല്ലോ. അപ്പോൾ നാം കുളിക്കാതെയും, നനക്കാതെയും പരിസരശുദ്ധി ഇല്ലാതെയും ജീവിച്ചാൽ ഇങ്ങനെ ഉള്ളവരെ ദൈവരാജ്യത്തിന് കൊള്ളാമോ? ആദ്യം ഓരോ മനുഷ്യന്റെ ഹൃദയം ശുദ്ധീകരിക്കുക – തിന്മപ്പെട്ട മനസ്സും കഠിന ഹൃദയവും മാറ്റി സ്വച്ഛവും ശാന്തവുമായ ഒരു മനസ്സ് സൃഷ്ടിച്ചെടുക്കുക. അങ്ങനെ സമാധാനം ഉള്ളവരായി നമ്മുടെ ഭവനങ്ങളിൽ കൂടി ആദ്യം ജീവിതത്തെ ചിട്ടപ്പെടുത്തുക. അപ്പോൾ നാം മറ്റ് സഹജീവികളേയും ജീവജാലങ്ങളെയും, പ്രകൃതിയേയും സ്നേഹിക്കും. ഇത് നമ്മുടെ ഹൃദയത്തിന് സാന്ത്വനം ഏകുന്ന അവസ്ഥ സംജാതമാകുമ്പോൾ നാം ദൈവത്തോട് അടുക്കുകയും ദൈവമക്കളായി തീരുകയും ചെയ്യുന്നു. ഭവനത്തിന് അകവും പുറവും ചിട്ടയോടു കൂടി ഇരിക്കുകയും പുറത്ത് ചെടികളും, പൂക്കളും, കൃഷികളും നിൽക്കുന്നത് തന്നെ മനസ്സിനും കണ്ണിനും സുഖമല്ലേ. എന്നാൽ ഇതെല്ലാം കാട് മൂടി കിടന്നാൽ അവിടെ വസിക്കുന്ന മനുഷ്യന്റെ മനസ്സും അതുപോലെ ആവില്ലെ? കാട്ടിൽ വസിക്കുന്നത് വന്യജീവികളും, ക്രൂരജീവികളും അല്ലേ. അങ്ങനെയെങ്കിൽ നാം ഈ ജീവികളിൽ നിന്നും ശ്രേഷ്ഠരായി ജീവിക്കുന്നതല്ലേ അഭികാമ്യം. അൽപ്പസമയം ശാന്തമായി ചിന്തിക്കാൻ സമയം എടുക്കുക. എന്നിട്ട് നാം നമ്മുടെ ചുറ്റുവട്ടത്തെ വീക്ഷിക്കുക. നമ്മുടെ പരിസരം പോലെയല്ലേ നാമും എന്ന് മനസ്സിലാക്കുക. എല്ലാം മിതമായിട്ടും ആയിരിക്കണം. അധികമായാൽ ആർഭാടം ആകും. അപ്പോൾ നാം അഹങ്കാരികൾ ആകും. രണ്ടിനും ഇടയ്ക്ക് ഒരു അവസ്ഥ ഉണ്ട്. നാശത്തിനും വിനാശത്തിനും ഇടക്കുള്ള ശാന്തത ഇതാണ്. മനുഷ്യന് ആവശ്യം ഇത് കൈവെടിയാതിരിക്കുക എന്നതാണ്. ഇവിടെ ദൈവിക സാന്നിധ്യം നിറയട്ടെ. ഇപ്പോൾ തന്നെ ജീവിതം ക്രമപ്പെടുത്തുക. നാം എങ്ങനെയാണ് ജീവിക്കുന്നത്, ജീവിക്കേണ്ടത്!

# 8

# നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങൾ കാണേണ്ടതിന് എന്റെ കണ്ണുകൾ തുറക്കേണമെ

## (സങ്കീ: 119–8)

ആദിയിൽ ഈ കാണപ്പെടുന്ന പ്രപഞ്ചം ഉണ്ടാകുന്നതിനു മുമ്പേ സകലവും ശൂന്യമായ അവസ്ഥയിൽ. ആദിയും അവസാനവും ഇല്ലാത്തതായ ഒരു ശക്തി. അതിന്റെ ശബ്ദം ഈ ശൂന്യതയിൽ നിന്നും ഉണ്ടായി. ആ ശബ്ദം ദൈവം ആയിരുന്നു. ഈ ശബ്ദത്തോടൊപ്പം സകല ശക്തിയും ഒരു സ്ഥലത്ത് കേന്ദ്രീകരിച്ചു. ഈ മഹാശക്തി ദൈവവും അതിന്റെ കേന്ദ്രസ്ഥാനം സ്വർഗ്ഗവും ആകുന്നു. ശേഷം ആ മഹാശക്തിയിൽ നിന്നും സമാനമായ ചെറിയ ശക്തികൾ സൃഷ്ടിക്കപ്പെട്ടു. ഇവ ആയിരമായും പതിനായിരമായും കോടികളായും സൃഷ്ടിക്കപ്പെട്ടു. ഏകദേശം 3000 കോടി ആത്മാക്കൾ '12' ഗണങ്ങളായി വിഭാഗിച്ച് സ്വർഗ്ഗം നിറഞ്ഞു. ഇവർ ദൈവത്തിന്റെ പുത്രന്മാർ (മാലാഖ) ആകുന്നു. ഒപ്പം പ്രപഞ്ചവും, സൂര്യനും, ചന്ദ്രനും, ഭൂമിയും, നക്ഷത്രങ്ങളും സർവ്വചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടു. ദൈവത്തോടൊപ്പം അവന്റെ മക്കളും ഉണ്ടായിരുന്നു. ഇവർക്കെല്ലാം പ്രത്യേക സ്ഥാനമാനങ്ങളും കഴിവും ശക്തിയും നൽകിയ ദൈവം മക്കളെ അമിതമായി സ്നേഹിച്ചു. എന്നാൽ ആത്മാക്കളുടെ സൃഷ്ടി കോടിക്കണക്കിന് സംവൽസരങ്ങൾ കൊണ്ട് പൂർത്തിയായപ്പോഴേക്കും ഈ മാലാഖമാരിൽ ഭിന്നതയും മൽസരവും ഉണ്ടായി. പിതാവിന്റെ അസാന്നിധ്യത്തിൽ ദൈവരാജ്യം കൈവശമാക്കുവാനും സ്വർഗ്ഗസിംഹാസനം സ്വന്തമാക്കുവാനും ദൈവത്തെ ഇല്ലാതാക്കി അധികാരം കൈവശമാക്കുവാനും ഇവരിൽ പലരും ശ്രമിച്ചു. മാലാഖാവൃന്ദങ്ങളുടെ സൃഷ്ടി പകുതി വരെ വലിയ കുഴപ്പങ്ങളില്ലായിരുന്നു. സമസ്ത സുഖങ്ങളും സന്തോഷവും ഉണ്ടായിരുന്നു. അവസാനം സൃഷ്ടി പൂർത്തിയായപ്പോഴേക്കും ദൈവരാജ്യം ഒരു യുദ്ധക്കളം ആയി മാറി. ഇങ്ങനെ ഒരു അവസ്ഥയ്ക്ക് കാരണക്കാരൻ ദൈവത്തിന്റെ ഏറ്റവും വിശ്വസ്ഥനും നടത്തിപ്പുകാരനുമായ ലൂസിഫർ ആയിരുന്നു. ഇവൻ പിശാച് ആയി മാറി. പിതാവിനെ കൊന്ന് സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാൻ കോടിക്കണക്കിന് മാലാഖമാരെ അവൻ വശത്താക്കി. കാലങ്ങൾ കടന്നുപോകവെ തങ്ങ

ളുടെ സുഖങ്ങൾക്ക് നടുവിൽ തന്റെ സൃഷ്ടികർത്താവിനെ ഈ ജനം മറന്നുപോയി. സൃഷ്ടി കഴിഞ്ഞ് തിരിച്ചുവന്ന പിതാവിന് സ്വന്തം സിംഹാസനം നഷ്ടമാകുന്ന അവസ്ഥ. അത് കൈവശം വച്ചവർക്ക് വിട്ടുകൊടുക്കാൻ മനസ്സില്ല. അങ്ങനെ അധികാരം കൈവശം വച്ചിരുന്ന അനവധി ശ്രേഷ്ടരായ മാലാഖമാർ സാത്താനോട് ചേർന്ന് അന്ധകാരശക്തികളായി പ്രവർത്തിച്ചു. ഇതൊക്കെ മുന്നമേ മനസ്സിലാക്കി ദൈവം ഒരു വെടിക്കുള്ള മരുന്ന് കൈവശം വച്ചിരുന്നു. സകലവും സംഗ്രഹിച്ച് ഉള്ളിൽ സൂക്ഷിച്ചിരുന്ന ഒരു ശക്തി മഹാശക്തിയെ ഏകജാത സ്വരൂപത്തെ ക്രിസ്തുവിനെ മാത്രം സൃഷ്ടിച്ചിരുന്നില്ല. എന്നാൽ തന്നെ ഇല്ലാതാക്കി താൻ സൃഷ്ടിച്ച് ചിട്ടപ്പെടുത്തിയ സകലതും ദുഷ്ട ശക്തികൾ കൈക്കലാക്കി ദൈവരാജ്യം മറിച്ചു കളയും എന്ന് തോന്നിയ നിമിഷം വളരെ വേദനയോടെ കോപത്തോടെ പ്രപഞ്ചം നടുങ്ങുമാറ് അലറിജ്വലിച്ചു. അങ്ങനെ തന്റെ മാറ് പിളർന്ന് ഉള്ളിൽ സംഗ്രഹിച്ച് വച്ചിരുന്ന മഹാശക്തിയെ തിന്മയുടെ സംഹാരത്തെ ഏകജാത സ്വരൂപത്തെ ക്രിസ്തുവിനെ സൃഷ്ടിക്കുന്നു. 'ഞങ്ങളെ രക്ഷിക്കണെ ഈ പിശാച് മൂലം ഞങ്ങൾക്ക് ഇങ്ങനെ ഭവിച്ചു.' കരയുന്ന കൂട്ടത്തെ കണ്ട് പുത്രനാം ക്രിസ്തുവിന്റെ മനസ്സ് അലിഞ്ഞു. ഇവരെ രക്ഷിക്കാൻ പിതാവിനോട് പറഞ്ഞു. അവസരം നഷ്ടപ്പെടുത്തിയ ഈ ജനത്തെ സ്വർഗ്ഗത്തിൽ നിന്നും അടിച്ച് ഇറക്കുന്നു. എന്നാൽ പിതാവ് പറയുന്നു, ഞാൻ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കും. മനുഷ്യനിൽ നിങ്ങൾ വസിക്കും. ഇത് സാത്താനും കൂട്ടരും കേട്ടു. അവർ കൂട്ടമായി താഴേക്ക് പതിച്ചു. സ്വർഗ്ഗരാജ്യത്തിന്റെ വാതിലും അടച്ചശേഷം ക്രിസ്തുവിനോട് പിതാവ് പറയുന്നു. നീ എന്റെ വലതു ഭാഗത്ത് ഇരിക്ക. ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്ക. ബലമുള്ള ചെങ്കോൽ ഞാൻ സീയോനിൽ നിന്നും നീട്ടും. നീ മൽക്കീസദേക്കിന്റെ വിധത്തിൽ ഒരു പുരോഹിതനായിരിക്കും. നിനക്ക് കൊല്ലുവാനും ശിക്ഷിക്കുവാനും രക്ഷിക്കുവാനുമുള്ള അവകാശം തരുന്നു. ഞാൻ ചോദിക്കയില്ല അനുതപിക്കയും ഇല്ല. ഈ ജനം നിനക്ക് സ്വമേധാദാനമായിരിക്കുന്നു. ഈ അടിച്ചിറക്കപ്പെട്ടവർ ദൈവസ്വരൂപമായതിനാൽ ഇവർക്ക് ദൈവത്തെപ്പോലെ മരണം ഇല്ല. എന്നാൽ ഈ കൂട്ടത്തിൽ അറിയാതെ തെറ്റു ചെയ്തവരും ഉണ്ടല്ലോ. ഇവരെ വേർതിരിക്കാൻ സാധിക്കാത്തവണ്ണം ഇവർ മലിനമായിപ്പോയിരുന്നു. ഇവർ പശ്ചാത്തപിക്കുകയും തെറ്റ് ചെയ്തവരേയും അല്ലാത്തവരേയും വേർതിരിക്കുവാൻ ദൈവം അവസരം നൽകാൻ (നെല്ലും, പതിരും വേർതിരിക്കാൻ) മനുഷ്യജന്മം കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ സൃഷ്ടിയല്ലാത്തവനായ ക്രിസ്തു മുഖാന്തിരം സകലതും ഉളവായി. ഉളവായതൊന്നും അവനെ കൂടാതെയല്ല ഉളവായത്.

ദൈവം ആറ് ദിവസം വേല ചെയ്തു. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. മനുഷ്യന്റെ ഒരു ദിവസമല്ല, മനുഷ്യന്റെ ആയിരക്കണക്കിന് സംവൽസരമാണ് ദൈവത്തിന്റെ ഒരു ദിവസം. ഇനിയും സാത്താനിൽ നിന്നും ഈ ആത്മാക്കളെ എങ്ങനെ വേർതിരിക്കും. സാത്താൻ അറിയാത്ത ഒരു സ്ഥലം ദൈവം ഭൂമിയിൽ വേർതിരിച്ചു. ഇവിടം സാത്താന്റെ കണ്ണിൽപ്പെടാതെ സംരക്ഷിച്ചു. ഏദൻതോട്ടം. ആ സ്ഥലം ഒഴികെ ഭൂമിയിൽ ഉള്ള സ്ഥലങ്ങൾ സാത്താന് അവകാശമായി ദൈവം കൊടുത്തു. നിന്റെ അവകാശത്തിൽ ഞാൻ കടക്കയില്ല എന്ന് അവനോട് പറഞ്ഞു (മുടിയനായ പുത്രൻ). ഇപ്പോൾ ഭൂമിയിൽ സാത്താനും അടിച്ചിറക്കപ്പെട്ട അവന്റെ കൂട്ടാളികളും അവൻ അടിമകളാക്കിയ മാലാഖമാരും പക്ഷിമൃഗാദികളും ജീവജാലങ്ങളും. ശേഷം ദൈവം അവസരത്തിനായി കാത്തു. ഭൂമിയിൽ കരച്ചിലും പല്ലുകടിയും ആത്മാക്കളുടെ നിലവിളിയും മാത്രം. സാത്താൻ ആർത്ത് അട്ടഹസിക്കുന്നു. അവൻ വശത്താക്കിയവർ അവന്റെ അടുത്ത് ഉണ്ട്. അവരെ അവന്റെ ഹിതം അനുസരിച്ച് ഉപദ്രവിക്കുന്നു. ശാന്തിയും സമാധാനവും ഇല്ല. ഇതെല്ലാം മനസ്സിലാക്കിയ ദൈവം മനുഷ്യനെ സൃഷ്ടിക്കുവാൻ തീരുമാനിച്ചു. ദൈവം ക്രിസ്തുവിനെ സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചിരുന്നില്ല. ഇനിയും ദൈവത്തിന് സൃഷ്ടി നടത്തുവാൻ കഴിയും. എന്നാൽ മാലാഖാവൃന്ദങ്ങൾ വാക്കിനാൽ തന്നെ എങ്കിലും ഇവർ കൂട്ടം കൂട്ടമായി സൃഷ്ടിക്കപ്പെട്ടിരുന്നു. എന്നാൽ കർത്താവാം ക്രിസ്തു മാത്രം ഏകജാതനായി സൃഷ്ടിക്കപ്പെട്ടു. അവൻ പ്രിയപുത്രൻ ആകുവാൻ സംഗതി വന്നത് തന്റെ പിതാവിന്റെ സിംഹാസനം നശിക്കാതെ സംരക്ഷിക്കുകയും പിതാവിന്റെ ഹിതം നിറവേറ്റുകയും ചെയ്തതിനാൽ ആണ്. സ്വർഗ്ഗത്തിൽ മാലാഖമാരും പ്രധാന മാലാഖമാരും സന്തോഷത്തോടും ഐക്യത്തോടും പിതാവാംദൈവത്തെ അനുസരിച്ച് ജീവിച്ചിരുന്നു എങ്കിൽ സ്വർഗ്ഗത്തിൽ ഇന്നും സുഖത്തോടെയും സന്തോഷത്തോടെയും മനുഷ്യജന്മമെടുത്ത ആത്മാക്കൾക്ക് കഴിയാമായിരുന്നു. എന്നാൽ മനുഷ്യന്റെ സൃഷ്ടിയോ ക്രിസ്തുവിന്റെ ജന്മമോ ഉണ്ടാവില്ലായിരുന്നു. എന്നാൽ എല്ലാം സംഭവാമി യുഗേ യുഗേ. സംഭവിക്കേണ്ടത് എല്ലാം സംഭവിച്ചു. എന്നാൽ ഒരു ഇടത്താവളം മാത്രമായി ദൈവം മനുഷ്യനെ ഭൂമിയിൽ താമസിപ്പിച്ചിരിക്കുന്നു. അതും ദൈവത്തിന്റെ സ്നേഹം കൊണ്ട്. ഒന്നും രണ്ടും സംവൽസരമല്ല ആയിരക്കണക്കിന് സംവൽസരം. ഇതിൽ ഈ കാലഘട്ടത്തിൽ പൂർണ്ണമായ പശ്ചാത്താപത്തിൽ ജീവിച്ച് മരിച്ചവർ വളരെ ചുരുക്കം. ഭൂമിയിലുള്ള മനുഷ്യന്റെ കാലം അവസാനിക്കാറായി. ഈ ഘട്ടത്തിലേക്ക് അടുക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ജാതികളിൽ നിന്ന് ഗോത്രങ്ങളിലേക്കും, ഗോത്രങ്ങളിൽ നിന്ന് ചെറിയ സമൂഹങ്ങളിലേക്കും, അവിടെ നിന്ന് കുടുംബങ്ങളിലേക്കും, അണുകുടുംബങ്ങളിലേക്കും, ഇനി ഏകാത്മാവിലേക്കും മനുഷ്യൻ ചെറു

തായിരിക്കുന്നു. ഇതുവരെ ഞങ്ങൾ എന്ന വാക്ക് ഉപയോഗിച്ചിരുന്നവർ ഇനി ഞാൻ എന്ന് പറയുന്ന കാലം വന്നിരിക്കുന്നു. ഇത് അവസാന കാലം. മനുഷ്യനെ സൃഷ്ടിച്ചാൽ അവൻ പിഴച്ചുപോകും. എന്നാൽ ക്രിസ്തു പറഞ്ഞു, മനുഷ്യൻ പിഴച്ചാൽ ഞാൻ രക്ഷിക്കാം (ക്രിസ്തുവിന്റെ വാഗ്ദാനം). അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും രക്ഷ പ്രാപിക്കും!

1. പരദേശി = ഒരു ദേശത്തു നിന്ന് മറ്റൊരു ദേശത്തേക്ക് വന്ന് പാർക്കുന്നവൻ (സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിൽ).

2. വീണ്ടെടുപ്പ് = കൈയിൽ നിന്നും വീണുപോയത് എടുക്കുന്നതാണ് വീണ്ടും എടുക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ പതിച്ച (ആത്മാക്കളെ) മനുഷ്യനെ തിരികെ സ്വർഗ്ഗത്തിൽ എടുക്കപ്പെടുന്നതിനെ വീണ്ടെടുപ്പ് എന്ന് പറയാം.

3. പശ്ചാത്താപം = പിതാവാം ദൈവത്തിന്റെ സന്നിധിയിൽ അവന്റെ മക്കളാകുന്ന മാലാഖമാർ സാത്താൻ ഉൾപ്പടെ തെറ്റുകാർ ആണല്ലോ. ആ തെറ്റ് മനസ്സിലാക്കി തന്റെ പിതാവിനോട് ആത്മാർത്ഥതയോടെ പശ്ചാത്തപിക്കുന്ന ഏവരും ക്രിസ്തു മുഖാന്തിരം രക്ഷിക്കപ്പെടും (മുടിയനായ പുത്രന്റെ ഉപമ).

4. മാലാഖമാരുടെ ആരോഹണ അവരോഹണവും കണ്ടെത്തലും വായിക്കുക - പേജ് 30.

കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷ ഉപമകളിൽ അടിസ്ഥാനം ഉണ്ടായിരുന്നു. അവൻ സ്വർഗ്ഗത്തിൽ നിന്നും വന്നതിനാൽ സ്വർഗ്ഗീയ വിശേഷങ്ങൾ നമ്മോട് പറഞ്ഞിരിക്കുന്നു. അതിന്റെ ശരിയായ അർത്ഥം ഗ്രഹിച്ചു തരുവാൻ ഇന്ന് സുവിശേഷകർക്ക് സാധിക്കുന്നില്ല. കാരണം അവർ ഈ ലോകചിന്തയിൽ അടിസ്ഥാനം വച്ചിരിക്കുന്നു.

# 9

# ദൈവം: മനുഷ്യനെ സൃഷ്ടിക്കുന്നു (ഏദൻതോട്ടം)

ദൈവം സർവ്വ ചരാചരങ്ങളേയും സൃഷ്ടിച്ചതിന് ശേഷം അവസാനം മനുഷ്യനെ സൃഷ്ടിക്കുന്നു. അവരെ ആണും പെണ്ണുമായി സൃഷ്ടിക്കുന്നു. സകല ചരാചരങ്ങളിലും ശ്രേഷ്ഠമായി ഇവരെ വേർതിരിച്ച് സകലത്തിലും മേലുള്ള അധികാരങ്ങളും ഇവർക്ക് നൽകുന്നു. സാത്താൻ ഇത് കാണുന്നു. ഈ സമയം തന്നെ സാത്താന്റെ ദൃഷ്ടിയിൽ പെടാതെ ദൈവം കൈ കൊണ്ട് മെനഞ്ഞ് ആദത്തെ സൃഷ്ടിച്ചു. ഈ സൃഷ്ടിയാകുന്ന മൺകൂടാരത്തിൽ സാത്താനോട് ഏറ്റവും അടുപ്പമുള്ള 33 കോടി ആത്മാക്കളെ വേർതിരിച്ച് ബാക്കിയുള്ള സകല ആത്മാക്കളെയും സ്വർഗ്ഗരാജ്യത്തു നിന്നും അടിച്ചിറക്കപ്പെട്ടവരെ ആദാമിന്റെ ഉള്ളിൽ പ്രവേശിപ്പിച്ചു. ശേഷം സാത്താൻ കാണാതെ ആദത്തെ ഏദനിൽ ദൈവം ആക്കി. അവിടെ ദൈവം ഒരു തോട്ടം നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഇത് സാത്താന്റെ ദൃഷ്ടിയിൽപെട്ടില്ലായിരുന്നു. ദൈവത്തിന് ഭൂമിയുമായി നേരിട്ട് ബന്ധമുള്ള സ്ഥലം. സാത്താൻ വിചാരിച്ചു, ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. ഇനി അവരെ തന്റെ വരുതിയിൽ ആക്കണം എന്ന്. കാത്തിരുന്ന സാത്താൻ മനുഷ്യൻ ഭൂമിയുടെ എല്ലാ കോണിലും ഉണ്ടായത് കാണുകയും അവർ ജനിച്ച് ഭൂമി നിറയുന്നത് ശ്രദ്ധിക്കുകയും ചെയ്തു. സാത്താന് സന്തോഷമായി. ഭൂമിയും അവന്റെ സ്വന്തം. ഈ മനുഷ്യരും സകലതും അവന്റെ സ്വന്തം. എന്നാൽ സാത്താന് തെറ്റി. അവന്റെ കൂടെ ഉള്ള സിൽബന്ധികളായ ആത്മാക്കളെ ഈ മനുഷ്യരിലേക്ക് അവൻ പ്രവേശിപ്പിച്ചു. സാത്താൻ സസൂക്ഷ്മം നോക്കി. എന്നാൽ എങ്ങും താൻ അടിമകളാക്കിയ സ്വർഗ്ഗത്തിലെ മാലാഖമാരുടെ രൂപം (ആത്മാവ്) കണ്ടില്ല. എല്ലാ മനുഷ്യനിലും അവൻ അരിച്ച് പെറുക്കി നോക്കി. ഭൂമി മുഴുവനും നടന്ന് സാത്താൻ അലഞ്ഞു. മനുഷ്യനെ തമ്മിലടിപ്പിച്ചും യുദ്ധം ചെയ്യിച്ചും നോക്കി. സ്വയം ദൈവമായി ഭൂമി ഭരിച്ചു. എന്നാൽ സാത്താൻ വഞ്ചിക്കപ്പെട്ടു. കാരണം അവൻ അടിമകളാക്കി സ്വർഗ്ഗത്തിൽ നിന്നും കൊണ്ടുവന്ന അവന്റെ ആളുകൾ എവിടെ. അവർ സുഖമായി ഏദൻതോട്ടത്തിൽ വാഴുന്ന വിവരം സാത്താൻ അറിഞ്ഞില്ല. കാലങ്ങൾ കഴിഞ്ഞു. വർഷങ്ങൾ ആയിരക്കണക്കിന് കഴിഞ്ഞു. എന്നാൽ ആദത്തിന്റെ ഉള്ളിൽ ഉള്ളവരും പാപികളാണല്ലോ. ആദത്തിന്റെ ഉള്ളിൽ അവർ മൽസരിച്ചു കൊണ്ടേയിരുന്നു. ആദാം സന്തോഷമില്ലാത്തവനായി. അത് ദൈവം

കണ്ടു. അവനിൽ നിന്നും കുറച്ച് ഭാരം കുറയ്ക്കാൻ (ഹവ്വായെ) ആദാമിൽ നിന്നും വാരിയെല്ല് എടുത്തു ഹവ്വായെ സൃഷ്ടിച്ചു. എന്തെന്നാൽ ഈ ആത്മാക്കളെ കുറച്ച് മാറ്റി ഹവ്വായെ സൃഷ്ടിച്ചു. ഇപ്പോൾ ആദമിന്റെ ഭാരം കുറഞ്ഞു. അവന്റെ (മ്ലാനത) മാറി. ആദമിന് തുണയുമായി. ശേഷം ദൈവം ആദമിനോടും ഹവ്വായോടും പറയുന്നു. നടുവിൽ നിൽക്കുന്ന വൃക്ഷത്തിലെ ഫലം ഭക്ഷിക്കരുത്. അങ്ങനെ ചെയ്താൽ നിങ്ങൾ മരിക്കും. വീണ്ടും സംവൽസരങ്ങൾ ആദമും ഹവ്വായും ഏദനിൽ വസിച്ചു. ദൈവം തന്റെ സൃഷ്ടിയെ നോക്കുവാൻ തോട്ടത്തിൽ ഇറങ്ങി നടക്കും. ദൈവം ഭൂമിയിൽ നടന്ന സ്ഥലം ഏദൻതോട്ടം മാത്രം. ഏദനിൽ ഉള്ള സകല ജീവജാലങ്ങളും വളരെ ശാന്തതയോടെ ജീവിച്ചു. ആദം പേർ വിളിച്ചതിനെല്ലാം ഭൂമിയിലും പേരായി. മനുഷ്യനുമായി ഏറ്റവും അടുത്ത് എല്ലാ ജീവികളും, പാമ്പ് പോലും സഹവാസം ചെയ്യുന്നു. സ്വർഗ്ഗത്തിന്റെ ചെറിയൊരു പതിപ്പായിരുന്നു ഏദൻതോട്ടം. അവിടം മനോഹരവും ഫലഭൂയിഷ്ടവും ആയിരുന്നു. എന്നാൽ ഏദനിൽ നിന്നും പുറത്തേക്ക് പോകാൻ ഈ ജീവികൾക്കോ ആദമിനോ ഹവ്വാക്കോ അനുവാദം ഇല്ലായിരുന്നു. കാരണം ഭൂമിയുമായി ഈ സ്ഥലം ദൈവം അതിർകെട്ടി വേർതിരിച്ചിരുന്നു. മൂന്ന് സൈഡ് മലകളായും മറുഭാഗം കടലിനാലും ചുറ്റപ്പെട്ട ഒരു സ്ഥലം. ഇതിന്റെ നടുവിൽ തോട്ടം. എന്നാൽ പലപ്പോഴും പാമ്പ് ഈ അതിർത്തിയിൽ കൂടി സഞ്ചരിക്കും. ശരീരം വളരെ നീളമുള്ളതിനാൽ ഒരു ഭാഗം അതിർത്തിക്ക് ഉള്ളിലും മറുഭാഗം വെളിയിലുമായി കിടക്കും. പലപ്പോഴും ഇത് കണ്ടിട്ടുള്ള സാത്താൻ അവനെ തന്റെ സ്നേഹിതനാക്കി. ഏദനിൽ പ്രവേശിക്കുവാൻ അവന്റെ ഉള്ളിൽ കടന്നു. ഹവ്വായേയും ആദത്തേയും തെറ്റ് ചെയ്യിക്കുകയും അവർ ഏദന് പുറത്താവുകയും ചെയ്തു. ഈ സമയം ഭൂമിയിൽ യഥേഷ്ടം മനുഷ്യർ ഉണ്ടായിരുന്നു. ഇവർ ഭൂമിയിലെ മനുഷ്യർ. സാത്താനെ കബളിപ്പിക്കാൻ ഉണ്ടാക്കിയവർ. ഇവർ ആത്മാവില്ലാത്തവർ. മരിച്ചാൽ മൃഗതുല്യർ. എന്നാൽ ആദമിൽ നിന്നും ജനിക്കുന്ന മനുഷ്യൻ ആത്മീയ മനുഷ്യർ. ഇവർ ദൈവസന്നിധിയിൽ നിന്നും അടിച്ചിറക്കപ്പെട്ട ആത്മാക്കൾ. ദൈവത്തിന്റെ മക്കൾ. ശേഷം കായീൻ ഹാബേലിനെ കൊല്ലുന്നു. കിഴക്ക് ദേശത്തേക്ക് ഓടിപ്പോയി വിവാഹം കഴിച്ച് പട്ടണം ഉണ്ടാക്കുകയും ചെയ്തു (ഹാനോക്ക് പട്ടണം). ഇവന് ദൈവം നെറ്റിയിൽ ഒരു അടയാളം വയ്ക്കുന്നു. ഇവന്റെ മക്കൾ (വംശം) പശുപാലകർക്ക് പിതാവായി അറിയപ്പെടുന്നു. എല്ലാം മനസ്സിലാക്കുവാൻ ചരിത്രങ്ങൾ അന്വേഷിച്ചാൽ മതിയാകും. പിന്നീട് ആദമിന് 130 വയസ്സായപ്പോൾ ശേത്ത് ജനിക്കുന്നു. പുത്രന്മാരും പുത്രിമാരും ജനിക്കുന്നു. ദൈവത്തിന്റെ മക്കൾ മനുഷ്യരുടെ മക്കളെ വിവാഹം ചെയ്യുന്നു. എല്ലാം വീണ്ടും മലിനമായി. ഹവ്വ തെറ്റ് ചെയ്തില്ലായിരുന്നു എങ്കിൽ തീർച്ചയായും സാത്താന്റെ പരീക്ഷയിൽ

ജയിച്ചിരുന്നുവെങ്കിൽ തിരികെ സ്വർഗ്ഗത്തിൽ കയറ്റുമായിരുന്നു. എന്നാൽ തെറ്റു ചെയ്തതു മൂലം മനുഷ്യന്റെ ആദ്യത്തെ അവസരം തന്നെ പാഴാക്കി (കാരണം ഒറ്റ ചിന്താഗതിയല്ലല്ലോ അനവധി ആത്മാക്കളുടെ കൂടാരമല്ലേ)

നാല് അവസരങ്ങൾ ദൈവം മനുഷ്യന് കൊടുത്തു.

1. ഏദൻതോട്ടത്തിൽ (ആദമും ഹവ്വയും).

2. കായീൻ മുതൽ ജലപ്രളയം വരെ.

3. ഇസ്രായേൽ ജനതയിൽ കൂടി യേശുക്രിസ്തു വരെ.

ശരിക്കും ഈ അവസരം മനുഷ്യന്റെ അന്ത്യം കുറിക്കുമായിരുന്നു. യേശുവിന്റെ ഉപമ മൂന്ന് സംവൽസരമായി ഫലം തിരയുന്ന ഉണ്ടാവാത്ത വൃക്ഷത്തിനെ വെട്ടി തീയിൽ ഇട്ട് കളയുന്ന ഉപമ. എന്നാൽ ക്രിസ്തു വാകുന്ന തോട്ടക്കാരൻ ഒരു അവസരം പിതാവിനോട് യാചിച്ച് വാങ്ങി തന്നിരിക്കുന്നു.

4. ഇപ്പോഴുള്ള അവസരം ക്രിസ്തുവിന് ശേഷം ഇന്ന് വരെയുള്ളത്.

# 10

# ആദാമിന്റെ വംശവും ജലപ്രളയവും

രണ്ടാംഘട്ടത്തിലെ ജനം കായീൻ മുതൽ ഉള്ള അവന്റെ വംശം തികച്ചും ഭൂമിയിലെ ആത്മാവില്ലാത്ത മനുഷ്യരുമായുള്ളതായിരുന്നു. അതിനുശേഷമാണ് ദൈവത്തെ അവനവന്റെ ഹിതം അനുസരിച്ച് തീരുമാനിക്കുവാനും സ്വർഗ്ഗത്തിലെ ദൈവത്തെ അറിയാതെ ദൈവത്തിൽ നിന്നും മൽസരിച്ച് അകന്ന അന്ധകാരശക്തികളുമായി ചേർന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും ദൈവങ്ങളെ സൃഷ്ടിച്ചത്. അവർക്ക് അനുയോജ്യമായ കഥയും ഉണ്ടാക്കി. എന്നാൽ ഈ ശക്തികൾ രക്തം ചൊരിയുവാനുള്ള എല്ലാ തന്ത്രങ്ങളും ഒരുക്കും. യുദ്ധങ്ങൾ ചെയ്യിക്കും. കാരണം, ആത്മാവില്ലാത്ത മനുഷ്യനിൽ സാത്താൻ ആത്മാവിനെ അന്വേഷിക്കുവാൻ വേണ്ടി മാത്രം കായീന്റെ വംശത്തിന് മുമ്പും ഇങ്ങനെ യുഗാന്തരങ്ങൾ സാത്താനും അവന്റെ കൂട്ടുകാരും പ്രവർത്തിച്ചിരുന്നു. കായീൻ ഹവ്വായിൽ നിന്നും ജനിച്ചു. എങ്കിലും അവൻ സാത്താന്റെ പ്രേരണയാൽ ജനിച്ച കുറെ ആത്മാക്കളുടെ കൂടാരം ആയിരുന്നു. അവനിൽ മുന്നമേ തിന്മ ചെയ്യുവാനുള്ള പ്രേരണ ഉണ്ടായിരുന്നു. സ്വയം ദൈവം എന്ന് പ്രഖ്യാപിക്കുകയും സഹോദരന്റെ കൊലപാതകിയും ആയിരുന്നു. അവന്റെ കുലം തികച്ചും ദൈവത്തിൽ നിന്നും അകന്നു പോയിരുന്നു. എന്നാൽ ആദത്തിന്റെ 130-ാം വയസ്സിൽ ശേത്ത് ജനിക്കുന്നു. മരിച്ചുപോയ ഹാബേലിന് പകരം ഭൂമിയിൽ നിന്നും ഹാബേലിന്റെ രക്തത്തിൽ നിന്നും ദൈവം നിലവിളി കേൾക്കുന്നു. ആ ആത്മാക്കളെ ദൈവം ശേത്തിൽ കൂടി ജനിപ്പിക്കുന്നു. ശേഷം ആദമിന്റെയും ഹവ്വായുടെയും ഉള്ളിൽ ഉള്ള ആത്മാക്കൾ മനുഷ്യജന്മം പ്രാപിക്കുന്നു. ജലപ്രളയ കാലം വരെ. എന്നാൽ ആദം മുതൽ നോഹ വരെയുള്ള കാലം 10 തലമുറകളായി. 1656-ാം വർഷത്തിൽ ജലപ്രളയം ഉണ്ടായി. ആ അവസരവും മനുഷ്യൻ പാഴാക്കി. എന്നാൽ രണ്ടാം ഘട്ടത്തിലെ (വൃക്ഷത്തിന്റെ രണ്ടാം സംവൽസരം) വംശം അവിടെ അവസാനിക്കുന്നില്ല. ഈ ഘട്ടത്തിൽ മനുഷ്യർ വളരെയധികം ആയുസ്സ് ഉള്ളവരായി ജീവിക്കുന്നു (ഏതാണ്ട് കാലനില്ലാത്ത കാലം).

## നോഹയും പെട്ടകവും

ശേഷം ജനിച്ച മനുഷ്യർ നോഹയുടെ മൂന്ന് മക്കളിൽ കൂടി - ശേം,

ഹാം, യാഫത്ത്. ഇവരിൽ നിന്നും പല വംശങ്ങളും ഉണ്ടായി. ഫറവോന്റെ വംശം ഫെലിസ്ത്യർ തുടങ്ങി. ആദ്യമായി ഇഷ്ടിക ഉണ്ടാക്കിയ ബാബേൽ പിരമിഡ് പണിത കാലം. എന്നാൽ ഇവരിൽ നിന്നും ദൈവം ഒരുവനെ തിരഞ്ഞെടുത്തു. നോഹക്ക് ശേഷം 10-ാം തലമുറയിൽ അബ്രാം (അബ്രഹാം). വളരെ അധികം പരീക്ഷിക്കപ്പെട്ട് തിരഞ്ഞെടുത്ത ആൾ ആയിരുന്നു. മൂന്നാം സംവൽസരത്തെ പരിപാലിക്കാൻ ഏൽപ്പിച്ചവൻ വിശ്വസ്തനായ അബ്രഹാം ആയിരുന്നു. ജലപ്രളയത്തിൽ മരിച്ച സകല ആത്മാക്കളെയും ഇസഹാക്കിന്റെയും ഇസ്മയേലിന്റെയും രൂപത്തിൽ സൃഷ്ടിക്കുന്നു. ഇസ്മായേല്യ ഗോത്രം ഒരു വംശമായും അതിന് വിപരീത വംശമായി ഇസഹാക്കിന്റെ ഗോത്രത്തെയും ദൈവം വേർതിരിക്കുന്നു. ഇസഹാക്കിന്റെ വംശത്തിൽ യേശാവും, യാക്കോബും ഇവിടെ ഒരു അവകാശം സ്ഥാപിക്കുന്നു. ജ്യേഷ്ഠാവകാശം ജ്യേഷ്ഠരായ സകല ആത്മാക്കളെയും അവരിലുള്ള അവകാശങ്ങളും ക്രിസ്തുവാകുന്ന യേശുവിൽ ഏൽപ്പിക്കപ്പെടുവാൻ ദൈവം സകല ആത്മാക്കളെയും ഇസ്രായേൽ ഗോത്രത്തിൽ കൂടി ജനിക്കുവാൻ അവസരം കൊടുക്കുന്നു. ഈ ഘട്ടം ഒരു മുന്തിരിതോട്ടമായോ ഒരു വലിയ കടുക് വൃക്ഷമായോ ഒക്കെ കർത്താവ് ഉപമിച്ചിരിക്കുന്നു.

# 11

# യേശാവ് യാക്കോബിന് കൊടുത്ത ജ്യേഷ്ഠാവകാശം

എന്നാൽ ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കും എന്നു പറഞ്ഞ ദൈവമായ പിതാവ് പുത്രനാം ക്രിസ്തുവിനെ അത് ഏൽപ്പിക്കുവാൻവേണ്ടി ഇസ്രായേലിന്റെ അവകാശവും അധികാരവും മോശയിൽ കൂടി അഹരോനിൽ കൂടി പുരോഹിതവർഗ്ഗത്തിൽ സംക്ഷിപ്തമാക്കി. സെഖര്യാ പുരോഹിതനിൽ കൂടി യോഹന്നാനിൽ വന്നുചേരുകയും കർത്താവിന്റെ സ്നാനത്താൽ യോഹന്നാൻ അത് യേശുവിന്റെ കൈയിൽ ഏൽപ്പിക്കുകയും ചെയ്തു. ഈ രണ്ട് ഗോത്രങ്ങളും ഇശ്മായേല്യരും ഇസ്രായേല്യരും ഒഴികെയുള്ള ഫറവോൻ, ഫെലിസ്ത്യർ തുടങ്ങിയ വംശങ്ങളെ എല്ലാം ഈ കാലഘട്ടത്തിൽ സംഹരിക്കുകയും ഇസ്രായേല്യ ഗോത്രത്തിൽ കൂടി ജനിപ്പിച്ച് അവകാശം അതാത് കാലഘട്ടത്തിലെ പുരോഹിതന്മാരിൽ വന്നുകൊണ്ടേയിരുന്നു. ക്രിസ്തു മുഖാന്തിരം അടിച്ചിറക്കപ്പെട്ട സകല മാലാഖമാരുടെയും അതായത് ആദാമിൽ കൂടി ജന്മമെടുത്ത സകലരുടെയും അവകാശം ജ്യേഷ്ഠാവകാശം ക്രിസ്തുയേശുവിന്റെ സ്നാനത്തോടെ അവന്റെ കൈയിൽ വന്നുചേർന്നു. എന്നാൽ മനുഷ്യജന്മത്തിൽ നിന്നും വിട്ടുനിന്ന ശക്തികൾ സാത്താനും അവന്റെ കൂട്ടാളികളും ഒഴികെ അതായത് സ്വയം ദൈവങ്ങളായി തീർത്തവരുടെ ഒക്കെയും അവകാശം കർത്താവിന് ഇപ്പോഴും കിട്ടാതിരിക്കുന്നു. സാത്താൻ വരുതിയിലാക്കിയവരുടെ അവകാശം സാത്താനിൽ ആയിരുന്നു. ക്രിസ്തുവിന്റെ സ്നാനത്താൽ അത് സാത്താന് നഷ്ടപ്പെടുന്നു. സെഖര്യാ പുരോഹിതനെ സാത്താന്റെ പ്രേരണയാൽ ബലിപീഠത്തിൽ (വിശുദ്ധ സ്ഥലത്ത്) വച്ച് കൊല്ലുന്നു. എന്നാൽ ഇത് വീണ്ടും ശിഥിലമായി എന്ന് സന്തോഷിച്ച സാത്താന് വീണ്ടും ചതിപറ്റി. യോഹന്നാൻ ജനിച്ചപ്പോഴേ ഇസ്രായേലിന്റെ അവകാശം പരിശുദ്ധാത്മാവ് മുഖാന്തിരം അവനിൽ എത്തിച്ചേർന്നു. അത് യോഹന്നാൻ ഒരു പുരോഹിതനല്ല, ഒരു ഭ്രാന്തനാണ് എന്ന് നിനച്ചിരുന്ന യഹൂദന്മാർക്ക് ഇന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഇത് മനസ്സിലാക്കിയ സാത്താൻ ദൈവപുത്രനെ കുടുക്കുവാൻ തക്കം അന്വേഷിച്ചു. യേശു മരുഭൂമിയിൽക്കൂടി 40 ദിവസം ഭക്ഷണമില്ലാതെ നടന്നു. ഇസ്രായേൽ നടന്ന വഴിയെ തിരിച്ച് യേരുശലേമിൽ എത്തിയപ്പോൾ വിശന്ന യേശുവിന്റെ അടുത്ത് സാത്താൻ ചെന്ന് അവനെ പരീക്ഷിക്കുന്നു. മൂന്ന് പരീക്ഷണങ്ങൾ. ഈ മൂന്ന് പരീക്ഷണങ്ങളിലും

കർത്താവ് സാത്താനെ ശാസിക്കുന്നു. ഈ ഭൂമിയിൽ ജനിച്ച മനുഷ്യരുടെ അവകാശം ഇപ്പോൾ കർത്താവിന്റെ കൈയിൽ ഇരിക്കുന്നു. അങ്ങനെ സകല ശത്രുക്കളും അവന്റെ പാദപീഠം ആയി. ഇതിൽ ഏതെങ്കിലും ഒരു പരീക്ഷണത്തിൽ കർത്താവ് വീണുപോയി എങ്കിൽ മനുഷ്യൻ വീണ്ടും പിശാചിന്റെ അടിമ ആകുമായിരുന്നു. ഈ ഇസ്രായേലിന്റെ ആരംഭഘട്ടത്തിൽ യാക്കോബ് മുതൽ ആണ് മൂന്നാം സംവൽസരം തുടങ്ങുന്നത്. കർത്താവിന്റെ ഉപമ - തോട്ടത്തിലെ വൃക്ഷം - മൂന്ന് സംവൽസരമായി ഫലം ഉടയവനിൽ അന്വേഷിക്കുന്നു, കാണുന്നില്ല. പ്രയോജനമില്ലാത്ത വൃക്ഷത്തെ വെട്ടി തീയിൽ ഇടാൻ കൽപിക്കുന്നു. പിതാവ് ഉടയവനും തോട്ടക്കാരൻ കർത്താവും വൃക്ഷം ഇസ്രായേൽ ജനവും ആകുന്നു. കർത്താവാകുന്ന തോട്ടക്കാരൻ യാചിച്ച് വാങ്ങിയതാണ് ക്രിസ്തുവിന് ശേഷം ഉള്ള അവസരം. ഇത് 4-ാം സംവൽസരം. ക്രിസ്തു ഭൂമിയിൽ വന്നത് സകലതും നിവർത്തിയാകുവാനായിരുന്നു. 1. അവകാശം വാങ്ങിക്കുവാൻ. 2. മരണം അനുഭവിപ്പാൻ. 3. മാനവരാശിയുടെ രക്ഷ. ഇതിൽ ഒന്നും, രണ്ടും പൂർത്തിയായി. കാരണം, ക്രൂശ് മരണത്തോടെ സ്വർഗ്ഗരാജ്യത്തിൽ പിതാവാംദൈവത്തെ സാത്താനും അവന്റെ കൂട്ടാളികൾക്കും കൊല്ലുവാൻ സാധിച്ചില്ല. അതിനു മുമ്പ് അവർ അവിടെനിന്നും അടിച്ച് ഇറക്കപ്പെടുന്നു. എന്നാൽ പിതാവ് എന്നിലും ഞാൻ പിതാവിലും എന്ന് പറഞ്ഞ ക്രിസ്തു ഈ ജനത്തിന് മുമ്പിൽ നിന്ന് കൊടുക്കുന്നു. യേശുവിനെ ഇവർ സ്വർഗ്ഗസമാനമായ യേരുശലേം ദേവാലയത്തിൽ നിന്നും തള്ളിക്കൊണ്ട് അതിർത്തിവരെ എത്തി തള്ളി താഴെ ഇട്ട് കൊല്ലുവാൻ കൊണ്ടുപോയി. അവിടെനിന്നും യേശു അപ്രത്യക്ഷനായി. ഇതോടെ പിതാവിനെ കൊല്ലുന്നതിന് സമാനമായി എങ്കിലും ന്യായവിധിയിൽ കൊല്ലുന്നത് പൂർണ്ണമാവാത്തതിനാൽ ഈ ജനത്തിന് ഒഴിയാൻ സാധിക്കുമല്ലോ. ശേഷം ക്രിസ്തുവിന്റെ സ്വർഗ്ഗത്തിലെ ജനനത്തിന് സമാനമായി അവൻ രാജാധിരാജാവായി വരുന്നു. വാഹനമൃഗത്തിന്റെ പുറത്ത് കയറി ജനം രാജാവിന്റെ പുറകിൽ കുരുത്തോലയുമായി ആർപ്പ് വിളിച്ച് സ്വർഗ്ഗത്തിൽ സൈന്യസമ്മേതനായി ക്രിസ്തുവിന്റെ വരവ്. ശേഷം സ്വർഗ്ഗസമാനമായ ദേവാലയത്തിലേക്ക് ചെന്ന് വിൽക്കുന്നവരെയും വാങ്ങുന്നരെയും അടിച്ച് പുറത്താക്കി (എന്ത് അധികാരം കൊണ്ട് നീ ഇത് ചെയ്യുന്നു). സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കിയതിന് സമം. ക്രിസ്തുവിനെ വേണോ ബറബാസിനെ വേണോ എന്ന് ചോദിച്ചതിന് ജനം എല്ലാം ക്രിസ്തുവിനെ ക്രൂശിക്ക എന്ന് പറയുകയും ബറബാസിനെ വിട്ടുതരാൻ പറയുന്നു. ഇതും സ്വർഗ്ഗത്തിൽ സംഭവിച്ചു. "ഞാൻ വന്നില്ലായിരുന്നു എങ്കിൽ നിങ്ങളുടെ പാപത്തിന് ഒഴികഴിവ് ഉണ്ടായിരുന്നു. ഞാൻ വന്നതിനാൽ നിങ്ങളുടെ പാപം നിലനില്ക്കുന്നു." ക്രിസ്തു ക്രൂശ് മരണം പ്രാപിച്ചതു മൂലം സകലതും നിവർത്തിയാവുന്നു.

ക്രിസ്തുവിൽ സകല അധികാരങ്ങളും അവകാശങ്ങളും വന്നുചേർന്നു എങ്കിലും അതൊന്നും ആർക്കും മനസ്സിലാക്കുവാൻ കഴിയാത്തവിധം അവകാശം ഇസ്രായേലിന്റെ പുറപ്പാട് കാലത്തുതൊട്ട് തുടങ്ങി. ഏകദേശം 2000 വർഷക്കാലം കഴിഞ്ഞാണ് ക്രിസ്തു ഭൂമിയിൽ ജനിക്കുന്നത്. എന്നാൽ സകല മനുഷ്യനും ജലപ്രളയത്തിന് മുമ്പ് ഭൂമിയിൽ ഉള്ള അവസ്ഥയിൽ വീണ്ടും നിറയപ്പെടുന്നു. ദൈവം ആദമിനൊപ്പം സൃഷ്ടിച്ചിട്ടുള്ള മനുഷ്യൻ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും എത്തപ്പെട്ടിരുന്നു. മണ്ണിന്റെ കളറിനനുസരിച്ച് അവന്റെ രൂപവും സ്വഭാവവും ഉണ്ടായി. ഉൽപ്പത്തി, പുറപ്പാട് വായിച്ചാൽ ഇതിന്റെ ഏകദേശരൂപം മനസ്സിലാവും. എന്നാൽ വായിക്കുന്നവർക്ക് അടിസ്ഥാനം അറിയാത്തതിനാൽ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. സംശയങ്ങൾ മാത്രം ബാക്കി. എന്നാൽ ഇപ്പോൾ ഏകദേശം മനസ്സിലായിക്കാണും. നാം എങ്ങനെ പാപികൾ ആയി. നമ്മുടെ തെറ്റ് എന്ത്. ആദമും ഹവ്വായും പറിച്ചുതിന്ന പഴം മൂലമാണോ നാം തെറ്റുകാരായത്. ഇപ്പോൾ ജനിക്കുന്ന നാം എങ്ങനെ ജനിക്കുന്നതിന് മുൻപേ തെറ്റുകാരായി എന്നെല്ലാം നമുക്ക് ഇതിനാൽ മനസ്സിലാക്കാം. എന്തെന്നാൽ നമ്മുടെ ശരിയായ തെറ്റ് നാം മനസ്സിലാക്കിയാൽ നമുക്ക് ശരിയായ പശ്ചാത്താപം ചെയ്യുവാൻ സാധിക്കും. 'അപ്പാ നിന്നോടും സ്വർഗ്ഗത്തോടും ഞാൻ പാപം ചെയ്തിരിക്കയാൽ ഇനി നിന്റെ പുത്രനെന്ന് വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല' എന്ന് മുടിയനായ പുത്രരായ നമ്മൾ ഓരോരുത്തരും പശ്ചാത്തപിക്കുകയും ഇനി മേലാൽ അങ്ങനെ ഒരു തെറ്റും ചെയ്യില്ല എന്ന് പ്രതിജ്ഞയെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്താൽ കാരുണ്യവാനായ ദൈവം നമ്മുടെ തെറ്റുകളെ ഒരു പക്ഷെ പൊറുത്ത് തരുമായിരിക്കും. പശ്ചാത്തപിക്കാത്തവർ വീണ്ടെടുക്കപ്പെടുകയില്ല. അതിനാൽ നാം ഓരോരുത്തരുടെയും തെറ്റ് മറ്റുള്ളവരിൽ ചാരാതെ ആദം, ഹവ്വാ, സാത്താൻ തുടങ്ങി ആരിലും ചാരാതെ സ്വയം തെറ്റു ചെയ്തു എന്ന ഉത്തമ വിശ്വാസത്തോടെ ഏറ്റു പറയണം.

മനുഷ്യന് പുനർജനനം ഉണ്ട്. അത് ക്രിസ്തുവിന്റെ രണ്ടാം വരവ് വരേയും തുടർന്നു കൊണ്ടേയിരിക്കും. കർത്താവിനോട് പുനരുത്ഥാനത്തെക്കുറിച്ച് ചോദിച്ചു. അതിന്റെ ഉത്തരം പറഞ്ഞു. എന്നാൽ പരീശന്മാർ പുനർജനനത്തിൽ വിശ്വസിച്ചിരുന്നു. നിയമങ്ങൾ, ആചാരങ്ങൾ ഇവ പാലിച്ചിരുന്നു. എന്നാൽ അവരുടെ മനസ്സ് (ഹൃദയം) ശുദ്ധമല്ലായിരുന്നു. അതിനാൽ യേശു പറയുന്നു. അവരുടെ ഹൃദയശുദ്ധി പോലെയല്ല. എന്നാൽ അവരുടെ പഴമ (വിശ്വാസം) സൂക്ഷിക്കണം. അതായത് പുളിച്ച മാവ് (പഴയ വിശ്വാസം) എന്ന് അർത്ഥം. ക്രിസ്തീയ വിശ്വാസത്തിൽ പ്രാർത്ഥനയിൽ "ദൈവമേ, മനസ്സോടും മനസ്സുകൂടാതെയും അറിവോടും

അറിവ് കൂടാതെയും നിന്റെ സന്നിധിയിൽ ചെയ്തു പോയ പാപങ്ങൾ ക്ഷമിക്കേണമേ" എന്ന് പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ എപ്പോൾ നാം ദൈവസന്നിധിയിൽ തെറ്റു ചെയ്തു എന്ന് അറിയുന്നില്ല. അതിനാലാണ് ഈ ചരിത്രം എഴുതുന്നത്. യഥാർത്ഥ തെറ്റ് മനസ്സിലാക്കിയാൽ ശരിയായ പശ്ചാത്താപം ഉണ്ടാവും. ഉണ്ടായാൽ മോക്ഷപ്രാപ്തി ലഭിക്കും.

ഇത് എഴുതുന്നത് മറ്റ് മതങ്ങളെ പരിഹസിക്കുവാനോ തെറ്റാണെന്ന് നിരൂപിക്കുവാനോ അല്ല. കാരണം എല്ലാ മതങ്ങളുടെ ഗ്രന്ഥങ്ങളിലും ഒരു സ്വർഗ്ഗീയ യുദ്ധം ഉണ്ട്. ദേവാസുര യുദ്ധമെന്നോ പിശാചുമായുള്ള യുദ്ധമെന്നോ ഒക്കെ എഴുയിരിക്കുന്നത് കാണാം. എല്ലാ സിദ്ധാന്തവും നന്മയെ സ്വീകരിക്കുവാനും തിന്മയെ ഉപേക്ഷിക്കുവാനും ആഹ്വാനം ചെയ്യുന്നു. എന്നിരുന്നാലും ഈ പുസ്തകം ബൈബിളിനെ ആസ്പദമാക്കി അതിന്റെ ചിന്തകളിലും അന്വേഷണങ്ങളിലും ഉരുത്തിരിഞ്ഞ് എഴുതിയിരിക്കുന്നു. ക്രിസ്തു യേശുവായി ജന്മമെടുക്കുകയും സുവിശേഷം ഉപമകളാൽ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ഈ ഉപമകളുടെ ശരിയായ അർത്ഥം അടിസ്ഥാനപരമായി കണ്ടെത്തുവാനോ തെളിയിക്കപ്പെടുവാനോ സാധിച്ചിട്ടില്ല. അത് ശരിയായ അർത്ഥത്തിൽ അറിയുന്ന കാലം സമാഗതമായിരിക്കുന്നു. അതിനാൽ ആണ് ഈ എഴുതുന്ന എനിക്ക് ഇങ്ങനെ ചിന്തിക്കുവാനും എഴുതുവാനും സാധിക്കുന്നത്. ഇപ്പോൾ നടക്കുന്നത് മാനവരാശിയുടെ ധൂർത്തടിയുടെ കാലം ആകുന്നു. ദൈവം സംഭരിച്ച് വച്ചിരിക്കുന്നത് മനുഷ്യൻ അവന്റെ നിലനിൽപ്പ് പോലും ഇല്ലാതാക്കുന്നവിധം ഭൂമിയുടെ അധോഭാഗങ്ങളിൽ കടന്നാക്രമണം ചെയ്ത് ധൂർത്തടിക്കുന്നു. ശരിക്കും കാളിദാസനെ ഇവിടെ ഓർക്കണം. മരത്തിന്റെ ശിഖരത്തിൽ കയറിയിരുന്ന് ചുവട് വെട്ടുന്ന ബുദ്ധിഹീനനായ മനുഷ്യനെ ഇന്ന് നമ്മുടെ സമൂഹം തന്നെ അനുകരിക്കുന്നു. ഇനി എത്ര കാലം? ബൈബിളിലെ മുടിയനായ പുത്രന്റെ ഉപമയുടെ അനുഭവം. മനുഷ്യൻ ഇനിയുള്ള കുറച്ച് കാലം കൂടി ഇങ്ങനെ പോകും. അടുത്ത ജനറേഷൻ മനുഷ്യൻ എല്ലാം ഏകാത്മാവിൽ ആകുമ്പോൾ ഏകദേശം 1000 കോടിക്ക് (950) അടുത്ത് ആകും. അപ്പോൾ ഭൂമിയിൽ അരാജകത്വവും പ്രശ്നങ്ങളും പ്രതിസന്ധിയും ഉണ്ടാകും. ഭക്ഷണം ഇല്ലാതെ കഷ്ടത അനുഭവിക്കും. വാളവര തിന്നുന്ന അവസ്ഥയുടെ സമയം ആകും. അപ്പോൾ മനുഷ്യൻ പശ്ചാത്തപിക്കും. പക്ഷെ അവസരങ്ങൾ പലതും നഷ്ടപ്പെടുത്തിയ മനുഷ്യൻ ഒരു പക്ഷെ സകലതും നഷ്ടപ്പെട്ട് പാതാളത്തിന് യോഗ്യമായ പ്രവർത്തി ചെയ്തതു മൂലം നിത്യനരകത്തിന് അർഹനാകും. ഒരു ജന്മകാലഘട്ടത്തിൽ എങ്കിലും അനീതിയും, അധർമ്മവും, തെറ്റുകളും ചെയ്യാതെയും പൂർണ്ണമായ പശ്ചാത്താപത്തിൽ ജീവിച്ചിട്ടുള്ള മനുഷ്യൻ തന്റെ പിതാവിന്റെ സന്നിധിയിൽ തിരികെ എടുക്കപ്പെടും.

**സങ്കീർത്തനം 119:18, 19**

“നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങൾ കാണേണ്ടതിന് എന്റെ കണ്ണുകൾ തുറക്കേണമേ. ഞാൻ ഭൂമിയിൽ പരദേശി ആകുന്നു.”

**സങ്കീർത്തനം 82:1, 8**

“ദൈവം ദേവസഭയിൽ നിൽക്കുന്നു. അവൻ ദേവന്മാരുടെ ഇടയിൽ ന്യായം വിധിക്കുന്നു. നിങ്ങൾ ദേവന്മാർ ആകുന്നു. നിങ്ങൾ അത്യുന്ന തന്റെ പുത്രന്മാർ. എന്നാലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും. പ്രഭു ക്കന്മാരിൽ ഒരുത്തനെപ്പോലെ പട്ടുപോകും. ദൈവമേ എഴുന്നേറ്റ് ഭൂമിയെ ന്യായം വിധിക്കേണമേ.”

ആദം നന്മതിന്മകളുടെ ഫലം ഭക്ഷിച്ചതു മൂലം അവൻ തെറ്റു ചെയ്യു കയും തിരിച്ചറിയാനുള്ള കഴിവ് ഉണ്ടാവുകയും ചെയ്യുന്നു. അതിനാൽ അതിന് മുമ്പ് എത്രയായിരം സംവൽസരം അവൻ ഏദനിൽ കഴിഞ്ഞു എന്നോ സ്വർഗ്ഗത്തിൽ നിന്ന് അടിച്ചിറക്കപ്പെട്ടതു മുതലുള്ള കണക്കോ മനുഷ്യന് അറിവില്ല. എന്നാൽ തെറ്റ് ചെയ്ത മനുഷ്യൻ ഏദനിൽ നിന്നും പുറത്തായ കാലം മുതൽ ആദമിന്റെ വയസ് എണ്ണുവാൻ തുടങ്ങി. അല്ലെ ങ്കിൽ ബൈബിളിലെ തിരുവചനം എഴുതിയ മോശയ്ക്ക് ദൈവം അരുൾ ചെയ്തതനുസരിച്ചുള്ള കണക്കാകും ഇത്. ആദം 930 സംവൽസരം ജീവി ച്ചിരുന്നു. അതുപോലെ അവന്റെ സന്തതികൾ എല്ലാം ജലപ്രളയം വരെ ദീർഘായുസ് ഉള്ളവർ ആയിരുന്നു.

**ആദം മുതൽ ഇന്നുവരെയുള്ള വർഷം (2010 വരെ)**

| (ഉൽപ്പത്തി - 5) 10 തലമുറ | | 10 തലമുറ (ഉൽപ്പത്തി - 10) | |
|---|---|---|---|
| ആദം | 130 | ശേം | 100 |
| ശേത്ത് | 105 | അർപ്പഷാദ് | 35 |
| ഏനോശ് | 90 | ശാലേഹ് | 30 |
| കേനാൻ | 70 | ഏബർ | 34 |
| മഹലേൽ | 65 | പേലഗ് | 30 |
| യാരദ് | 162 | രെയു | 32 |
| ഹാനോക്ക് | 65 | ശെരുഗ് | 30 |
| മെധുശലഹ് | 187 | നാഹോർ | 29 |
| ലാമെക്ക് | 182 | തേരഹ് | 70 |
| നോഹ | 600 | അബ്രാം | 290 |
| ജലപ്രളയം | 1658 | | |
| | 4148 | | 6158 (2010 വരെ) |

പിരമിഡ്-ബാബേൽ ഗോപുരങ്ങൾ ബി.സി. 2575-2467 മദ്ധ്യേ. ഫറവോന്റെ വംശവും ഫെലിസ്ത്യ വംശവും നോഹയുടെ മക്കൾ തന്നെ. ശേം, ഹാം, യാഫേത്ത് - ഇവരിൽ ശേമിന്റെ വംശത്തിൽ അബ്രഹാം ജനിക്കുന്നു. കണക്കുപ്രകാരം എ.ഡി. 2010-ാം ആണ്ട് വരെ മനുഷ്യന്റെ ആയുസ് 6158 എന്ന് അനുമാനിക്കാം. എന്നാൽ സയൻസ് പ്രകാരമോ ഇതര ഗ്രന്ഥങ്ങൾ പ്രകാരമോ അതിലൊക്കെ എത്രയോ അധികം ആയിരിക്കണം. എന്നിരുന്നാൽ മനുഷ്യൻ ആദമിന് മുമ്പ് ഉണ്ടായിരുന്നിരിക്കണം. അല്ലെങ്കിൽ ആദമിന് ശേഷമാണ് മനുഷ്യന്റെ ഉൽപ്പത്തി എങ്കിൽ ഹവ്വായേയും ജനിപ്പിക്കുന്നതിന് മുമ്പ് ആയിരക്കണക്കിന് സംവൽസരം ആദം ചിരഞ്ചീവി ആയി ഏദനിൽ താമസിച്ചിട്ടുണ്ടാവും. വയസ്സോ പ്രായമോ ഇല്ലാത്തവനായി നിത്യയൗവ്വനമായി നടുവിൽ നിൽക്കുന്ന വൃക്ഷഫലം ഭക്ഷിക്കുന്നതിന് മുമ്പ് വരെ അവനിൽ മരണനിഴൽ വീണിരുന്നില്ലല്ലോ. പൂർണ്ണനായ മനുഷ്യൻ ആദാമാണ് - ദേഹവും, ദേഹിയും, ആത്മാവും കൂടിചേർന്ന മനുഷ്യൻ. ദൈവം ആദമിനെ സൃഷ്ടിച്ചപ്പോൾ അവന് തെറ്റും ശരിയും തിരിച്ചറിയാൻ സാധിച്ചിരുന്നില്ല. നിഷ്കളങ്കനായ ഒരു ശിശുവിനെപ്പോലെ ആയിരുന്നു. എന്നാൽ അനുസരണക്കേട് എന്ന ആദ്യപാപം അവൻ ചെയ്തതു മൂലം അവനിൽ ഉണ്ടായിരുന്ന തിന്മയും നന്മയും തിരിച്ചറിയുവാൻ സാധിക്കുകയും കൂടുതലായി സാത്താന്റെ പ്രേരണയാൽ അവനുശേഷം അവന്റെ വംശവും തിന്മയുടെ പാത സ്വീകരിച്ചു. ഇതുവരെ മനുഷ്യന് തിന്മയും നന്മയും വേർതിരിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ ക്രിസ്തു യേശുവായി അവതരിച്ച് മനുഷ്യന്റെ മേലുള്ള അധികാരങ്ങളും അവകാശങ്ങളും കൈക്കലാക്കി ക്രൂശ്മരണം പ്രാപിച്ച് വലതുഭാഗത്ത് നന്മയുടെ മനുഷ്യനെയും ഇടതുഭാഗത്ത് തിന്മയുടെ മനുഷ്യനെയും വേർതിരിച്ച് വച്ചിരിക്കുന്നു. നാം ഓരോരുത്തരും പശ്ചാത്താപത്താൽ എറ്റുപറഞ്ഞ് പുത്രനാം ക്രിസ്തുവിന്റെ വലതു ഭാഗത്താകുമ്പോൾ ദൈവം നമ്മുടെ തെറ്റുകളെ ക്ഷമിച്ച് തരും. അതിന് നാം ഓരോരുത്തരും മനുഷ്യരായിത്തീരണം. ഈ ലോകത്തിൽ കിട്ടുന്നതെല്ലാം നാം സമ്പാദിക്കുന്നു. ആവശ്യമുള്ളതും അല്ലാത്തതും. ഇതിൽ അത്യാവശ്യം വേണ്ടത് ഉപയോഗിക്കുകയും മറ്റുള്ളവ ഉപേക്ഷിക്കുകയും വേണം. മദ്യപാനം, പുകവലി, അഹങ്കാരം, ധൂർത്ത്, വിഗ്രഹാരാധന, അസൂയ, കാപട്യം, മോഷണം, അന്യനെ ഉപദ്രവിക്കുക, ആർത്തി, കോപം, കള്ളം പറയുക, ചീത്ത പറയുക, കലഹം ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങൾ മനുഷ്യനിൽ നിക്ഷിപ്തമാണ്. ഇവയിൽ ഓരോന്നോരോന്ന് ഉപേക്ഷിക്കുമ്പോൾ അവൻ ആദ്യ മനുഷ്യനായ ആദാമിനെപ്പോലെ പൂർണ്ണ മനുഷ്യൻ ആകും. ഇത് സ്വീകരിക്കാൻ ആർക്കും സാധിക്കും. പക്ഷേ ഉപേക്ഷിക്കാൻ യഥാർത്ഥ മനുഷ്യനേ സാധിക്കുകയുള്ളു. അവനിൽ അതിനുള്ള ശക്തി ഉണ്ടാവും. അല്ലാത്തവൻ ലക്ഷ്യം ഇല്ലാതെ അലഞ്ഞു

നടക്കുന്ന നായ്ക്കളെപ്പോലെ വെറും മൃഗതുല്യർ ആകുന്നു. അവർ പോകുന്ന വഴിക്ക് കടിഞ്ഞാൺ ഇല്ല. സമൂഹത്തിൽ ഇതൊക്കെ സ്വീകരിച്ച് ദുർനടപ്പ് ചെയ്യുന്നവൻ മാന്യൻ, ശ്രേഷ്ഠൻ എന്നൊക്കെ തോന്നും. എന്നാൽ ദൈവസന്നിധിയിൽ അവൻ ഭോഷനാകുന്നു. കാരണം, ഈ ഭൂമിയിലെ മനുഷ്യന്റെ ഈ അവസ്ഥയിൽ മനുഷ്യനെ സ്വർഗ്ഗത്തിൽ തിരികെയെടുക്കുവാൻ പ്രയാസമാണ് (നാം ശിശുക്കളെപ്പോലെ കളങ്കരഹിതർ ആവണം). അവിടെയും നാം വീണ്ടും അസൂയയുടെയും മൽസരത്തിന്റെയും തിന്മയുടെയും വിത്ത് വിതക്കും. അതിനാൽ പൂർണ്ണമായും പാറ്റിപ്പെറുക്കിയ വിത്ത് മാത്രമേ ദൈവസന്നിധിക്ക് ആവശ്യമുള്ളു. ഭക്തിയുടെ കാപട്യം അണിഞ്ഞാൽ പോരാ ശരിക്കും ഭയത്തോടെയുള്ള ഭക്തി വേണം.

# 12

# പ്രത്യക്ഷത്തിൽ

സൂര്യനെ പ്രതിനിധാനം ചെയ്ത് ചുറ്റുന്ന പന്ത്രണ്ട് ഗ്രഹങ്ങൾ ഉണ്ട്. എന്നാൽ കണ്ടെത്തിയത് ഒമ്പത് എണ്ണം. ഇതിൽ ഒരെണ്ണം പ്ലൂട്ടോ അസാധു ആക്കി. ഇപ്പോൾ ഉള്ള എട്ട് എണ്ണം സ്വർഗ്ഗീയ മാലാഖമാരുടെ ഗണത്തിൽ മൂന്നിൽരണ്ട് ശേഷിക്കുന്നതുകൊണ്ട് ഇങ്ങനെ ദൈവം ഓരോ ക്ഷീരപഥത്തേയും സൃഷ്ടിച്ചിട്ടുണ്ടാകും. അതുപോലെ മാലാഖമാരുടെ ഗണത്തിൽ ഒമ്പത് എണ്ണം മാത്രമേ ചരിത്രകാരന്മാർ പറയുന്നുള്ളൂ. എന്നാൽ ഇസ്രായേൽ ഗോത്രം പന്ത്രണ്ട് ഉണ്ടല്ലോ. അപ്പോൾ പന്ത്രണ്ട് ഗണം ഉണ്ടാകും. യേശുവിന് പന്ത്രണ്ട് ശിഷ്യന്മാർ ഉണ്ടല്ലോ. അപ്പോൾ പന്ത്രണ്ട് ഗണം ഉണ്ടാകും. അപ്പോൾ എണ്ണം തെറ്റാൻ വഴിയില്ല. ഭൂമിയിൽ ജനിച്ച സാധാരണക്കാരിൽ സാധാരണക്കാരനും ക്ഷമാശീലനും സ്നേഹവാനും കരുണാമയനുമായ ഒരു ദൈവപുത്രനേ നമ്മൾ അറിയുന്നുള്ളൂ. അത് യേശുക്രിസ്തു ആണല്ലോ. എന്നാൽ ഭൂമിയിൽ ഒരിക്കൽ മാത്രം ചെറുതായി ദൈവപുത്രൻ കോപിച്ചു. സ്വർഗ്ഗസമാനമായ ദേവാലയം കള്ളന്മാരുടെ ഗുഹ ആക്കിയത് കണ്ടിട്ട് ചമ്മട്ടി ഉണ്ടാക്കി അവരെ അടിച്ചിറക്കുന്നു. ഈ യേശുവിനെ നമുക്ക് അറിയാം. എന്നാൽ ദൈവത്തിന്റെ ക്രിസ്തു മനുഷ്യനായി ജന്മം എടുത്തു. അവന് യേശു എന്ന് പേർ വിളിച്ചു. ക്രിസ്തു കോപിഷ്ടനും സംഹാരകനും ആകുന്നു. ആ ക്രിസ്തുവിനെ അതേ ഭാവത്തിൽ ഇനിയും നാം കാണും. അവന്റെ രണ്ടാമത്തെ വരവിൽ രണ്ട് ഭാവവും ക്രിസ്തുവായും യേശുവായും നാം കണ്ടിരിക്കുന്നു. ഒന്ന് സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കിയപ്പോഴും. എന്നാൽ ഇനിയുള്ള വരവ് ഇരുതലയുള്ള വാൾ കൊണ്ട് എന്ന് പറയുന്നത്, ഒന്ന് സംഹാരകനും ഒന്ന് രക്ഷകനും ആയിട്ടാണ് വരുന്നത്. നെല്ലും പതിരും വേർതിരിച്ച് പതിർ (ദുഷ്ടന്മാരെ) നിത്യനരകത്തിൽ കെടാത്ത തീയിലും ചാകാത്ത പുഴുവിലും ഇടുന്നതാണ്. എന്നാൽ വളരെ കുറച്ചായിരുന്നാലും നീതിമാന്മാരെ, നന്മ ചെയ്തവരെ, തിന്മ ഉപേക്ഷിച്ചവരെ, സ്നേഹിതരെ അവൻ വീണ്ടെടുക്കുന്നതായിരിക്കും. അപ്പോൾ ആരും മക്കളോ മാതാപിതാക്കളോ ബന്ധുക്കളോ ആവുന്നില്ല. ക്രിസ്തുവിനോട് ചേർക്കപ്പെടുന്നവർ സഹോദരരും സ്നേഹിതരും ആയിത്തീരും. കാരണം പിതാവ് ഒരുവനും മറ്റുള്ളവർ പഴയതുപോലെ അവന്റെ മക്കളും ആയിത്തീരുന്നു. മുടിയനായ പുത്രന്റെ (പുത്രരുടെ) തിരിച്ചുവരവും പ്രതീക്ഷിച്ച് ഇരിക്കുന്ന പിതാവിനെ നമുക്ക് കാണുവാൻ സാധിച്ചിരിക്കുന്നു എങ്കിൽ എന്ന് നാം ആഗ്രഹിക്കണം. അതിനായി നാം പശ്ചാത്തപിക്കണം.

സൗരയൂഥത്തിൽ ബുധൻ മുതൽ പ്ലൂട്ടോ വരെ 9 ഗ്രഹങ്ങൾ ഉണ്ട്. എന്നാൽ വ്യക്തമല്ലാത്ത ഗ്രഹമാണ് പ്ലൂട്ടോ. എങ്കിൽ മൂന്ന് ഗ്രഹങ്ങൾ കൂടി ഇരുണ്ട അവസ്ഥയിൽ സൂര്യനെ വലംവയ്ക്കുന്നുണ്ടാവും. അങ്ങനെ മൊത്തം 12 ഗ്രഹങ്ങൾ കാണും. ഇതിൽ 8 എണ്ണം പ്രകാശത്തെ സ്വീകരിക്കുകയും നാലെണ്ണം പ്രകാശത്തെ സ്വീകരിക്കാൻ പറ്റാത്ത അന്ധകാരത്തിൽ ഇരിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയാണ് സ്വർഗ്ഗത്തിലെ മാലാഖമാരും ഭൂമിയിൽ മനുഷ്യനായി തീർന്ന മാലാഖമാരും. മൂന്നിൽ ഒന്ന് അതായത് 4/12 ഭാഗം ഇരുളിൽ. ഇതിൽ പ്ലൂട്ടോയെപ്പോലെ സ്വീകാര്യവും അസ്വീകാര്യവുമായി കുറച്ച് മനുഷ്യർ ഭൂമിയിലുണ്ട്. ഇവർക്ക് വെളിച്ചത്തിലേക്ക് എത്താൻ കഴിയണം. വീണ്ടും ദൈവമക്കളായി തേജസ് ഉള്ളവരാകണം. ഇതാണ് ദൈവഇഷ്ടം.

# 13

# മുന്തിരിത്തോട്ടത്തിന്റെ ഉപമ

ഈജിപ്തിലെ മിസ്രയിം ഭാഗത്തു നിന്ന് കനാൻ നാടായ പാലസ്തീനിൽ വരാൻ എത്ര ദിവസം വേണ്ടിവരും. തികച്ചും ഈജിപ്തിന്റെ അതിർത്തിയായ പാലസ്തീനിൽ എത്താൻ അധികദിവസം വേണ്ടി വരില്ല. ഏറിയാൽ ഒരാഴ്ച. പക്ഷേ, ഇസ്രായേൽ ജനതയെ ദൈവം വഴി നടത്തിയത് നാൽപ്പത് സംവൽസരം (വർഷം) ആയിരുന്നു. അവർ സീനായി മരുഭൂമിയും ഇന്നത്തെ സൗദിയുടെ മരുഭൂമിയും ചുറ്റിയിട്ടുണ്ടാവും. കനാൻ നാട്ടിൽ എത്താൻ അവരെ നാൽപ്പത് സംവൽസരം ദൈവം മരുഭൂമിയിൽ കൂടി നടത്തി. അതാത് സ്ഥലത്ത് താമസിച്ച് ദൈവത്തെ പരീക്ഷിച്ചു. ദൈവം ഇവർക്ക് ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുകയും ചെയ്യുന്നു. യാത്ര പുറപ്പെട്ട ജനം കനാൻ നാട്ടിൽ എത്തിയില്ല. അവരുടെ സന്തതി 20 വയസ്സിൽ താഴെയുള്ളവർ ആണ് എത്തിയത്. മറ്റുള്ളവർ എല്ലാം മരണപ്പെടുകയും ലോകത്തിന്റെ നാനാഭാഗത്തേക്കും യാത്ര തിരിക്കുകയും ചെയ്തു. അങ്ങനെ ആയിരിക്കാം ചൈന, യൂറോപ്പ്, റഷ്യ, അമേരിക്ക, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ ജനവാസം ഉണ്ടായത്. കൂടാതെ അന്നത്തെ ജനം ഒരു ദേശം വിട്ട് മറ്റൊരിടത്തേക്ക് പലായനം ചെയ്തുകൊണ്ടേയിരുന്നു. എന്നാൽ വാഗ്ദത്ത ജനം ശരിക്കും ദൈവസന്നിധിയിൽ (സ്വർഗ്ഗം) ഏറ്റവും അടുത്ത് ദൈവത്തോട് കൂടി അധികാരം പങ്കിട്ടിരുന്ന ദൈവമക്കൾ തന്നെ. യഹൂദനും മറ്റു ഗോത്രങ്ങളും ആയിരുന്ന ഇവരെ ദൈവം പ്രത്യേക ദൗത്യത്തിനായി വേർതിരിച്ച് കൊണ്ടു വന്നിരിക്കുന്നു. സ്വർഗ്ഗസമാനമായ യറുശലേം ദേവാലയം ചക്കും ഇസ്രായേൽ ജനം മുന്തിരിത്തോട്ടവും ആയിത്തീരുന്നു.

ദൈവത്തെ സ്വർഗ്ഗത്തിൽ കൊല്ലുവാൻ സാധിച്ചില്ല. എന്നാൽ ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് പറഞ്ഞ ക്രിസ്തുവിനെ ഇവർ ക്രൂശിക്കുന്നു. അങ്ങനെ സകലതും നിവർത്തിയാകുവാൻ വേണ്ടി മുന്തിരിത്തോട്ടം കുടിയാന്മാരെ ഏൽപ്പിക്കുന്ന ഉപമയും സാധ്യമാകുന്നു. അതായത് സ്വർഗ്ഗരാജ്യത്തിൽ തങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും കർത്താവായി ദൈവം അഭിഷേകം ചെയ്ത (രാജാവ്) ക്രിസ്തുവിന് ഈ ജനം സമർപ്പിച്ചു. അങ്ങനെ വലിയവൻ ചെറിയവന് ദാസൻ ആയിരിക്കുവാൻ സംഗതി വന്നു. ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പിതാവിന്റെ സൃഷ്ടിക്ക് സമം യാതൊരു നിയമങ്ങളും ഇവർക്ക് ഇല്ലായിരുന്നു. തികച്ചും ഈ ജനം തിന്മയുടെ പാതയിൽ നടന്നു. ഇവരെ ജലപ്രളയ

ത്താൽ സംഹരിച്ചു. രണ്ടാം ഘട്ടത്തിലെ ജനം കർത്താവായ യേശുവിന്റെ പാദപീഠത്തിൽ എത്തിക്കുവാൻ വേണ്ടി ദൈവം തിരഞ്ഞെടുത്ത വഴി ഇസ്രായേൽ ആയിരുന്നു. പ്രവാചകന്മാരും മൂപ്പന്മാരും പിതാക്കന്മാരുമായി വളരെ കരുതലോടും ചിട്ടയോടും കടുത്ത നിയമങ്ങളോടും കൂടി കൊണ്ടു വന്ന ജനം ആയിരുന്നു. ഈ ജനം ക്രിസ്തുവിലേക്ക് യാത്ര തുടർന്നു. അങ്ങനെ ഭൂമിയിൽ ദൈവത്തിന്റെ പ്രതിപുരുഷനായ ക്രിസ്തു യേശുവായി അവതരിച്ചു. ക്രിസ്തു സംഹാരദൂതൻ ആണ് എങ്കിൽ ഭൂമിയിൽ തികച്ചും അറുക്കപ്പെടേണ്ട കുഞ്ഞാടായി സൗമ്യനായി ജീവിച്ചു. അങ്ങനെ സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ടവർ എല്ലാം മനുഷ്യരായി ജന്മം എടുത്തു. അവസാനം ക്രിസ്തുവും അതിന് മുന്നോടിയായി. ദൈവരാജ്യത്തിൽ ക്രിസ്തുവിന്റെ ജന്മത്തിന് മുമ്പ് ജനിച്ച യോഹന്നാനും (ഏലിയാവ്) ജനിച്ചു. ഈ ജനനത്തിന്റെ അവകാശം യോഹന്നാൻ ക്രിസ്തുവിൽ സമർപ്പിക്കുന്നു (സ്നാനത്താൽ). ശേഷം യോഹന്നാനേയും ക്രിസ്തുവിനെയും ഇവർ കൊല്ലുന്നു. അങ്ങനെ സകലവും നിവർത്തിയാകുന്നു. ഇനി ന്യായവിധിയിൽ ആർക്കും ഒഴിഞ്ഞ് നിൽക്കാൻ സാധിക്കയില്ല. എല്ലാവരും തെറ്റ് ചെയ്തവർ. ആദം മുതൽ ഇന്നു വരെ മരണം ആസ്വദിച്ചവർ വീണ്ടും ജനിക്കുന്നില്ല. അവർ ദൈവത്തിനു വേണ്ടി ജീവൻ ബലിയാക്കി വിശുദ്ധരായവർ. അവർക്ക് പുനർജനനം ഇല്ല. എന്നാൽ ഉയിർത്തെഴുന്നേൽക്കും പുനരുത്ഥാനത്തിൽ. ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം ഉണ്ടാക്കി. ചുറ്റും വേലി കെട്ടി. നടുവിൽ ഒരു ഗോപുരവും ഒരു ചക്കും കുഴിച്ചിട്ടു. നല്ല ഫലം കായിക്കും എന്ന് നിനച്ചു. എന്നാൽ കായിച്ചതോ കാട്ടുമുന്തിരി അത്രെ. ഇത് ഇസ്രായേൽ മക്കളെ ഉദ്ദേശിക്കുന്നു. അബ്രഹാം, ഇസഹാക്ക്, യാക്കോബ് പിന്നീട് പന്ത്രണ്ട് ഗോത്രം ഇവരാകുന്നു മുന്തിരിത്തോട്ടം. ഇവരെ ദൈവം മരുഭൂമിയിൽ കൂടി നടത്തി. ഫലഭൂയിഷ്ടമായ കനാൻ നാട്ടിൽ എത്തിക്കുകയും ആ ദേശം അവർക്ക് കൊടുക്കുകയും യരുശലേം ദേവാലയം ഗോപുരവും ചക്കുമായി സ്ഥാപിക്കുകയും ചെയ്യുന്നു. എന്നാൽ നല്ല ഫലം കായിക്കാത്തതിനാൽ ഈ ചക്കിൻ സത്ത് (ഗുണം) ഉണ്ടാകുന്നില്ല. അതിനാൽ യരുശലേം ദേവാലയം കർത്താവ് നോക്കിയപ്പോൾ ശൂന്യമായി കണ്ടു. ഫലം ഇല്ലായിരുന്ന ഈ തോട്ടം പലരേയും ദൈവം ഏൽപ്പിച്ചിരുന്നു. അവർ ഇസ്രായേൽ മക്കളെ അടിമകളാക്കുകയും ചൂഷണം ചെയ്യുകയും തിന്മയുടെ പാതയിൽ നടത്തുകയും അവരുടെ നിയമങ്ങൾക്ക് വിധേയരാക്കുകയും ചെയ്യുന്നു. പല പ്രവാചകന്മാരേയും അവർ കൊല്ലുന്നു. പലരേയും ഉപദ്രവിക്കുന്നു. എന്നാൽ തന്റെ പുത്രനെ അവർ ശങ്കിക്കും എന്ന് വച്ച് പുത്രനായ ക്രിസ്തുവിനേയും അയക്കുന്നു. 'ഇവൻ അവകാശി, ഇവനെ കൊന്നാൽ അവകാശം നമുക്ക്' എന്ന് സാത്താന്റെ പ്രേരണയാൽ യഹൂദന്മാർ പറയുന്നു. ക്രിസ്തുവിനെ കൊല്ലുന്നതോടു കൂടി അതും നിവർത്തി

യാകുന്നു. ഇനി ന്യായവിധിക്കായി വരുന്ന ദൈവം ഈ കുടിയാന്മാരെ എന്തു ചെയ്യും എന്ന് വരുവാനിരിക്കുന്ന ക്രിസ്തുവിൽ കൂടി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ ഒന്നു കൂടി വ്യക്തമാക്കുന്നത് നാൽപ്പത് സംവൽസരക്കാലം മരുഭൂമിയിൽ ദൈവം മനുഷ്യനെ നടത്തിയപ്പോൾ പല അത്ഭുതങ്ങളും കാണിക്കുന്നു. ദൈവം നേരിട്ട് അവരെ നടത്തുകയായിരുന്നു. കാരണം, ലോകത്തിൽ ജനിച്ച സകല മനുഷ്യന്റെയും ആത്മാവിനെ യിസ്രായേലിന്റെ മരുഭൂമിയിൽ കൂടിയുള്ള യാത്രയിൽ ഇസ്രായേലിൽ കൂടി ജനിപ്പിച്ച് അവരുടെ അവകാശം മോശയിൽ സംക്ഷിപ്തമാക്കുന്നു. അങ്ങനെ ജനിച്ചവരെയും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടായിരുന്ന ജനങ്ങളേയും ഫറവോന്റെ ജനവും ജാതികളെയും എല്ലാം പല രീതിയിലും സംഹരിച്ച് വീണ്ടും വീണ്ടും ജനിപ്പിച്ച് ലോകത്തിന്റെ അതാത് സ്ഥാനങ്ങളിൽ എത്തിക്കുന്നു. അങ്ങനെ ലോകത്ത് ജനിച്ച എല്ലാ മനുഷ്യന്റെയും ജ്യേഷ്ഠാവകാശം യോഹന്നാനിൽക്കൂടി യേശുവിന്റെ കൈയിൽ ഏൽപ്പിക്കുന്നു. അങ്ങനെ സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖമാരുടെ അവകാശം ക്രിസ്തുവിന്റെ പാദപീഠത്തിൽ ആയിരിക്കുന്നു (ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കും). പിതാവ് പറഞ്ഞത് നിവർത്തിയാവുന്നു. ഈ കാലഘട്ടത്തിലാണ് ഇയ്യോബിനെ പോലും പരീക്ഷിക്കുന്നത്. യഥാർത്ഥത്തിൽ ഇയ്യോബ് ആരാണ് എന്നോ ആരുടെ മകൻ എന്നോ വ്യക്തമല്ല. എന്നാൽ തന്റെ ജ്യേഷ്ഠാവകാശം യാക്കോബിന് കൊടുത്തിട്ട് പിതാവായ ഇസഹാക്കിനെ അടക്കം ചെയ്തിട്ട് തന്റെ സർവ്വ സമ്പത്തും ദാസന്മാരുമായി കിഴക്ക് ദേശത്തേക്ക് യാത്ര പോയി എന്ന് എഴുതിയിരിക്കുന്നു. അങ്ങനെ എങ്കിൽ യാക്കോബിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഇയ്യോബ് (ബി.സി. 2000) യേശാവാണ്. അതായത് അവന്റെ സമ്പത്തും മക്കളെയും എല്ലാം സംഹരിക്കുമ്പോഴും ഇയ്യോബിന്റെ ജീവൻ എടുക്കാതിരുന്നതിന്റെ കാരണം അവന്റെ ജ്യേഷ്ഠാവകാശം അവൻ കൊടുത്തിരുന്നുവല്ലോ. എന്നാൽ ഇയ്യോബിന്റെ ഉള്ളിലുള്ള ജീവനെ ഇല്ലാതാക്കി അവനെ ഒരു ഓട്ടുകഷണം പോലെ ആക്കുന്നു. അവനും ജലപ്രളയത്തിന് മുമ്പ് ഉണ്ടായിരുന്ന മനുഷ്യന്റെ തുടർച്ച ആയിരുന്നുവല്ലോ. ജലപ്രളയത്തിന് മുമ്പ് ഉള്ള ജനം ആദാമിന്റെ സന്തതി ലോകത്തുള്ള ഭൗമിക മനുഷ്യനുമായി സഹവാസം ചെയ്ത് മലിനമായിപ്പോയിരുന്നുവല്ലോ. അങ്ങനെ ഉള്ളവരെ ഭൂമിയിൽ നിന്നും എടുക്കുവാൻ സാധ്യമല്ല. അവർ ആത്മാവില്ലാത്ത മനുഷ്യനുമായി ബന്ധപ്പെട്ടിരുന്നു. അങ്ങനെ ജലപ്രളയത്തിൽ ലോകത്തുള്ള എല്ലാ മനുഷ്യരെയും, നോഹയും കുടുംബവും ഒഴികെ എല്ലാവരെയും സംഹരിച്ചു. എങ്കിലും നോഹയും കുടുംബവും ആ കാലഘട്ടം കടന്ന് വന്നവരും മലിനപ്പെട്ടവരുമായിരുന്നു. കൂടാതെ ഇവരും ക്രിസ്തുവിൽ അവകാശം വയ്ക്കാത്തവരും ആയിരുന്നു. അതിനാൽ ദൈവം തിരഞ്ഞെ

ടുത്ത ജനമായ ഇസ്രായേലിൽ ജനിക്കാത്തവരെ എല്ലാം സോദോം ഗോമോറയിലും, ഫറവോന്റെ വംശവും, ഈയ്യോബിന്റെ വംശവും, ഫെലിസ്ത്യർ തുടങ്ങി ഇസ്രായേലിലെ ആദ്യജാതന്മാരെയും സംഹരിച്ച് പുതുക്കി വീണ്ടും ജനിപ്പിക്കുന്നതായി കാണുന്നു. തികച്ചും മൂന്നാം ഘട്ടം ഇസ്രായേൽ മരുഭൂമിയിൽക്കൂടി നടന്ന് 20 വർഷത്തിന് ശേഷമാണ് പഴയ മനുഷ്യന്റെ അടുത്ത ജന്മം തുടങ്ങുന്നത്. ഇത് ക്രിസ്തു ജനിക്കുന്നതോടെ സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖാമാർ വീണ്ടും ജന്മം എടുത്ത് പൂർത്തിയാവുന്നു. യോഹന്നാനും ശേഷം ക്രിസ്തുവും ജന്മം എടുക്കുന്നതോടെ എല്ലാവരും ജനിച്ചു. ശേഷം ഇന്ന് ഉള്ള ജനം ആത്മീയ മനുഷ്യരാണ്. ഭൗമിക മനുഷ്യനുമായി ബന്ധം ഇല്ല. അതിനാൽ ക്ലോണിങ്ങ് സമ്പ്രദായത്തിൽ മനുഷ്യനെ സൃഷ്ടിച്ചാൽ വീണ്ടും മനുഷ്യൻ അവനുമായി ബന്ധപ്പെട്ട് മലിനമായി തീരും. എന്നാൽ ഇപ്പോൾ ഭൂമിയിലുള്ള സകലരുടെയും അവകാശം ക്രിസ്തു യേശുവിൽ ഇരിക്കുന്നു. ഇപ്പോഴുള്ള മനുഷ്യന്റെ ജന്മം അതായത് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതിന് ശേഷം ഉള്ളത് നാലാം ഘട്ടമാണ്. ശേഷം ഭാഗങ്ങൾ വായിക്കുമ്പോൾ മനസ്സിലാവും.

# 14

# മുടിയനായ പുത്രനുമായി ദൈവത്തിന്റെ ഉടമ്പടി

ദൈവവും പിശാചുമായി ഒരു ഉടമ്പടി. മുടിയനായ പുത്രന് ഭൂമി അവന്റെ ഓഹരിയായി കൊടുക്കുന്നു. ശേഷം അവനോട് 'ഞാൻ നിന്റെ അവകാശത്തിൽ കടക്കയില്ല' എന്ന് പറയുന്നു. എന്നാൽ അവനോടു കൂടി ഭൂമിയിൽ വസിക്കുന്ന നമ്മൾ മനുഷ്യർ എങ്ങനെ ആയിത്തീരും എന്ന് ഒരു രൂപവും ഇല്ല. ദൈവം സാത്താനെ ഭൂമി ഏല്പിച്ചിട്ട് ശേഷം ഭൂമി യിൽ സ്പർശിച്ചിട്ടില്ല. എന്നാൽ ഏദൻതോട്ടം അവന് കൊടുത്തിട്ടുമില്ലാ യിരുന്നു. അവൻ അതിൽ അതിക്രമിച്ച് കടന്നതിനാൽ ദൈവത്തിന്റെ ഉടമ്പടി മാറ്റപ്പെട്ടു. എന്നിരുന്നാലും അവൻ മോശയ്ക്ക് മുൾപ്പടർപ്പിലും, ഇസ്രായേൽ ജനത്തിന് നടുവിൽ സമാഗമന കൂടാരത്തിലും, യേശു ക്രിസ്തുവിന് മറുരൂപ മലയിലും പ്രത്യക്ഷനാവുന്നു. എന്നാൽ ഭൂമിയിൽ സ്പർശിക്കാതെയും സംഭവിച്ചു. കാരണം ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്ഥനാണല്ലോ. തന്നെയുമല്ല ഭൂമിയിൽ സ്പർശിച്ചാൽ ജഡീകരണം അനിവാര്യം ആകുന്നു. പിതാവാംദൈവം മനുഷ്യശരീരം പൂണ്ടില്ല. അതിസൂക്ഷ്മമായി പരിശോധിച്ചാൽ എങ്ങനെ അവൻ ഭൂമിയിൽ സ്പർശി ക്കാതെ ഭൂമിയുമായി ബന്ധപ്പെട്ടു എന്ന് പുറപ്പാട് പുസ്തകം വായിച്ചാൽ മനസ്സിലാകും. എന്നാൽ ക്രിസ്തു ഭൂമിയിൽ അവതരിക്കുകയും മരണം വരിക്കുകയും ചെയ്തുവല്ലോ. ക്രിസ്തു ഒരു ദൗത്യം നിറവേറ്റുവാൻ അവ തരിച്ചതിനാൽ സാധാരണ വ്യക്തികളുടെ മരണവുമായി സാമ്യമില്ല. കൂടാതെ അതേ ജഡപ്രകാരം തന്നെ ഉയിർത്തെഴുന്നേൽക്കുകയും സ്വർ ഗ്ഗാരോഹണം ചെയ്യുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനിയും ഭൂമി യുമായി ക്രിസ്തുവിന് ദൗത്യം ഉണ്ട്. ഇനിയും ക്രിസ്തു ഭൂമിയിൽ വരും.

# 15

# സംശയനിവാരണം (ബൈബിൾ)

മനുഷ്യന്റെ എല്ലാ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം സ്വയം കണ്ടെത്താൻ പറ്റുന്ന സംശയനിവാരണമായ കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചതായ സുവിശേഷ ഉപമകളുടെ യഥാർത്ഥ അർത്ഥം നമുക്ക് ഏവർക്കും മനസ്സിലാക്കുവാൻ തികച്ചും വ്യക്തമായി സത്യമായി എഴുതുന്ന ഈ പുസ്തകം ഒരു സുവിശേഷകനും ഇതുവരെ കണ്ടെത്താത്ത അടിസ്ഥാന സത്യം. കർത്താവിന്റെ ഉപമകളുടെ ശരിയായ അർത്ഥം ഇത് മാത്രം. കാലാകാലങ്ങളിൽ അവനവന്റെ ഹിതം അനുസരിച്ച് ചരിത്രം മാറ്റിക്കുറിച്ചതിന്റെ ഫലമായി യഥാർത്ഥ സത്യം എവിടെയോ അറിയാതെ പോയി. എന്നാൽ വിശ്വാസങ്ങൾക്ക് സമാന്തരമായി കടംകഥയായി ഈ സത്യം ഇന്നും നിലനിൽക്കുന്നു. ഈ സത്യത്തിന്റെ ശ്രോതാവായ ഞാൻ ചിന്തിച്ചതിന്റെ ഫലമായി ദൈവത്തെ അന്വേഷിക്കുവാൻ എന്റെ ജീവിതത്തിന്റെ പ്രതിബന്ധ സാഹചര്യങ്ങളിൽക്കൂടിയും ഞാൻ സത്യവും സത്യത്തേയും തിരിച്ചറിയാൻ വളരെ പ്രയാസപ്പെട്ടു. എന്നാൽ ഈ സത്യം നിങ്ങളും അറിഞ്ഞാൽ തീർച്ചയായും മനുഷ്യൻ തന്റെ തെറ്റുകൾ തിരിച്ചറിയുകയും അവൻ സ്വയം ആരാണ് എന്ന് മനസിലാക്കുകയും ചെയ്യുന്നതോടൊപ്പം അവന് പശ്ചാത്തപിക്കാൻ സാധിക്കും. മനുഷ്യന്റെ യഥാർത്ഥ തെറ്റുകളുടെയും ദൈവത്തെ നിഷേധിച്ചതിന്റെയും തിരിച്ചറിവ് ഉണ്ടാകും. നന്മയും തിന്മയും വേർതിരിച്ച് പശ്ചാത്തപിക്കുന്നവന് സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുവാനും സാധിക്കും. ഇത് ത്യജിച്ചാൽ ധനവാന്റെയും ലാസറിന്റെയും ഉപമയിലെ ധനവാനായി നിത്യനരകത്തിന് യോഗ്യരായിതീരും. ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന് കാണുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നും നോക്കുന്നു. മനുഷ്യ പുത്രന്മാർ എല്ലാവരും പിന്തിരിഞ്ഞ് കൊള്ളരുതാത്തവരായി തീർന്നിരിക്കുന്നു. നാം മനുഷ്യൻ ഓരോ സഭകളിലും മതങ്ങളിലും ജനിച്ച് അവിശ്വാസത്തിന്റെ ഭാഗം എന്ന രീതിയിൽ ജീവിക്കുന്നു. എന്നല്ലാതെ നമുക്ക് സ്വയം ദൈവത്തെ അന്വേഷിച്ചതുമായി എന്താണ് ബന്ധം. നാം നമ്മുടെ സുഖങ്ങൾ, അധികാരം, സമ്പത്ത്, സ്ഥാനമാനങ്ങൾ, ഇവ വിട്ടുമാറുന്നില്ല. ദുഃഖങ്ങൾ വരുമ്പോൾ നാം തളരുന്നു. എന്നാൽ ദുഃഖം നമുക്ക് സന്തോഷത്തിന്റെ അനുഭവം (പ്രത്യാശ) ആയിത്തീരണം. പ്രതിസന്ധികൾ വരുമ്പോൾ എന്തുകൊണ്ട് വന്നു എന്നു നാം ചോദിക്കണം. അപ്പോൾ നാം ദൈവസന്നിധിയിൽ അഭയം പ്രാപിച്ച് പ്രായശ്ചിത്തം ചെയ്യണം. നാം ചെയ്ത തെറ്റുകൾ കൊണ്ട് ആണ് എങ്കിൽ ഉപേക്ഷിച്ച് വീണ്ടും

ആവർത്തിക്കാതിരികണം. അങ്ങനെ സമൂഹത്തിനും ദൈവിത്തിലും നിരക്കാത്തത് ഒന്നൊന്നായി ഇപക്ഷിക്കണം. അങ്ങനെ ഉപേക്ഷിക്കുന്ന തെറ്റികൾക്ക് പകരമായി നന്മ ചെയ്ത് നാം ദൈവിര പരിവേഷം പ്രാപിച്ചെടുക്കണം. അങ്ങനെ നാം നിർമ്മലീകരിക്കപ്പെടുകയും നമ്മുടെ ഭാരം കുറയുകയും നമുക്ക് ആശ്വാസം ലഭിക്കുകയും ചെയ്യും. എന്തെങ്കിലും സംശയം നമുക്ക് ഉണ്ടെങ്കിൽ ദേവാലയത്തിൽ ചെന്ന് വിശുദ്ധ കുർബ്ബാന (ബലി) അർപ്പിക്കപ്പെടുന്ന സമയത്ത് ഒരു തുള്ളി കണ്ണുനീർ ഒഴുക്കി പ്രാർത്ഥിക്കുക. അപ്പോൾ തന്നെ അതിന്റെ മറുപടി ദൈവം അറിയിച്ചു തരും. കർത്താവ് വീണ്ടും വരുവാൻ നാം അവസരം ഒരുക്കിക്കൊടുക്കണം. നമ്മെ കൊണ്ടുപോകാനായി അവൻ വരുമ്പോൾ ആരും അതിന് യോഗ്യരല്ല. എങ്കിൽ തന്റെ വരവു കൊണ്ട് എന്ത് അർത്ഥം നാം അവന്റെ സ്നേഹത്തെ വളരെ പരീക്ഷിച്ച് അവന്റെ കോപം തീ പോലെ ജ്വലിക്കാതിരിക്കാൻ നാം പുത്രനിൽ അഭയം പ്രാപിക്കുക.

# 16

# നന്മയുടെയും തിന്മയുടെയും വൃക്ഷം വേർതിരിക്കുന്നു

## ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷം

ആദമിനെയും ഹവ്വയെയും സൃഷ്ടിച്ച് ദൈവം അവരോട് പറഞ്ഞു (കൽപ്പിച്ചു): 'ഈ വൃക്ഷത്തിന്റെ ഫലം നിങ്ങൾ ഭക്ഷിക്കരുത്. എന്നാൽ മറ്റ് എല്ലാം നിങ്ങൾക്ക് ആവശ്യാനുസരണം ഭക്ഷിക്കാം. എന്നാൽ നടുവിൽ നിൽക്കുന്ന വൃക്ഷം നന്മയും തിന്മയും നിറഞ്ഞ വൃക്ഷമാകുന്നു. ഇത് ഭക്ഷിച്ചാൽ നീ മരിക്കും.' എന്നാൽ സാത്താന്റെ പ്രേരണയാൽ ഈ ഫലം ഭക്ഷിച്ചതു മൂലം, മരണമില്ലാതെ യുഗാന്തരങ്ങൾ ഏദനിൽ വസിച്ച ആദമും ഹവ്വായും ദൈവത്തിന്റെ കൽപ്പന ലംഘിച്ചത് മൂലം തോട്ടത്തിൽ നിന്നും പുറത്താക്കപ്പെടുകയും കഷ്ടതകൾ ഏൽക്കുവാനും ജരാനര ബാധിക്കുവാനും മരിക്കുവാനും കാരണം ആയി. തുടർന്ന് അവനിൽ ജാതരായവരും തുടർന്ന് ഉള്ള വംശവും കൂടുതൽ തെറ്റിലേക്ക് പോകുന്നു. അവരിലുള്ള നന്മയും തിന്മയും അവർക്ക് വേർതിരിക്കുവാൻ സാധിച്ചില്ല. എന്നാൽ ഇവ രണ്ടും വേർതിരിക്കുവാൻ രക്ഷകനായ ക്രിസ്തു യേശു മൂലം സംഭവിച്ചു. അതായത് ഗോഗുൽത്തായുടെ മുകളിൽ ക്രൂശിതനായ യേശുക്രിസ്തുവിന്റെ ഇടതും വലതുമായി മാനവരാശിയുടെ മുഴുവൻ പ്രതീകമായി ഇരുഭാഗത്തെ കള്ളന്മാർ മരത്തിൽ തൂങ്ങപ്പെട്ട നിലയിൽ വേർതിരിഞ്ഞിരിക്കുന്നു. ഒരുവൻ തിന്മയുടെ പ്രതീകവും മറ്റവൻ നന്മയുടെ പ്രതീകവും, ജീവന്റെ വൃക്ഷം നടുവിലുമായി. ഇവർ ദൈവം കാണാതെ ആദമും ഹവ്വയും ഭക്ഷിച്ച ഫലം ആകുന്നു. അവിടെ നോക്കുക. വലതുഭാഗത്തെ കള്ളൻ നന്മുടെ പ്രതീകമായി ജീവന്റെ വൃക്ഷത്തിൽ ചേരുന്നു. തിരികെ ഏദന്റെ പറുദീസയിൽ എടുക്കപ്പെടുന്നു (നീ ഇന്ന് എന്നോടു കൂടി പറുദീസയിലായിരിക്കും). എന്നാൽ ഇടതു ഭാഗത്തെ കള്ളൻ ആകട്ടെ, തിന്മയുടെ പ്രതീകം. അവൻ സാത്താനോട് ചേർന്ന് നരകയോഗ്യനാകുന്നു. നാം കള്ളം കാണിച്ചത് ഏദൻതോട്ടത്തിൽ ആണ്. അതിനാൽ മനുഷ്യർ എല്ലാം കള്ളന്മാർ ആകുന്നു. ഇവരെയാണ് യേശുവിന്റെ ഇടതും വലതുമായി ക്രൂശിച്ചിരിക്കുന്നത്. നന്മ ക്രിസ്തുവിനോട് ചേർക്കപ്പെടുന്നു. തിന്മ പാതാളത്തിന്റെ അനുഭവത്തിലേക്ക് താഴ്ത്തപ്പെടുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വരേയും ആരും സ്വർഗ്ഗത്തിൽ എടുക്കപ്പെടുന്നില്ല. പാതാളത്തിൽ

പോകുന്നതുമില്ല. ഇതുവരെ ജനിച്ച് മരിച്ച എല്ലാ മനുഷ്യന്റെ ആത്മാക്കളും ഇന്നും മനുഷ്യജന്മത്താൽ ഈ ഭൂമിയിൽ ജീവിക്കുന്നു. ഇന്നും രക്ഷ പ്രാപിക്കുവാനുള്ള അവസരം നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ ദൈവം വേർതിരിക്കുന്ന തന്റെ വൃതന്മാർ (വിശുദ്ധർ) പറുദീസയുടെ അനുഭവത്തിലേക്ക് മാറ്റപ്പെടുന്നു. എങ്ങനെയെന്നാൽ സംരക്ഷിക്കപ്പെടുന്ന സ്ഥലങ്ങളും കബറുകളും ഇവരുടെ ഓർമ്മ മറ്റു മനുഷ്യരിൽ നിൽക്കുന്ന കാലം വരെയും ഇവർ ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള സ്ഥാനം വഹിക്കുന്നു. നെല്ലും പതിരും ഇപ്പോഴേ വേർതിരിച്ച് തുടങ്ങിയിരിക്കുന്നു. കർത്താവിന്റെ കോടതിയിൽ നിന്നും ഒന്നും മറഞ്ഞിരിക്കുകയില്ല. നീതിയും ന്യായവും അവന്റെ മുമ്പിൽ ഇരിക്കുന്നു. തീ അവന് മുമ്പായി പോകുന്നു. അവന്റെ ചുറ്റുമുള്ള വൈരികളെ ദഹിപ്പിക്കുന്നു.

കർത്താവിന്റെ ഗിരിപ്രഭാഷണം ഉപമകളായി മൊഴിഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥം 21-ാം നൂറ്റാണ്ടായിട്ടും മാനവരാശിക്ക് മറഞ്ഞിരിക്കുന്നു. എന്നാൽ മനസ്സിലായിട്ടുള്ളവർ പുറത്തുപറയാതെ കടന്നുപോകുന്നു. പുറത്ത് പറയുവാൻ ആരെങ്കിലും തുനിഞ്ഞാൽ സമൂഹത്തിന്റെ പ്രതിഷേധം അവനെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു. സത്യം പറയുന്നവൻ സമൂഹത്തിൽ ഭ്രാന്തനോ വേദവിപരീതിയോ ആയി ചിത്രീകരിക്കപ്പെടുന്നു. ഇന്നും സ്വാർത്ഥ നിലപാടും അധികാര വടംവലിയും സമൂഹത്തിൽ ഉന്നതസ്ഥാനങ്ങളും മുൻനിരയിലേക്കുള്ള തള്ളലും നിമിത്തം സത്യത്തെ പുറകോട്ട് തള്ളുന്നു. സ്വയം ജ്ഞാനികൾ എന്ന് അവകാശപ്പെടുന്നവർ, സത്യം പറയുന്നവർക്ക് ചെവി കൊടുത്തില്ല. എന്താണ് ഇവന് പറയാനുള്ളത് എന്ന് ചോദിക്കയുമില്ല. ദൈവത്തെ അന്വേഷിക്കുന്നവനെ സമൂഹം പരിഹസിക്കുന്നു. ഇതിന്റെ എല്ലാം പിന്നിൽ പ്രവർത്തിക്കുന്നവൻ സാത്താൻ തന്നെ. ലോകം ഇന്നും സാത്താന്റെ വലയിലാണല്ലോ. ഈ ശക്തിയിൽ നിന്നും രക്ഷപ്പെടുവാൻ വളരെ പ്രയാസമാണ്. അങ്ങനെ രക്ഷപ്പെടുന്നവർ ചുരുക്കം. അവർ ക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവർ. ഇവർ ഭാഗ്യവാന്മാർ. ഇവർക്ക് സമാധാനം. യേശുക്രിസ്തു പറയുന്നു, ഞാൻ ഭൂമിയിൽ വന്നത് ഒന്നിപ്പാനല്ല, ഭിന്നിപ്പാനത്രേ. ഞാൻ തീ കത്തിപ്പാനത്രേ വന്നത് എന്ന് ഇത് വായിക്കുമ്പോൾ തോന്നും. ഇങ്ങനെ കർത്താവിന്റെ വരവിന്റെ ഉദ്ദേശ്യവും ഉപമകളുടെ ശരിയായ അർത്ഥവും മനസ്സിലാക്കുമ്പോൾ, നെല്ലും പതിരും വേർതിരിക്കുവാൻ കർത്താവ് ഇങ്ങനെ ചെയ്തു എന്ന് മനസ്സിലാവും. ലാസറിനെ സമൂഹം വെറുക്കുന്നു. ലാസർ കഷ്ടതകൾക്ക് നടുവിൽ നിന്ന് ദൈവത്തെ കാണുന്ന, അറിയുന്ന മനുഷ്യൻ ആണ്. ഇവരുടെ കണ്ടെത്തലുകൾ മനുഷ്യർ അംഗീകരിക്കുകയില്ല. ഇവരുടെ വാക്കുകൾ കേൾക്കുകയുമില്ല. എന്നാൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവർ, ഡോക്ടർ, പ്രൊഫസർ തുടങ്ങി വിദ്യാ

സമ്പന്നർ പറയുന്നതാണ് ജനം കേൾക്കുന്നത്. ലാസറെപ്പോലെ ജീവിക്കുന്നവനെ ബുദ്ധിയില്ലാത്തവനോ, മനോരോഗിയോ ഒക്കെയായി മനുഷ്യർ ചിത്രീകരിക്കുന്നു. ഇന്ന് സുവിശേഷം ശ്രവിക്കുവാൻ ആർക്കും താല്പര്യമില്ല; സമയവും ഇല്ല. പത്തോ പതിനഞ്ചോ മിനിറ്റിൽ കൂടുതൽ ഉള്ള സുവിശേഷ പ്രസംഗങ്ങൾ വിരസത ഉളവാക്കും. എന്നാൽ മണിക്കൂറുകൾ സിനിമാശാലകളിലും ടി.വി. യുടെ മുമ്പിലും, മദ്യശാലകളിലും ഇരിക്കുവാൻ ഒരു വിരക്തിയും ഇല്ല. മനുഷ്യന് ആവുവോളം ആനന്ദിക്കുവാനാണ് താല്പര്യം. എന്നാൽ ഒരു നാൾ കള്ളനെപ്പോലെ കർത്താവ് വരുമ്പോൾ പശ്ചാത്തപിക്കുവാനോ പ്രാർത്ഥിക്കുവാനോ സമയം കാണില്ല. എല്ലാം നൊടിനേരം കൊണ്ട് അവസാനിക്കും.

# 17

# ഹോശാന (ഊശാന) – ഉണങ്ങിയ അത്തി

കർത്താവായ യേശുക്രിസ്തു ഭൂമിയിൽ വന്ന് തന്റെ പരസ്യശുശ്രൂഷാ കാലത്ത് സ്വർഗ്ഗത്തിൽ സംഭവിച്ചതിന്റെ പകർപ്പ് ഭൂമിയിൽ സാധ്യമാക്കുന്നു. ക്രിസ്തു സ്വർഗ്ഗത്തിൽ ജനിച്ചത് യഥാർത്ഥത്തിൽ ഹോശാനയുടെ ദിവസത്തിലാണ്, അല്ലെങ്കിൽ ഹോശാനയുടെ അനുഭവത്തിൽ പിതാവാം ദൈവത്തെ സാത്താനും കൂട്ടാളികളും സ്വർഗ്ഗരാജ്യത്തിൽ കൊല്ലുമായിരുന്നു എന്ന് കാണിക്കുന്ന ഭാഗം യരുശലേം ദേവാലയത്തിൽ ഉപദേശിക്കുകയും വരണ്ട കയ്യുള്ള മനുഷ്യനെ ശബത്തിൽ സൗഖ്യമാക്കുകയും ചെയ്തതിന് ശേഷം പുരുഷാരവും യഹൂദന്മാരും ചേർന്ന് തള്ളിക്കൊണ്ടു പോയി അതിർത്തിയിൽ നിന്നും തള്ളി താഴെയിട്ട് കൊല്ലുവാൻ ഭാവിക്കുന്നു. എന്നാൽ ദൈവപുത്രൻ അവിടെനിന്നും മാറിപ്പോകുന്ന രംഗം പിതാവിന്റെ സ്വർഗ്ഗത്തിലെ അനുഭവം, 'ഞാൻ പിതാവിലും പിതാവ് എന്നിലും' എന്ന് പറയുന്ന ഭാഗം അവിടെ അവസാനിക്കുന്നു. ഈ കാലം വരെ കർത്താവ് വിശക്കുന്നവന് ആഹാരവും രോഗികൾക്ക് സൗഖ്യവും പാപിക്ക് മോചനവും മരിച്ചവനെ ഉയിർപ്പിക്കുകയും അനവധി അത്ഭുതങ്ങൾ കാണിക്കുന്നു. ഇത് പിതാവിന്റെ സ്വർഗ്ഗത്തിലെ വിശേഷം. സ്വർഗ്ഗത്തിൽ കോപിഷ്ടനായ പിതാവ് ക്രിസ്തുവിനെ ജനിപ്പിക്കുന്നു. ക്രിസ്തു ലോകാരംഭത്തിലെ പിതാവിന്റെ ഉള്ളിൽ ഉണ്ടായിരുന്ന മഹാശക്തിയായിരുന്നു. ഇങ്ങനെ ജനിക്കുന്ന ക്രിസ്തുവിന്റെ വരവാണ് ഹോശാന. രാജാധിരാജാവായി അഭിഷിക്തനായ ക്രിസ്തു വാഹന മൃഗത്തിന്റെ പുറത്ത് കയറി പുരുഷാരം പുറകിൽ വാളും (കുരുത്തോല) പിടിച്ച് സാത്താനെ ജയിക്കാൻ വരുന്നു. നേരെ ദേവാലയത്തിലേക്ക് പോകുന്നു. അവിടെ വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കുന്നു. ഇത് സ്വർഗ്ഗത്തിൽ നിന്നും ക്രിസ്തുവാൽ സംഹരിക്കപ്പെടുന്ന മാലാഖമാരുടെ ഭാഗം ഓർമ്മിപ്പിക്കുന്നു. ശേഷം ദേവാലയം ശൂന്യം എന്ന് കാണുന്നു. എപ്പോഴും യരുശലേം ദേവാലയത്തിൽ മനുഷ്യർ യഥേഷ്ടം ഉള്ളപ്പോൾ കർത്താവ് അവിടെ ശൂന്യം എന്ന് കാണുന്നു. ഇസ്രായേൽ അത്തിവൃക്ഷമായും മുന്തിരിത്തോട്ടമായും ഉപമകളാൽ പറയുന്ന കർത്താവിന് യരുശലേം ദേവാലയമാകുന്ന ചക്കിൽ ഫലം കാണാതെ ശൂന്യമായി കാണുന്നു. നന്മ ഇല്ലാത്ത മനുഷ്യർ ഈ സമൂഹത്തെ കർത്താവിന്റെ വരവിൽ ശപിച്ച് ഉണങ്ങിപ്പോയ അത്തിപോലെ ഫലം ഇല്ലാത്ത

തിനെ ഉണക്കി തീയിൽ ഇടുവാനുള്ള തോട്ടത്തിന്റെ ഉടയവന്റെ ആജ്ഞ നിറവേറ്റപ്പെടാൻ കാരണമായിരിക്കുന്നു. എന്നാൽ ഒരു അവസരം കൂടി നമുക്ക് പിതാവിൽ നിന്നും പുത്രനാം ക്രിസ്തു യാചിച്ച് തന്നിരിക്കുന്നു. ക്രിസ്തുവിന് ശേഷം ഇന്നുവരെ ഉള്ള ഈ കാലം കർത്താവിന്റെ സ്നേഹത്തിന്റെ ഔദാര്യമാകുന്നു. കർത്താവ് അന്ന് അങ്ങനെ പിതാവിൽ നിന്ന് യാചിച്ച് തന്നില്ലായിരുന്നുവെങ്കിൽ ഇന്ന് 2010 വർഷം മുമ്പ് ഭൂമിയിലുള്ള മനുഷ്യരും പിശാചും അവന്റെ അന്ധകാരശക്തികളും പാതാളത്തിൽ കെടാത്ത തീയിലും ചാകാത്ത പുഴുവിലും വീഴുമായിരുന്നു. എന്നാൽ വളരെ കുറച്ചെങ്കിലും വിശുദ്ധന്മാർ ദൈവത്തിനു വേണ്ടി ജീവിച്ച് മരിച്ചതു മൂലം അബ്രഹാം യാചിച്ചതുപോലെ ദേശത്ത് 10 നീതിമാൻമാർ എങ്കിലും ഉണ്ട് എങ്കിൽ ദേശം നശിപ്പിക്കയില്ല എന്ന് പറഞ്ഞ ദൈവത്തെ ഓർക്കുക. 10% എങ്കിലും മനുഷ്യർ നന്മയുടെ പാതയിൽ ഉണ്ടായിരുന്നു എങ്കിൽ കർത്താവിന്റെ രണ്ടാമത്തെ വരവു കൊണ്ട് അർത്ഥം ഉണ്ടാകുമായിരുന്നു.

# 18

# പെസഹാ

വചനമായ ദൈവം ശരീരിയായിത്തീർന്നു. ആ ശരീരം കർത്താവിന്റെ പെസഹായിൽ മുറിക്കപ്പെട്ട അപ്പക്കഷണങ്ങൾ ആകുന്നു. വീഞ്ഞ് (രക്തം) കർത്താവിന്റെ ജീവൻ ആകുന്നു. അപ്പോൾ കുർബാനയുടെ അനുഭവം എന്നാൽ  അപ്പവും വീഞ്ഞും കഴിക്കുന്നത് മാത്രം ആകുന്നില്ല. കർത്താവിന്റെ ഉപമ ഗ്രഹിച്ച് ആ സുവിശേഷം അനുസരിച്ച് ജീവിക്കുന്നവർക്ക് ദൈവത്തിന്റെ രക്തമാകുന്ന ജീവനും സ്വീകരിക്കുവാൻ സംഗതി വരണം. ആയതിനാൽ ദൈവം വചനങ്ങളും ദൈവത്തിന്റെ ആത്മാവിനെയും മനുഷ്യന് സ്വീകരിക്കുവാൻ പ്രാപ്തിയുണ്ടാകണം. എന്നാൽ കർത്താവ് ഭൂമിയിൽ വന്ന് മരണം അനുഭവിച്ച് ദൗത്യം പൂർത്തിയാക്കുന്നു. പിതാവിനെ ഇല്ലാതാക്കി അധികാരം സ്ഥാപിക്കാമെന്ന് ആഗ്രഹിച്ച സാത്താനും കൂട്ടർക്കും പ്രതീകമായ യഹൂദന്മാർക്കും 'ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ' എന്ന് പറയുന്ന കർത്താവിനെ നമുക്ക് കാണുവാൻ സാധിക്കും. മരണത്തിനു മുമ്പേ ലോകത്തിന് തന്റെ ശരീരവും ജീവനും കർത്താവ് ദാനം ചെയ്തിരുന്നു. ഈ പെസഹായിലെ അപ്പനുറുക്കുകൾ ആണ് ധനവാന്റെ മേശയിലെ അപ്പനുറുക്കുകൾ. ഈ ദൈവ വചനമാകുന്ന അപ്പനുറുക്കുകൾ ഭക്ഷിച്ച് ദൈവത്തിന്റെ ആത്മാവിനെ കൂടുതലായി ലഭിച്ചാൽ അതിൻ പ്രകാരം നമ്മുടെ ജീവിതം ക്രമപ്പെടുത്തി പശ്ചാത്തപിച്ചാൽ ദൈവരാജ്യത്ത് ചെന്നുചേരാൻ സാധിക്കും, ലാസറേപ്പോലെ. അല്ലാത്തവർ ധനവാനെപ്പോലെ നിത്യനരകത്തിൽ ചെന്നുചേരും.

# 19

# ധനവാനും ലാസറും (ഉപമ)

ഒരിടത്ത് ഒരു ധനവാനും അവന്റെ മേശക്ക് അരികിൽ ലാസർ എന്ന ഒരു മനുഷ്യനും ജീവിച്ചിരുന്നു. ഈ ഉപമയുടെ അർത്ഥവും വ്യാഖ്യാനങ്ങളും നാം അനവധി കേട്ടിരിക്കുന്നു. പക്ഷേ, കേട്ടതെല്ലാം സാധാരണ വ്യക്തികളുടെ ചിന്താഗതിയിൽ മാത്രം. എന്നാൽ ഇത് പറഞ്ഞത് ഉപമയാണ് എന്നും സർവ്വശക്തനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്നും ഉള്ള രീതിയിൽ തന്നെ വേണം വ്യാഖ്യാനങ്ങൾ ഉൾക്കൊള്ളാൻ. എന്നാൽ ഈ ധനവാനും ലാസറും യരുശലേമിന്റെ പരിസരത്ത് എങ്ങും ഉള്ളവർ അല്ല. എന്നാൽ ലോകത്താകമാനമുള്ള മനുഷ്യനെ ഉദ്ദേശിച്ചാണ് കർത്താവ് ഈ ഉപമ പറഞ്ഞിരിക്കുന്നത്. വിശദീകരിച്ചാൽ ഇന്നും അക്കാലത്തും ഒരു ധനവാനും അവന്റെ മേശയുടെ അരികിലോ പരിസരത്തോ വൃണങ്ങൾ നിറഞ്ഞ് രോഗിയായി നായ്ക്കൾ നക്കുന്ന രീതിയിൽ ഒരുവനെ കിടക്കാൻ അനുവദിക്കുകയില്ല. എന്നാൽ ധനവാന്റെ മേശയിൽ നിന്നും വീഴുന്ന അപ്പനുറുക്കുകൾ കൊണ്ട് ഉപജീവനം കഴിച്ചിരുന്ന ഈ ലാസർ മരിച്ച് സ്വർഗ്ഗത്തിലും ധനവാൻ മരിച്ച് പാതാളത്തിലും പോയി എന്ന് പറയുന്നു. ഇത് കേൾക്കുന്നവർ ഒരു കഥ കേൾക്കുന്ന സുഖത്തിൽ കേട്ടിട്ട് പോകുന്നു. ദൈവം പറയുന്നത് കേൾക്കാൻ ചെവി ഉള്ളവർ കേൾക്കട്ടെ. എന്നാൽ സാധാരണ കഥയിൽ ഈ ധനവാൻ ഒരു നല്ല മനുഷ്യനായി തോന്നാം. ഇത്രയും ഒരു ത്യാഗം ഈ വന്ന കാലം ആര് ചെയ്യും. നാം ആയിരുന്നു എങ്കിൽ ഈ മനുഷ്യനെ ഏതെങ്കിലും ആതുരാലത്തിലോ സർക്കാർ ആശുപത്രിയുടെ തിണ്ണയിലോ തള്ളി രക്ഷപ്പെടുമായിരുന്നു. എന്നാൽ ഇതൊന്നും ധനവാൻ ചെയ്യാതെ അവന്റെ ഭക്ഷണത്തിന്റെ മിച്ചം എങ്കിലും കൊടുത്തില്ലേ? എന്നിട്ടും ധനവാൻ പാതാളത്തിൽ വീണു എങ്കിൽ, എന്റെ ചോദ്യം ആരാണ് ഈ ധനവാൻ? ആരാണ് ഈ ലാസർ? ഇവിടെയാണ് യഥാർത്ഥ അർത്ഥം നാം മനസ്സിലാക്കേണ്ടത്. ഈ ഉപമ നമ്മെ പഠിപ്പിച്ചത് സർവ്വശക്തനായ ദൈവത്തിന്റെ അവതാരപുരുഷനായ യേശുവാകുന്നു. അപ്പോൾ നാം ഇടുങ്ങിയ ചിന്താഗതി മാറ്റി വിശാലമായി ചിന്തിക്കണം. ധനവാൻ എന്നാൽ പിശാചും പൈശാചികശക്തി നിറഞ്ഞുനിൽക്കുന്ന ഈ സമൂഹവും ആകുന്നു. ഇവിടെ പ്രയാസങ്ങളും, പ്രതിസന്ധികളും, രോഗങ്ങളും, ദുഃഖങ്ങളും, ദുർനടപ്പുകാരും, അഹങ്കാരികളും, കൊലപാതകികളും, അനാശാസ്യവും, ധൂർത്തും, അത്യാർത്തിയും, യുദ്ധങ്ങൾ പ്രക്ഷോഭങ്ങൾ, വ്യാധികൾ, അസൂയ, ഏഷണി, ഭീഷണി, ചതി, ഉപദ്രവങ്ങൾ തുടങ്ങിയവ മനുഷ്യർ

സംഭരിച്ച് വച്ചിരിക്കുന്നു. ഇങ്ങനെ ദൈവത്തിനും സഹജീവികൾക്കും ദ്രോഹം ചെയ്യുന്നതായ എല്ലാ പ്രവർത്തികളും സംഭരിച്ച് വച്ചിരിക്കുന്ന മനുഷ്യൻ സമ്പന്നൻ (ധനവാൻ) ആകുന്നു. ഈ ലോകത്തിന്റെ മോഹങ്ങളിൽ അടിപ്പെടാതെ കഷ്ടതയിലും പ്രയാസ ദുഖങ്ങളും സഹിച്ച് ദൈവ വചനമാകുന്ന അപ്പനുറുക്കുകൾ ഭക്ഷിച്ച് ജീവിക്കുന്ന മനുഷ്യർ എല്ലാം ലാസർ ആകുന്നു. അവർ ഈ ഭൂമിയിൽ എത്ര ഉണ്ടാവും എന്ന് അറിയില്ല. എന്നാൽ സമയം ഇതുവരെ തീരാത്തതിനാൽ ഇപ്പോൾ തിന്മകൾ എല്ലാം ഉപേക്ഷിക്കാൻ നാം തയ്യാറായാൽ നമ്മുടെ സമ്പത്താകുന്ന ധനവാനെ ഉപേക്ഷിച്ചാൽ നമുക്ക് ലാസറായി തീരുവാൻ സാധിക്കും. പേടിക്കണ്ട. അവസരം നഷ്ടപ്പെടുത്താതിരിക്കുക. കാരണം ഇതുവരെ ഒരു ലാസറും സ്വർഗ്ഗത്തിലോ ഒരു ധനവാനും പാതാളത്തിലോ പോയിട്ടില്ല. സംഭവിപ്പാനുള്ളത് കർത്താവ് ഉപമയായി നമ്മോട് പറഞ്ഞിരിക്കുന്നു. കർത്താവ് വീണ്ടും വരും. ന്യായവിധി നടത്തും. അന്ന് പശ്ചാത്തപിച്ചാൽ രക്ഷയില്ല. കർത്താവിന്റെ വരവിന് മുമ്പായി ഒരുങ്ങി ഇരിക്കണം.

# 20

# മുടിയനായ പുത്രന്റെ ഉപമ

ഒരു അപ്പന് രണ്ട് മക്കൾ ഉണ്ടായിരുന്നു. ഇതിൽ ഒരുവൻ ധിക്കാരി യായിരുന്നു. അവൻ തന്റെ അപ്പനുമായി വഴക്കിട്ട് അവന്റെ ഓഹരിയു മായി ഭവനം വിട്ട് ദൂരദേശത്തേക്ക് പോകുന്നു. അവിടെ അവന്റെ സമ്പ ത്തെല്ലാം കൂട്ടുകാരുമായി ധൂർത്തടിച്ച് ജീവിച്ച് സകലതും തീർന്നപ്പോൾ അവന്റെ കൂട്ടുകാരും അവനെ ഉപേക്ഷിച്ചു. അവൻ ഭക്ഷണമില്ലാതെ വലഞ്ഞു. പന്നികളെ മേയിക്കുന്ന ജോലിയും അവയുടെ ആഹാരമായ വാളവരയും തിന്നു. ഇപ്പോൾ അവൻ തന്റെ അപ്പനോട് ചെയ്തതും വീട് വിട്ട് ഇറങ്ങിയതും ഓർത്ത് പശ്ചാത്തപിക്കുന്നു. തിരികെ അപ്പന്റെ ഭവന ത്തിലേക്ക് ചെല്ലുന്നു. സ്നേഹവാനായ ആ പിതാവ് മകനെ കണ്ട മാത്ര യിൽ ഓടിവന്ന് ആലിംഗനം ചെയ്ത് സ്വീകരിക്കുന്നു.

ഈ ഉപമയുടെ ഒരു ഭാഗം കഴിഞ്ഞു. സാത്താനും അവന്റെ കൂട്ടാളി കളും മനുഷ്യനായി ജന്മമെടുത്തവരും ആണ് മുടിയനായ പുത്രൻ. സ്വർഗ്ഗ മാകുന്ന ഭവനത്തിൽ നിന്നും വഴക്കുണ്ടാക്കി പരദേശമാകുന്ന ഭൂമിയിൽ താമസിച്ച് എല്ലാം ധൂർത്തടിച്ച് ജീവിക്കുന്നു. ധൂർത്തിന്റെ അവസാനഘട്ടം ആകുന്നു 1950–ന് ശേഷം ഉള്ള മനുഷ്യന്റെ ജീവിതം. ഇത് 2050 വരെ എത്തുമോ എന്ന് പറവാൻ സാധിക്കുകയില്ല. പശ്ചാത്തപിക്കാൻ അവ സരം കിട്ടുമോ എന്നും അറിയില്ല. കർത്താവിന്റെ രണ്ടാം വരവ് എന്നുണ്ടാ വുമെന്നും നിശ്ചയമില്ല. എന്നാൽ മനുഷ്യന് ഇതൊന്നും ബോധ്യമല്ലാ ത്തതിനാലും വ്യക്തമാക്കുവാൻ ഇതുവരെ ആർക്കും സാധിക്കാത്തതി നാലും അതിന് ആരും ശ്രമിക്കാത്തതിനാലും സംശയം മനുഷ്യന് ഉണ്ടാ വുന്നു. ഇതൊക്കെയും കർത്താവ് പറഞ്ഞത് നമ്മുടെ കാര്യം അല്ല, മറ്റ് ആരുടെയോ കാര്യങ്ങൾ ഉപമകളായി നമ്മോട് കഥകൾ പറയുന്നു എന്ന് മനുഷ്യർ വിചാരിക്കുന്നു. മനുഷ്യൻ എന്തിനാണ് പശ്ചാത്തപിക്കുന്നത്? ആദം ചെയ്ത പാപം, അതായത് ഏദന്റെ പറുദീസയിൽ നിന്നും തെറ്റ് ചെയ്ത് ഇറങ്ങിയ പാപമാണോ, അതിന് മനുഷ്യൻ എന്തു പിഴച്ചു എന്ന ചോദ്യം പ്രസക്തമാണ്. ആദാമിന്റെ തെറ്റ് മൂലം അല്ല നാം പാപികൾ ആയത്. എന്നാൽ ആദം എന്ന മനുഷ്യൻ, ലോകത്ത് ജനിച്ചതും മരി ച്ചതും ജീവിച്ചിരിക്കുന്നതുമായ സകല മനുഷ്യന്റെയും ആത്മാക്കളെ വഹിച്ചിരുന്ന മൺകൂടാരമായിരുന്നു. അപ്പോൾ ആദം എന്നാൽ നാം ഓരോ വ്യക്തികളും തെറ്റ് ചെയ്തവർ. എന്നാൽ അവന്റെ ഉള്ളിൽ ഇരുന്ന് അവനെ തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചവർ തിന്മപ്പെട്ടവരും അത് ചെയ്യുന്ന

തിന് ഇഷ്ടം ഇല്ലാത്തവരും ഉണ്ടായിരുന്നു. ഇവരാണ് മനുഷ്യ ജന്മം എടുത്ത് ലോകത്ത് നിറഞ്ഞവർ. ഇവരിലുള്ള നന്മയും തിന്മയും വേർതിരിക്കുവാൻ ഇന്നുവരെയും മനുഷ്യന് സാധിക്കുന്നില്ല. എന്നാൽ ഏദനിൽ ചെയ്തത് അനുസരണക്കേട് മാത്രം. അതിനാൽ മനുഷ്യൻ ലോകത്ത് നിറയുവാൻ ഇടയായി. എന്നാൽ ഇതിനും മുമ്പ് ആദാമിനെ ദൈവം സൃഷ്ടിക്കുന്നതിനും മുമ്പ് നാം തെറ്റുകാരും ദൈവം നമ്മെ പേർ ചൊല്ലി വിളിച്ചിരിക്കുന്നവരും ആയിരുന്നു (നിന്റെ അമ്മയുടെ ഉദരത്തിൽ നീ ഉരുവാകുന്നതിന് മുമ്പേ നിന്നെ ഞാൻ അറിയുന്നു). മുടിയനായ പുത്രന്റെ ഉപമയുടെ അർത്ഥം സ്വന്തം പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സാത്താനോട് ചേർന്ന് ദൈവത്തോട് മൽസരിക്കുകയും പിതാവിനെ ഇല്ലാതാക്കി സ്വർഗ്ഗ സിംഹാസനം കൈവശം ആക്കുവാൻ സാത്താനോടൊപ്പം നിന്നു. അതിനാൽ ക്രിസ്തുവിന്റെ സംഹാരത്താൽ മൂന്നിൽ ഒരു ഭാഗം മാലാഖമാർ നിഗളിച്ച് നിപതിച്ച് പോയി. ഈ പുസ്തകത്തിൽ പല ഭാഗത്തും ഇങ്ങനെ രേഖപ്പെടുത്തുന്നത് ശരിക്കും സത്യം നമുക്ക് മനസ്സിലാക്കുവാൻ ആകുന്നു. ഈ തെറ്റിൽ നിന്നും തുടർന്ന് നാം ദൈവത്തോടും തമ്മിൽ തമ്മിലും ചെയ്തിട്ടുള്ള തെറ്റിൽ നിന്നും ഓരോ ജന്മത്തിൽ ചെയ്ത തെറ്റുകൾക്കും ബോധമുള്ളവരായി പശ്ചാത്തപിച്ച് ശിശുക്കളെപ്പോലെ നിർമ്മലീകരിച്ചെങ്കിൽ മാത്രമേ വീണ്ടെടുപ്പ് എന്ന വാക്ക് കൊണ്ട് അർത്ഥമുള്ളു. തീർച്ചയായും ഇപ്പോഴും മനുഷ്യൻ മൽസരിക്കുന്നു. സഭകൾ മൽസരിക്കുന്നു, ജാതികൾ മൽസരിക്കുന്നു, രാജ്യങ്ങൾ മൽസരിക്കുന്നു, ഭവനങ്ങൾ മൽസരിക്കുന്നു, വ്യക്തികൾ മൽസരിക്കുന്നു. ഇവർ മൽസരിക്കുന്നത് ക്രിസ്തുവിനെ ഉയർത്താനോ മനുഷ്യനെ സ്വർഗ്ഗത്തിൽ കയറ്റുവാനോ അല്ല. മറിച്ച് അധികാരങ്ങളും, സമ്പത്തും ആണ് ലക്ഷ്യം. സഭകളിൽ ആളുകളുടെ എണ്ണം ഉണ്ടായതുകൊണ്ടോ സ്ഥാനമാനങ്ങൾ ഉണ്ടായതുകൊണ്ടോ ശ്രേഷ്ഠന്മാർ എന്ന് കരുതുന്നതിലോ സ്ഥാപനങ്ങൾ ഉണ്ടായതുകൊണ്ടോ കാര്യമില്ല. എന്നാൽ എപ്പോഴും ഉണർവുള്ളവരായി ലാസറിനെപ്പോലെ ഇഹലോക ജീവിതത്തിന്റെ സുഖസൗഭാഗ്യങ്ങളിൽ മനസ്സ് ഇറങ്ങിപ്പോകാതെ കഷ്ട നഷ്ട സങ്കടങ്ങൾ വരുമ്പോൾ തെല്ലും കുലുങ്ങാതെ സഹിച്ച് ദൈവത്തിൽ ആശ്രയിച്ച് പശ്ചാത്താപത്താൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ, ഇത് കർത്താവിന്റെ പതിനൊന്നാം മണി നേരത്തെ വേലയ്ക്ക് വിളിച്ച ജനം എന്ന അറിവിൽ അത്യുൽസാഹത്തോടെ പ്രവർത്തിക്കുക. മനുഷ്യാ നീ മടങ്ങി വരിക. ഇത് 11–ാം മണി നേരം ആകുന്നു. ഇനി ഒരു അവസരം നിനക്ക് കൂലി (കണക്ക്) ഇടുവാനുള്ള അവസരമാണ്. ഓരോ മനുഷ്യനും തന്റെ പിതാവിനെ അന്വേഷിക്കുന്ന കാലം വരും. എന്നാൽ മനുഷ്യരിൽ അസാദ്ധ്യം ദൈവത്താൽ സകലതും സാധ്യവുമാകുന്നു. പലരും നമ്മേക്കാൾ മുമ്പേ വിശുദ്ധിയുടെ പറുദീസയിൽ കർത്താവിന്റെ വരവും പ്രതീക്ഷിച്ച് വിശ്രമിക്കുന്നു.

# 21

# കർത്താവിന്റെ ശിഷ്യന്മാർ

കർത്താവായ യേശു പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തു. ഇവരെ ഇസ്രായേലിൽ കാണാതെ പോയ ആടുകളെ കണ്ടെത്തുവാനും ന്യായ വിധിയിൽ 12 ഗോത്രത്തെയും ന്യായം വിധിക്കുവാനുമായി ദൈവം തിര ഞ്ഞെടുത്തിരിക്കുന്നു. മാലാഖാവൃന്ദങ്ങൾ 12 ഉണ്ട് എന്ന് കരുതുക. ഇതിൽ 12 ഗോത്രവും ഭാഗഭാക്കായി ലോകത്ത് നിറഞ്ഞ് ജീവിക്കുന്നു. ഈ പന്ത്രണ്ട് വൃന്ദം മാലാഖമാരിൽ നിന്നും മൂന്നിൽഒന്ന് സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെടുന്നു. അതിൽ ഏറ്റവും അടുത്ത് നിന്ന മാലാഖ സാത്താ നാവുന്നു (യൂദായ്ക്ക് സമം). അവന്റെ ഗണത്തിൽപ്പെട്ട ഏറ്റവും അടുത്ത് നിന്ന് അധികാരം പങ്കിട്ടിരുന്ന ഗണമാണ് യഹൂദൻ. ഈ ഗണത്തിന് ദൈവകഴിവുകൾ കുറച്ച് ലഭിച്ചിരുന്നു. ഇന്നും ഭൂമിയിൽ ശൂന്യതയിൽ നിന്നും നാശത്തിനും നല്ലതിനും കണ്ടുപിടിച്ചിട്ടുള്ളവർ യഹൂദന്മാർ ആണ്. ശേഷം മറ്റുള്ളവർ അത് കണ്ട് അനുകരിക്കുന്നു. വാഹനം, മെഷ്യൻ, ആറ്റംബോംബ്, മരുന്നുകൾ, എല്ലാം കണ്ടുപിടിച്ചത് യഹൂദ ന്മാരാണ്. ഈ ജനതയ്ക്ക് ദൈവം രാജാവിനുള്ള ചെങ്കോൽ കൊടുത്തി രിക്കുന്നു. യാക്കോബിന്റെ പന്ത്രണ്ട് മക്കൾക്കും കൊടുക്കുന്ന അവകാശം വായിച്ചാൽ യഹൂദയ്ക്ക് കിട്ടിയ അവകാശം മനസ്സിലാക്കാം. മറ്റുള്ള ഗോത്ര ങ്ങൾക്കും അവരവരുടെ കഴിവിന് അനുസരിച്ച് അധികാരങ്ങളും അവ കാശങ്ങളും ഉണ്ടായിരുന്നു. ഇന്നും രാജ്യവും അധികാരങ്ങളും ഇല്ലാത്ത രീതിയിൽ ഇസ്രായേൽ എന്ന സ്ഥലവും (ദൈവത്തിന്റെ സിംഹാസനം) ചുറ്റും ഗോത്രങ്ങളും ഭൂമി മുഴുവനായും ചുറ്റപ്പെട്ടിരിക്കുന്നു. ക്രിസ്തു വിന് ശേഷം ഇവർ പലപ്പോഴും ഭിന്നിച്ച് ലോകത്തിന്റെ എല്ലാ ഭാഗങ്ങ ളിലും ആയിത്തീരുകയും വീണ്ടും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. ഇന്ന് അത്തി തളർത്തിരിക്കുന്നു - എന്നു വച്ചാൽ യഹൂദൻ കൂട്ടിച്ചേർക്കപ്പെട്ടി രിക്കുന്നു. ക്രിസ്തു വരുവാൻ കാലം ആയി എന്ന് അനുമാനിക്കാം. കണ്ണു ള്ളവർ കാണട്ടെ, ചെവിയുള്ളവർ ഗ്രഹിക്കട്ടെ. കർത്താവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗത്തേക്കും പോയി. സാധാരണ പാവങ്ങളെ അല്ല അവർ കണ്ടത്. വളരെ ജ്ഞാനികളും ഉന്നതനിലവാരം പുലർത്തുന്നവ രേയും കണ്ടു. അവരിൽ ചിലരെ തിരഞ്ഞെടുത്ത് കർത്താവിന്റെ വചന മാകുന്ന വിത്ത് അവിടെ മുളപ്പിക്കുന്നു. തോമാ ശ്ലീഹാ ഇന്ത്യയിൽ വന്ന് ബ്രഹ്മത്വം അറിയുന്ന ബ്രാഹ്മണരെ സ്നാനം ചെയ്യിക്കുന്നു. അവരിൽ കൂടി ഇന്നുള്ള ക്രിസ്തീയ മതം ഉണ്ടാവുന്നു. ഒരു ഭവനത്തെ മാത്രം സ്നാനപ്പെടുത്തുകയും അവർ പെറ്റുപെരുകി 2000 വർഷം ആയപ്പോ

ഴേക്കും ഏകദേശം 20 ലക്ഷം ജനം ഉണ്ടാവുകയും ചെയ്യുന്നു. ഇങ്ങനെ കുറച്ച് ഭവനങ്ങളെ സ്നാനപ്പെടുത്തി. ഇതു ദൈവത്തിന്റെ പദ്ധതിയാണ്. അതിനാൽ ഈ ഭവനത്തിൽ ജനിച്ച ആത്മാക്കൾ എല്ലാം അതാത് ദേശത്ത് വസിച്ചിരുന്നതായിരുന്നു. അതിനാൽ ബലാത്കാരമായി ആരേയും മതത്തിൽ ചേർക്കേണ്ടതായ ആവശ്യം ഇല്ല. എന്നാൽ ആയ വർ ക്രിസ്താനി ആയി ജീവിക്കുന്നതാണ് മറ്റുള്ളവരെയും ആകർഷി ക്കുന്നത്. ഈ എഴുതുന്ന എന്നെയും എന്റെ കുടുംബത്തെയും ആര് ക്രിസ്ത്യാനികൾ ആക്കി എന്ന് അറിവില്ല. എന്നാൽ അറിയപ്പെടാത്ത സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കേണ്ടതായ ആവശ്യവും ഉണ്ട്. സ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങളിൽ സ്വാതന്ത്ര്യം ഉള്ളവർ സ്വയം ദൈവത്തെ അന്വേഷിക്കട്ടെ. ആകർഷിക്കപ്പെടേണ്ടവർ ദൈവത്തെ അന്വേ ഷിച്ച് വരും. കാണാതെ പോയ ആടുകളെ കണ്ടെത്തുവാൻ ആണ് ദൈവം ശിഷ്യന്മാരെ അയച്ചത്. മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് കൊടുക്കയില്ല. എന്നാൽ നായ്ക്കളും ഉടയവരുടെ മേശയിൽ നിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ ഭക്ഷിക്കുന്നു. അതിനാൽ ക്രിസ്തുവിനെ അന്വേഷിച്ചു വരുന്നവരെ ദൈവം തള്ളിക്കളകയില്ല.

## പറുദീസ

പറുദീസയിൽ ആദം രുചി നോക്കാത്ത ഫലം - അതാണ് വിശുദ്ധ കുർബ്ബാന എന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. അപ്പോൾ പറുദീസ എന്നാൽ ഏദൻതോട്ടം ആകുന്നു. ഇവിടെയാണല്ലോ കർത്താവായ യേശു ക്രിസ്തു മരിച്ച് ആദ്യമായി എത്തിയ സ്ഥലം. കാരണം വലതുഭാഗത്തെ കള്ള നോട് പറയുന്നു, 'നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും.' അപ്പോൾ വിശുദ്ധരായവർ വസിക്കുന്ന സ്ഥലം ആകുന്നു പറുദീസ (ഏദൻതോട്ടം). പഴയനിയമ ചരിത്രത്തിലെ വിശുദ്ധനായ ഇയ്യോബ്, പുതിയനിയമത്തിലെ വിശുദ്ധയായ കന്യകമറിയാം, വലതുഭാഗത്തെ കള്ളൻ തുടങ്ങിയവർ ഇന്നും ഏദനിൽ ആണ്. എന്നാൽ ഏദൻ എവിടെ എന്ന് ആർക്കും അറിയില്ല. ഈ എഴുതുന്ന എനിക്കും അടുത്തകാലം വരെ ഭൂമിക്കും സ്വർഗ്ഗത്തിനും ഇടയിൽ എവിടെയോ മനുഷ്യന്റെ ദൃഷ്ടിക്ക് മറഞ്ഞിരിക്കുന്ന ഒരു സ്ഥലം എന്നേ കരുതിയുള്ളു. എന്നാൽ ഇപ്പോൾ വ്യക്തമായി, ഇത് ഭൂമിയിൽ തന്നെയാണെന്ന്. ലോകത്തിന്റെ എല്ലാ കോണും അരിച്ച് പെറുക്കിയ മനുഷ്യന് മാലാഖമാർ കാവൽ നിൽക്കുന്ന പറുദീസ എവിടെ എന്നു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിശു ദ്ധർ ഭൂമിയിൽ ഉണ്ട്. കർത്താവിന്റെ ശിഷ്യന്മാർ പലും വിശുദ്ധരായവർ ആകുന്നു. കർത്താവിനുവേണ്ടി മരണം ആസ്വദിച്ചവർ വിശുദ്ധിയുടെ അനുഭവത്തിൽ ജീവിക്കുന്നു. ഇവർ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യ സ്ഥരായി വസിക്കുന്നു. എന്നാൽ മരണം ആസ്വദിക്കാത്തവർ ഇന്നും മനു

ഷ്യജന്മം എടുത്ത് ഭൂമിയിൽ കഴിയുന്നു. അതിനാൽ വിശുദ്ധരിൽ മധ്യസ്ഥത അപേക്ഷിച്ചാൽ ഒരു പക്ഷെ ദൈവം കേൾക്കുമായിരിക്കും. മനുഷ്യന്റെ ഭൗതിക ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയുവാൻ അത് ഉപകരിക്കും. എന്നാൽ അതുമൂലം നാം വിശുദ്ധർ ആകയില്ല. സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കുകയുമില്ല. കാരണം നാമും അവരെപ്പോലെ ദൈവത്തിനുവേണ്ടി ജീവിച്ച് മരിക്കണം.

# 22

# യാഗം

യാഗങ്ങൾ പലതുണ്ട്. ആദ്യ യാഗം കായീനിന്റെയും ഹാബേലിന്റെയും യാഗം ആയിരുന്നു. ഇത് ഒന്നാം ഘട്ടത്തിലെ യാഗം. അവിടെ ഹാബേലിന്റെ യാഗം നീതീകരിക്കപ്പെടുന്നു. യാഗം നടത്തിയ ഹാബേൽ ആണ് നീതീകരിക്കപ്പെട്ടത്. യാഗ വസ്തു അല്ല.

രണ്ടാം ഘട്ടത്തിലെ യാഗം അബ്രഹാമിന്റെ യാഗം. ഇവിടെയും യാഗ വസ്തു അല്ല, അബ്രഹാമിന്റെ വിശ്വാസവും നീതിയുമാണ്. അതിനാൽ അബ്രഹാം ആണ് നീതീകരിക്കപ്പെട്ടത്.

ഇനിയും മൂന്നാം ഘട്ടത്തിലെ യാഗം. ഇവിടെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. ഇവിടെ യാഗ വസ്തുവും യാഗം ചെയ്യുന്നതും ക്രിസ്തുവാണ്. സ്വയം യാഗത്തിന് സമർപ്പിച്ചിരിക്കുന്നു. അതിനാൽ മാനവരാശിക്കു വേണ്ടിയും പിതാവാം ദൈവത്തിന് പകരമായി പൈശാചിക ശക്തികളുടെ തെറ്റ് പൂർണ്ണമാകുവാനും സ്വയം ബലിക്കായി നിന്നുകൊടുക്കുന്നു. അതിനാൽ “ഞങ്ങൾക്കു വേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനേ” എന്നാണ് വിശ്വാസികൾ ചൊല്ലേണ്ടത്. കാരണം, കർത്താവ് സ്വയം ക്രൂശിൽ ഏൽപ്പിക്കപ്പെടുകയായിരുന്നു. എന്നാൽ ഇവിടെ കർത്താവിനെ ക്രൂശിക്കുവാൻ യഹൂദന്മാർ പ്രവർത്തിച്ചതു മൂലം ഇവർ കായീന്റെ യാഗത്തിന് സമാനമാകുന്നു. എന്നിരുന്നാലും ‘ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ’ എന്ന് ക്രിസ്തു പറയുന്നു. അതായത് പിതാവാംദൈവത്തെ സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെടുന്നതിനു മുമ്പ് കൊല്ലുവാൻ തയ്യാറായ ഈ മനുഷ്യരാശിയുടെ പ്രതിപുരുഷരായ യഹൂദന്മാർ ക്രിസ്തുയേശുവിന്റെ ക്രൂശുമരണത്തോട് പങ്കാളികളായതിനാൽ പിതാവാംദൈവത്തെ കൊല്ലുന്നതിന് സമാനമായിത്തീരുന്നു. ഈ സംഭവം മൂലം സകലതും നിവർത്തിയായി എന്നു കർത്താവ് പറയുന്നു. സ്വർഗ്ഗത്തിൽ സംഭവിക്കേണ്ടത് ഭൂമിയിൽ നിവർത്തി ആയി. അതിനാൽ ക്രിസ്തു ഭൂമിയിൽ വന്നില്ലായിരുന്നു എങ്കിൽ നമ്മുടെ പാപത്തിന് ഒഴികഴിവ് ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തു ഭൂമിയിൽ വന്നു മരണം അനുഭവിച്ചു. അതിനാൽ നമ്മുടെ പാപത്തിന് ഒഴികഴിവില്ല. ഭൂമിയിലുള്ള മനുഷ്യരാശിയുടെ പ്രതീകമായ യഹൂദന്മാർ എല്ലാവരും ‘അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക’ എന്ന് ആർത്തു പറയുന്നു. ഇതുമൂലം എല്ലാ മനുഷ്യനും അതിൽ പങ്കാളികളാകുന്നു. ആർക്കും ഒഴിയാൻ സാധ്യമല്ല. ന്യായവിധിയിൽ എല്ലാവരും നിൽക്കേണ്ടതായി വരും. എന്നാലും സ്നേഹ

വാനായ ക്രിസ്തു പറയുന്നു. ‘പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ’ എന്ന്. അതിനാൽ ഒരു അവസരം കൂടി പിതാവിൽ നിന്നും നമുക്ക് യാചിച്ച് തന്നിരിക്കുന്നു (മൂന്ന് സംവൽസരമായി ഫലം കായ്ക്കാത്ത വൃക്ഷത്തിന്റെ ഉപമയും തോട്ടത്തിന്റെ ഉടയവനും തോട്ടക്കാരനും തമ്മിലുള്ള സംവാദവും ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കുക. ഗത്സമേനയിലെ അതിവേദന വായിക്കുമ്പോൾ മനസ്സിലാകും.) യോഹന്നാൻ സ്നാപകനിൽ കൂടി ഇസ്രായേലിന്റെ അവകാശവും സാത്താന് മനുഷ്യന് മേലുള്ള അടിമത്വാവകാശവും ക്രിസ്തുവിന്റെ കൈയിൽ വന്നുചേരുകയും ന്യായവിധിയിൽ രക്ഷിക്കുവാനും ശിക്ഷിക്കുവാനും ഉള്ള അധികാരം ക്രിസ്തുവിൽ ഇരിക്കുകയും ചെയ്യുന്നു. ഇനിയും മാനവരാശി രക്ഷിക്കപ്പെടണം എങ്കിൽ ക്രിസ്തുവിൽ വിശ്വസിക്കയും ശരിയായ പശ്ചാത്താപത്തോടെ ഏറ്റുപറയുകയും വേണം. മനുഷ്യന്റെ തെറ്റുകൾ മറഞ്ഞിരിക്കുന്നു. അവന്റെ തെറ്റിനെ മനസ്സിലാക്കിത്തരുവാൻ ആർക്കും സാധിച്ചില്ല. ആരും അതിന് തുനിഞ്ഞിട്ടുമില്ല. അതിനാൽ ഇന്നും ഇക്കാര്യങ്ങൾ എല്ലാം മനുഷ്യന് മറഞ്ഞിരിക്കുന്നു. ഇതെല്ലാം ക്രിസ്തുവിന്റെ ഭൂമിയിലെ പരസ്യശുശ്രൂഷാകാലത്ത് സംഭവിച്ചതാകുന്നു. ഇത് സ്വർഗ്ഗരാജ്യത്തിലെ സംഭവ വികാസങ്ങളുടെ പകർപ്പും പൂർത്തീകരണവും ആയിരുന്നു. മനുഷ്യൻ 2000 ആണ്ടിന് ശേഷം ഏകാത്മാവിലേക്ക് ആയിക്കൊണ്ടിരിക്കുന്നു. ഏകദേശം 1000 കോടി ആത്മാക്കൾ. എന്നിരുന്നാലും കർത്താവ് എപ്പോൾ വരും എന്ന് പിതാവല്ലാതെ പുത്രനും കൂടി അറിയുന്നില്ല. അതിനു മുമ്പ് മനുഷ്യൻ പശ്ചാത്തപിച്ചിരുന്നുവെങ്കിൽ.

# 23

# ഗത്സമേനയിലെ അതിവേദന

കർത്താവിന്റെ ക്രൂശ് മരണത്തിന് മുമ്പ് യഹൂദന്മാരാൽ പിടിക്കപ്പെടുന്നതിനും മുമ്പായ് കർത്താവ് ശിഷ്യന്മാരോടൊത്ത് ഗദ്സമേന തോട്ടത്തിൽ തന്റെ പെസഹായിക്ക് ശേഷം പോയി പ്രാർത്ഥിച്ചു: 'പിതാവേ ഈ പാനപാത്രം എങ്കൽ നിന്ന് നീക്കണമേ.' എന്നാൽ കർത്താവ് ഉദ്ദേശിച്ചതും നാം ധരിച്ചതും രണ്ടാണ്. കാരണം കുറച്ച് ദിവസം മുമ്പ് കർത്താവ് ശിഷ്യന്മാരോട് പറയുന്നു, 'നാം ജറുസലേമിലേക്ക് പോക. അവിടെ വച്ച് താൻ യഹൂദന്മാരാൽ പിടിക്കപ്പെടുകയും അവർ എന്നെ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യും. മൂന്നാംനാളിൽ ഞാൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടതാകുന്നു.' പത്രോസ് കർത്താവിനെ മാറ്റി നിർത്തി പറയുന്നു, അങ്ങനെ ഒന്നും സംഭവിക്കരുത് കർത്താവേ. അപ്പോൾ പത്രോസിനോട് കർത്താവ് 'സാത്താനേ, നീ ദൈവത്തിന്റെ അല്ല മനുഷ്യരുടെ അത്രേ കരുതുന്നത്. പിതാവ് എനിക്ക് തരുന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ.' എന്നാൽ താൻ അനുഭവിക്കേണ്ടതായ കഷ്ടതയും ക്രൂശ് മരണവും ഓർത്ത് ഭയന്നിട്ടായിരുന്നു എങ്കിൽ കർത്താവ് എത്രമാത്രം വേദനിക്കുന്ന മനുഷ്യർക്ക് ആശ്വാസവും, രോഗികൾക്ക് സൗഖ്യവും, മരിച്ചവരെ ഉയിർപ്പിക്കുകയും, മുടന്തരെയും കുഷ്ടരോഗിയേയും, പക്ഷവാതക്കാരെയും, രക്തസ്രാവക്കാരിയേയും, കുരുടനേയും സൗഖ്യമാക്കിയിരിക്കുന്നു. വേദനയും സുഖവും അറിയാവുന്ന കർത്താവ് സ്വന്തം കാര്യം വന്നപ്പോൾ കരഞ്ഞു എന്നാണോ വിശ്വസിക്കുന്നത്. അവിടെ ഒരു തോട്ടത്തിൽ ആണ് സംഭവം. നല്ല വിത്ത് വിതച്ച സ്വർഗ്ഗമാകുന്ന തോട്ടത്തിൽ, പാപത്തിന്റെ കനി പറിച്ച് തിന്ന ഏദൻതോട്ടത്തിൽ ഇസ്രായേലാകുന്ന മുന്തിരിത്തോട്ടത്തിൽ ചെയ്ത തെറ്റുകൾ തിരുത്തുവാൻ തന്റെ പിതാവായ തോട്ടത്തിന്റെ ഉടയവനോട് തോട്ടക്കാരനായ ക്രിസ്തു നമുക്കു വേണ്ടി യാചിച്ച് തന്നിരിക്കുകയാണ്. കർഷകൻ തന്റെ വിയർപ്പ് തോട്ടത്തിൽ ഒഴുക്കി. അവന്റെ വിയർപ്പുതുള്ളികൾ രക്തതുള്ളികളായി കാണപ്പെട്ടു. ഗദ്സമന തോട്ടത്തിൽ കർത്താവ് എന്താണ് യാചിച്ചത് എന്ന് ശിഷ്യന്മാർ പോലും കേട്ടിട്ടില്ല. കാരണം ഒരു നാഴിക ദൂരെ അവർ ക്ഷീണിതരായി ഇരുന്ന് ഉറങ്ങുകയായിരുന്നു. ഇതാണ് ഫലം തരാത്ത തോട്ടത്തിലെ വൃക്ഷത്തിന്റെ ഉപമ. മൂന്ന് സംവൽസരം ഫലം തിരഞ്ഞ തോട്ടത്തിന്റെ ഉടയവനിൽ നിന്നും ഒരു അവസരം കൂടി യാചിച്ച് തന്നിരിക്കുന്നതാണ് ക്രിസ്തു ഉയിർത്ത് പോയതിന് ശേഷം ഉള്ള ഈ 2014-ാം വർഷം വരെ. ഇനിയും ഒരു അവസരം ഇല്ല. കർത്താവ് മുമ്പ്

വന്നപ്പോഴേ അടിച്ച് പാതാളത്തിൽ ഇടേണ്ടതായിരുന്നു (ഉണക്കിയ അത്തി അതിന് സാക്ഷി). എന്നാൽ കർഷകൻ വെള്ളവും വളവും (വചനവും, രക്തവും) ചൊരിഞ്ഞ് തന്നിരിക്കുന്നു. ഇനി ഫലം കായ്ച്ചില്ലാ എങ്കിൽ വെട്ടിക്കളയാം എന്ന് പിതാവിനോട് പറയുന്നു. ദൈവരാജ്യമാകുന്ന സ്വർഗ്ഗത്തിൽ നിന്നും സാത്താനോടൊപ്പം തള്ളപ്പെട്ട് ഏദൻതോട്ടത്തിൽ ആയ ഒരു അവസരവും ഏദൻതോട്ടത്തിൽ നിന്ന് തള്ളപ്പെട്ട് ജലപ്രളയം വരെ രണ്ടാം അവസരവും ജലപ്രളയത്തിന് ശേഷം ഇസ്രായേൽ ആയി മൂന്നാം അവസരവും കർത്താവായ യേശുക്രിസ്തുവിന്റെ ജനനമരണം വരെ മൂന്നാം അവസരവും ശേഷം ഉള്ള ഈ അവസരം നാലാം അവസരം ആകുന്നു. ഈ അവസരം വൃക്ഷത്തിന്റെ ഫലം കായിക്കുന്ന അവസരം ആകുന്നു. അങ്ങനെ കായിക്കുന്ന ഫലങ്ങൾ കർത്താവിന്റെ വരവിൽ അത്തിയിൽ നോക്കി ശപിക്കുവാൻ ഇടവരാതെ ഫലം കായിക്കുന്ന അവസ്ഥയിലേക്ക് ജനം മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വസിച്ച് ഒരുങ്ങിയിരിക്കണം. അത്തി തളിർത്ത് തുടങ്ങി. യഹൂദൻ ക്രിസ്തുവിൽ വിശ്വസിച്ച് തുടങ്ങിയാൽ കർത്താവിന്റെ വരവ് സമാഗതമായിരിക്കുന്നു. അതിന് ഇടയാകുവാൻ ഈ പുസ്തകം കാരണമാകട്ടെ.

# 24

# മാലാഖാവൃന്ദങ്ങൾ

ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യത്തിൽ ദൈവദൂതന്മാർക്ക് 9 വൃന്ദങ്ങൾ ഉണ്ട്. 1. സ്രോപ്പേ, 2. ക്രോബേ, 3. മൗത്ത്ബേ, 4. മോറാവോസോ, 5. ഹൈലേ/ഹൈലാവോസോ, 6. ശുൽത്തോനേ/ശാലിത്തോനേ, 7. റീശൻവോസോ/അർക്കാവോസ്, 8. റീശൈ മാലാഖേ, 9. മാലാഖേ. മാലാഖമാരുടെ വൃന്ദങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രതിപാദനം ആദ്യമായി കാണുന്നത് ഏതാണ്ട് അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അരിയോപഗക്കാരനായ ദിവന്നാസ്യോസ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ഒരു ക്രിസ്തീയ ചിന്തകന്റെ *സ്വർഗ്ഗത്തിലെ വിശുദ്ധിയുടെ ക്രമം* (*Celestial Hierarchy*) എന്ന ഗ്രന്ഥത്തിലാണ്. സുറിയാനി സഭാപിതാക്കന്മാരായ മൂശെ ബർകീഫായും (9–ാം നൂറ്റാണ്ട്) ബാർ എബ്രായയും (13–ാം നൂറ്റാണ്ട്) ഈ വിഷയം കൈകാര്യം ചെയ്യുന്നുണ്ട്. ഇവരുടെ ചിന്തകളിൽ അരിയോപഗയിലെ ദിവന്നാസ്യോസിന്റെ സ്വാധീനം വളരെയുണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന മാലാഖമാരുടെ വൃന്ദങ്ങളുടെ ക്രമം ദീവന്നാസ്യോസിന്റെയും ബാർ എബ്രായയുടെയും ഗ്രന്ഥങ്ങളിൽ കാണുന്ന പടിയാണ്. വി. കുർബാന തക്സായിൽ വി. യാക്കോബിന്റെ ക്രമത്തിൽ 9 വൃന്ദങ്ങളുടെയും പേരുകൾ കാണുന്നുണ്ട്. എന്നാൽ അവയുടെ ക്രമം ദിവന്നാസ്യോസിലും ബാർ എബ്രായയിലും കാണുന്നതിൽനിന്നും അല്പം വ്യത്യാസമുണ്ടെന്നു മാത്രം.

അരിയോപഗയിലെ ദിവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്നപ്രകാരം സ്വർഗ്ഗത്തിലെ 9 വൃന്ദം മാലാഖമാർ മുമ്മൂന്നു വൃന്ദങ്ങൾ വീതമുള്ള മൂന്നു സംഘങ്ങളായാണ് ദൈവസന്നിധിയിൽ ചുറ്റുമായി നിലകൊള്ളുന്നത്; അതായത് ത്രിവൃന്ദങ്ങളുടെ മൂന്നു സംഘങ്ങൾ. ഒന്നാമത്തെ ത്രിവൃന്ദങ്ങൾ: സ്രോപ്പേ, ക്രോബേ, മൗത്ത്ബേ. രണ്ടാമത്തേത്: മോറാവോസോ, ഹൈലേ/ഹൈലോവോസോ, ശുൽത്തോനേ/ശാലീത്തോനേ. മൂന്നാമത്തേത്: റീശൻവോസോ/അർക്കാവോസ്, റീശൈമാലാഖേ, മാലാഖേ.

ദൈവസന്നിധിയിൽ ഏറ്റം അടുത്തനിലയാണ് ഒന്നാമത്തെ ത്രിവൃന്ദങ്ങൾക്ക്. അതിനടുത്ത് രണ്ടാമത്തെ ത്രിവൃന്ദങ്ങൾ. പിന്നീട് മൂന്നാമത്തേത്. ദൈവീകരിക്കപ്പെടാനും ദൈവതേജസ്സ് പ്രകാശിപ്പിക്കാനുമുള്ള കഴിവിനെ ആശ്രയിച്ചാണ് ദൂതവൃന്ദങ്ങളുടെ ക്രമീകരണം. ആദ്യത്തെ ദൂതവൃന്ദങ്ങൾ ഏറ്റം കൂടുതൽ അടുത്ത് ദൈവവുമായി സംസർഗ്ഗം ചെയ്ത് ദൈവസാന്നിധ്യത്തിനു ചുറ്റും നിരന്തരം ചലിച്ചുകൊണ്ട് സ്തുതി

ഗീതം അർപ്പിച്ചു നിൽക്കുന്നു. ഈ വൃന്ദങ്ങളിൽത്തന്നെ സെറാഫുകളാണ് ഏറ്റം അടുത്ത് ചുറ്റും നീങ്ങിക്കൊണ്ടിരിക്കുന്നത്. ദൈവസന്നിധിയിൽ വളരെ അടുത്തുനിന്ന് ദൈവദർശനം ലഭിച്ച് ദൈവതേജസ്സിൽ പങ്കാളികളായി ദൈവീകമായ പ്രകാശം സ്ഫുരിപ്പിച്ച് നിരന്തരം ദൈവീക പൂർണ്ണതയിലേക്കും ദൈവിക സംസർഗ്ഗത്തിന്റെ പാരമ്യതയിലേക്കും അവ വളർന്നുകൊണ്ടിരിക്കുന്നു. ഈ നിയോഗവും പദവിയുമാണ് ഓരോ ദൂതവൃന്ദത്തിനും ഉള്ളതെങ്കിലും അതാതിന്റെ കഴിവിനൊത്ത് സെറാഫുകളിൽത്തുടങ്ങി മാലാഖമാരിൽ അവസാനിക്കുന്ന വിശുദ്ധിയുടെ അവരോഹണക്രമം അല്ലെങ്കിൽ മാലാഖമാരിൽത്തുടങ്ങി പടിപടിയായി ഉയർന്ന് സെറാഫുകളിൽ ചെന്നുനിൽക്കുന്ന വിശുദ്ധിയുടെ (ആരോഹണത്തിന്റെ) ശ്രേണിയുണ്ട്.

ദൈവിക സ്വഭാവത്തിന്റെ തന്നെ ഏതെങ്കിലും ഒരു ഗുണവിശേഷം പ്രതിഫലിപ്പിക്കുന്നതാണ് ഓരോ വൃന്ദത്തിന്റെയും നാമം. അതാതു വൃന്ദത്തിന്റെ നിലയും നിയോഗവും പേരു കൊണ്ടു വ്യക്തമാവുന്നു.

### 1. സ്രോപ്പേ

എബ്രായ ഭാഷയിൽ *സെറാഫീം* (ഇംഗ്ലീഷിൽ seraphim). സ്രോപ്പേ അല്ലെങ്കിൽ സെറാഫുകളെ സംബന്ധിച്ച പരാമർശം വേദപുസ്തകത്തിൽ യെശ. 6:2–6 ൽ മാത്രമേ കാണുന്നുള്ളു. എബ്രായ ഭാഷയിൽ സെറാഫീം എന്ന പദം “തീയ്യ് കത്തുക” എന്നർത്ഥം വരുന്ന മൂലപദത്തിൽ നിന്നും ഉൽഭവിച്ചിട്ടുള്ളതാണ്. “തീമയർ”, അഗ്നിമയർ എന്നാവും സെറാഫുകൾക്ക് മലയാളത്തിൽ കൊടുക്കാവുന്ന തത്തുല്യ പദം. യെശ. 6:2–6 ൽ സെറാഫുകൾക്ക് ആറു ചിറകുകൾ വീതം ഉള്ളതായി വിവരിച്ചിരിക്കുന്നു. രണ്ടു കൊണ്ടു മുഖം മൂടി, രണ്ടു കൊണ്ട് കാൽ മൂടി, രണ്ടു കൊണ്ട് പറന്ന് വാക്യപ്രതിവാക്യമായി (‘ഒരുത്തനോടൊരുത്തൻ’) “സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...” എന്ന് ആർത്തു സ്തുതിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തോട് ഏറ്റം അടുത്ത് നിലകൊണ്ട് ദൈവതേജസ്സു നൽകുന്ന ചൂടും പ്രകാശവും ഒട്ടും കുറവും മറവും കൂടാതെ സ്വീകരിച്ച് ബഹിർസ്ഫുരിപ്പിക്കുന്നതിനുള്ള കഴിവുള്ളതുകൊണ്ട് ഒന്നാമത്തെ വൃന്ദത്തിന് “അഗ്നിമയർ” എന്ന പേരുണ്ടായി. തീയ്യ് ശുദ്ധീകരിക്കുന്നു. സെറാഫുകൾ ശുദ്ധീകരിക്കുന്ന ദൈവസാന്നിധ്യമാണ്. ആ ജ്വാലയോട് അടുത്തു വരുന്നവർ “എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ...” എന്ന് യെശയ്യാവിനെപ്പോലെ പറയും. ദൈവസാന്നിധ്യത്തെ മങ്ങിക്കുന്നതും മറയ്ക്കുന്നതുമായ സകല നിഴലുകളെയും അന്ധകാരത്തെയും വിപാടനം ചെയ്യുന്ന ആഗ്നേയരാണ് സെറാഫുകൾ. ദൈവം മാത്രമാണ്

പൂർണ്ണൻ. പരിശുദ്ധിയുടെ പൂർണ്ണത അവിടുത്തേക്കു മാത്രം. “പരിശു ദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ” എന്ന് അനുസ്യൂതം ദൈവത്തെ പുകഴ് ത്തിക്കൊണ്ട് ദൈവികമായ പരിശുദ്ധിയുടെ പൂർണ്ണതയിലേക്ക് നിരന്തരം അവ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. മാത്രമല്ല അടുത്തുവരുന്നവരെ രൂപാന്തരപ്പെടുത്തി പ്രകാശത്തിലേക്ക് ആകർഷിച്ച് ആവാഹിക്കുകയും ചെയ്യുന്നു. സദാപി ചിറകടിച്ച് പറന്നു നീങ്ങിക്കൊണ്ടിരിക്കുന്ന അഗ്നിമയ രുടെ ചലനാത്മകതയ്ക്കും ഗതീയതയ്ക്കും രണ്ടു തലങ്ങൾ ഉണ്ട്: ഒന്ന് ആരോഹണവും മറ്റേത് അവരോഹണവും. ആരോഹണം ദൈവാഭിമുഖ മായാണ്; പൂർണ്ണ ദൈവദർശനത്തിലേക്കും ദൈവസംസർഗ്ഗത്തിലേക്കും ദൈവീകരണത്തിലേക്കുമുള്ള കയറ്റം. അവരോഹണം ദൈവത്തിൽ നിന്ന് താഴെയുള്ളവർക്ക് അഭിമുഖമായാണ്. താഴെയുള്ളവരിലേക്ക് തിരിഞ്ഞ്, ലഭിച്ച പ്രകാശം അവരിലേക്ക് സംക്രമിപ്പിച്ച് അവരേയും സംവ ഹിച്ചുകൊണ്ട് ദൈവസന്നിധിയിലേക്കു വീണ്ടും അവ തിരിഞ്ഞു നീങ്ങു കയായി.

**2. ക്രോബേ**

ക്റൂബിം എന്നാണ് എബ്രായ പദം. ഇതിന്റെ അർത്ഥം നിശ്ചയമില്ല. എന്നാൽ സുറിയാനിയിൽ ക്രോബേ എന്നതിന്റെ മൂലപദത്തിന് ‘പരിചി ന്തനം’ എന്ന് ആലങ്കാരികമായ ഒരർത്ഥം കൊടുത്തു കാണുന്നു. അരി യോപഗയിലെ ദീവന്നാസ്യോസ് ക്റൂബിം എന്ന എബ്രായ ശബ്ദത്തിന് “പരിജ്ഞാനപൂർണ്ണത” എന്ന നിരുക്തം കൊടുക്കുന്നുണ്ട്. ഇത് സ്വീകാ ര്യമെങ്കിൽ കെരൂബുകൾ എന്ന പേരു സൂചിപ്പിക്കുന്നത് ദൈവത്തെ അടുത്ത് കണ്ടറിയുന്നതിനുള്ള കഴിവാണ്. ആഴമായ ദൈവജ്ഞാനവും അടുത്ത ദൈവദർശനവും നൽകുന്ന ‘പരിജ്ഞാനപൂർണ്ണത’ ചുറ്റുമുള്ള വരിലേക്ക് പകർന്ന് അവരെ ദൈവകാരുണ്യത്തിലേക്കും ദൈവദർശന ത്തിലേക്കും വളർത്തുകയാണ് കെറൂബുകൾ.

യെഹസ്ക്കിയേൽ പ്രവചനം അനുസരിച്ച് കെറൂബുകൾക്ക് നന്നാലു മുഖങ്ങളും (സിംഹം, കാള, കഴുകൻ, മനുഷ്യൻ) നന്നാലു ചിറകുകളു മുണ്ട് (യെഹ. 1:6-11; 10:1). ദൈവസാന്നിധ്യം അഗ്നിതേജസ്സായിട്ടാണ് യെഹസ്ക്കിയേൽ കാണുന്നത്. അഗ്നിതേജസ്സിനു ചുറ്റും നിന്നുകൊണ്ട് ഈരണ്ടു ചിറകുകൾ വിടർത്തി തമ്മിൽ തൊട്ടും ഈരണ്ടു ചിറകു കൊണ്ട് ശരീരം മറച്ചും തേജസ്സിനൊപ്പം കെറൂബുകൾ സദാ നീങ്ങി ക്കൊണ്ടിരിക്കുന്നു. ദൈവതേജസ്സിന്റെ സാമീപ്യംകൊണ്ട് തേജസ്സു ധരി ച്ചിരിക്കുന്ന കെരൂബുകളെ തേജസ്സിന്റെ കെരൂബുകൾ എന്ന് എബ്രാ. 9:5-ൽ പറയുന്നു. “യഹോവയുടെ മഹത്വം (തേജസ്സ്) സ്വസ്ഥലത്തു നിന്ന് അനുഗ്രഹിക്കപ്പെടുമാറാകട്ടെ” (യഹ. 3:12) എന്ന സ്തുതിഗീതം

അനവരതം ചൊല്ലിക്കൊണ്ടാണ് കെറൂബുകൾ ദൈവസന്നിധിയിൽ നിൽക്കുന്നത്. കെറൂബുകളുടെ മദ്ധ്യേ അഗ്നിതേജസ്സായി പ്രത്യക്ഷനായിരിക്കുന്ന ദൈവത്തോട് "കെറൂബുകളിൽ അധിവസിക്കുന്നവനേ പ്രകാശിക്കണമേ" എന്നു സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു (സങ്കീ. 80:1).

യിസ്രായേല്യരുടെ വിശ്വാസമനുസരിച്ച് നിയമം (തോറാ) ദൈവസാന്നിധ്യം തന്നെയാണ്. നിയമപ്പെട്ടകത്തിനു മുകളിലുള്ള കൃപാസനത്തിൽ ദൈവം നിവസിക്കുന്നു. ഇത് സൂചിപ്പിക്കുന്നതിന് കൃപാസനത്തിന്റെ രണ്ടറ്റത്തും പിടിപ്പിച്ചിരിക്കുന്ന രണ്ടു കെറൂബുകൾ കൃപാസനത്തെ മൂടിക്കൊണ്ടു നിൽക്കുന്നു. യെറുശലേം ദേവാലയത്തിന്റെ അന്തർമന്ദിരത്തിനു നടുവിൽ വിടർത്തിയ ചിറകുകളോടെ ഉണ്ടാക്കിവച്ചിരുന്ന കെറൂബുകളും ദേവാലയത്തിന്റെ ചുവരുകളിലും കതകുകളിലും കൊത്തിയുണ്ടാക്കി വച്ചിരുന്ന കെറൂബുകളും ദൈവസാന്നിധ്യമാണ് സൂചിപ്പിച്ചിരുന്നത് (1 രാജാ. 6:25–35).

യശയ്യാ പ്രവചനത്തിലെ ആറാറുചിറകുകളുള്ള സെറാഫുകളും (യെശ. 6:1–6) യെഹസ്ക്കിയേൽ പ്രവചനത്തിലെ നന്നാലു മുഖങ്ങളും നന്നാലു ചിറകുകളുമുള്ള കെറൂബുകളും ചേർന്നു വരുന്നതാവണം വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നാലു ജീവികൾ (വെളി. 4:6–8).

യാക്കോബിന്റെ തക്സായിൽ 'അനേകം കണ്ണുകളുള്ള ക്രോബേന്മാർ' എന്ന വിശേഷണം കാണുന്നുണ്ട്. പന്ത്രണ്ട് ശ്ലീഹന്മാരുടെ തക്സായിൽ 'നന്നാലു മുഖങ്ങളുള്ള ക്രോബേന്മാർ' എന്നും കാണുന്നു. യഹസ്കിയേൽ പ്രവചനത്തിൽ കെറൂബുകൾക്ക് നന്നാലു മുഖങ്ങളുണ്ടല്ലോ. കെറൂബുകളുടെ പരിജ്ഞാനപൂർണ്ണതയുടെ അടിസ്ഥാനം അവയുടെ എട്ടുകണ്ണുകളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അറിവിന്റെ ആഴവും പരപ്പുമാണ് ഈ അനേകം കണ്ണുകൾ സൂചിപ്പിക്കുന്നത്. ഈ പരിജ്ഞാനം ഒരുവശത്ത് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവത്തെ അടുത്ത് ആഴമായി അറിയുന്നതിനും ലോകത്തിലേക്ക് തിരിഞ്ഞ് മനുഷ്യരെ ആഴമായും സമഗ്രമായും അറിയുന്നതിനുമുള്ള കഴിവിനെ സൂചിപ്പിക്കുന്നു. ഇങ്ങനെ ക്രോബേ ശബ്ദത്തിനുള്ള 'പരിജ്ഞാന പൂർണ്ണത' എന്ന നിരുക്തം കെറൂബുകൾ അന്വർത്ഥമാക്കിയിരിക്കുന്നു.

സെറാഫുകളുടെ സ്തുതിവചനം 'യഹോവ പരിശുദ്ധൻ.... പരിശുദ്ധൻ... പരിശുദ്ധൻ' എന്നാണെങ്കിൽ കെറൂബുകളുടേത് 'യഹോവ വാഴ്ത്തപ്പെട്ടവൻ' എന്നാകുന്നു. അതുകൊണ്ടത്രെ മാർ യാക്കോബിന്റെ തക്സായിൽ 'ക്രോബേന്മാരാൽ വാഴ്ത്തപ്പെടുന്നവനും സ്രോപ്പേന്മാരാൽ കാദീശ് പാടപ്പെടുന്നവനും' എന്ന് ദൈവത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്.

**3. മൗത്ത്ബേ** (സിംഹാസനങ്ങൾ; thrones; ഗ്രീക്ക്: thronoi).

ദൈവവാഹികളായ സ്വർഗ്ഗീയ ഗണമാണ് സിംഹാസനങ്ങൾ. ദൈവിക നിവാസത്തിനു വേണ്ടി സദാ ഒരുങ്ങി ദൈവാഗമനം എപ്പോഴും സ്വാഗതം ചെയ്ത് അവ നിലകൊള്ളുന്നു. കെറൂബുകളെത്തന്നെയാണ് ദൈവിക സിംഹാസനങ്ങളായി സങ്കീർത്തനക്കാരൻ കാണുന്നത് (സങ്കീ. 80:1; 99:1). ദാനി. 7:9-ലും വെളി. 4:2-6 ലും ദൈവസിംഹാസനം സ്വർഗ്ഗീയ ഗണമായി പരാമർശിക്കപ്പെടുന്നില്ല. ദൈവിക തേജസ്സും പ്രകാശവും കൊണ്ട് ശോഭാപൂർണ്ണമായ ദൈവനിവാസസ്ഥാനമായി അതിനെ ചിത്രീകരിച്ചിട്ടുമുണ്ട്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി വി. പൗലോസ് സിംഹാസനങ്ങളെ സ്വർഗ്ഗീയ ഗണങ്ങളിൽ ഒന്നായി പറഞ്ഞിരിക്കുന്നു (കോലോ. 1:16).

**4. മോറാവോസോ** (കർത്തൃത്വങ്ങൾ; dominions; ഗ്രീക്ക്: Kyriotes)

ത്രിവൃന്ദങ്ങളുടെ രണ്ടാം സംഘത്തിൽ ആദ്യത്തേതാണ് 'മോറാവോസോകൾ' അഥവാ കർത്തൃത്വങ്ങൾ' (എഫേ. 1:21. കൊലോ. 1:16). ലോകത്തിൽ കർത്തൃത്വങ്ങൾ ഉണ്ട്. ഭീതിയും ദാസ്യത്വവുമാണ് ലോകത്തിലെ കർത്തൃത്വങ്ങൾ നൽകുക. അവ ദൈവത്തിന്റെ കർത്തൃത്വത്തിൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതല്ല. ദൈവികമായ കർത്തൃത്വമാകട്ടെ സ്നേഹവും സ്വാതന്ത്ര്യവും നൽകുന്നു. കർത്തൃത്വത്തിന്റെ ലോകമാതൃകകളോടു പൊരുത്തപ്പെടാതെ അതിൽനിന്നും ഉയർന്ന് നിരന്തരം ദൈവത്തിങ്കലേക്കു തിരിഞ്ഞ് കർത്തൃത്വത്തിന്റെ നിത്യവും ദൈവികവുമായ സ്രോതസ്സിൽ പങ്കാളികളാവുകയും താഴെയുള്ളവരെ അതിലേക്ക് ആകർഷിച്ച് ആനയിച്ച് അവരേയും അതിൽ പങ്കുകാരാക്കുകയുമാണ് സ്വർഗ്ഗീയ വൃന്ദമായ കർത്തൃത്വങ്ങൾ.

**5. ഹൈലേ / ഹൈലാവോസോ** (ശക്തികൾ; powers; ഗ്രീക്ക്: dynameis)

എഫേ. 1:21; 1 പത്രോ. 3:22 എന്നീ ഭാഗങ്ങളിൽ സ്വർഗ്ഗീയ ഗണമായ "ശക്തികളെ" സംബന്ധിച്ച പരാമർശം കാണാം. ദൈവികകാര്യങ്ങൾ പൂർത്തിയാക്കുന്നതിൽ ഉലഞ്ഞുപോകാത്ത ധൈര്യവും സ്ഥൈര്യവും "ശക്തികൾ" പ്രദർശിപ്പിക്കുന്നു. അശേഷം അലസതയും ഉദാസീനതയും കൂടാതെ സദാ ദിവ്യപ്രകാശം സ്വീകരിച്ച് ദൈവീകരിക്കപ്പെടുകയും ചുറ്റുമുള്ളവരെ ദൈവീകരണ പ്രക്രിയയിലേക്ക് ആവാഹിക്കുകയും ചെയ്യുന്നവരാണ് ശക്തികൾ.

**6. ശുൽത്തോനേ / ശാലീത്തോനേ** (അധികാരങ്ങൾ; authorities; ഗ്രീക്ക്: exousiai)

എഫേ. 1:21; 3:10, കൊലോ. 1:16; 2:10; 1 പത്രോ. 3:22 എന്നീ ഭാഗങ്ങളിലാണ് “അധികാരങ്ങൾ” എന്ന സ്വർഗ്ഗീയ ഗണത്തെക്കുറിച്ചു പരാമർശിച്ചിരിക്കുന്നത്. അധികാരം മേൽക്കോയ്മയല്ല. സർവ്വ അധികാരങ്ങളുടെയും ഉറവിടവും അടിസ്ഥാനവുമായ പരമാധികാരിയായ ദൈവത്തോട് നിരന്തരം താദാത്മ്യം പ്രാപിക്കുമ്പോൾ മാത്രമേ അധികാരത്തിന്റെ യഥാർത്ഥ പൊരുൾ വെളിവായ് വരികയുള്ളു. സൃഷ്ടിയെ ഒരു താളലയത്തിൽ ഇണക്കി ദൈവസന്നിധിയിലേക്കു കൂട്ടിക്കൊണ്ടു പോകാനുള്ള ദൗത്യം “അധികാരങ്ങൾ” എന്ന ദിവ്യസംഘത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

**7. റീശൻവോസോ / അർക്കാവോസ്** (വാഴ്ചകൾ; rules; ഗ്രീക്ക്: archai)

എഫേ. 1:21; 3:10; കൊലൊ. 1:16; 2:10 എന്നീ ഭാഗങ്ങളിൽ സ്വർഗ്ഗീയ ഗണമായ ‘വാഴ്ചകളെ’പ്പറ്റി പറഞ്ഞിരിക്കുന്നു. വാഴ്ച എന്ന് അർത്ഥമുള്ള arche എന്ന ഗ്രീക്ക് പദത്തിന്റെ സുറിയാനിരൂപമാണ് ‘അർക്കാവോസ്.’ സ്വർഗ്ഗീയവും രാജകീയവുമായ പ്രാമാണികതയാണ് ‘വാഴ്ചകൾ’ എന്ന പേരു സൂചിപ്പിക്കുന്നത്. എല്ലാ പ്രമാണങ്ങൾക്കും സ്രോതസ്സായ പ്രമാണത്തിന് അഭിമുഖമായി നീങ്ങിക്കൊണ്ട് സർവ്വത്തേയും ആ ആത്യന്തിക പ്രമാണത്തിലേക്ക് ഒരു രാജാവിനെപ്പോലെ വഴി നയിക്കുന്നവരാണ് പ്രാമാണികരായ വാഴ്ചകൾ എന്ന സ്വർഗ്ഗീയ സംഘം.

**8. റീശൈ മാലാഖേ** (പ്രധാന ദൂതന്മാർ; archangels; ഗ്രീക്ക്: archangeloi)

മാലാഖ (ദൂതൻ) ദൈവത്തിന്റെ ദൈവിക ദൂത് വഹിക്കുന്നവരും വ്യാഖ്യാനിക്കുന്നവരുമാണ്. ദൈവത്തിൽ നിന്ന് സന്ദേശം സ്വീകരിച്ച് മനുഷ്യർക്ക് സംവേദിക്കുകയാണ് മാലാഖകളുടെ കർത്തവ്യം. ഈ കർത്തവ്യനിർവഹണത്തിൽ മാലാഖമാരോട് കൂട്ടുത്തരവാദികളായി നേതൃത്വം വഹിക്കുന്നവരാണ് പ്രധാന മാലാഖമാർ. ദാനി. 10:13–21; 12:1; 1 തെസ്സ. 4:16; യൂദാ 9 എന്നീ ഭാഗങ്ങളിൽ പ്രധാന ദൂതൻ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. യൂദാ 9–ൽ മീഖായേൽ പ്രധാന ദൂതൻ എന്നു പറഞ്ഞിരിക്കുന്നു. പാരമ്പര്യപ്രകാരം ഗബ്രിയേലും പ്രധാന ദൂതനാണ്.

**9. മാലാഖേ** (ദൂതന്മാർ; angels, ഗ്രീക്ക്: angeloi)

സെറാഫുകളിൽ ആരംഭിക്കുന്ന ദൂതഗണങ്ങളിൽ അവരോഹണക്രമത്തിൽ ഒടുവിലത്തേതാണ് മാലാഖമാർ. ദൈവനിശ്ചയങ്ങളും സന്ദേശങ്ങളും മനുഷ്യന് വെളിപ്പെടുത്തി വ്യാഖ്യാനിച്ചു കൊടുക്കാനുള്ള പ്രത്യേക നിയോഗമുള്ളതുകൊണ്ടും മനുഷ്യരോട് അടുത്ത് നിൽക്കുന്ന

തുകൊണ്ടും ഈ ഗണത്തിന് 'ദൂതന്മാർ' എന്ന പദം കൂടുതൽ യോജിക്കുന്നു. മനുഷ്യരെ ദൈവികദൂത് നൽകി ദിവ്യപ്രകാശം കൊണ്ടു നിറച്ച് ദൈവസന്നിധിയിലേക്ക് ഉയർത്തി ദൈവീകരിക്കുകയാണ് ദൈവദൂതന്മാർ.

വെളിപാട് പുസ്തകം 5:11-ൽ ദൂതന്മാരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരംആയിരവുമായി പറഞ്ഞിരിക്കുന്നു. ആയിരമായിരം പത്തുലക്ഷവും പതിനായിരംപതിനായിരം പത്തുകോടിയും വരും. എന്നാൽ ഈ പ്രയോഗം വഴി മാലാഖമാരെ എണ്ണിത്തിട്ടപ്പെടുത്തുകയല്ല; മറിച്ച് എണ്ണിത്തിട്ടപ്പെടുത്താവുന്നതിലും അധികമാണ് അവരുടെ സംഖ്യ എന്ന് സൂചിപ്പിക്കുകയാണ്. ഇക്കാരണത്താലാണ് ചില തക്സാകളിൽ മാലാഖമാരെക്കുറിച്ച് ആയിരംആയിരമെന്നും പതിനായിരംപതിനായിരമെന്നും പരാമർശിക്കുമ്പോൾ മറ്റ് ചില തക്സാകളിൽ 'എണ്ണപ്പെടാൻ പാടില്ലാത്തവരായ സ്വർഗ്ഗീയഗണങ്ങൾ' എന്ന് പരാമർശിച്ചിരിക്കുന്നത്. ഇതേ കാരണത്താൽ തന്നെയാണ് എബ്രാ. 12:22-ൽ അനേകായിരം ദൂതന്മാരുടെ സർവ്വസംഘം എന്നു പറഞ്ഞിരിക്കുന്നതും. ഇവയെല്ലാം മാലാഖമാരുടെ സംഖ്യാതീത തലമാണ് സൂചിപ്പിക്കുന്നത്.

മുൻപറഞ്ഞ 9 വൃന്ദങ്ങൾ കൂടാതെ മറ്റു മൂന്നു വൃന്ദം മാലാഖമാർ കൂടെ ഉണ്ടായിരുന്നു എന്നും ഈ ത്രിവൃന്ദങ്ങൾ സ്വർഗ്ഗത്തിൽ നിന്നും പതിച്ചുപോയതാണ് പൈശാചിക സൈന്യം എന്നും സുറിയാനി പാരമ്പര്യത്തിൽ കാണുന്നു. "പ്രകാശവാഹികൾ" എന്നർത്ഥം വരുന്ന *ശ്ഖീലായ് നൂറോ* എന്നാണ് സുറിയാനിയിൽ വീണുപോയ ദൂതന്മാരുടെ നാമം. യെശ. 14:12-ൽ കാണുന്ന "അരുണോദയപുത്രന്റെ" പതനം (ബാബിലോൺ രാജാവിന്റെ പതനമായിട്ടാണ് പ്രത്യക്ഷത്തിൽ നൽകേണ്ട വ്യാഖ്യാനം) മാലാഖമാരുടെ പതനത്തെ സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കുന്ന പാരമ്പര്യം ഉണ്ട്. പുരാതന ലത്തീൻ പരിഭാഷയിൽ "അരുണോദയപുത്രനായ ശുക്രൻ" എന്നതിന് ലൂസിഫർ ('പ്രകാശവാഹകൻ') എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ലൂക്കോ. 10:18-ൽ "സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്നു വീഴുന്നത് ഞാൻ കണ്ടു" എന്ന കർത്താവിന്റെ വാക്കുകൾ യെശ. 14:12-മായി ബന്ധിപ്പിച്ച് വി. ജറോം ലൂസിഫറിനെ പൈശാചിക ശക്തികളുടെ പ്രതീകമായി കാണുന്നു. വാഴ്ചകൾ, അധികാരങ്ങൾ, ശക്തികൾ എന്നീ പദങ്ങൾ വി. പൗലോസ് മറ്റു ചില ഭാഗങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഇത് പൈശാചികശക്തികളെ ഉദ്ദേശിച്ചാണെന്ന് സന്ദർഭംകൊണ്ട് വ്യക്തമാവുന്നു (1 കോരി. 15:24; എഫേ. 6:12; കൊലോ. 2:15).

മുൻകൊടുത്തിരിക്കുന്ന ചർച്ചയുടെ വെളിച്ചത്തിൽ, ആകെ 12 വൃന്ദം

മാലാഖമാർ; മൂന്നു വൃന്ദങ്ങൾ വീതമുള്ള നാലു ത്രിവൃന്ദങ്ങൾ; നാലാമത്തെ ത്രിവൃന്ദം ദൈവസന്നിധിയിൽ നിന്നും നിഗളിച്ച് നിപതിച്ചു പോയി. ആദ്യത്തെ മൂന്നെണ്ണം ദൈവസന്നിധിയിൽ തന്നെ നിലനിൽക്കുന്നു. വി. പൗലോസ് അപ്പോസ്തോലന്റെ ലേഖനങ്ങളിൽ ഹൈലേ (ശക്തികൾ), ശൂൽത്തോനേ (അധികാരങ്ങൾ), റീശൻവോസോ (വാഴ്ചകൾ), മാലാഖേ (ദൂതന്മാർ) എന്നീ നാമങ്ങൾ ദൈവസന്നിധിയിൽ നിലനിൽക്കുന്ന മാലാഖമാർക്കും ദൈവസന്നിധിയിൽ നിന്ന് നിപതിച്ചുപോയ മാലാഖമാർക്കും ഉപയോഗിക്കുന്നുണ്ട്. നിലനിൽക്കുന്ന മാലാഖമാരിൽ ഈ പേരുകൾ ഉള്ള വൃന്ദങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ മുകളിൽ കൊടുത്തിട്ടുണ്ട്. നിപതിച്ചുപോയ മാലാഖമാരിൽ ഈ പേരുകൾ തന്നെയുള്ള വൃന്ദങ്ങളെക്കുറിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ ഇവയാണ്: ഹൈലേ (ശക്തികൾ): റോമ. 8:38; 1 കൊരി. 15:24, ശൂൽത്തോനേ (അധികാരങ്ങൾ): 1 കൊരി. 15:24; കൊലോ. 2:15; എഫേ. 6:12, റീശൻ വോസോ (വാഴ്ചകൾ): റോമ. 8:38; 1 കൊരി. 15:24; കൊലോ. 2:15; എഫെ. 6:12, മാലാഖേ (ദൂതന്മാർ): റോമ. 8.38.

## ദൂതവൃന്ദങ്ങൾ

### (അവരോഹണക്രമത്തിൽ)

| മലയാളം | സുറിയാനി | എബ്രായ | ഗ്രീക്ക് | ഇംഗ്ലീഷ് |
|---|---|---|---|---|
| **1. ഒന്നാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| സെറാഫുകൾ<br>കെറൂബുകൾ<br>സിംഹാസനങ്ങൾ | സ്രോപ്പേ<br>ക്രോബേ<br>മൗത്ത്ബേ | സെറാഫിം<br>ക്റൂബിം<br>...... | Seraphin<br>Cheroubin<br>thronoi | Seraphim<br>Cherubim<br>thrones |
| **2. രണ്ടാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| കർത്തൃത്വങ്ങൾ<br>ശക്തികൾ<br><br>അധികാരങ്ങൾ | മോറാവോസോ<br>ഹൈലേ<br>(ഹൈലാവോസോ)<br>ശൂൽത്തോനേ<br>(ശാലീത്തോനേ) | ......<br>........<br><br><br>........ | Kyriotetes<br>dynameis<br><br><br>exousiai | dominions<br>powers<br><br><br>authorities |
| **3. മൂന്നാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| വാഴ്ചകൾ<br><br>പ്രധാന ദൂതന്മാർ<br>ദൂതന്മാർ | റീശൻവോസോ<br>(അർക്കാവോസ്)<br>റീശൈമാലാഖേ<br>മാലാഖേ | ......<br><br>.......<br>......... | archai<br><br>archangeloi<br>angeloi | rules<br><br>archangels<br>angels |

വേദപുസ്തകപാരമ്പര്യത്തിൽ ദൈവസാന്നിധ്യത്തെ ദൈവതേജസ്സു കൊണ്ട് സൂചിപ്പിച്ചിട്ടുണ്ട് (പുറ. 24:12–18). ദൈവദർശനം ദൈവതേജ സ്സിന്റെ ദർശനമാണ് (പുറ. 33:18–23). ദൈവീകരണം ദൈവതേജസ്സിലുള്ള പങ്കാളിത്തമാണ്; തേജസ്ക്കരണമാണ് (പുറ. 34:29–35). മാലാഖമാർ മുതൽ സെറാഫുകൾ വരെയുള്ള സ്വർഗ്ഗീയവൃന്ദങ്ങളുടെ വിവരണങ്ങ ളോടനുബന്ധിച്ച് അഗ്നി, പ്രകാശം, തേജസ്സ് എന്നീ പദങ്ങൾ കാണാം (യെശ. 6:1–7; യെഹ. 1:13; ലൂക്കോ. 2:9; എബ്രാ. 9:5; വെളി. 4:2–11). സ്വർ ഗ്ഗീയഗണങ്ങൾ ദൈവതേജസ്സിൽ പങ്കാളികളായി തേജോധാരികളായി ദൈവസന്നിധിയിൽ നിൽക്കുന്നു. അക്കാരണത്താൽ അവരെ "തേജസ്സു കൾ" എന്നും വിളിക്കുന്നുണ്ട് (2 പത്രോ. 2:10; യൂദാ 8 എന്നീ ഭാഗങ്ങളിൽ മലയാള പരിഭാഷയിൽ കാണുന്ന 'ദൂതന്മാർ' 'മഹിമകൾ' എന്നീ വാക്കു കൾക്ക് ഗ്രീക്ക് മൂലത്തിൽ കൊടുത്തിരിക്കുന്നത് 'തേജസ്സുകൾ' എന്ന ർത്ഥം വരുന്ന doxai എന്ന പദമാണ്).

അരിയോപഗയിലെ ദീവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്നപ്രകാരം ദൈവീകരണത്തിന് മൂന്നു ഘട്ടങ്ങൾ ഉണ്ട്: ശുദ്ധീകരണം, പ്രകാശനം, സമ്പൂർണ്ണത. ദൈവസാന്നിധ്യത്തിൽ ശുദ്ധീകരിക്കപ്പെട്ട് പ്രകാശിക്കപ്പെട്ട് സമ്പൂർണ്ണതയിലേക്കു വളരുകയാണ് മാലാഖമാരുടെ ഈ വൃന്ദങ്ങൾ. ശുദ്ധീകരിക്കപ്പെടുന്തോറും കൂടുതൽ പ്രകാശിക്കുന്നു. പ്രകാശിതമാവു ന്തോറും കൂടുതൽ ശുദ്ധീകരിക്കപ്പെടുന്നു. രണ്ടും പൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്ക് നയിക്കുന്നു. ഒരു ചക്രത്തിലെ ആരക്കാലുകൾ പോലെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അനവരതം നീങ്ങി ദൈവോന്മുഖ മായി ദൈവജ്ഞാനത്തിന്റെയും ദൈവദർശനത്തിന്റെയും ദൈവീകരണ ത്തിന്റെയും സമ്പൂർണ്ണതയിലേക്കു ക്രമാനുഗതമായി അവ ചലിക്കുന്നു. ദൈവസന്നിധിയിൽ സ്വർഗ്ഗീയഗണങ്ങളോടൊത്ത് ആരാധിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെയും ആത്യന്തിക ലക്ഷ്യം ദൈവീക രണം തന്നെ.

*(ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ രചിച്ച 'ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ' എന്ന ഗ്രന്ഥത്തോട് കടപ്പാട്)*

# 25

# വ്യത്യസ്ത വിശ്വാസങ്ങൾ

### ഹൈന്ദവ വിശ്വാസം

ഇതിൽ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ ഇങ്ങനെ ത്രിത്വം ഉണ്ട്. ഇതിൽ പ്രഥമ പുരുഷൻ ശിവൻ ആണ്. ഇവിടെ ദേവലോകവും, ദേവന്മാരും, അസുരന്മാരും തമ്മിൽ ഉള്ള മത്സരങ്ങളും യുദ്ധങ്ങളും കാണുവാൻ സാധിക്കും. അങ്ങനെ ദേവലോകത്തു നിന്നും തള്ളപ്പെട്ടവർ അസുരന്മാർ ആകുന്നു. ഇതിൽ പ്രധാനിയായ ഒരു അസുരൻ ശിവനെ കൊല്ലുവാനും സർവ്വലോകവും പിടിച്ചടക്കുവാനും അവൻ നാശം വിതക്കുന്നു. ഇതറിഞ്ഞ ശിവൻ തന്റെ തൃക്കണ്ണ് തുറന്ന് ഭദ്രകാളിയെ സൃഷ്ടിക്കുന്നു. അങ്ങനെ ആ ശക്തി ദുഷ്ടനായ അസുരന്റെ തല അറുക്കുന്നതും കോപം ശമിപ്പിക്കുവാൻ ശിവൻ തന്നെ ഭദ്രകാളിയുടെ വഴിയിൽ കിടന്നു എന്നും അങ്ങനെ കോപം ശമിക്കുന്നു എന്നും കഥയുണ്ട്. ഇതേപോലെ ഭൂമിയിൽ ജനിച്ച എല്ലാ മനുഷ്യനിലും ദേവഗണവും അസുരഗണവും ഉണ്ട്. ഇതേ അവസ്ഥ തന്നെയാണ് ഇതര ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ജന്മവും വ്യത്യസ്തമല്ല. എന്നാൽ എല്ലാ കഥയ്ക്കും അവസാനം ഉണ്ട്. ക്രിസ്തുവിനെ സംബന്ധിച്ച് അവസാനം ഇല്ല. കാരണം ക്രിസ്തു മൂലം ദേവന്മാരായിരുന്ന ഒരു വിഭാഗം തിന്മ ചെയ്തതുമൂലം മുനുഷ്യജന്മം ആയിത്തീരുന്നു. ഇവരുടെ നാശത്തിൽ നിന്നും ഇവർക്ക് മോക്ഷം നേടുവാനുള്ള പ്രത്യാശയുടെയും വീണ്ടെടുപ്പിന്റെയും ഉറവ ക്രിസ്തു നമുക്കായി ഒരുക്കിയിരിക്കുന്നു. എല്ലാം ഒരു വേദത്തിൽ നിന്നും ഉണ്ടായി എങ്കിലും മനുഷ്യന് ഉൾക്കൊള്ളുവാൻ പ്രയാസമാണ് ഇതെല്ലാം. എങ്കിലും മനുഷ്യന് ഉൾക്കൊള്ളുവാൻ തക്കവണ്ണം മനുഷ്യരിൽ ഒരുവനായി ജന്മമെടുത്ത് ക്രിസ്തു യേശുവായി ജീവിച്ചു. യേശുവിന്റെ പൂർണ്ണമായ അവസ്ഥ നമുക്ക് ചിന്തിക്കുവാൻ പ്രയാസം തന്നെ. ഇസ്രായേൽ ജനതയുടെ മരുഭൂപ്രയാണ യാത്രയിൽ കൈപ്പണിയായ പല വിഗ്രഹങ്ങളെയും മനുഷ്യൻ ഉണ്ടാക്കി ആരാധിച്ചിരുന്നു. ഇത് മനസ്സിലാക്കിയ ദൈവം മോശയോട് പറഞ്ഞ് ഒരു സമാഗമന കൂടാരം പണിയിക്കുന്നു. ഈ കൂടാരത്തിൽ ദൈവത്തിന്റെ നിയമവും കൽപ്പനകളും വയ്ക്കുന്നു. ദൈവം കൽപ്പിച്ചതല്ലാതെ വേറെ കൂടാരം ആരെങ്കിലും നിർമ്മിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകുന്നു. എന്നാൽ മനഷ്യരല്ലേ, അവർ യഥേഷ്ടം ഉണ്ടാക്കുകയും ലോകത്തിന്റെ നാനാഭാഗങ്ങളിലും കൂട്ട് കൂടുകയും ചെയ്യുന്നു. ഒപ്പം അവരുടെ ഹിതം അനുസരിച്ച് ദേവന്മാരും ഗ്രന്ഥങ്ങളും

കഥകളും ഉണ്ടാവുന്നു. മൂന്ന് ഘട്ടങ്ങളിലും അതാത് സ്ഥലങ്ങളിൽ വിശ്വാസങ്ങളും വ്യത്യാസമില്ലാതെ തുടരുന്നു. എന്നിരുന്നാലും യഥാർത്ഥ കൂടാരം യറുശലേമിൽ ശലോമോൻ സ്ഥാപിച്ച ദേവാലയത്തിൽ വയ്ക്കുകയും നിയമം അവിടെ സ്ഥാപിതമാക്കുകയും ചെയ്യുന്നു. മോശ അഞ്ച് പുസ്തകങ്ങൾ എഴുതി. ഇവയിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ആരാധന നടത്തുന്നത് ഇന്നും നമുക്ക് കാണാം. എല്ലാം അന്ന് രക്താർപ്പിത ബലി ആയിരുന്നു. അതിലെ ദൈവത്തിന്റെ ഉദ്ദേശ്യം മനുഷ്യന് അറിയില്ലായിരുന്നു. എന്നാൽ ക്രിസ്തു ഭൂമിയിൽ വന്നതോടെ അതിന്റെ ആവശ്യം ഇല്ലാതാവുന്നു. മരുഭൂമിയിലെ നാൽപ്പത് വർഷക്കാലം മനുഷ്യനെ ദൈവം സാത്താന്റെ അടിമയിൽ നിന്നും മോചിപ്പിച്ച് എടുക്കുവാൻ വേണ്ടി അങ്ങനെയൊക്കെ കടുത്ത നിയമങ്ങൾ കൊടുത്ത് അവർ ഭയത്തോടെ തങ്ങളുടെ നടത്തിപ്പ് മോശ മുതലായ പ്രവാചകന്മാരിലും പുരോഹിതന്മാരിലും സമർപ്പിക്കപ്പെടുന്നു. അങ്ങനെ സാത്താന്റെ അടിമത്വം ക്രിസ്തുവിൽ ആയിത്തീരുന്നു. വിശുദ്ധ ഗ്രന്ഥം എഴുതുമ്പോൾ ചിന്തകന്മാർക്കും വിവർത്തകർക്കും ചേർക്കപ്പെടുവാൻ സാധിക്കാതെ പോയ ഒരു കണ്ണിയാണ് ദൈവരാജ്യത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖമാർ തന്നെയാണ് മനുഷ്യൻ എന്നുള്ളത്. എന്നാൽ ഇന്ന് നാം അറിഞ്ഞ് വച്ചിരിക്കുന്നതിന്റെ പൂർണ്ണചരിത്രം തെളിവായ് വരും. സ്വയം ചിന്തിച്ചാൽ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും പ്രപഞ്ചത്തിന്റെ ഉത്ഭവം മുതൽ അവസാനംവരെ ഏകദേശം മനസ്സിലായി വരും. ഒരു മതം മറ്റൊരു മതത്തെ ന്യായീകരിക്കുകയും കുറ്റം വിധിക്കുകയും ചെയ്യുന്നു. സത്യം മനസ്സിലാക്കിയാൽ ചോദ്യങ്ങൾ ഉണ്ടാവില്ല. ഉത്തരങ്ങൾ താനെ വെളിപ്പെടും. എന്നും സാമുദായിക സെമിനാറുകളും, മതഗ്രന്ഥങ്ങളുടെ ആവർത്തനവും സുവിശേഷ പ്രസംഗങ്ങളുടെ ആവർത്തനവിരസതയും ഒഴിവാക്കാൻ സാധിക്കും. ദൈവത്തെ സ്വയം അറിയുവാനും സത്യം മനസ്സിലാക്കി തന്റെ സൃഷ്ടികർത്താവിനെ ആരാധിക്കുവാനും ഈ കണ്ണി സഹായകമാകും. ലോകത്ത് മനുഷ്യന്റെ പ്രശ്നങ്ങൾക്ക് കാരണം അജ്ഞതയും മനുഷ്യനോടുള്ള ചൂഷണവും, അധികാരമോഹവും മറ്റുള്ളവരെ കീഴ്പ്പെടുത്തുവാനുള്ള അഹങ്കാരവും ആകുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യനിലും ശക്തരായ മറ്റ് ജീവജാലങ്ങളെ ദൈവം മനുഷ്യന് കീഴ്പ്പെടുത്തുവാൻ കൊടുക്കുന്നു. എന്നാൽ സമസൃഷ്ടിയായ മനുഷ്യൻ തമ്മിൽ ഉള്ള വേർതിരിവ് അവന്റെ അഹങ്കാരം ആണ്. ഇതാണ് അവൻ ദൈവത്തെപ്പോലും ധിക്കരിക്കുന്നത്. ഏദനിൽ നിന്നും നാല് വിശ്വാസ നദികൾ ഉത്ഭവിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലായി നിറഞ്ഞ് കിടക്കുന്നു. ഇത് നാലും ഇന്ന് ഉള്ള നാല് മതങ്ങൾ ആണ്. ഹിന്ദുമതം, യഹൂദമതം, ക്രിസ്തുമതം, മുസ്ലീം മതം. എല്ലാം ഒരു വിശ്വാസ നദിയിൽ നിന്നും നാല് ശാഖകളായി പിരിഞ്ഞിരിക്കുന്നു. അതിനാൽ ദൈവം

ഒന്ന്. ഈശ്വരൻ, യാഹ്, യഹോവ (അൽയാഹ് - അള്ളാഹു). മനുഷ്യൻ തന്നെയാണ് വേർതിരിച്ച് പല പേരുകളിൽ ആക്കിയിരിക്കുന്നത്. ഇതും ദൈവത്തിന്റെ പദ്ധതികൾക്ക് പുറത്തല്ല. മഹാഭാരത കഥയിൽ കുരുക്ഷേത്ര യുദ്ധം ഉണ്ടാകുന്നു. ഇത് മനുഷ്യന്റെ ആൾബലവും അധികാരവും കൊണ്ട് ഉണ്ടായതാണ്. സമരായ സഹോദരങ്ങൾ തമ്മിൽ ശത്രുക്കൾ ആകുന്നു. കൗരവർ "101" പേരും പാണ്ഡവർ "5" പേരും. ഇവിടെ ദൈവികസാന്നിധ്യം ന്യൂനപക്ഷമായ പാണ്ഡവർക്കൊപ്പം ആയിരുന്നു. അതിനാൽ കൗരവരെ യുദ്ധത്തിൽ തോൽപ്പിക്കുവാൻ ന്യൂനപക്ഷമായ പാണ്ഡവർക്ക് സാധിക്കുന്നു. ഇന്നും അത് നിലനിൽക്കുന്നു. ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ ചിന്തിക്കാതെ മനുഷ്യനായി ജീവിക്കുക.

# 26

# ദൈവപദ്ധതി അഗാധം തന്നെ

ഞാൻ ഈ പുസ്തകം എഴുതിയത് എന്റെ ശൈശവത്തിൽ എന്നോ പിതാക്കന്മാർ പകർന്നു നൽകിയ കഥയുടെ ആരംഭമായിരുന്നു. ശേഷം എന്റെ 12-ാം വയസ്സിൽ ഇന്നേക്ക് ഏകദേശം 33 വർഷം മുമ്പ് ഞാൻ കണ്ട യാഥാർത്ഥ്യവും ഇതിന്റെ പിന്നിൽ ഉണ്ട്. എന്റെ ചെറുപ്പകാലം മുതൽ പ്രപഞ്ചത്തെ കൺനിറച്ച് കാണുവാൻ ഉറക്കം വളരെ കുറച്ച് മാത്രം ഉള്ളവനായിരുന്നു ഞാൻ. ഒരു പൂർണ്ണ ചന്ദ്രഗ്രഹണം നടക്കുന്ന രാത്രിയിൽ ഞാൻ എന്റെ പിതാവ്, മാതാവ് ഉറങ്ങാതെ രാത്രി 12 മണി കഴിഞ്ഞും ചന്ദ്രഗ്രഹണം കണ്ട് നിൽക്കുന്നു. ഞങ്ങളുടെ ഭവനം റോഡിന്റെ സൈഡിൽ ആണ്. ഏകദേശം വിജനം. വാഹനങ്ങളുടെ ശബ്ദ മൊന്നും ഇല്ലാത്ത സമയം. ഗ്രഹണം കഴിഞ്ഞ ചന്ദ്രൻ ചെമ്പ് പഴുത്ത തുപോലെ കാണപ്പെട്ടു. അപ്പോൾ രാത്രി ഒരു മണി കഴിഞ്ഞ് കാണും. ഏതോ ഒരു രൂപം റോഡിന്റെ മറു സൈഡിൽ കൂടി ചലിക്കുന്നു. ഞങ്ങൾ സൂക്ഷിച്ചു നോക്കി. ഏകദേശം വെളുത്ത ഒരു പുലിക്കുട്ടിയുടെ രൂപം. പൂച്ച എന്ന് പറയാൻ പറ്റില്ല. അസാമാന്യ വലുപ്പമുണ്ട്. ഇത് താഴെക്കൂടെ നടക്കുകയല്ല. ഒരു മനുഷ്യൻ നടന്നാൽ അവന്റെ തലയുടെതോ നെഞ്ചി ന്റേതോ അത്ര പൊക്കത്തിൽ ആണ്. സഞ്ചാരം ഒഴുകുന്നതുപോലെ. ഒരു മനുഷ്യൻ നടക്കുന്നതുപോലെ വേഗത. ഞങ്ങൾ സ്തംബ്ധരായി. ഇതു കണ്ട അമ്മ പേടിച്ച് ഒരു കല്ലിൽ തട്ടി താഴെ വീണു. പപ്പ അമ്മയെ എടുത്തു. ഞാൻ ഈ രൂപം പോകുന്ന വഴി നോക്കി. ഏകദേശം 50 മീറ്റർ മുമ്പോട്ട് പോയി താഴേക്കുള്ള വഴിയിലേക്ക് തിരിയുന്നു. ഈ സമയം ഇത് വന്നത് ഞങ്ങളുടെ വീട്ടിൽ നിന്നും നോക്കിയാൽ കാണുന്ന ദൂരം. ഒരു പെന്തക്കോസ്ത് വിശ്വാസിയായ 75 വയസ് പ്രായം ഉള്ള അപ്പച്ചന്റെ കതക് ഇല്ലാത്ത മുറിയിൽ കൂടി കടന്നാണ് രക്ഷസ്സ് വന്നത്. ഈ അപ്പ ച്ചൻ ഇത് കണ്ട് ഇതിന്റെ പുറകെ തന്റെ വടിയും എടുത്ത് വരുന്നു. ഞങ്ങളെ കണ്ട് വിവരങ്ങൾ പറഞ്ഞ് നിൽക്കുമ്പോൾ താഴെയുള്ള ഒരു ഭവനത്തിൽ നിന്നും വിലാപം കേൾക്കുന്നു. രാത്രിയുടെ നിശബ്ദതയെ കീറിമുറിച്ചുള്ള രോദനം. ഇതുമായി ബന്ധം ഉണ്ട് എന്നുള്ളത് പിന്നീ ടാണ് മനസ്സിലായത്. ചെറിയ മന്ത്രങ്ങളും പൂജകളും ചെയ്തു വന്ന കാർ ത്തികേയൻ രക്തം ചർദ്ദിച്ച് മരിച്ചു. തൽക്ഷണം അയാളുമായി അടുപ്പ മുള്ള ഒരു അമ്മാവന്റെ പുരക്ക് തീ പിടിക്കുന്നു. ഇത് എല്ലാം പത്തു മിനിറ്റുകൊണ്ട് കഴിഞ്ഞു. കാലങ്ങൾ കടന്നു. എല്ലാവരും ഇതൊക്കെ വിസ്മരിച്ചു. ശേഷം ഇന്നേക്ക് 21 വർഷം മുമ്പ് ഞാൻ മസ്ക്കറ്റിൽ

ജോലിക്ക് പോരുന്നു. ശേഷം രണ്ട് വർഷം കഴിഞ്ഞ് മസ്ക്കറ്റിൽ വച്ച് അതിശക്തമായ ഒരു സ്വപ്നം കാണുന്നു. ലോകാവസാനത്തിന്റെ യുദ്ധങ്ങളുടെ ആരവാരങ്ങൾ. വിലാപങ്ങളും സ്ഫോടനങ്ങളും മാത്രം. സഹോദങ്ങളുടെ കരച്ചിൽ. ഇതൊക്കെ നടക്കുമ്പോൾ ആരേയും സഹായിക്കാനാവാതെ ആദം ഓടുന്നു. വന്നവഴി തിരിച്ച് കേരളവും ഇന്ത്യയും ഹിമാലയവും കടന്ന് ക്രിസ്തുവിനെ ക്രൂശിച്ചതായ ഗോൽഗോഥായിൽ കയറിയപ്പോൾ ഒരു വലിയ വൃക്ഷം കടപുഴകി വീഴുന്നു, അപ്പോൾ സ്വർഗ്ഗവാതിൽ കാണുകയും ആദാമിനെ മാലാഖമാർ സ്വീകരിച്ചുകൊണ്ടുപോകുന്ന ഭാഗം കണ്ട് ഞെട്ടി ഉണർന്നു. ഇത് ഞാൻ അന്ന് പത്രത്തിന്റെ എഡിറ്ററായിരുന്ന കെ. എം. റോയിക്ക് അയച്ചു കൊടുത്തു. എന്തായി എന്ന് അറിയില്ല. ഇതും എനിക്ക് ദൈവപദ്ധതി ആയി തോന്നുന്നു. ഇപ്പോൾ ഞാൻ ഏദൻതോട്ടം കണ്ടെത്തുവാൻ ഇടയായി. പിന്നീട് ഞാൻ പല പ്രാവശ്യം നാട്ടിൽ പോകുന്നു. എന്റെ മാതാവും പിതാവും മരിച്ചു പോകുന്നു. ഇപ്പോഴും പൂച്ചരൂപമുള്ള ആത്മാവ് മനസ്സിൽ മായാതെ നിൽക്കുന്ന വെളുത്ത പൂച്ചരൂപം രക്ഷസ് ആണ് എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. അതിനാൽ ആത്മാവ് ഉണ്ട് കാണുകയും ചെയ്തു. ഇതെല്ലാം അന്ധകാര ശക്തികൾ ആണ്. പറഞ്ഞാൽ ആരും വിശ്വസിക്കില്ല. അതിനാൽ ദൈവവും ഉണ്ട് എന്ന് ഉറപ്പിക്കാം. ഇതും എന്റെ എഴുത്തിന്റെ ആദ്യഭാഗത്തിൽ ഉള്ള സംഭവ കഥയിലെ രക്ഷസ് ഉണ്ട് എന്ന ഉറപ്പിന് വേണ്ടി ആയിരിക്കും. ശേഷം ഞാൻ വിവാഹിതനായി. കുട്ടികൾ രണ്ടു പേരായി. ഭാര്യയോട് പറഞ്ഞാലും വിശ്വസിക്കാൻ പ്രയാസം. അങ്ങനെ 2006 ഡിസംബറിൽ ഞങ്ങൾ നാട്ടിൽ പോയപ്പോൾ ഈ അപ്പച്ചനെ കാണണം എന്ന് തീരുമാനിക്കുന്നു. ഇപ്പോൾ വയസ്സ് 105. ഞങ്ങൾ വന്ന വിവരം അറിഞ്ഞ് അപ്പച്ചനും ഞങ്ങളെ കാണണം എന്ന് ആരോടോ പറഞ്ഞു. അങ്ങനെ ഞങ്ങൾ ഞാനും ഭാര്യയും ഇളയമകളും കൂടി സന്ധ്യയ്ക്ക് അപ്പച്ചനെ കാണുവാൻ ചെന്നു. സുഖവിവരങ്ങൾ തിരക്കി. നല്ല ആരോഗ്യവും തേജസും ഉള്ള രൂപം. അബ്രഹാമിനെപ്പോലെ ഒരു കർഷകൻ. വിവരങ്ങൾ പറഞ്ഞ കൂട്ടത്തിൽ ഈ സംഭവം ഞാൻ ചോദിച്ചു, (ആത്മാവ്) പൂച്ചയുടെ കാര്യം. സംഭവം അതുപോലെ അപ്പച്ചൻ വിവരിച്ചു തന്നു. ഇത് കള്ളമല്ല എന്ന് ഞാൻ, ഭാര്യ, കുഞ്ഞ്, അപ്പച്ചന്റെ മൂത്തമകൻ, മകളുടെ മകൻ ഇത്രയും പേർ സാക്ഷി. ശേഷം യാത്ര പറഞ്ഞ് ഞങ്ങൾ പോരാൻ ഡോർ തുറന്നതും അപ്പച്ചന്റെ വീട്ടിലെ വളർത്തുനായ് വട്ടം കറങ്ങുന്നു. അതുവരെ ഒരു കുഴപ്പവും ഇല്ലാതിരുന്ന ഈ നായ്ക്ക് ക്ഷണത്തിൽ വന്ന മാറ്റം ഞങ്ങളെ ഭയപ്പെടുത്തി. അപ്പച്ചന്റെ ചെറുമകൻ നായയെ കൊല്ലുവാൻ അപ്പച്ചന്റെ വടി എടുത്ത് അടിച്ചു. അത് അടി കൊണ്ട് ഓടി. പുറകെ മകനും. ഞങ്ങൾ പെട്ടെന്ന് അവിടുന്ന് പോരുകയും അടുത്ത രണ്ടാം വർഷം ഞങ്ങൾ നാട്ടിൽ പോകു

ന്നതിന് മുമ്പ് അപ്പച്ചൻ 107–ാം വയസ്സിൽ മരിച്ചുപോകുകയും ചെയ്തു. ഇതെല്ലാം ദൈവത്തെ അന്വേഷിപ്പാൻ ഞാൻ തീരുമാനിച്ചപ്പോൾ എനിക്ക് ഉറപ്പായും സഹായകമായ കാര്യങ്ങൾ ആണ്. കൂടാതെ വീണ്ടും ഒരു സ്വപ്നം ഇതിന്റെ ഇടയ്ക്കുള്ള കാലഘട്ടത്തിൽ നടന്നു. അത് 2004–ൽ ആയിരുന്നു. ആ കാലഘട്ടം എനിക്ക് വളരെ പരീക്ഷണകാലം ആയിരുന്നു. അനുഭവിച്ചതൊന്നും എഴുതിയാൽ തീരില്ലല്ലോ. ഇപ്പോഴും ഞാൻ ദൈവത്തെ അന്വേഷിച്ചിട്ടില്ലായിരുന്നു എങ്കിലും ഓരോന്നായി ദൈവം മുന്നമെ അറിയിച്ചിരുന്നു. എന്നാൽ 2004 ഡിസംബർ 24–ാം തീയതി എന്റെ ഉള്ളിലുള്ള സംശയങ്ങളുടെ ചോദ്യാവലി ഒരു ബുക്കിൽ എഴുതി വച്ചു. വെറും സാധാരണ കാര്യമല്ലല്ലോ. പ്രപഞ്ചവും അതിന്റെ സൃഷ്ടിയും ദൈവവും മനുഷ്യനും പിശാചും എല്ലാം എല്ലാം എന്റെ മനസ്സ് ഒരു കൊടുങ്കാറ്റായോ ഇരമ്പുന്ന കടലായോ സ്വസ്ഥതയില്ലാത്ത ചോദ്യങ്ങൾ അലട്ടിക്കൊണ്ടിരുന്നുവല്ലോ. അവയെ പുസ്തകമാക്കുവാൻ തീരുമാനിക്കുന്നു. പിറ്റേ ദിവസം സംഭവിച്ച സുനാമി മൂലം എന്റെ മനസ്സ് പ്രതിസന്ധിയിലായി. കൂടുതൽ കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നില്ല. എഴുതിയ പുസ്തകം നശിപ്പിച്ച് കളഞ്ഞു. എന്നാലും എന്നെ ഇത് എഴുതുവാൻ പ്രേരിപ്പിച്ച ശക്തി ദൈവം തന്നെ. ക്രിസ്തുവിന് ശേഷം അവൻ നേരിട്ട് ഭൂമിയുമായി ബന്ധപ്പെടുന്നില്ലല്ലോ. അവന്റെ ശബ്ദം ആരും കേട്ടിട്ടില്ലല്ലോ. ക്രിസ്തുവിന്റെ ഉപമകളുടെ അർത്ഥം തേടിയുള്ള യാത്രയിൽ വീഴാതെ താഴാതെ താങ്ങിയ ദൈവം, ശത്രുവാകുന്ന പിശാചിൽ നിന്നും ഇന്നും എന്നെ പരിപാലിക്കുന്നു.

ഇനിയും ഞാൻ കണ്ട ഏദൻതോട്ടം. ഇത്രയൊക്കെയും എന്നെ കരുതി നടത്തിയ ദൈവം എന്നെ മസ്ക്കറ്റിൽ എത്തിച്ചതിനും ഒരു പദ്ധതി ഉണ്ടായിരുന്നു. ഞാൻ മറ്റ് ഏതെങ്കിലും രാജ്യത്ത് പോയിരുന്നുവെങ്കിൽ എനിക്ക് ഏദൻതോട്ടം എവിടെ എന്ന് കണ്ടെത്തുവാൻ സാധിക്കില്ലായിരുന്നു. ഒരു പക്ഷേ സലാലയിൽ താമസിച്ചാൽ പോലും. എന്നാലും ദൈവം എന്താണ് പദ്ധതി ഇടുന്നത് എന്ന് ആർക്കും ചിന്തിക്കുവാൻ സാധ്യമല്ല. കർത്താവിന്റെ രണ്ടാമത്തെ വരവിന് വഴി ഒരുക്കുന്നു എന്നല്ലാതെ കർത്താവ് ഇന്ന് വന്നാലത്തെ അവസ്ഥ ചിന്തിക്കുവാൻ സാധിക്കുന്നില്ല.

# 27

# ഏദൻതോട്ടം (സലാല)

ഉൽപ്പത്തി പുസ്തകത്തിൽ മോശയാണ് ഏദൻതോട്ടത്തെപ്പറ്റി പറയുന്നത്. മോശയ്ക്ക് ഇത് വെളിപ്പെടുത്തിയത് പിതാവാം ദൈവം തന്നെ. ദൈവം സീനായ് മലയിൽ മുൾപ്പടർപ്പ് കത്താതെ അഗ്നിനാളങ്ങളിൽ മോശയ്ക്ക് പ്രത്യക്ഷമായി. അങ്ങനെ നാൽപ്പത് ദിനങ്ങൾ മോശ അവിടെ ഉപവസിച്ച് ദൈവവുമായി സകലതും മനസ്സിലാക്കുന്നു. അവിടെ നിന്നും ദൈവം കിഴക്കോട്ട് നോക്കി ദൈവം മോശയെ കാണിച്ചിരിക്കും, ഏദന് കിഴക്ക് ഞാൻ ഏദൻതോട്ടം ഉണ്ടാക്കി മനുഷ്യനെ അവിടെ താമസിപ്പിച്ചു (ആദാമിനെ). ഏദൻ എന്ന് പറയുന്നത് ഇന്നത്തെ യമന്റെ കിഴക്കെ അതിർത്തിയിൽ ഒമാനും യമനും ഇടയിൽ ഒരു താഴ്വാരം ഏകദേശം 100 കി. മി. ചുറ്റളവിൽ 'സലാല' എന്ന പേരിൽ കാണുന്നതാണ്. മൂന്ന് സൈഡ് മലകളാലും, ഒരു സൈഡ് കടലിനാലും ചുറ്റപ്പെട്ട സ്ഥലം. ഈ സ്ഥലം ഇന്ന് ഒമാന്റെ അധീനത്തിലാണ്. ഇവിടെ ഉള്ള രഹസ്യങ്ങൾ സംരക്ഷിക്കപ്പെടുന്ന സ്ഥലത്ത് പല അത്ഭുതങ്ങളും നിറഞ്ഞിരിക്കുന്നു.

1. ഇയോബ്ബ് തന്റെ സർവ്വ കഷ്ടതയിലും ദൈവത്തെ ഉപേക്ഷിക്കാത്ത ആൾ. അദ്ദേഹത്തിന്റെ സ്ഥലവും കബറും സംരക്ഷിക്കപ്പെടുന്ന സ്ഥലം ഇവിടെയാണ്.

2. ശലോമോന്റെ കാലത്ത് അദ്ദേഹത്തെ അന്വേഷിച്ച് പുറപ്പെട്ട എത്യോപ്യൻ രാജ്ഞി (ശേബാ രാജ്ഞി) ഇവരുടെ കോട്ടയും ഇവിടെ സംരക്ഷിക്കപ്പെടുന്നു.

3. സീറോ ഗ്രാവിറ്റി (അദൃശ്യ ശക്തി). ഇങ്ങനെ ഒരു ശക്തി ഉണ്ടാകുമോ? എന്നാൽ ഇതും ഇവിടെ തന്നെ.

4. ഏദൻതോട്ടം. ഇതും സലാലയിൽ തന്നെയാണ്.

5. കന്യാമറിയമിന്റെ കബർ.

6. പനിനീർപൊഴിയുന്ന പറുദീസ.

7. ഹാബേലിനെ കൊന്ന സ്ഥലം.

8. ലിവ്യാധാൻ (ഹവ്വായെ തെറ്റു ചെയ്യിച്ച പാമ്പ്).

# 28

# നീതിമാനായ ഇയ്യോബ്

ബൈബിൾപരമായി നീതിമാനായ ഇയ്യോബിന്റെ ഭവനം ഇവിടെ ആയിരുന്നു - സലാല (ദോഫാർ). ലോകത്തിന് അറിയില്ല. എങ്കിൽ തന്നെയും ഇന്ന് മസ്ക്കറ്റ്, യമാൻ, ദുബായ് തുടങ്ങിയ സ്ഥലവാസികൾക്ക് അറിയുവാൻ സാധിക്കും. ഈ സ്ഥലം ഗൾഫിന്റെ ഏറ്റവും കിഴക്കായി കാണുന്ന സ്ഥലം ആണ്. സീനായ് മലയിൽ നിന്ന് നോക്കിയാലും ജറുസലേമിൽ നിന്ന് നോക്കിയാലും കിഴക്ക് ഭാഗം. ഇവിടെ ക്രിസ്തുവിന് 2000 വർഷം മുമ്പ് ഏകദേശം യാക്കോബിന്റെ കാലത്ത് ജീവിച്ചിരുന്ന ഇയ്യോബ് തന്റെ സർവ്വസമ്പത്തുമായി ഈ സ്ഥലത്ത് താമസിച്ചിരുന്നു. സലാലായ്ക്കും യമനും ഇടയിലുള്ള മലകളിലായിരുന്നു താമസം. ഇവിടെ അദ്ദേഹത്തിന്റെ കബർ സ്ഥിതിചെയ്യുന്നു. 2000 വർഷങ്ങൾക്ക് ശേഷം ജനിച്ച ക്രിസ്തുവിന് പൊന്നും, മൂറും, കുന്തിരിക്കവും കാഴ്ചവയ്ക്കുവാൻ കിഴക്കു നിന്നും വിദ്വാന്മാർ ചെല്ലുന്നതും ഈ സ്ഥലത്തു നിന്നും ആകുന്നു. ഈ മലകളുടെ താഴ്വാരത്തിലാണ് ലിവ്യാധാൻ എന്ന സർപ്പം താമസിച്ചിരുന്നത്. ഇത് ഇയ്യോബിന്റെ പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇയ്യോബിന്റെ കഷ്ടകാലത്ത് താമസിച്ചിരുന്ന ഗുഹയും കുളവും മറ്റും ഇവിടെ ഇപ്പോഴും കാണുന്നു. മലകൾ കൊണ്ട് അതിർത്തി തിരിച്ച് വേലി കെട്ടിയിരുന്ന സ്ഥലം. ഇയ്യോബിന്റെ ഭവനത്തിന് ചുറ്റും വേലി കെട്ടിയിരുന്നു ദൈവം. ഭൂമിയിൽ ദൈവം വേലി കെട്ടിയിരുന്ന ഏക സ്ഥലം സലാലയാണ്. ആദമിനെയും ഹവ്വായേയും ഏദനിൽ താമസിപ്പിച്ച ദൈവം പിശാചിന് കടക്കുവാൻ പാടില്ലാത്ത ഒരു വേലി കെട്ടിയിരുന്നു. എന്നാൽ പിശാച് പാമ്പിന്റെ ഉള്ളിൽ കടന്ന് ഏദനിൽ എത്തി. ശേഷം തെറ്റ് ചെയ്ത് ആദത്തിനെയും ഹവ്വായേയും തോട്ടത്തിന് പുറത്താക്കി. മാലാഖമാരെ കാവലും ആക്കുന്നു. ആദമും ഹവ്വായും തോട്ടത്തിനു പുറത്തായി എങ്കിലും തോട്ടത്തിന് പുറത്ത് കൃഷി ചെയ്ത് താമസിച്ച് കായീനും ഹാബേലും ഉണ്ടാകുന്നു. ശേഷം കായീൻ ഹാബേലിനെ കൊല്ലുന്നു. ആ സ്ഥലവും ഇവിടെ സലാലയിൽ ഉണ്ട്. മനുഷ്യനെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഇവിടെ പ്രവാചകൻ സൃഷ്ടിച്ച ഒട്ടകത്തെ കൊന്ന സ്ഥലം എന്നാണ് അറിയപ്പെടുന്നത്. എന്റെ കണ്ടെത്തലിൽ ഇത് ഹാബേലിനെ കൊന്ന സ്ഥലം. ഇവിടെ സലാലയുടെ ഹൃദയഭാഗത്ത് ഒരു തോട്ടം ഉണ്ട്. തെങ്ങും വാഴകളും ഫലവൃക്ഷങ്ങളും നിറഞ്ഞ് നിൽക്കുന്ന സ്ഥലം. ലോകത്ത് ആദ്യമായി തെങ്ങ് ഉണ്ടായിരുന്നത് എന്ന് വിശേഷിപ്പിക്കാവുന്ന സ്ഥലം. ഒരു 20 കി. മീ. ചുറ്റളവിൽ മാത്രം തികച്ചും ഒരു കൊച്ചു മല

ബാർ എന്ന് വിശേഷിപ്പിക്കാവുന്ന സ്ഥലം. ഈ തോട്ടത്തിന്റെ ഒരു ഭാഗം സിറ്റിയാണ്. ഈ സിറ്റിയിൽ ഒരു കബർ ഉണ്ട്. 31 മീ. നീളമുള്ള ഒറ്റ കല്ലറ. ലോകത്തെ ഏറ്റവും നീളം കൂടിയതും വളർന്നുകൊണ്ടേയിരിക്കുന്നു എന്ന് വിശേഷണമുള്ളതുമായ കല്ലറ ആണ്. ഈ കല്ലറ അറിയപ്പെടുന്നത് കന്യാമറിയവുമായി ബന്ധപ്പെട്ട് ആണ്. കന്യാമറിയത്തിന്റെ പിതാവായ യൂയാഖീമിന്റെ കല്ലറ ആണ് എന്ന് അറിയപ്പെടുന്നു. ഇവിടെയും ഒരു സത്യം മറഞ്ഞ് കിടക്കുന്നു. ഒന്ന് വളർന്നുകൊണ്ടിരിക്കാൻ മാത്രം ശക്തിയുള്ള കബറിലുള്ള യൂയാഖീം ഒരു വിശുദ്ധൻ അല്ല. തന്നെയുമല്ല പാലസ്തീനിൽ താമസിച്ചിരുന്ന മറിയമിന്റെ പിതാവും കുടുംബവും മരണശേഷം ഇവിടെ അടക്കം ചെയ്യുവാൻ മാത്രം എങ്ങനെ കൊണ്ടുവന്നു. ഈ സത്യങ്ങൾ കർത്താവിന്റെ ഉപമയിലെ ഒരു താലന്തിന് സമം മൂടപ്പെട്ട് കിടക്കുന്നു. എന്റെ കണ്ടെത്തലിൽ ഇത് മറിയാമിന്റെ കബർ ആകുന്നു. അതാണ് ഇതിന് ശക്തി ഉള്ളത്. പാലസ്തീനിലെ നസ്രത്ത് പട്ടണത്തിൽ നിന്നും സലാലയിൽ എത്താൻ 5000 കി. മി. ഉണ്ട്. എന്നിരിക്കെ അക്കാലത്ത് വാഹന സംവിധാനങ്ങൾ ഒന്നും ഇല്ല എന്നിരിക്കെ ഇങ്ങനെ ഒരു ശരീരം ഇത്ര ദൂരെ എങ്ങനെ അടക്കം ചെയ്യും? ഇതിന് ചേർന്ന് ആകുന്നു സ്ഥിരമായ ഈ തോട്ടം ഉള്ളത് എന്നുവരുകിൽ ആദ്യമാതാവായ ഹവ്വ പാപം ചെയ്ത സ്ഥലം പുതിയനിയമത്തിലെ മാതാവായ മറിയം ജീവന്റെ ഫലം ഭക്ഷിച്ച് മാനവരാശിക്ക് അടയാളമായി മദ്ധ്യസ്ഥ ആയി നിലകൊള്ളുന്ന വിശുദ്ധ മാതാവിന്റെ കബർ അല്ലേ ഇത്. ഈ കബർ സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും ചുറ്റുമുള്ള തോട്ടത്തിന് പുറത്തുള്ള ഭാഗം തരിശ് ഭൂമിയാണ്. അവിടെ ഏകദേശം 10 കി. മി. ദൂരെയാണ് രക്തം വീണ സ്ഥലം. ഈ തോട്ടവും കബറും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് ഏകദേശം തുല്യദൂരങ്ങളിൽ ഒരു സ്ഥലത്ത് ഇയ്യോബിന്റെ കല്ലറയും ഭവനവും സ്ഥിതിചെയ്യുന്നു. ഏകദേശം 30 കി. മീ. ദൂരം. അതുപോലെ തന്നെ ഏകദേശം തുല്യ ദൂരത്തിൽ ഒരു ഭാഗത്ത് കടൽതീരത്ത് ജ്ഞാനിയായ ശലോമോനെ കാണുവാൻ പുറപ്പെട്ട എത്യോപ്യൻ രാജ്ഞി (ശേബാ) യുടെ കോട്ടയും പുരാവസ്തുക്കളും ഒരു ഭാഗത്ത് സംരക്ഷിക്കപ്പെടുന്നു. ഏകദേശം അതേ ദൂരത്ത് മലയുടെ മുകളിൽ ഒരു അത്ഭുത പ്രതിഭാസം ഉണ്ട്. ഏത് വാഹനം കൊണ്ടുചെന്ന് 'N' ഇടുക. 50 സീറ്റുള്ള ബസ് ആണെങ്കിലും നിറച്ച് ആളുകളുമായി ഇട്ടാലും, ചെറിയ വാഹനം ആയാലും, താഴെ നിന്നും ചരിഞ്ഞ് ഉയർന്ന ഭാഗത്തേക്ക് ഏകദേശം 20 കി. മീ. സ്പീഡിൽ തനിയെ ഓടി കയറുന്ന പ്രതിഭാസം. ഇതിനെ സീറോ ഗ്രാവിറ്റി എന്ന് വിശേഷിപ്പിക്കുന്നു. 'ശൂന്യമായ ശക്തി.' ഒരു അതിർത്തിയിൽ മസ്ക്കറ്റിലേക്കുള്ള വഴിയാണ്. ഇവിടെ സ്ഥിരമായ കാവൽ ഉണ്ട്. അങ്ങനെ നാല് വശവും കാവലുള്ള സ്ഥലം. എന്നും ഏത് ഭാഗത്തെങ്കിലും മഴ പൊഴിയും. ഇത് "പനിനീർ

പൊഴിയുന്ന പറുദീസ" അല്ലേ. ഇത് സീനായി മലയിൽ നിന്നും നോക്കുമ്പോൾ ഏദന് കിഴക്ക് ആകുന്നു. ഏദനോട് ചേർന്ന് ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി.

ഇനി മറ്റൊന്ന്. ഇയ്യോബ് ആരാണ്? ക്രിസ്തുവിന് രണ്ടായിരം വർഷം മുമ്പ് ജീവിച്ചിരുന്ന ആളാണ്. യാക്കോബും മിസ്രയിം ദേശത്ത് നിന്ന് യാത്ര പുറപ്പെടുന്നതിനും മുമ്പ് തന്റെ ജ്യേഷ്ഠാവകാശം യാക്കോബിന് കൊടുത്തിട്ട് പിതാവായ ഇസഹാക്കിന്റെ മരണശേഷം തന്റെ സർവ്വ സമ്പത്തും കൊണ്ട് കിഴക്ക് ദേശത്തേക്ക് പോകുന്ന യേശാവ്. അതുപോലെ ഒരു വ്യക്തിയാണ് ഇയ്യോബ്. അതാണ് ബൈബിളിലെ ആദ്യ പുസ്തകം എഴുതിയത് ഇയ്യോബ് ആകുന്നത്. ശേഷം ഇസ്രായേലിന്റെ മരുഭൂപ്രയാണ കാലത്ത് തുടക്കത്തിൽ ഇയ്യോബിന്റെ സർവ്വ സമ്പത്തും മക്കളേയും സകലതും നഷ്ടപ്പെടുന്നു. വീണ്ടും എല്ലാം ഇരട്ടിയായി മടക്കിക്കൊടുക്കുന്ന ദൈവത്തിന്റെ അത്ഭുതകരങ്ങൾ നമുക്ക് മനസ്സിലാക്കാം. യാക്കോബിന്റെ വംശം സംരക്ഷിച്ച ദൈവം ഇയ്യോബിനെയും സംരക്ഷിക്കുന്നു. ഇന്നും സലാലയുടെ മലമുകളിൽ അദ്ദേഹത്തിന്റെ കബർ സ്ഥിതിചെയ്യുന്നു. സലാലയ്ക്ക് പുറത്തുള്ള സ്ഥലമാണ് ഒമാന്റെ മരുപ്രദേശം. ഇവിടെനിന്നും 400 കി. മീ. മസ്ക്കറ്റിനു പോകുന്ന വഴിയിൽ ഹൈമ എന്ന സ്ഥലം. ഇത് ഇന്നും ഇടത്താവളം ആകുന്നു. ആദാമും ഹവ്വായും ഏദനിൽ നിന്ന് പുറത്താകുമ്പോൾ ഹൈമ എന്നത് ഹവ്വായും അവിടെനിന്നും വീണ്ടും 400 കി. മീ. ചെന്നാൽ ആദം എന്ന് സ്ഥലവും. ഇത് ആദം താമസിച്ച സ്ഥലം ആകണം. കാരണം ഇതിന് കിഴക്ക് നിസ്വ എന്ന സ്ഥലവും അതിപുരാതനമായ (അൽഹുദാകേവ്) കാണുവാൻ സാധിക്കും. ഇത് നോദ് ദേശം (കായീൻ പട്ടണം) ആകണം. ഇതെല്ലാം അജ്ഞാതം.

വിശുദ്ധ കന്യക മറിയാമിന്റെ കബർ ഏദൻതോട്ടം സ്ഥിതിചെയ്യുന്ന സലാലയിൽ ആണ്. ഇത് എങ്ങനെ ഇവിടെ വന്നു എന്ന് ചോദിച്ചാൽ വിശുദ്ധ കന്യകമറിയാമിന്റെ മരണശേഷം ശിഷ്യന്മാർ ജറുസലേമിൽ എത്തുന്നു. മരിച്ച ശിഷ്യന്മാരുടെ ആത്മാക്കളും എത്തുന്നു. മാലാഖമാരും എത്തി. ശേഷം എല്ലാവരും ചേർന്ന് മാതാവിന്റെ ഭൗതിക ശരീരം ആകാശത്തിലേക്ക് ഉയർത്തിക്കൊണ്ടു പോകുന്നു. ഇത് കാണുന്ന ജറുസലേം വാസികൾ ഇന്നും വിശ്വസിക്കുന്നു, മറിയം ഉടലോടെ സ്വർഗ്ഗത്തിൽ കയറി എന്ന്. എന്നാൽ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ ജനിച്ചിട്ടുള്ളവരിൽ പുതിയനിയമത്തിൽ ഉള്ള ക്രിസ്തു അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല. കാരണം ഇപ്രകാരം സ്വർഗ്ഗത്തിൽ പോയിട്ടുള്ള ഏക വ്യക്തി ക്രിസ്തുവാണ്. കാരണം, ഈ ഭൂമിയിൽ ഇനിയും ക്രിസ്തുവിന് വരേണ്ടതായിട്ടുണ്ട്. അതിനാലും തന്റെ സഹോദരങ്ങൾ ഈ ഭൂമിയിൽ (മണ്ണ്)

ഉള്ളതിനാലും ജഡപ്രകാരം പോയി. എന്നാൽ വിശുദ്ധ കന്യാമറിയമിനെ കർത്താവിന്റെ ദൂതന്മാരും ശിഷ്യന്മാരും കൂടി ഏദൻതോട്ടമാകുന്ന സലാലായിൽ അടക്കിയിരിക്കാം. അതാണ് ആ സമയം ഇന്ത്യയിൽ ആയിരുന്ന തോമാ ശ്ലീഹാ ആകാശമേഘത്തിൽ എടുക്കപ്പെടുകയും മാതാവിനെ മറ്റ് ശിഷ്യന്മാർ എടുത്തുകൊണ്ട് വരുന്നത് കാണുന്നതും. അടയാളമായി തോമാ ശ്ലീഹായിക്ക് റൂമാലും അരക്കാപ്പയും കിട്ടി എന്ന് പറയപ്പെടുന്നു. ഇതൊന്നും വെറും കെട്ടുകഥയല്ല എന്നതിന് തെളിവായി ഈ സത്യങ്ങൾ അടയാളമായി ശേഷിക്കുന്നു. ഇത് ഇന്ന് കണ്ടെത്തിയിരിക്കുന്നതിനാൽ കാലം അടുത്തിരിക്കുന്നു എന്ന് കരുതാം. പുരോഹിതന്മാർക്ക് പോലും ഇത് കണ്ടെത്തുവാനോ വിശ്വസിക്കുവാനോ സാധിക്കുന്നില്ല എന്നിരുന്നാലും കണ്ടെത്താൻ ഒരു പക്ഷെ ദൈവം എന്നെ നിയോഗിച്ചതായിരിക്കും. ഇല്ല എങ്കിൽ ചെറുപ്പകാലം മുതൽ ദർശനങ്ങളും അടയാളങ്ങളും ചരിത്രങ്ങളും എനിക്ക് കാണിച്ച് തരില്ലായിരുന്നു. അവസാനമായി ഞാൻ കണ്ടെത്തിയത് ഭൂമിശാസ്ത്രം ആണ്. അതായത് മോശ സീനായ് മരുഭൂമിയിൽ വച്ചാണ് ഈ ചരിത്രം എഴുതുന്നത്. അതിന് കിഴക്കാണ് ഈ സ്ഥലവും തോട്ടവും. അതിനാൽ ഭൂപടത്തിൽ ഈ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഞാൻ ഒരു രേഖ വരച്ചു. സീനായ് മരുഭൂമിയും ഏദൻതോട്ടമാകുന്ന സലാലയും കേരളവും സുമാത്രയും. വീണ്ടും രണ്ട് ദിക്കിലേക്ക് നീണ്ട രേഖ ഭൂമിയിൽ മനുഷ്യവാസമുള്ള “5” ഭൂഖണ്ഡങ്ങളും ബന്ധപ്പെടുന്നു. വരച്ചു നോക്കുക.

അങ്ങനെ വരച്ചപ്പോൾ അമേരിക്കൻ ഭൂഖണ്ഡം, യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, ഓസ്ട്രേലിയ, ഇവിടെ ഡാർവിൻ സിദ്ധാന്തം വരെ എത്തി നിൽക്കുന്ന രേഖ വരയ്ക്കാൻ കാരണം ഇതിന്റെ തുടക്കത്തിൽ ഉണ്ടായ സുനാമിയുടെ കാരണം എന്താണെന്ന് അറിയാനാണ്. അങ്ങനെ ബന്ധപ്പെട്ട സ്ഥലങ്ങൾ. 1. സീനായ് 2. മക്ക, 3. സലാല 4. കേരളം. 5. കൊളംബോ. 6. സുമാത്ര. 7. ഡാർവിൻ. ഈ സ്ഥലങ്ങളിൽ എല്ലാം ദൈവിക സിദ്ധാന്തവും ശാസ്ത്ര സിദ്ധാന്തവും ഒന്നിച്ചു നിൽക്കുന്നു. എന്നിരുന്നാലും ദൈവസിദ്ധാന്തവും ശാസ്ത്രവും കേരളത്തിനും ഡാർവിനും ഇടയിലുള്ള സുമാത്ര ദ്വീപിൽ സന്ധിക്കുന്നു. ഈ കണ്ടെത്തൽ അല്ലെങ്കിൽ ഈ രേഖ വരച്ചത് 25/10/2010. അന്നും അവിടെ സുനാമി ഉണ്ടായി. ഇതൊക്കെ വെറും തോന്നലായിരിക്കാം. എന്നാലും എന്നെ നടത്തുന്ന ദൈവം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സാത്താൻ എല്ലാം തകർത്തുകൊണ്ടിരിക്കുന്നു. എന്നാൽ തന്റെ കരുതലിൽ ദൈവം പരിപാലിക്കുന്നു. എല്ലാം അറിയാമെന്നു ഭാവിക്കുന്ന, കണ്ണുണ്ടെന്ന് പറഞ്ഞ് കാണാതെയും, ചെവിയുണ്ടെന്ന് പറഞ്ഞ് കേൾക്കാതെയും ഇരിക്കുന്നവർക്ക് ഒരു ഹൃദയം ഉണ്ടെങ്കിൽ തന്റെ ദൈവത്തിൽ വിശ്വസിച്ച്

അവർ ചിന്തിക്കട്ടെ. ഭൂമിയിലെ സമ്പത്ത് ഏതാണ്ട് ഊറ്റി തീരാറായി. ഇനി വാളവരയും ഭക്ഷിച്ചാലേ മുടിയരായ പുത്രന്മാരെ നിങ്ങൾ തന്റെ പിതാവിന്റെ ഭവനത്തെപ്പറ്റി ആലോചിക്കുകയുള്ളോ. അപ്പോഴേക്കും അവസരങ്ങൾ നഷ്ടപ്പെടുത്തിയവർ പശ്ചാത്തപിച്ചിട്ടു കാര്യമില്ല. മണവാളൻ തന്റെ വാതിൽ അടച്ചിട്ടുണ്ടാകും.

# 29

# സലാല

ഒരു പ്രവാചകനെ മനുഷ്യർ പരീക്ഷിച്ചു. ഒട്ടകത്തെ സൃഷ്ടിച്ച് പ്രവാചകൻ കാണിക്കുന്നു. ആ ഒട്ടകത്തെ ആ ദുഷ്ടന്മാർ കൊല്ലുന്നു. അതിന്റെ ഉദരത്തിൽ ഉണ്ടായിരുന്ന കുട്ടി ഒരു ചെറിയ ഗുഹയിലേക്ക് കടന്നു അപ്രത്യക്ഷമായി. ഈ സ്ഥലം സലാലയിൽ സ്ഥിതിചെയ്യുന്നു. ഇതെല്ലാം ഇവിടെ അതിമനോഹരമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു (അറപ്പുരയിൽ മൂടിവച്ചത് പുരമുകളിൽ ഘോഷിക്കുന്ന കാലം ഇതാകുന്നു).

2010, നവംബർ 17-ാം തീയതി ഞങ്ങൾ സലാലയിൽ എത്തി. ഇയ്യോബിന്റെ കബർ സ്ഥിതിചെയ്യുന്ന സ്ഥലം സന്ദർശിച്ചു. സിറ്റിയിൽ സ്ഥിതിചെയ്യുന്ന ഒരു കബറിടം ഉണ്ട്. ഇതിന്റെ നീളം 31 മീറ്ററിൽ കൂടുതലാണ്. ഒറ്റ കല്ലറയാണ്. ഇത് വളർന്നുകൊണ്ടേയിരിക്കുന്നു എന്ന് പറയപ്പെടുന്നു. ഇത് വളരെ ദുരൂഹതയുള്ള ഒരു കബർ ആണ്. ബി.സി. 2000 വർഷം മുമ്പ് ജീവിച്ചിരുന്ന ഈയോബിന്റ കബർ ആണെന്ന് വ്യക്തമാണ്. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായ ഈ കബറിനെപ്പറ്റി വ്യക്തതയില്ല. ഇത് കന്യകമറിയാമിന്റെ അപ്പനായ യൂയാക്കിമിന്റെതാണ് എന്നും ഇമ്രാൻ എന്ന ആളിന്റെ ആണ് എന്നും പറയപ്പെടുന്നു. നസ്രത്ത് പട്ടണത്തിൽ നിന്നും സലാലായിൽ എത്താൻ ഏകദേശം 5000 കി. മീറ്ററിൽ കൂടുതൽ കാണും. എന്നിരിക്കെ മരിച്ചാൽ ഇത്ര ദൂരം കൊണ്ട് അടക്കേണ്ട കാര്യം ഇല്ല എന്നിരിക്കെ, ഒട്ടകമല്ലാതെ ഈ മരുഭൂമിയിൽ മറ്റ് വാഹനങ്ങൾ ഇല്ലാതിരിക്കെ, എങ്ങനെ മറിയാമിന്റെ അപ്പന്റെ കല്ലറ ഇവിടെ ഉണ്ടാകും? എന്നാൽ കന്യകമറിയവുമായി ബന്ധമുള്ള ഒരു സത്യം മാത്രമാണ് നിലവിലുള്ളത്. അത് മറിയം ഉടലോടെ സ്വർഗ്ഗത്തിൽ എടുക്കപ്പെട്ടു എന്ന് യരുശലേം നിവാസികൾ വിശ്വസിക്കുന്നു. കാരണം അവർ അത് ദർശിച്ചിരുന്നു. എന്നാൽ കർത്താവിന്റെ ശിഷ്യന്മാർ തോമാ ശ്ലീഹാ ഒഴികെയുള്ളവർ ഈ ഭൗതികശരീരം എടുത്ത് ആകാശമേഘത്തിൽ കൂടി പോകുന്നു. എന്നാൽ ഇന്ത്യയിൽ നിന്നും ആകാശമാർഗ്ഗം വരികയായിരുന്ന തോമാ ശ്ലീഹാ മാതാവിന്റെ ആത്മാവ് സ്വർഗ്ഗത്തിൽ പോകുന്നത് കാണുകയും അടയാളമായി റൂമാലും അരക്കച്ചയും സ്വീകരിക്കുകയും ചെയ്യുന്നു. ഇത് ഒമാൻ എന്ന രാജ്യത്ത് ആകുന്നു. ഈ രാജ്യത്തിന്റെ ഒരു അതിർത്തിയിൽ ആണ് സലാല. ഇത് ഏദൻതോട്ടം (പറുദീസ) ആകുന്നു. ഈ അത്ഭുത പ്രതിഭാസം എല്ലാം നടക്കുന്ന സ്ഥലം. അങ്ങനെ ഈ പറുദീസയിൽ മാതാവിന്റെ ഭൗതികശരീരം അടക്കം ചെയ്യുന്നു.

ഇതാണ് വളർന്നുകൊണ്ടിരിക്കുന്ന കബറിടം. ഇവിടെയാണ് ആദ്യ മാതാവായ ഹവ്വാ പാപത്തിന്റെ കനി ഭക്ഷിച്ചത്. ഈ സ്ഥലം ഇപ്പോൾ ഒമാനിൽ ആണ്. എന്നാൽ കുറച്ചു കാലം മുമ്പ് വരെ ഏദനിൽ ആയിരുന്നു. അതായത് (യമൻ) അപ്പോൾ ഒമാൻ എന്ന സ്ഥലം പുറം രാജ്യമായിരുന്നു. ഇവിടേക്കാണ് ആദമിനെയും ഹവ്വായെയും പുറത്താക്കിയത്. ഇവിടെ അതിന്റെ അടയാളങ്ങൾ ശേഷിക്കുന്നു.

ഞാൻ 17-11-2010-ൽ മാതാവിന്റെ നാമത്തിൽ ഉള്ള ആദ്യ പ്രാർത്ഥന (കൗമ) ചൊല്ലി ദൈവത്തിന് മഹത്വം കൊടുത്തു. സത്യം എന്നെങ്കിലും ലോകം അറിയട്ടെ. ശേഷം എന്റെ കർത്താവ് വരുവാൻ ലോകം ഒരുങ്ങട്ടെ. പാപികൾ ഇല്ലാതെയാകട്ടെ. എല്ലാവരും പശ്ചാത്തപിച്ച് ദൈവത്തോട് അപേക്ഷിക്കട്ടെ. നല്ല നിലങ്ങൾ ഒരുങ്ങട്ടെ. പതിരും നെല്ലും വേർതിരിച്ച് ഇരിക്കട്ടെ. ഹവ്വായെപ്പോലെ പാപത്തിന്റെ കനി ഭക്ഷിച്ച് ദൈവത്തെപ്പോലെ ആകാൻ ശ്രമിക്കാതെ ഈ ലോകത്തിലെ സകലതും കിട്ടണം എന്ന ആർത്തിയും അത്യാഗ്രഹവും ഉപേക്ഷിച്ച് താഴ്മയുള്ള ദൈവപൈതങ്ങൾ ആയിരിപ്പാൻ ശ്രമിക്കുക. ഉണങ്ങിയ കാട്ടത്തിയെപ്പോലെ ആകാതെ തഴച്ച് വളർന്ന് ഫലം ഉള്ളം വൃക്ഷം ആയിരിക്കുവാൻ ആഗ്രഹിക്കുക കർത്താവ് വന്ന് നോക്കുമ്പോൾ നിറഞ്ഞ ഫലം കാണുവാൻ ഇടവരട്ടെ. അന്ത്യകാലത്തിൽ എല്ലാവരും പഴയതുപോലെ ദൈവമക്കൾ ആകണം. അപ്പനും അമ്മയും മക്കളും ഒന്നും അവിടെ ഇല്ല. എല്ലാവരും സഹോദരങ്ങൾ ആകുന്നു. പിതാവ് ഒരുവൻ മാത്രം. ഏദൻ തോട്ടമാകുന്ന സലാലയിൽ ഒരു അടയാളം കൂടി ഉണ്ട്. ഇയ്യോബിന്റെ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന (സർപ്പം) ലിവ്യാധാൻ. ഇങ്ങനെ ഒരു ജീവിയുടെ അസ്ഥികൂടം ഏകദേശം നാലായിരം വർഷം പഴക്കമുള്ളത് ഇവിടെ കടൽതീരത്ത് കിടപ്പുണ്ട്. തല ഇല്ലാതെ ഉടലിന്റെ ഭാഗം മാത്രം തെങ്ങിന്റെ തടിഭാഗം പോലെ കുറച്ച് അടുക്കിയ രീതിയിൽ മുകളിലോട്ടും മറ്റ് ഭാഗങ്ങൾ താഴെയും.

# 30

# മനുഷ്യന്റെ സ്ഥിതി

യറുശലേം ദേവാലയത്തിൽ ന്യായശാസ്ത്രിമാരും പുരോഹിതന്മാരും മൂപ്പന്മാരും പ്രമാണിമാരും കൂടിനിൽക്കുമ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ 12–ാം വയസ്സിൽ അവരോട് ന്യായപ്രമാണത്തെക്കുറിച്ച് വാദിക്കുന്നു. കർത്താവ് എന്ത് ആയിരിക്കും അന്ന് വാദിച്ചത്? പുരോഹിതന്മാരും ശാസ്ത്രിമാരും അത്ഭുതത്തോടെ ശ്രവിച്ചത് എന്തായിരിക്കും? തീർച്ചയായും ഈ പുസ്തകം അതിന് മറുപടി ആയിരിക്കട്ടെ. കൂടാതെ പലപ്പോഴും കർത്താവിനോട് പുരോഹിതന്മാരും യഹൂദന്മാരും ചോദിക്കുന്നു. ജറുശലേം ദേവാലയത്തിൽ നിന്നും വിൽക്കുന്നവരെയും വാങ്ങുന്നവരേയും അടിച്ച് പുറത്താക്കുന്നു. ഇതിനെതിരെ 'എന്ത് അധികാരം കൊണ്ട് നീ ഇത് ചെയ്യുന്നു' എന്ന് യഹൂദന്മാർ ചോദിക്കുന്നു. ഇതും ദൈവരാജ്യമാകുന്ന സ്വർഗ്ഗത്തെ ശുദ്ധീകരിക്കുന്നു. മാലാഖമാരെ അടിച്ച് ഇറക്കുന്ന ഭാഗം ആകുന്നു. ഇങ്ങനെ അനവധി രഹസ്യങ്ങൾ നിറഞ്ഞ ഈ പുസ്തകം വായിക്കുമ്പോൾ തീർച്ചയായും യഹൂദന്മാരെയും പരീശന്മാരെയുംപോലെ ഈ പുസ്തകം സത്യമാണ് എന്നും അല്ല ദൈവദൂഷണം ആണ് എന്നും വിധിക്കുന്നവർ ഉണ്ടാകും. കാരണം, അവർക്ക് കണ്ടെത്താൻ കഴിയാത്ത സത്യം കാണുമ്പോൾ വിഷമം തോന്നും. എന്നാൽ ഓരോ കാലഘട്ടത്തിലും ദൈവം ഓരോ മനുഷ്യരിൽക്കൂടി സമയബന്ധിതമായ കാര്യങ്ങൾ അറിയിക്കും. മനുഷ്യൻ ഏകാത്മാവിൽ ആകുന്ന കാലഘട്ടം സമാഗതമായിരിക്കുന്നു. ഭൂമി മനുഷ്യരെക്കൊണ്ട് നിറയുന്നു. ദേവാലയങ്ങളും, സിനിമാശാലകളും, ഉല്ലാസകേന്ദ്രങ്ങളും, മദ്യശാലകളും പലവിധ സ്വഭാവത്തിലുള്ള മനുഷ്യരാൽ നിറയുന്നു. ദേവാലയങ്ങളിൽ പോകുന്നവർ എല്ലാം ശുദ്ധി ഉള്ളവർ ആകുന്നില്ല. ആർഭാടങ്ങളും, അസൂയയും, അഹങ്കാരവും ഇവരിലും അധികമായി നിലകൊള്ളുന്നു. എന്നാൽ ഈ പുസ്തകം അന്ത്യനിമിഷത്തിൽ ഉള്ള ഒരു വൈക്കോൽ ആയി കരുതി മനുഷ്യൻ സകല ദുർമാർഗ്ഗങ്ങളും വെടിഞ്ഞ് പശ്ചാത്തപിച്ച് ഈ ഭൂമിയിൽ ജീവിതം മതിയാക്കി തന്റെ പിതൃഭവനത്തിലേക്ക് എത്തുവാൻ സഹായകമാകട്ടെ എന്ന് മാത്രം ആഗ്രഹിക്കുന്നു. ഈ പുസ്തകം സമാധാനത്തോടെ സ്വീകരിക്കുക. ലോകത്തുള്ള സകല മനുഷ്യരും ഇന്ന് ജീവിച്ചിരിക്കുന്നവർ എല്ലാം ഏകദേശം ദൈവം മനുഷ്യനെ സൃഷ്ടിച്ച കാലം മുതൽ ജനിച്ച് മരിച്ച് വീണ്ടും ജനിക്കുന്നവർ ആകുന്നു. മനുഷ്യൻ മരിച്ചാൽ ജഡം മാത്രം നശിച്ചുപോകുന്നു. അത് മണ്ണോട് ചേരുന്നു. എന്നാൽ ആത്മാവ് ദൈവത്തിന്റെ മക്കൾ ഇന്നും ജീവി

ക്കുന്നു; മനുഷ്യരായിത്തന്നെ. ഇതിൽ കുറച്ച് പേർ ഈ ഭൂമിയിൽ കഷ്ടത അനുഭവിച്ച് ക്രിസ്തുവിന് വേണ്ടി ജീവൻ ബലി അർപ്പിച്ചവർ. മനുഷ്യർ മദ്ധ്യസ്ഥത അപേക്ഷിക്കുന്നവർ മാത്രം വീണ്ടും മനുഷ്യരായി ജന്മം എടുക്കുന്നില്ല. ഇവർ മരണം ആസ്വദിച്ചവർ ആകുന്നു. മരണം ആസ്വദിക്കാത്തവർ ഇന്നും മനുഷ്യരായി വസിക്കുന്നു. ക്രിസ്തുവിന് വേണ്ടി ജീവിച്ച് മരിച്ചാൽ മാത്രം മരണം ആസ്വദിക്കാം. എന്നു വച്ച് ഈ പുസ്തകം ഒരു മതപരിവർത്തനത്തിന് വേണ്ടി അല്ല. എന്നാൽ ഇന്ന് ക്രിസ്ത്യാനി എന്ന് അവകാശപ്പെടുന്നവർ ആത്മീയ പരിവർത്തനം പ്രാപിക്കണം. നല്ല മനുഷ്യരായി തീരണം. പാപികൾ അല്ലാത്തവർ ആരും ഭൂമിയിൽ ഇല്ല. എല്ലാവരും ജനിക്കും മുമ്പേ പാപികൾ ആകുന്നു. ആ തെറ്റ് മനസ്സിലാക്കി പശ്ചാത്തപിച്ച് ജീവിക്കുക. "നിന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുമ്പേ നിന്നെ ഞാൻ അറിഞ്ഞിരുന്നു. നിന്നെ ഞാൻ പേർ ചൊല്ലി വിളിച്ചിരുന്നു" (ബൈബിൾ). ദൈവം നമ്മെ സ്വർഗ്ഗത്തിൽ വച്ചേ പേർ ചൊല്ലി വിളിച്ചിരുന്നു. നാം എന്നാൽ മുടിയരായ പുത്രരാകുന്നു. ആർക്കും മറ്റൊരുവനെയോ മറ്റൊരു മതത്തെയോ ന്യായം വിധിക്കുവാൻ അധികാരമില്ല. പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. നന്മതിന്മകളെ തിരിച്ചറിഞ്ഞ് ബോധമുള്ളവരായി തിന്മകളെ ഉപേക്ഷിച്ച് ദൈവമക്കളായി ജീവിക്കുക. സമയം സമാഗതമാകുന്നു.

# 31

# ബഥേലിന് സമം

ഒരു കാലത്ത് ഭൂമി ഉരുണ്ടതാണ് എന്ന് പറഞ്ഞ മനുഷ്യനെ ആരും അംഗീകരിച്ചില്ല. എന്നാൽ കാലം അതു തെളിയിച്ചു. അതുപോലെ സത്യങ്ങൾ കണ്ടെത്തിയാൽ ആദ്യം ആരും അംഗീകരിക്കില്ല. ഉദാഹരണത്തിന് ഒരു മനുഷ്യൻ പാരമ്പര്യമായി കിട്ടിയ അവന്റെ ഭവനം പുതുക്കിപ്പണിയുവാൻ തീരുമാനിക്കുന്നു. ഭവനം പൊളിച്ച് തറയ്ക്കുള്ള മണ്ണ് നീക്കം ചെയ്തപ്പോൾ അനവധി അസ്ഥിയും തലയോട്ടികളും കാണുന്നു. അത് പണ്ട് ഒരു ശ്മശാനം ആയിരുന്നു. ഇത് അവിടെ ജീവിച്ച ആർക്കും കണ്ടെത്താൻ സാധിച്ചില്ല. കണ്ടെത്തിയിരുന്നു എങ്കിൽ അവിടെ താമസിക്കില്ലായിരുന്നു. അതുപോലെ മറ്റൊരു മനുഷ്യൻ മടിയനായി ദരിദ്രനായി ജീവിക്കുന്നു. അവൻ ആ സ്ഥലം മറ്റൊരുവന് വിൽക്കുന്നു. അവൻ അത് വാങ്ങിച്ച് കിളച്ച് കൃഷി ചെയ്തു. കിളച്ചപ്പോൾ ഭൂമിയിൽ നിന്നും സ്വർണ്ണനിധി അവന് കിട്ടുകയും ചെയ്തു. എന്നാൽ ദരിദ്രനായി ജീവിച്ചവൻ എത്രകാലം അവിടെ ജീവിച്ചിട്ടും കണ്ടെത്താൻ അവന് സാധിച്ചില്ല. കാരണം അവൻ മടിയനായിരുന്നു. ഇതുപോലെ നാം കണ്ടെത്തുമ്പോൾ മാത്രമേ സത്യം മനസ്സിലാവുകയുള്ളു. അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും. യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും. നാം അന്വേഷിക്കുന്നതും യാചിക്കുന്നതും സമ്പത്താണ്. എന്നാൽ ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന് ദൈവം സ്വർഗ്ഗത്തിൽ നിന്നും നോക്കുന്നു. അങ്ങനെ ഞാൻ ഏദൻതോട്ടം കണ്ടെത്തി. ഇത്രയും അത്ഭുതങ്ങളും അടയാളങ്ങളും ഈ നൂറ്റാണ്ടിലും അജ്ഞാതമായി നിലകൊള്ളുന്ന  സ്ഥലം ഭൂമിയിൽ വേറെ കാണില്ല. എന്നിട്ടും ആരും കാണുന്നില്ല. അനേകായിരം ജനം ആ വഴി നടന്നു. പുരോഹിതന്മാർ അവിടെ ചെന്നു, കണ്ടെത്തിയില്ല. കാരണം, അവർ അവരോടു തന്നെ ചോദിക്കട്ടെ. ഏദൻതോട്ടത്തിൽ ആദിമ മാതാവായ ഹവ്വ പാപം ചെയ്തു അരുതാത്ത ഫലം ഭക്ഷിച്ചു. പുതിയനിയമത്തിലെ ഹവ്വയായ മറിയം വചനമായ ജീവന്റെ കനി ഭക്ഷിച്ചു. എന്നിരുന്നാലും പുത്രന്റെ രണ്ടാം വരവ് വരെ അവളുടെ ഭൗതികശരീരം ഏദനിൽ അവൾ തെറ്റ് ചെയ്ത സ്ഥലത്ത് തന്നെ വിശ്രമം കൊള്ളുന്നു. പറുദീസയിൽ അടയാളമായി മാനവരാശിയുടെ മദ്ധ്യസ്ഥയായി വിശ്രമിക്കട്ടെ. ഇപ്പോൾ ഈ കല്ലറയുടെ നീളം 31 മീറ്റർ. ഏകദേശം 100 അടി. ഒറ്റക്കല്ലറയാണ്. സലാലയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു. പഴയനിയമത്തിൽ ഒരു വിശുദ്ധൻ ഉണ്ട്. അത് ഇയ്യോബ് ആണ്. ഈ കബർ അദ്ദേഹം താമസിച്ചിരുന്ന സ്ഥലം. കാൽ

പ്പാദം പതിഞ്ഞ സ്ഥലം സലാലയിൽ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. മറ്റൊരു ഭാഗത്ത് ജ്ഞാനിയായ ശലോമോനെ അന്വേഷിച്ച് പുറപ്പെട്ട ശേബാരാജ്ഞിയുടെ കോട്ടയും പുരാവസ്തുക്കളും കാണുവാൻ സാധിക്കും. സലാലയുടെ നാല് അതിർത്തിയിലും കാവൽപോലെ ഏക ദേശം 25 കി. മീറ്റർ നീളത്തിൽ ഓരോ വശങ്ങളിലും കോട്ട, ഇയോബ്, ശേബാ രാജ്ഞിയുടെ കോട്ട, “0” gravity എന്ന പ്രതിഭാസം. കൂടാതെ രാജാവിന്റെ സംരക്ഷണവും ഉള്ള ഏക തോട്ടം ഏകദേശം 15 കി. മീ. ചുറ്റളവിൽ ഒരു കൊച്ചു കേരളം സ്ഥിതി ചെയ്യുന്നു. ഇതിന് ചുറ്റും ഊഷര ഭൂമിയാണ്, മരുപ്രദേശം.

# 32

# മനുജൻ

പുലരിക്ക് പുക്കുന്ന പൂവുപോൽ
ഓരോ മനുജന്റെ ജന്മവും മുന്നിൽ
വെയിലത്തു വാടുന്ന പൂവുപോൽ

അവൻ മോഹങ്ങളെല്ലാം കൊഴിയും
ദുഷ്ടത ചെയ്യുന്ന പാപിയാം മർത്യൻ
ഇതോർക്കുകിലെത്രയും നന്ന്
നന്മ പറയുന്ന മാനവരൊക്കെ
ചെയ്യുന്നതെല്ലാം തിന്മയെന്നോർക്ക

ഒരുവനെ തല്ലാൻ നോക്കുമ്പോൾ
അവനവനെ നുള്ളിനോക്കൂ
വേദന തോന്നുന്നപ്പോഴെങ്കിൽ
എല്ലാവർക്കും ഇതുപോലെന്നോർക്ക

ഘോരസർപ്പങ്ങൾപോൽ മർത്യരെല്ലാം
തമ്മിൽ കടിക്കുന്നു ലോകമെങ്ങും
വർഗ്ഗ മത വിഷമാണിവരിൽ
ദൈവമൊന്നേയുള്ളന്നിവർ മറന്നു

നിണം ചൊരിയുന്നു പള്ളിയും കോവിലും
ഈശ്വരവാസം വൃഥാവിലാണല്ലോ
ദൈവം വസിപ്പാൻ ഇടം കൊടുക്കുമോ
നന്മ നിറച്ചു നിൻ മാനസക്കൂടാരത്തിൽ

ലോകൈയ്ക നാഥന്റെ വരവായ് മന്നിൽ
സംഹാരദൂതൻ വേലയും തുടങ്ങി
കാഹളം മുഴങ്ങുന്നു ലോകം നടുങ്ങുന്നു
നന്മ നിറഞ്ഞവൻ സത്വരം ജീവിക്കുന്നു.

# 33

# അനന്ത രഹസ്യങ്ങളുടെ കലവറ

ദൈവം ആദ്യം സൃഷ്ടിച്ചത് പിശാചായി മാറിയ പ്രധാന മാലാഖയെ ആയിരുന്നു. ശേഷം കോടിക്കണക്കിന് മാലാഖമാരെ സൃഷ്ടിച്ചു. ഏറ്റവും അവസാനം തന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്ന ക്രിസ്തുവിനെ സൃഷ്ടിച്ചു. അതിനുശേഷം ദൈവം നിത്യമായതൊന്നും സൃഷ്ടിച്ചിട്ടില്ല. എന്നാൽ പ്രപഞ്ചവും ജീവജാലങ്ങളും മനുഷ്യനും എല്ലാം പിന്നീട് സൃഷ്ടിക്കപ്പെട്ടു. എങ്കിലും ഒന്നും ശാശ്വതമായതോ നിത്യമായതോ അല്ല.

"ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" കർത്താവായ യേശുക്രിസ്തു ലോകത്തിൽ വന്നത് എന്തിനാണെന്ന് ചോദിച്ചാൽ ഒരേ അഭിപ്രായമേ കാണൂ: പാപികളെ രക്ഷിപ്പാൻ. എന്നാൽ ഏത് പാപികൾ? ആദം എന്ന ഒരു വ്യക്തി ചെയ്ത പാപമോ? ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദനിൽ ആക്കിയപ്പോൾ എന്തിനാണ് കഴിപ്പാൻ പാടില്ലാത്തതായ വൃക്ഷത്തിന്റെ ഫലം സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ച മനുഷ്യനെ തെറ്റ് ചെയ്യാത്തവനായി സൃഷ്ടിച്ച് കൂടായിരുന്നോ. ഒരു പഴം ഭക്ഷിച്ചതു മൂലം അനുസരണക്കേട് എന്ന തെറ്റ് ചെയ്തു. എന്നാൽ അവനിൽ നിന്നും പിറന്ന സന്തതി എല്ലാം തെറ്റുകാർ ആകുമോ. ആദം ചെയ്തതിലും എത്രയോ വലിയ പാപം മനുഷ്യൻ ഇന്നു പ്രവർത്തിക്കുന്നു. പുരാണ ഇതിഹാസത്തിൽ വാത്മീകി തെറ്റ് ചെയ്യുന്നു. എന്നാൽ തെറ്റ് ചെയ്തവനല്ലാതെ അവന്റെ കുടുംബമോ മറ്റാരുമോ അതിന്റെ ഫലം അനുഭവിക്കുന്നില്ല. നോഹയുടെ മകനായ ഹാം ചെയ്ത തെറ്റ് അവന്റെ സന്തതിയായ കനാൻ അനുഭവിക്കുന്നു. തലമുറകൾക്ക് ശാപങ്ങൾ ഉണ്ടാകുന്നു. എന്നാലും ഒരു ഫലം പറിച്ചു തിന്നതിനാണോ ദൈവം മനുഷ്യരെ തെറ്റുകാരനാക്കുന്നത്. ഒരിക്കലുമല്ല. മനുഷ്യനെ സൃഷ്ടിച്ചപ്പോഴേ അവൻ തെറ്റുകാരനാണ്. അതായത് അവനിൽ നന്മയും തിന്മയും ഉണ്ടായിരുന്നു. ഈ ഫലം ഭക്ഷിച്ചതു മൂലം അവൻ നന്മയും തിന്മയും തിരിച്ചറിയുന്നവനായി. അവന്റെ ദിനരാത്രങ്ങളും പ്രായവും നഗ്നതയും തെറ്റും ശരിയും അവനെ ബോധമുള്ളവനാക്കി. സാത്താൻ മൂലമാണ് ഇങ്ങനെ സംഭവിച്ചത്. എന്നാലും സാത്താന് ഇതിന്റെ ആവശ്യം എന്തായിരുന്നു. തീർച്ചയായും അവൻ അടിമകളാക്കിയ സ്വർഗ്ഗത്തിലെ മാലാഖമാരെ ആണ് ആദാമിന്റെയും ഹവ്വായുടെയും ഉള്ളിൽ സൂക്ഷിച്ചിരിക്കുന്നത്. ആദമും ഹവ്വായും അങ്ങനെ ചിരഞ്ചീവികളായി സംവൽസരങ്ങൾ ഏദനിൽ കഴിഞ്ഞു. ഈ കാലം താൻ അടിമകളാക്കിയവർ എവിടെ എന്ന് അറി

യാതെ സാത്താൻ ഭൂമിയിൽ അലയുകയായിരുന്നു. സാത്താനെ കബളി പ്പിക്കാൻ ദൈവം സമാനമായ മനുഷ്യനെ ഭൂമിയിൽ ഏദന് വെളിയിൽ സൃഷ്ടിച്ചിരുന്നു. ഇവർ ശരിക്കും മൃഗങ്ങളെപ്പോലെ രൂപത്തിൽ മനു ഷ്യനും മൃഗത്തെപ്പോലെ ആത്മാവ് ഇല്ലാത്ത മനുഷ്യനും ആയിരുന്നു. സാത്താൻ വിചാരിച്ചു, ദൈവം സൃഷ്ടിച്ച മനുഷ്യൻ ഇതാണെന്ന്. ആയി രക്കണക്കിന് സംവൽസരം ഭൂമിയിൽ നടന്ന് സാത്താൻ അന്വേഷിച്ചിട്ടും ഒരു എത്തും പിടിയും കിട്ടിയില്ല. എന്നാൽ ദൈവം വേലി കെട്ടി തിരിച്ചി രുന്ന വേലിക്ക് അകത്തോട്ട് കയറുവാൻ അവന് മാർഗ്ഗവും ഇല്ലായിരുന്നു. അങ്ങനെ ഒരു സമയം ഈ വേലിക്ക് പുറത്തോട്ട് ഒരു പാമ്പിന്റെ തല കണ്ടു. ഉടൽ വേലിക്ക് അകത്തും തല വെളിയിലുമായി കിടന്നതിനാൽ അവൻ അതിർ ലംഘിച്ചിരുന്നില്ല. സാത്താൻ അവന്റെ സാമ്രാജ്യമായ ഭൂമിയിൽ എത്തിനോക്കിയ പാമ്പിനെ കൂട്ടുപിടിച്ച് അവന്റെ ഉള്ളിൽ കയറി ഏദൻതോട്ടത്തിൽ ചെന്നെത്തുകയും ആദമിന്റെയും ഹവ്വായുടെയും ഉള്ളിൽ ആണ് അവൻ അടിമകളാക്കിയ മാലാഖമാർ എന്ന് അവന് ബോദ്ധ്യമാവുകയും അങ്ങനെ അവരെ നിയമലംഘനം നടത്തിച്ച് ഏദ നിൽ നിന്നും പുറത്താക്കുവാനും വീണ്ടും സാത്താന്റെ അടിമത്വത്തിൽ ആകുവാനും സംഗതി വന്നു. ആ ആത്മാക്കൾ കൂട്ടം കൂട്ടമായും കായീൻ, ഹാബേൽ തുടങ്ങി ഭൂമിയിൽ നിറയുന്നു. ആദമിൽ നിന്നും ജന്മം എടുത്ത മനുഷ്യർ ദൈവമക്കളാണ് (ആത്മീയർ, ആത്മാവുള്ള മനുഷ്യർ). ഇവർ ഭൂമിയിൽ ആത്മാവില്ലാത്ത മൺമയരായ മനുഷ്യരുമായി ബന്ധം പുലർ ത്തുകയും മലിനമാവുകയും ചെയ്യുന്നു. അങ്ങനെ ഭൂമിയിൽ നിന്നും മോചനം ഇല്ലാത്തവിധം ഇവർ ഭൂമിയുമായും സാത്താനുമായും സന്ധി ചെയ്ത് പോരുന്നു. അങ്ങനെ മനുഷ്യനെ സൃഷ്ടിച്ചതു മൂലവും ഈ ആത്മാക്കളെ രക്ഷിക്കാൻ ദൈവത്തിന് സാധിച്ചില്ല. എന്നിരുന്നാലും സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖമാരുടെ കൂട്ടത്തിൽ കുറച്ച് രക്ഷപ്പെടണം എന്ന് ഉള്ളവരും ഉണ്ട്. അവർക്ക് രക്ഷപ്പെടുവാൻ അവ സരം ഇല്ല. വീണ്ടും വീണ്ടും ഇവർ പാപത്തിലേക്ക് വഴുതി വീഴുന്നു. അങ്ങനെ ആ ഘട്ടത്തിൽ ദൈവത്തിന് ഇവരിൽ ആരെയും രക്ഷിക്കു വാൻ സാധിച്ചിട്ടില്ല. അങ്ങനെ ജലപ്രളയത്തിൽ ഇവരെ സംഹരിച്ചിട്ട് വീണ്ടും പുനർജനിപ്പിക്കുന്നു. സാത്താൻ രണ്ടാം ഘട്ടത്തിലും ഇവരെ വഴിതെറ്റിക്കുന്നു. അങ്ങനെ ഈ മനുഷ്യരെ ദൈവം പല വിഭാഗങ്ങളായി തരംതിരിക്കുന്നു. നോഹയുടെ മക്കളായി പല ഗോത്രങ്ങളെയും ബാബേൽ കോട്ട പണിതപ്പോൾ വിഭാഗിച്ച ഭാഷയുടെ അടിസ്ഥാനത്തിലും ജാതികളായും പല രൂപത്തിൽ വിഭാഗിച്ചു. ഇത് സ്വർഗ്ഗത്തിൽ സാത്താൻ വിതച്ച കളവേർ തിരിച്ച് നല്ല വിത്ത് തിരഞ്ഞെടുക്കുവാൻ വേണ്ടി ചെയ്തു. എന്നാൽ ഫറവോന്റെ വംശമായും ജാതികളായും വിഭാഗിച്ച ശേഷം ഇവ രിൽ നിന്നും ഒരു നല്ല മനുഷ്യനെ ദൈവം തിരഞ്ഞെടുത്തു: അബ്രഹാം.

ശേമിന്റെ വംശത്തിൽ 10–ാം തലമുറയായ അബ്രഹാം. ഈ അബ്രഹാമിന്റെ രണ്ട് മക്കളിൽ കൂടി സകല ആത്മാക്കളെയും വേർതിരിക്കുവാൻ തീരുമാനിച്ച ദൈവം ഇസ്മായേൽ ഗോത്രവും, ഇസഹാക്ക് ഗോത്രവും ഇത് വീണ്ടും പിളർത്തി ഇസ്രായേൽ ഗോത്രവുമാക്കി. ഇത് 12 ഗോത്രം. ഈ കാലഘട്ടത്തിൽ ദൈവം മൂന്നാംഘട്ട മനുഷ്യനെ സൃഷ്ടിച്ചു. അതായത് പുനർജനിപ്പിക്കുന്നു. ഇത് മനുഷ്യന്റെ 40 വർഷത്തെ മരുഭൂപ്രയാണ കാലത്ത് സംഭവിച്ചു. ആ കാലത്ത് പഴയ വംശങ്ങളെ എല്ലാം ദൈവം സംഹരിക്കുകയും മരുഭൂമിയിൽ 20 വർഷം കഴിഞ്ഞ് ജനിച്ചവരെ മാത്രം തിരഞ്ഞെടുക്കുകയും മറ്റുള്ളവർ ശേഷം പല രൂപത്തിൽ നശിക്കുകയും കനാൻ നാട്ടിൽ ഇവർ പുനർജനിച്ച് ലോകത്തിന്റെ പല ഭാഗങ്ങളിലും വീണ്ടും പഴയ അവസ്ഥയിൽ ചെന്നുചേരുകയും ചെയ്യുന്നു. ഇങ്ങനെ ഒരു സാഹചര്യം ഉണ്ടാക്കിയത് ദൈവത്തിന്റെ പദ്ധതി തന്നെ. മനുഷ്യന്റെ അവകാശം എല്ലാം ഈ മരുഭൂപ്രയാണ കാലത്ത് മോശയിലും ശേഷം പുരോഹിതന്മാരിൽക്കൂടി സെഖര്യാവിലും ശേഷം യോഹന്നാനിൽ കൂടി കർത്താവായ യേശുക്രിസ്തുവിലും വന്നുചേരുന്നു. ഇങ്ങനെ യേശാവ് യാക്കോബിനു കൊടുത്ത ജ്യേഷ്ഠാവകാശം തലമുറകളായി ക്രിസ്തുയേശുവിൽ വന്നുചേരുന്നു. അങ്ങനെ മനുഷ്യന്റെ സാത്താനിലെ അടിമത്വം ക്രിസ്തുവിൽ ആയിത്തീരുന്നു. അങ്ങനെ സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ടപ്പോൾ ക്രിസ്തുവിനെ അംഗീകരിക്കാതിരുന്ന മാലാഖമാർ അനുസരണക്കേട് കാട്ടിയവരെ ദൈവപുത്രനാം ക്രിസ്തുവിന്റെ കാൽക്കീഴെ കൊണ്ടുവന്നിരിക്കുന്നു. “ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്ക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളി ചെയ്തതു ദാവീദ് പാടുന്നു.”

സങ്കീർത്തനം 82. ദൈവം ദേവസഭയിൽ നിൽക്കുന്നു. അവൻ ദേവന്മാരുടെ ഇടയിൽ ന്യായം വിധിക്കുന്നു.

ദൈവം ഒരിക്കലും മനുഷ്യനെ ഉപദ്രവിക്കുവാനോ കൊല്ലുവാനോ ആഗ്രഹിക്കുന്നില്ല. മനുഷ്യന്റെ ഇന്നത്തെ ആയുസ് (120) വരെ ജീവിച്ച് കാലസമ്പൂർണ്ണമായി മരിച്ച് ജനിക്കണം. എന്നാൽ മനുഷ്യൻ അവന്റെ ആയുസിന്റെ പല ഘട്ടത്തിലും മരണത്തിനും രോഗത്തിനും അടിമപ്പെട്ട് പോകുന്നു. ഒരു പക്ഷേ ദൈവം അവന് പുതിയ സാഹചര്യങ്ങൾ ഒരുക്കുന്നു. ആ സാഹചര്യങ്ങളിലെല്ലാം മനുഷ്യൻ ജീവിക്കണം. ഏതു സാഹചര്യത്തിൽ ജീവിച്ചാലും അവന്റെ പ്രവൃത്തി അവന് കണക്കിടും. കൂടാതെ നന്മ ചെയ്യുന്നവനെയും പലപ്പോഴും മരണം പിടികൂടുന്നു. പല അപകടങ്ങളും വരുത്തുന്നു. ഇതിൽ സാത്താന്റെ കരങ്ങളും ഉണ്ട്. എന്നാൽ മനുഷ്യനെ കൊന്നിട്ട് മനുഷ്യന്റെമേൽ ഒന്നും പ്രവർത്തിക്കുവാൻ ഈ കൂട്ടർക്ക് സാധിക്കുന്നില്ല. എന്നാൽ കൊന്നിട്ട് നരകത്തിൽ തള്ളിയിടുവാൻ

ശക്തിയുള്ളവൻ ദൈവം. അവനെ ഭയപ്പെടണം. അവനെ ആരാധിക്കണം. അവനിൽ ആശ്രയിക്കണം. സ്വർഗ്ഗം ഉണ്ട് എന്ന് ദൈവം നമ്മെ പഠിപ്പിച്ചു. പാതാളം ഉണ്ട് എന്നും പറയപ്പെടുന്നു. സ്വർഗ്ഗത്തിൽ ജീവൻ ഉണ്ട്. ഭൂമിയിലും ജീവൻ ഉണ്ട്. എന്നാൽ പാതാളത്തിൽ ആരെങ്കിലും പോയിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല. കാരണം, പാതാളത്തിൽ അവകാശിയായി കണ്ടവനായ സാത്താൻ ഭൂമിയിൽ വാഴുന്നു. അതിനാൽ പാതാളം സജീവമല്ല. തന്നെയുമല്ല, ക്രിസ്തുവിന്റെ ന്യായവിധിക്ക് ശേഷമേ അതിന്റെ ആവശ്യം ഉണ്ടാകുകയുള്ളു. മരിച്ചവർ നന്മ ചെയ്തവർ സ്വർഗ്ഗത്തിലും തെറ്റ് ചെയ്യുന്നവർ പാതാളത്തിലും പൊയ്ക്കൊണ്ടിരിക്കുന്നു. എങ്കിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ പ്രസക്തി എന്ത്? പിന്നെ മനുഷ്യന് സംശയം ഉള്ള കാര്യങ്ങൾ അന്ധകാരശക്തികൾ എന്ത്? ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അതായത് ആദത്തെ സൃഷ്ടിച്ചപ്പോൾ ഭൂമിയുടെ നാനാഭാഗത്തു നിന്നും ഒരു കിഴക്കൻ കാറ്റ് വരുത്തി ആദാമിന്റെ ഉള്ളിലേക്ക് ശ്വാസമായി ഊതി ഭൂമിയിൽ അടിച്ചിറക്കപ്പെട്ട മാലാഖമാർ ഇവർ ദൈവത്തിന്റെ ആജ്ഞയിൽ ആദാമിൽ പ്രവേശിച്ചു. എന്നാൽ സാത്താനും മറ്റ് അനവധി ശക്തികളും ദൈവത്തിന്റെ ആജ്ഞ അനുസരിച്ചില്ല. അവർ ഇന്നും അന്ധകാരശക്തികളായി വാഴുന്നു. ഇവയാണ് രക്ഷസ്സ് തുടങ്ങിയ ശക്തികൾ. ഇവയെ മനുഷ്യൻ ഉപാസിച്ച് ജീവിച്ചു പോരുന്നു. പലപ്പോഴും ഇവ സഹായികളും ദോഷകരും ആയിത്തീരുന്നു. ഇവയെ പ്രീതിപ്പെടുത്താൻ രക്തബലി വേണ്ടി വരുന്നു. മനുഷ്യനും ശക്തിക്ക് കുറവ് ഒന്നും ഇല്ല. എന്നാൽ മനുഷ്യൻ മൺകൂടാരമാകുന്ന മനുഷ്യശരീരത്തിൽ ബന്ധിതനാകുന്നു. അതിനാൽ അന്ധകാരശക്തികൾ മനുഷ്യനെ ഉപയോഗിക്കുന്നു. യഥാർത്ഥ സത്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. എല്ലാറ്റിനും അതത് സ്ഥലങ്ങളിൽ അടയാളങ്ങൾ ശേഷിക്കുന്നു. പ്രകൃതിക്ക് മാറ്റങ്ങൾ വന്നപ്പോഴും ജലപ്രളയത്താൽ ഭൂമി മുങ്ങിയപ്പോഴും ഈ തെളിവുകൾ കണ്ടെത്തി ലോകത്തിൽ വെളിപ്പെടുന്ന കാലംവരെയും ക്രിസ്തുവിന്റെ രണ്ടാം വരവ് വരെയും ഇവ ശേഷിക്കുന്നു. എന്നാൽ മനുഷ്യന് ഇവ കണ്ടെത്താനുള്ള അറിവും ജ്ഞാനവും ഉണ്ടാവണം എന്ന് മാത്രം.

# 34

# അനന്തരഹസ്യങ്ങളുടെ കലവറ - 2

കർത്താവായ യേശുക്രിസ്തു രണ്ടായിരം വർഷം മുമ്പ് ജനിക്കുകയും ശിഷ്യന്മാരെ തിരഞ്ഞെടുത്ത് അവർക്ക് അവരുടെ കഴിവുകൾക്ക് അനുസരണമായി താലന്താകുന്ന സുവിശേഷം പകർന്നു കൊടുത്തു. ഉപമകളായി അവ നൽകപ്പെട്ടു. എന്നാൽ ചില ശിഷ്യന്മാർക്ക് തുല്യമായിട്ടല്ല അത് നൽകിയത്. കാരണം ചിലർക്ക് അഞ്ച്, ചിലർക്ക് മൂന്ന്, രണ്ട്, ഒന്ന് ഇങ്ങനെ കൊടുത്തു. എന്നാൽ ഇതിൽ ഒരു താലന്ത് ഇന്നും കുഴിച്ചിടപ്പെട്ട അവസ്ഥയിലാണ്. അതായത് സുവിശേഷം പൂർണ്ണമായും അറിയപ്പെട്ടില്ല. യൂറോപ്പ് ദേശം കടന്നുവന്ന സുവിശേഷവും, സിറിയൻ ദേശം കടന്നുവന്ന സുവിശേഷവും പൂർണ്ണം അല്ലായിരുന്നു. എന്നാൽ ഇന്ത്യയിൽ തോമാ ശ്ലീഹായുടെ സുവിശേഷം പൂർണ്ണമായിരുന്നു. അത് കുഴിച്ചിടപ്പെട്ട താലന്തായി ഇന്നും തുടരുന്നതിനാൽ യഥാർത്ഥ സത്യം ഇന്നും മറഞ്ഞിരിക്കുന്നു. എ.ഡി. 52-ാം ആണ്ട് ഇന്ത്യയിൽ വന്ന തോമാ ശ്ലീഹാ ഏകദേശം 85 വയസ്സുള്ള ഒരു വയോധികൻ ആയിരുന്നു. അതിനാൽ വളരെ അന്ധവിശ്വാസ ആചാരങ്ങൾ നിലനിന്നിരുന്ന ദേശമായ കേരളത്തിലും സമീപപ്രദേശങ്ങളിലും സുവിശേഷത്തിന്റെ വിത്തു പാകി. എങ്കിലും ഒന്നും ഫലഭൂയിഷ്ഠമായി വളർന്നില്ല. തന്നെയുമല്ല ഭാഷയുടെ അപര്യാപ്തത മൂലം എല്ലാവർക്കും കർത്താവിന്റെ സുവിശേഷം പൂർണ്ണമായി ഉൾക്കൊള്ളാൻ സാധിച്ചില്ല. രഹസ്യമായി ക്രിസ്തുമതം സ്വീകരിച്ചവർ പലരും ഭവനങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്തു. അങ്ങനെ യഥാർത്ഥ സുവിശേഷം മനസ്സിലാക്കിയ ഒരു മാർതോമാ ക്രിസ്ത്യാനിയായ യുവാവിനെയും അദ്ദേഹത്തിന്റെ ഭാര്യയെയും (ഇവർ ബ്രാഹ്മണർ ആയിരുന്നു) ക്രിസ്തുമതം സ്വീകരിച്ചതിനാൽ കുടുംബത്തിൽ നിന്നും പുറത്താക്കുവാനും കൊല്ലുവാനും അന്നത്തെ സമൂഹം തീരുമാനിച്ചു. ഇത് അറിഞ്ഞ ബ്രാഹ്മണ യുവതിയുടെ മാതാവ് അവരെ രാത്രിയിൽ രക്ഷപ്പെടാൻ അനുവദിക്കുന്നു. ശേഷക്രിയയായി പടി അടച്ച് പിണ്ഡം വയ്ക്കുന്ന ആചാരം നടത്തി. ഇത് വടക്കൻപറവൂർ എന്ന സ്ഥലത്താണ് സംഭവിച്ചത്. ഇവർ ആദിമ നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം സ്വീകരിച്ചവരും ക്രിസ്തുവിനു വേണ്ടി ഭവനത്തിൽ നിന്നും മരണ സമാനമായി തീരുകയും ചെയ്തു. ഇവർ ആണ് തോമാ ശ്ലീഹായ്ക്ക് ശേഷം വിശുദ്ധപദവിയിൽ ആകേണ്ടവർ. അക്കാലത്തോ അതിനുശേഷമുള്ള നൂറ്റാണ്ടുകളിലോ കേരളത്തിൽ ഒരു സഭ ഉണ്ടായിരുന്നില്ല. എന്നാൽ ആദിമ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. അവർക്ക്

ഇത്ര ത്യാഗം ഏൽക്കേണ്ടതായി വന്നിട്ടില്ല. ഇവർ ഭവനഭ്രഷ്ടരായി ഒളിച്ച് ഓടി പല ദേശങ്ങളും കാടുകളും മലകളും പുഴകളും കടന്ന് പന്തള ത്തിന് ഒരു കിലോമീറ്റർ കിഴക്കുള്ള ഭവനത്തിൽ ചെല്ലുകയും അവിടെ ഇതിനോടകം ഗർഭിണിയായ ഭാര്യയ്ക്ക് പ്രസവിക്കാൻ ഇടം കിട്ടുകയും ചെയ്തു. അങ്ങനെ തല ചായ്ക്കാൻ ഇടം കിട്ടിയ സ്ഥലത്തിന് തലയി നാട് എന്ന് വിളിക്കപ്പെടുന്നു. എന്നാൽ ഇവിടെ അഞ്ച് കല്ലറകൾ സംര ക്ഷിക്കപ്പെടുന്നു. 1970 കാലം വരെ ഇവിടെ കല്ലുകൾ മാത്രം ചുറ്റിനും വെച്ച് വിളക്ക് കൊളുത്തിയിരുന്നു. ഇവിടെ ഒരു കുരിശും ചെറിയ ഒരു ചാപ്പലും ഉണ്ടായിരുന്നു. ഇത് തലമുറകൾ തലനാട് കുടുംബം കൈമാറി സംരക്ഷിച്ചു പോരുന്നു. വർഷത്തിൽ കുടുംബയോഗവും പ്രാർത്ഥനയും നടത്തിപ്പോരുന്നു. കുംഭ മാസം 8, 9 തീയതികളിൽ ഇവിടെ നേർച്ചകാഴ്ച കൾ കൊണ്ടുവരികയും കോഴിയെ വെട്ടി കുരുതിയും മറ്റും നടത്തിവന്നി രുന്നു. ഇവിടുത്തെ നേർച്ച ഇന്നും പൂവൻകോഴിയാണ്. അതായത് 1970–ന് ശേഷം കല്ലറ പണിയുകയും തുടർന്ന് അതിന് മുകളിൽ കോൺക്രീറ്റ് കൊണ്ട് കൂര പണിയുകയും ശേഷം പഴയ ചാപ്പൽ പൊളിച്ച് മനോഹര മായ ദേവാലയം പണിയുകയും ചെയ്തു. ആചാരങ്ങൾക്ക് മാറ്റം വന്നു. കോഴിക്കുരുതി നിർത്തി കൂദാശയാൽ അവിടെ സാഫല്യം ഉണ്ടാകുന്നു. എല്ലാം കാലത്തിന്റെ മാറ്റങ്ങൾ. ഇത് ഈ കുടുംബത്തിന്റെ കൈവശ ത്തുനിന്നും പുലിത്തിട്ട കുടുംബത്തിന് സ്ഥലം വിൽക്കുകയും അവർ അത് കുരമ്പാല പന്തളം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയ്ക്ക് കൊടുക്കുകയും ഇടവകയുടെ മേൽക്കോയ്മയിൽ കുടുംബ പള്ളി ആയി ഇന്നും നിലനിൽക്കുന്നു. എന്നാൽ ഇവിടുത്തെ പ്രാധാന്യം ഇന്നും അജ്ഞാതം. തലനാട് അപ്പൂപ്പന്മാർ എന്ന് ഈ കല്ലറകളെ വിശേഷിപ്പി ക്കുന്നു. സത്യം ഇന്നും മറഞ്ഞിരിക്കുന്നു. 1970–80 കാലഘട്ടത്തിൽ ഈ പാരമ്പര്യ സത്യം ഇതിന്റെ യഥാർത്ഥ അവകാശിയായ ചിക്കരോട്ട് കിഴ ക്കേതിൽ ഈപ്പൻ വർഗ്ഗീസ് എന്ന ആളിന് ഈ ആത്മാക്കളുടെ സാന്നിധ്യം ഉണ്ടായിരുന്നു. രാത്രിയാമങ്ങളിൽ ഈ ആത്മാക്കളുമായി സംവാദം ചെയ്യുമായിരുന്നു. ഒരു വിദ്യാഭ്യാസവും ഇല്ലാത്ത ഈ പിതാവ് സ്വർഗ്ഗീയ വിശേഷങ്ങൾ പറഞ്ഞു തരുമായിരുന്നു. അങ്ങനെ പറഞ്ഞു തന്ന കഥയാണ് ലോകത്തിൽ ഇന്നും മറഞ്ഞിരിക്കുന്ന സത്യം. ഇത് ഒരു കടംകഥയായി വായ്മൊഴിയായി ഇന്നും തുടരുന്നു. തലനാട് പിതാ ക്കന്മാരെ സഭ അംഗീകരിച്ചിട്ടില്ല. വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുമില്ല. എന്നാൽ നാഴിക സമാഗതമായിരിക്കുന്നു. ഇവിടെ അഞ്ച് കല്ലറ സംര ക്ഷിക്കപ്പെടുന്നു. ഇതിൽ രണ്ട് കല്ലറ ചേർന്നിരിക്കുന്നു. ഇത് അപ്പൂപ്പനും അമ്മൂമ്മയും. അതിനോട് ചേർന്ന് ഒറ്റ കല്ലറ മകന്റെ കല്ലറയാകുന്നു. കുറച്ച് മാറി രണ്ട് ഒറ്റ കല്ലറകൾ കാണാം. ഇതിൽ ഒന്ന് രക്ഷസ്സ്, മറ്റേത് മൂർത്തി. ഈ കാര്യം ഉൾക്കൊള്ളുവാൻ ആർക്കും സാധിക്കുകയില്ല.

പ്രത്യേകിച്ചും ക്രിസ്ത്യാനികൾക്ക്. അതിനാൽ സഭ ഈ കബറുകൾ അംഗീകരിച്ചിട്ടില്ല. എന്നാൽ പടിയടച്ച് വിട്ടപ്പോൾ ഈ യുവാക്കൾക്ക് സംരക്ഷകനായി ബ്രാഹ്മണയുവതിയുടെ കൂടെ ഇറങ്ങിത്തിരിച്ച പൂച്ച രക്ഷസ്സ് ആയിരുന്നു. കൂടാതെ അവർ വെച്ച് ആരാധിച്ച് പോരുന്ന വിഗ്രഹം ഇതാണ് മൂർത്തി. അങ്ങനെ അഞ്ച് കല്ലറകൾ. വിശ്വസിച്ചാലും ഇല്ലെങ്കിലും ഇത് ഒരു സത്യമാണ്. രക്ഷസ്സ് ഉണ്ടോ എന്ന ചോദ്യത്തിന് തീർത്തും ഉണ്ട് എന്ന് പറയുവാൻ ഈ എഴുതുന്ന എനിക്ക് സാധിക്കും. ഇത് ഞാൻ കണ്ടിട്ടുള്ളതും അറിഞ്ഞതുമായ സത്യം. മറ്റൊരു കഥയായി ശേഷിക്കുന്നു. ഈ എഴുതുന്ന എന്റെ മാതാവിന്റെ പിതാവാണ് ഈപ്പൻ വർഗ്ഗീസ്. അതായത് തലയിനാട് കുടുംബത്തിന്റെ അവകാശി. ആ കണ്ട ആൾ രാത്രിയുടെ യാമങ്ങളിൽ എഴുന്നേറ്റ് ഉറക്കെ പ്രാർത്ഥിക്കുന്ന പതിവ് ഉണ്ടായിരുന്നു. തലനാട് പിതൃക്കളുടെ സാന്നിദ്ധ്യമാണ് ഈ വ്യക്തിക്ക് ഉണ്ടായിരുന്നത്. പല അത്ഭുത സഹായങ്ങളും സാന്നിധ്യങ്ങളും ഉണ്ടായ ചരിത്രം ഉണ്ട്. എന്നിരുന്നാലും ഇന്നും മഹാത്മാക്കളെ വിശുദ്ധ പദവിയിൽ സഭ ഉയർത്തിയിട്ടില്ല. എന്നാൽ ഇന്നും കുഴിച്ചിടപ്പെട്ട താലന്തായി (സത്യം) മറഞ്ഞിരിക്കുന്നതിനാൽ ആവാം ഈ സത്യം ലോകം അറിയുമെങ്കിൽ അന്ന് അവർ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടും. ഇവർ മൂലം തലമുറകളായി സൂക്ഷിച്ചുപോരുന്ന സത്യം ഈ പിതാവ് എന്നിലേക്ക് പകർന്ന് തന്നിരുന്നു. ഞാനും ഇക്കാലമത്രയും മൂടിവച്ചിരുന്നു. ചരിത്രാതീത കാലം മുതൽ സ്വർഗ്ഗവും മാലാഖമാരും ദൈവവും പിശാചും ഉള്ള കഥകൾ ലോകം കേട്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖമാരേയും കുറിച്ച് കേട്ടിരിക്കുന്നു. എന്നാൽ ഈ പിതാക്കന്മാർ പറഞ്ഞുതന്നത് സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കപ്പെട്ട മാലാഖമാരാണ് ആദാമും ശേഷം മനുഷ്യജന്മം എടുത്തവരും എന്ന്. ഇതിന്റെ സത്യം അന്വേഷിച്ച് ഏകദേശം 20 വർഷക്കാലം ചിന്തിക്കുകയും കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തതിന്റെ ഫലമായി മറഞ്ഞിരിക്കുന്ന സത്യങ്ങൾ ഏകദേശം മനസ്സിലാക്കുവാനും കണ്ടെത്തുവാനും കഴിഞ്ഞു. എന്നാൽ ഇത് ലോകത്തെ അറിയിക്കുവാൻ സാധിക്കുന്നില്ല. പലവിധ തടസ്സങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ അദൃശ്യകരങ്ങൾ എന്നെ സഹായിക്കുന്നുണ്ട്. ആദമിന് ശേഷം മുതൽ ഏകദേശം 2000 വർഷങ്ങൾ കൂടുമ്പോൾ പുതിയ ജനറേഷൻ തുടങ്ങും. അതായത് ആദം മുതൽ 2000 വർഷം. രണ്ടാം ഘട്ടത്തിലെ മനുഷ്യർ ഇസ്രായേൽ ജനം ഉണ്ടാകുന്നു. ശേഷം 2000 വർഷം ക്രിസ്തു ജനിക്കുകയും വീണ്ടും പുതിയ സൃഷ്ടിയായി ജനം ഉണ്ടാകുകയും ചെയ്യുന്നു. ക്രിസ്തുയേശുവിന്റെ ഉയിർപ്പ്, സ്വർഗ്ഗാരോഹണം ഇവയ്ക്ക് ശേഷം കർത്താവിന്റെ രണ്ടാമത്തെ വരവ് പ്രതീക്ഷിക്കുന്ന സമയം 2000 കഴിഞ്ഞിരിക്കുന്നു. എന്നാൽ സുവിശേഷത്തിന്റെ പൂർണ്ണമായ അവസ്ഥ കൂടി ലോകം അറി

യുവാൻ ദൈവം ആഗ്രഹിക്കുന്നു. അതാണ് ക്രിസ്തുവിന്റെ രണ്ടാം വരവ് താമസിക്കുന്നത്. എന്നാൽ അത് മനുഷ്യന്റെ അന്ത്യം കുറിക്കുന്ന അവസരമായതിനാൽ ദൈവം അറിഞ്ഞ് സ്വൽപ്പം സാവകാശം തന്നിരിക്കുന്നു. മനുഷ്യൻ 1950–ന് ശേഷം ധൂർത്തടിയുടെ ഘട്ടത്തിലേക്ക് തിരിഞ്ഞു. ഭൂമിയുടെ സമ്പത്ത് ഊറ്റിത്തീരുവാൻ ഇനി അധികകാലം ഇല്ല. നാം ഭൂമിയുടെ ശക്തിയാണ് നശിപ്പിക്കുന്നത്. അടിസ്ഥാനമാണ് ഇളക്കുന്നത്. ദൈവത്തെ മറന്ന് സയൻസ് മുമ്പോട്ട് ഓടിയതിന്റെ ഫലം ഭൂമി അതിന്റെ നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. മനുഷ്യനെ സഹായിക്കാൻ സയൻസിനോ സാത്താനോ സാധ്യമല്ല. എല്ലാം മനുഷ്യന്റെ കൈയിൽ നിന്നും വിട്ടുപോകുന്നു. അവസാനത്തെ ചെറിയ പ്രതീക്ഷയാണ് സുവിശേഷത്തിന്റെ പൂർണ്ണത. കർത്താവായ യേശുക്രിസ്തു പൂർണ്ണ സുവിശേഷമാണ് ശിഷ്യന്മാരെ പഠിപ്പിച്ചത്. അത് ഉപമകൾ ആയിരുന്നു. മനുഷ്യൻ ഏകാത്മാവിൽ ആകുമ്പോൾ ദൈവത്തെ അറിഞ്ഞ് ജീവിക്കുന്നവർക്ക് പരിശുദ്ധാത്മാവ് സത്യം മനസ്സിലാക്കി കൊടുക്കും. മനസിലാക്കുന്നവർ പശ്ചാത്തപിക്കും. അവർ ദൈവസന്നിധിയിൽ എടുക്കപ്പെടും (ഞാൻ ഭൂമിയിൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങൾക്ക് ഒഴികഴിവ് ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തുയേശു പറയുന്നു, ഞാൻ വന്നതുകൊണ്ട് നിങ്ങളുടെ പാപം നിലനിൽക്കുന്നു. അങ്ങനെ യേശുവിനെ കൊന്നതു മൂലം മനുഷ്യന്റെ പാപത്തിന് ഒഴികഴിവില്ല.).

ബി.സി. നൂറ്റാണ്ടുകളിലും എ.ഡി. 19–ാം നൂറ്റാണ്ടിന്റെ അവസാനം വരെയും മനുഷ്യൻ ഭൂമിയിൽ ജനിക്കുകയും മരിക്കുകയും ജീവിക്കുകയും ചെയ്തത് ഭൂമിയുടെ ഉപരിതലത്തെ മാത്രം ആശ്രയിച്ച് പ്രകൃതിദത്തമായ ജൈവസമ്പത്ത് ഉപയോഗിച്ചായിരുന്നു. അതിനാൽ ഭൂമിക്ക് മാരകമായ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ തികച്ചും വ്യത്യസ്തമായി 20–ാം നൂറ്റാണ്ടിൽ ആദ്യം മുതൽ മറ്റൊരു തലത്തിലേക്ക് മനുഷ്യൻ എത്തിത്തുടങ്ങി. അവന്റെ ആയുധങ്ങൾ, വാഹനങ്ങൾ എല്ലാം പ്രകൃതിയെ ചൂഷണം ചെയ്യുന്ന തരത്തിൽ ഭൂമിയുടെ ശക്തിയെ നശിപ്പിക്കുന്നതരത്തിൽ കെമിക്കൽ യുഗത്തിലേക്ക് കടന്നു. യുദ്ധസാമഗ്രികളും പാർപ്പിടങ്ങളും ഇന്ധനങ്ങളും എല്ലാം പ്രകൃതിയുടെ ഉപരിതലം വിട്ട് അന്തർഭാഗത്തേക്കുള്ള കടന്നാക്രമണം ആയി. മഹാകവി കാളിദാസൻ കാണിച്ചുതന്ന കാര്യംപോലെ മരത്തിന്റെ ശിഖരത്തിൽ ഇരുന്ന് ചുവട് മുറിക്കുന്ന വിഡ്ഢിയെപ്പോലെ. എന്നാൽ ഇപ്പോൾ നായര് പിടിച്ച പുലിവാലു പോലെ ആയി. ഇന്ന് മനുഷ്യൻ ഭൂമിയിൽ നിന്ന് ഊറ്റി എടുക്കുന്ന ഇന്ധനം അവിടെ നിക്ഷേപിക്കപ്പെടുന്നില്ല. ഇത് എടുക്കുന്നതിനാൽ ഭൂമിയുടെ ഉള്ളിലുള്ള താപത്തെ പുറത്തേക്ക് തള്ളാതിരിക്കുവാനുള്ള സംരക്ഷണം നഷ്ടപ്പെടുന്നു. അങ്ങനെ ഭൂമിക്ക് എന്ത് ഭവിക്കും

എന്നുള്ള ആശങ്ക മനുഷ്യനിൽ ഉണ്ടാകും. ഭൂലോകത്തിന്റെ അടിസ്ഥാനങ്ങൾ ഇളകും. ഇത് ധൂർത്തിന്റെ കാലം. മുടിയനായ പുത്രന്റെ ഉപമയുടെ സാരാംശം പോലെ ശേഷം ഇന്ധനവും തീരും. വെള്ളവും വറ്റും. ജീവവായു മലിനമാകുകയും ചെയ്യും. അത് തുടങ്ങിയുമിരിക്കുന്നു. ഇപ്പോൾ ശാസ്ത്രം അതിന്റെ കൈയിൽ നിന്നും വിട്ടുപോയി. ഇനി ഈ ഭൂമിയെ സംരക്ഷിപ്പാൻ അതിന് സാധ്യമല്ല. ആഗോള താപനത്തിന്റെ മുറവിളി തുടങ്ങി. മനുഷ്യരാശിയുടെയും ജീവജാലങ്ങളുടെയും പതനം താമസിയാതെ ഉണ്ടാകും. കർത്താവായ യേശുക്രിസ്തു പറഞ്ഞതെല്ലാം നടക്കുന്ന കാലം സമാഗതമായിക്കൊണ്ടിരിക്കുന്നു. ഇനി അത്തി തളിർക്കും. അതായത് യഹൂദൻ ക്രിസ്ത്യാനി ആകുവാനുള്ള ആഗ്രഹം ഉണ്ടാകുമ്പോൾ ലോകത്തിന്റെ നാശം. വേനൽ അടുത്തിരിക്കുന്നു എന്ന ഉപമ പൂർണ്ണമാകും.

ഇനിയും ക്രിസ്തു വരുന്നതിന് മുമ്പേ ഈ സത്യങ്ങൾ ലോകം അറിയണം. ന്യായവിധിയിൽ മനുഷ്യൻ ചെയ്ത തെറ്റ്/പാപം എന്താണ് എന്ന് ഉള്ള ബോധ്യം അവന് ഉണ്ടാവണം. എന്നിട്ടും പശ്ചാത്തപിക്കുകയോ ക്രിസ്തുവിനെ അംഗീകരിക്കുകയോ ചെയ്യാത്തവരെ കർത്താവ് എന്തിന് അംഗീകരിക്കണം.

# 35

# വീണ്ടും കുഴിച്ചിടപ്പെട്ടത്

വി. തോമാശ്ലീഹായ്ക്ക് മാത്രം അറിയാവുന്ന രഹസ്യമാണ് വിശുദ്ധ കന്യകമറിയാമിന്റെ ഭൗതികശരീരം എവിടെയാണ് അടക്കം ചെയ്തത് എന്നുള്ളത്. ഭൂമിയിൽ ഇല്ല എന്ന് മനുഷ്യർ വിശ്വസിക്കുന്നു. സ്വർഗ്ഗത്തിൽ പോയി എന്ന് വിചാരിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ ഇറങ്ങി വന്ന പുത്രനാം ക്രിസ്തു അല്ലാതെ മനുഷ്യജന്മം എടുത്ത ആരും സ്വർഗ്ഗത്തിൽ പോയിട്ടില്ല. പിന്നെ എങ്ങനെ മറിയാമിന്റെ ഭൗതികശരീരം സ്വർഗ്ഗത്തിൽ എടുക്കപ്പെടും. എന്നാൽ പറുദീസയിൽ കബറടക്കം ചെയ്യപ്പെട്ടു എന്ന് പറയപ്പെടുന്നു. വിശുദ്ധ മറിയാം മരിക്കുന്ന സമയം തോമാശ്ലീഹാ ഇന്ത്യയിൽ ആയിരുന്നു. മറ്റ് ശിഷ്യന്മാരും പല സ്ഥലങ്ങളിൽ ആയിരുന്നു. എന്നാൽ മരിച്ചവരും ജീവിച്ചിരുന്നവരുമായ കർത്താവിന്റെ ശിഷ്യന്മാർ എല്ലാവരും മാതാവിന്റെ മരണസമയത്ത് യെരുശലേമിൽ എത്തുകയും ആകാശമാർഗ്ഗം മേഘത്തിൽക്കൂടി തോമാ ശ്ലീഹായും എത്തിചേരുകയും (തോമാ ശ്ലീഹാ എപ്പോഴും താമസിച്ചാണല്ലോ എത്താറ്!) ശേഷം മാതാവിന്റെ ഭൗതികശരീരം എടുത്തുകൊണ്ട് പറുദീസായിൽ കബറടക്കി എന്നും റൂമാലും, അരക്കെട്ടും തോമാ ശ്ലീഹായ്ക്ക് കിട്ടി എന്നും പറയപ്പെടുന്നു. എന്നാൽ പറുദീസാ എവിടെ? സഭ നമ്മെ പഠിപ്പിക്കുന്നത് പറുദീസാ, ഏദൻതോട്ടം ആകുന്നു എന്നാണ്. പറുദീസായിൽ ആദം രുചി നോക്കാത്ത ഫലം ആണ് വിശുദ്ധ കുർബാന എന്ന് സഭ പഠിപ്പിക്കുന്നു. അപ്പോൾ ഏദൻതോട്ടം എവിടെയാണ് എന്ന് കണ്ടെത്തണം. ഇതും കുഴിച്ചിടപ്പെട്ട രഹസ്യം തന്നെ. ഇതും അറപ്പുരയിൽ മൂടിവച്ചിരിക്കുന്നു. പുര മുകളിൽ ഘോഷിക്കപ്പെടുന്ന കാലം സമാഗതവുമായിരിക്കുന്നു. ഇതെല്ലാം മനസ്സിലാക്കുവാൻ ഭൂമിശാസ്ത്രവും ദൈവശാസ്ത്രവും കണക്കും സയൻസും മനഃശാസ്ത്രവും പഠിക്കണം. ഇതിന്റെ എല്ലാം സമ്മിശ്രിതമായ ചിന്താഗതിയിലൂടെയേ ദൈവത്തെ അന്വേഷിപ്പാൻ കഴിയുകയുള്ളു. എന്നാലേ സത്യങ്ങൾ തിരിച്ചറിയുവാൻ സാധ്യമാകൂ. ഇസ്രായേൽ ജനത്തിന്റെ പുറപ്പാട് കാലഘട്ടത്തിൽ സീനായ് മലയുടെ മുകളിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷനായി എരിയാത്ത മുൾപ്പടർപ്പിൽ അഗ്നിജ്വാലയിൽ നിന്നും ദൈവം മോശയോട് അരുളിചെയ്ത സത്യങ്ങൾ ആണ് മോശ ഉൽപ്പത്തി മുതലുള്ള അഞ്ച് പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നത്. അവിടെ മോശയോട് ദൈവം പറഞ്ഞു, ഞാൻ കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി എന്ന്. ഭൂമിശാസ്ത്രപരമായി നോക്കിയാൽ സീനായ് മല ഈജിപ്റ്റിൽ സീൻ മരുഭൂമിയിലുള്ള

ഒരു മലയാണ്. അവിടെ നിന്ന് കിഴക്കുള്ള ഏദൻ എന്ന് പറയുന്ന സ്ഥലം ഇന്നത്തെ യമൻ ആണ്. അതിന്റെ കിഴക്കേ അറ്റത്താണ് ദൈവം ഒരു തോട്ടം ഉണ്ടാക്കിയതും ആദമിനെ അവിടെ പാർപ്പിച്ചതും. ഇന്നും ആ തോട്ടം, തോട്ടമായി തന്നെ നിലകൊള്ളുന്നു. കാലം എത്ര കടന്നു പോയിട്ടും ഭൂമിയിൽ ജലപ്രളയം വന്ന് ഭൂമിയിലെ ജീവജാലങ്ങൾ എല്ലാം നശിച്ചിട്ടും വീണ്ടും വീണ്ടും ദൈവം പഴയരൂപത്തിൽ തന്നെ സകലതും സ്ഥാപിക്കുന്നു. തെളിവുകൾ എല്ലാം ഇന്നും ശേഷിക്കുന്നു. ദോഫാറിൽ ഉള്ള തോട്ടം തന്നെയാണ് ഏദൻതോട്ടം. മനുഷ്യൻ അജ്ഞാതലോകത്ത് എന്ന് സങ്കൽപ്പിക്കുന്നതെല്ലാം വെളിച്ചത്ത് നമ്മുടെ ചുറ്റും ഉള്ളതാണ്. എന്നാൽ വിശ്വസിക്കാൻ പ്രയാസമാണല്ലോ. സലാലയുടെ 15 കി. മീ. ചുറ്റളവിലുള്ള തോട്ടം. ഇതിന്റെ ചുറ്റുമുള്ള ഒരു മലയിലാണ് ഇയ്യോബ് എന്ന പ്രവാചകൻ (വിശുദ്ധൻ) താമസിച്ചിരുന്നത്. ഇയ്യോബിന്റെ ഭവനം സലാലയുടെ മലയിൽ ആയിരുന്നുവല്ലോ. അതിന് എത്രയോ മുമ്പേ ദൈവം ഇതിന് ചുറ്റും വേലി കെട്ടിയിരുന്നു. അതായത് ഈ തോട്ടവും അതിനെ സംരക്ഷിക്കുന്ന മലകളും ആണ് അതിര്. ഇവിടെ ഭൂമിയിലുള്ള ജീവജാലങ്ങൾക്കോ സാത്താനോ പ്രവേശനം ഇല്ലായിരുന്നു. ഇയ്യോബിന്റെ കാലഘട്ടം ഏകദേശം നോഹയ്ക്ക് ശേഷം അബ്രഹാമിന്റെ ശേഷം യാക്കോബിന്റെ കാലഘട്ടത്തിൽ ആയിരുന്നു. ഈ കാലഘട്ടത്തിലാണ് ഇയ്യോബിന്റെ പരീക്ഷണകാലം. ഈ സമയത്താണ് ദൈവം തോട്ടത്തിന് ചുറ്റുമുള്ള മലനിരകളിൽ കൽപ്പിച്ചിട്ടുള്ള അതിർ അല്ലെങ്കിൽ വേലി നീക്കം ചെയ്യപ്പെട്ടത്. ഇയ്യോബിന്റെ കാലത്ത് വരെ ഹവ്വായെ വഞ്ചിച്ച സാത്താൻ പ്രവേശിച്ച പാമ്പ് എന്ന് പറയപ്പെടുന്ന ലിവ്യാധാൻ വസിച്ചിരുന്ന സ്ഥലം സലാലയിലായിരുന്നു. ഇതിനെക്കുറിച്ച് ഇയ്യോബിന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. ഇങ്ങനെ ഒരു സാക്ഷ്യത്തിനായിട്ടാവണം ഇയ്യോബ് എന്ന പ്രവാചകന്റെ ഒരു പുസ്തകം ബൈബിളിൽ പരമാർശിക്കപ്പെടുന്നത്. നോഹ മുതൽ യേശുക്രിസ്തു വരെ ഉള്ള ചരിത്രം ഇസ്രായേൽ ജനത്തിന്റെ വഴിയെ ആണ് മോശ മുഖാന്തിരം ഉള്ള പുസ്തകങ്ങളും ശേഷം ഉള്ളതും. എന്നാൽ ഇയ്യോബ് ആരുടെ മകൻ എന്നോ മറ്റും ഉള്ള ചരിത്രം ആർക്കും അറിയില്ല. എന്നാൽ ഈ പുസ്തകം ദൈവത്തെ അന്വേഷിക്കുന്നവർക്ക് വേണ്ടി എഴുതിയിരിക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നവർ കണ്ടെത്തുന്നതിനുള്ള അന്വേഷണങ്ങളിൽ ഇയ്യോബിനെപ്പോലെ കഷ്ടങ്ങൾ ഏൽക്കേണ്ടതായി വരും. ഏകദേശം സമാനമായ കഷ്ടതകൾ. എന്നാൽ ഇയ്യോബിന്റെ അത്രയും കഷ്ടത ദൈവം വരുത്തുകയില്ല. ദൈവം മനുഷ്യന്റെ തെറ്റും ശരിയും വേർതിരിക്കുവാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നും പാപം ചെയ്ത ആത്മാക്കൾ (സ്വർഗ്ഗീയ മാലാഖമാർ) ഒരു വിഭാഗം

സാത്താനോട് ചേർന്നു. നല്ല വിത്ത് വിതച്ച സ്ഥലത്ത് സാത്താൻ കള വിതച്ച ഉപമ. ശേഷം ഭൂമിയിലേക്ക് പതിച്ചവരെ ദൈവം മനുഷ്യനായി ജന്മം എടുക്കുവാൻ അവസരം കൊടുക്കുന്നു. ഒന്നാം ഘട്ടം ആദാമിലും, രണ്ടാം ഘട്ടം ആദമിന്റെ സന്തതിയായും ഇസ്രായേൽ ജനമായി മൂന്നാം ഘട്ടവും. ഈ മൂന്ന് ഘട്ടങ്ങളിലും ദൈവം മനുഷ്യനെ പാറ്റിപെറുക്കി. എന്നിട്ടും മനുഷ്യർ രക്ഷപ്പെട്ടില്ല. അതായത് നല്ല ഫലം കണ്ടില്ല. അങ്ങനെ മൂന്ന് സംവൽസരമായി ഫലം കാണാത്ത ഈ ജനത്തെ വെട്ടി അഗ്നിയിൽ ഇട്ടുകളവാൻ പുത്രനായ ക്രിസ്തുവിനോട് പിതാവാം ദൈവം എന്ന തോട്ടത്തിന്റെ ഉടയവൻ പറയുന്നു. എന്നാൽ 'യജമാനനേ, ഈ ഒരു സംവൽസരം കൂടി ഞാൻ വെള്ളവും വളവും കൊടുത്ത് ഇതിനെ സംരക്ഷിക്കട്ടെ. എന്നാൽ ഫലം കണ്ടില്ലായെങ്കിൽ വെട്ടിക്കളയാം' എന്ന് പറയുന്ന യേശുവിനെ നമുക്ക് കാണുവാൻ സാധിക്കുന്നു. എന്നാൽ ഈ അവസരം, കർത്താവ് പോയതിന് ശേഷം രണ്ടായിരം ആണ്ട് കഴിഞ്ഞിട്ടും മനുഷ്യനിൽ ഫലം അന്വേഷിക്കാൻ വരുന്ന ക്രിസ്തു ഈ തോട്ടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കാണുമ്പോൾ എന്തായിരിക്കും നടപടി എന്ന് പറയുക വയ്യ. എല്ലാം കച്ചവടമായിത്തീരുന്ന അവസ്ഥ. എവിടെയും ലാഭം മാത്രം ചിന്ത. ആതുരപ്രവർത്തനം പ്രശസ്തിക്കുവേണ്ടി ആയിത്തീരുന്നു. കോടികൾ ഉണ്ടാക്കി സ്ഥാപനങ്ങളും സ്ഥാനമാനങ്ങളും സമ്പാദിക്കുന്നു. അതിന്റെ മറവിൽ വൻ അഴിമതികൾ നടക്കുന്നു. നന്മയും തിന്മയും വേർതിരിച്ചറിയാൻ വയ്യാത്തവിധം സാത്താന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ അടിയിൽപെട്ട് നല്ല മണികളും മലീമസമാകുന്നു. എല്ലാം തകർക്കപ്പെടുവാൻ തക്കവണ്ണം മനുഷ്യന്റെ മനസ്സിൽ പൈശാചിക ശക്തി പെരുകുന്നു. നെല്ലും പതിരും വേർതിരിക്കുവാൻ പ്രയാസം.

# 36

# പരീശന്മാരുടെ പുളിച്ച മാവ്

കർത്താവായ യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, 'പരീശന്മാരുടെ പുളിച്ച മാവ് സൂക്ഷിച്ചുകൊൾവിൻ' എന്ന്. ശിഷ്യന്മാർ കരുതി അപ്പം കരുതാഞ്ഞതിനാൽ കർത്താവ് ഇങ്ങനെ പറഞ്ഞു എന്ന്. കർത്താവ് വീണ്ടും ശിഷ്യന്മാരോട് പറയുന്നു. നിങ്ങൾ അപ്പത്തെക്കുറിച്ച് കരുതുന്നത് എന്ത്. 5 അപ്പം കൊണ്ട് 5000 പേരേയും 2 അപ്പം കൊണ്ട് 7000 പേരേയും പോഷിപ്പിച്ചത് കണ്ടില്ലേ? എന്നാൽ പരീശന്മാർ കിണ്ടി കിണ്ണങ്ങളുടെ പുറം മിനുക്കുന്നു അകമോ ശുദ്ധമല്ല. എന്താണ് കാരണം? പരീശന്മാരുടെ വിശ്വാസവും പുറംകാഴ്ചയുമാണ് പുളിച്ച മാവ്. അകം അവരുടെ പ്രവൃത്തിയാണ്. അതായത് പുളിച്ചമാവിനെ കർത്താവ് സ്വർഗ്ഗമായി ഉപമിച്ചിരിക്കുന്നു. ആ ചിന്താഗതി പരീശന്മാർക്ക് ഉണ്ട്. അവർ പുനർജന്മത്തിൽ വിശ്വസിച്ചിരുന്നു.അവരുടെ ആരാധനക്രിയകൾ എല്ലാം ശ്രദ്ധേയമാണ്. ഇതാണ് സൂക്ഷിക്കേണ്ടത്. എന്നാൽ അവരുടെ പ്രവൃത്തി ശരിയല്ല എന്നും കർത്താവ് അവിടെ പറയുന്നു. സഭകൾ മനുഷ്യന് പുനർജന്മം ഉണ്ട് എന്ന് പഠിപ്പിക്കുന്നില്ല. എന്നാൽ പരീശന്മാരുടെ വിശ്വാസവും ഹൈന്ദവ വിശ്വാസവും അത് ശരിവയ്ക്കുന്നു. അവരും വിശ്വസിക്കുന്നു ഈ സത്യം. ഇങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. കർത്താവിന്റെ രണ്ടാം വരവ് വരെ, മനുഷ്യൻ ഏകാത്മാവിൽ ആകുന്നതുവരെ ഇത് തുടർന്നുകൊണ്ടേയിരിക്കും. കൂടാതെ മനുഷ്യന് പല സാഹചര്യങ്ങളും ചുറ്റുപാടുമുള്ള ജന്മം കൊടുക്കുന്നു. ഈ ആത്മാക്കളെ വീണ്ടും വീണ്ടും പാറ്റിപ്പറുക്കി അവരുടെ നന്മയും ദൈവം കണക്കിടുന്ന സ്വർഗ്ഗത്തിൽ നിന്നും അടിച്ചിറക്കിയ കാലം തൊട്ട് ദൈവം ആദാമിൽക്കൂടി മനുഷ്യാത്മാക്കളെ സൃഷ്ടിച്ച് ഇന്നുവരെ ഏകദേശം 6150 വർഷക്കാലം ഭൂമിയിൽ മനുഷ്യൻ ജനിച്ചും മരിച്ചും കഴിയുന്നു. എന്നാൽ ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി. പിന്നെ അവൻ ജനിക്കുന്നുമില്ല മരിക്കുന്നുമില്ല. അവർ വിശുദ്ധരായവർ ദൈവസന്നിധിക്കും ഭൂമിക്കും മദ്ധ്യസ്ഥരായി തീരുന്നു. ഇവരും ഇപ്പോൾ സ്വർഗ്ഗത്തിൽ പോകുന്നില്ല. എല്ലാം കർത്താവിന്റെ രണ്ടാം വരവിന് ശേഷം, ന്യായവിധിക്ക് ശേഷം സ്വർഗ്ഗവും നരകവും വിധിക്കും. മനുഷ്യർ എല്ലാവരും ദൈവത്തെ സ്തുതിക്കുന്നു (ആരാധിക്കുന്നു). പല രൂപത്തിലും ഭാവത്തിലും അവരുടെ വിശ്വാസങ്ങൾക്ക് അനുസൃതമായി പിതാവാം ദൈവത്തെ ഇസ്രായേൽ ഗോത്രം പന്ത്രണ്ടും വിളിച്ച് പ്രാർത്ഥിച്ചിരുന്നു. ശേഷം യഹൂദനും, യഹോവാ സാക്ഷികളും, മുസ്ലീങ്ങളും ക്രിസ്ത്യാനികളും. എന്നാൽ യഹോവയെ വായ് കൊണ്ട്

ആരാധിക്കുന്നില്ല. മനുഷ്യന്റെ ഈ അവസ്ഥയ്ക്ക് കാരണം മനുഷ്യൻ ക്രിസ്തുവിൽ വിശ്വസിക്കുകയും മനുഷ്യാത്മാക്കൾ ദൈവസന്നിധിയാകുന്ന സ്വർഗ്ഗത്തിൽ ചെയ്ത പാപം ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുകയും തിന്മ വെടിഞ്ഞ് പുണ്യപ്രവർത്തികൾ ചെയ്യുകയും വേണം. നാം മനുഷ്യർ ഈ ഭൂമിയിൽ അനവധി അപരാധങ്ങളും തെറ്റുകളും ചെയ്തു. ഇതിൽ നിന്നും മോചനം നേടുവാൻ ഇതേ അവസ്ഥയിൽ നമുക്ക് സ്വർഗ്ഗ രാജ്യത്തിൽ എത്തപ്പെടാൻ സാധ്യമല്ല. കാരണം അവിടെ ചെന്നും ഇത് പ്രവർത്തിക്കുകയില്ല എന്ന് പറയാൻ പറ്റില്ലല്ലോ. അതിനാൽ നാം ഇവിടെ നിന്നും ഈ ഭൂമിയിൽ ചെയ്ത പാപങ്ങൾ ഏറ്റുപറഞ്ഞ് ഒരു വിധം നാം സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ അവിടുത്തെ സന്തോഷത്തിൽ നാം മതി മറന്ന് പോകും. വീണ്ടും തെറ്റുകാരാവും. അങ്ങനെ ഒരു അവസ്ഥ ഉണ്ടാവാതിരിക്കാൻ നാം എന്തിനായി സ്വർഗ്ഗത്തിൽ നിന്നും തള്ളപ്പെട്ട് ഭൂമിയിൽ പതിച്ചുവോ ആ അവസ്ഥ ഇനിയും ഉണ്ടാകാതിരിക്കുവാനുള്ള ഉറച്ച തീരുമാനം ഉണ്ടാവണം. അതിന് നാം സ്വർഗ്ഗത്തിൽ ചെയ്ത തെറ്റുകളുടെ ആവർത്തനമാണ് ഭൂമിയിൽ ചെയ്തത് എന്ന പശ്ചാത്താപത്തോടെ മുടിയനായ പുത്രനായി പിതാവിന്റെ സന്നിധിയിൽ ചെല്ലുവാൻ ശരിക്കും ലജ്ജ ഉള്ളവരായി തീരണം. ആ വിചാരം ഉണ്ടാകുവാൻ വേണ്ടിയാണ് ഈ പുസ്തകം ഓർമ്മിപ്പിക്കുന്നത്. ഈ ഭൂമിയിൽ തന്നെ നാം അതിനുള്ള ഉറച്ച തീരുമാനങ്ങൾ എടുക്കുകയും ആർത്തിയും വിദ്വേഷവും പകയും മറ്റ് ദുർഗുണങ്ങളും ഉള്ളത് പാടെ മാറ്റി ശുദ്ധീകരിച്ച് ജന്മാന്തരങ്ങൾ ഈ ഭൂമിയിൽ ചെയ്തതും ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുമ്പോൾ ഒരു പക്ഷെ ദൈവമായ പിതാവ് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ സ്വീകരിക്കുമായിരിക്കും. എന്നാൽ നാം ഭാഗ്യവാന്മാർ, നമുക്ക് നമ്മുടെ യഥാർത്ഥ സഹോദരങ്ങളെയും പിതാവാം ദൈവത്തെയും ദർശിക്കുവാനും അവനിൽ ശരണപ്പെട്ട് ജീവിക്കുവാനും സാധിക്കും.

കർത്താവായ യേശുക്രിസ്തു ഭൂമിയിൽ വന്നു എന്ന് ക്രിസ്ത്യാനികളെ കൂടാതെ പല മതങ്ങളും ശരിവയ്ക്കുന്നു. എന്നാൽ ക്രിസ്തുമതം ക്രിസ്തു കുരിശിൽ മരിച്ചതായും വിശ്വസിക്കുന്നു. മറ്റുള്ളവർ അത് അംഗീകരിക്കുന്നില്ല. യേശുക്രിസ്തുവും പിതാവാം ദൈവവും മനുഷ്യനും മരിപ്പാൻ സാധ്യമല്ല. എല്ലാം ജഢീകമരണം. ആത്മീയമരണം സംഭവിക്കുന്നില്ല. എന്നാൽ നരകവും, സ്വർഗ്ഗവും, തിന്മയും, നന്മയുമായി വേർതിരിക്കുന്ന സമയം വരും. ക്രിസ്തു ഭൂമിയിൽ വന്ന് മരണം അനുഭവിച്ചത് അത് നിവർത്തിയാകുകയായിരുന്നു.

**മത്തായി (5:3, 11)**

1. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കു

ള്ളതാകുന്നു.

2. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് ആശ്വാസം ലഭിക്കും.

3. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ കൈവശമാക്കും.

4. നീതിക്കായ് വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർ സംതൃപ്തരാകും.

5. കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും.

6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും.

7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും.

8. നീതി നിമിത്തം ഉപദ്രവിക്കുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

ഭൂമിയിൽ ദൈവം ജലപ്രളയം വരുത്തി. ഏകദേശം 4500 വർഷം മുമ്പ് ഭൂമിയുടെ ഉറവയും ആകാശത്തിന്റെ കിളിവാതിലും തുറന്ന് മഴ പെയ്യിച്ച് 40 ദിവസം കരകാണാത്തവിധം ഭൂമി വെള്ളത്തിൽ മുങ്ങി. ശേഷം ഈ ജലം അത്ര പെട്ടെന്ന് പഴയതുപോലെ ഭൂമിയിൽ നിന്നും മാറിയില്ല. വളരെ സാവധാനം ആണ് ഇത് ഭൂമിയുടെ ഉള്ളിലേക്കും മലയുടെ മുകളിലേക്കും ധ്രുവപ്രദേശങ്ങളിലേയ്ക്കും മഞ്ഞായും കടലായും മാറ്റപ്പെട്ടത്. അതായത് ജലപ്രളയത്തിന് മുമ്പ് ഉണ്ടായിരുന്ന ഭൂമി അതേ പടി തിരികെ രൂപപ്പെട്ടത് ഏകദേശം 1000 വർഷങ്ങൾക്ക് ശേഷം. എന്നാൽ നോഹയുടെ പെട്ടകം ഉയർന്ന മലയിൽ (ഹരാറാത്ത്) ആണ് ഉറച്ചത്. അവിടുന്ന് മനുഷ്യർ മലയുടെ താഴ്വാരങ്ങളിലേക്ക് ജനത്തിന്റെയും മൃഗജീവജാലങ്ങളുടെയും സംഖ്യാവളർച്ചയ്ക്ക് അനുസൃതമായി ജലവും മാറ്റിക്കൊടുത്തു. ഏകദേശം 200 വർഷങ്ങൾക്ക് ശേഷം അവർ സമതലപ്രദേശങ്ങളിൽ താമസം ആരംഭിച്ചു. മരുഭൂമി (സീനായ്) തെളിഞ്ഞ് വന്നു. എന്നാൽ ഈജിപ്തിൽ നിന്നും ഏകദേശം 3000 കി. മീ. ദൂരെയുള്ള ഒമാനും യമനും വീണ്ടും അനവധി കാലം ജലത്തിന്റെ അടിയിൽ ആയിരുന്നു. ഏകദേശം 500 മുതൽ 1000 വർഷക്കാലം പല ഭാഗങ്ങളും കടലിന്റെ അടിയിൽ ആയിരുന്നു. എന്നാൽ സലാലയുടെ മലമുകളിൽ ആണല്ലോ ഇയ്യോബിന്റെ ഭവനം ഉണ്ടായിരുന്നത്. ഇത് ഏകദേശം 4000 വർഷം ഇപ്പോൾ ആകുന്നു. അതിനും 500 വർഷം കഴിഞ്ഞാണ് മറ്റ് പല ഭാഗങ്ങളും ജലത്തിൽ നിന്നും തെളിഞ്ഞ് ഇന്നത്തെ അവസ്ഥയിൽ എത്തപ്പെട്ടത്. അതായത് ഏകദേശം 3000 വർഷക്കാലം ആയിട്ടുള്ളു ജലപ്രളയത്തിന് ശേഷം ഉള്ള ജനം ഒമാന്റെ ഭാഗങ്ങളിൽ എത്തപ്പെട്ടിട്ട്. അതി

നാൽ കടലിന്റെ അടിത്തട്ടിൽ കാണുന്ന മലകളും കടൽപുറ്റുകളും കടൽ ജീവജാലങ്ങളുടെ ഫോസിലുകളും ഇവിടെ മലകളിൽ പോലും കാണുവാൻ സാധിക്കും. ഈ സ്ഥലം അറേബ്യൻ കടലിന്റെ തീരവുമാണല്ലോ. എന്നാൽ ആദ്യ ഭൂമിയും ഇതു തന്നെ. ആദാമിന്റെ കാലത്തെ മനുഷ്യർ ഇവിടെ താമസിച്ചിരുന്നു. ആദമിന്റെ മകനായ കായീൻ ഓടിപ്പോയി വിവാഹം കഴിച്ച് താമസിച്ചതും പട്ടണം പണിത് (ഹാനോക്ക്) താമസിച്ചതും ഇവിടെയാകുന്നു. ആദ്യപട്ടണമായ ഹാനോക്ക് പട്ടണം നിസ്വാ എന്ന സ്ഥലത്ത് (അൽഹുദാകേവ്) ആകുന്നു. മദ്ധ്യപൂർവ്വ ദേശമായ ഈ സ്ഥലം മറ്റ് സ്ഥലങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ട് ജീവിതരീതി തന്നെ പാരമ്പര്യ തനിമയിൽ ആണ്. എന്നാൽ ഇന്ന് വളരെ മുമ്പോട്ട് രാജ്യം വളരുന്നു. സലാല ഏദൻതോട്ടമാകുമ്പോൾ അവിടെ നിന്നും കായീൻ കിഴക്ക് ദേശത്തേക്ക് ഓടിപ്പോകുന്നു എന്ന് പറഞ്ഞാൽ ഒമാൻ എന്ന (മസ്ക്കറ്റ്) എന്ന പ്രദേശമേ ഉള്ളു. പിന്നീടുള്ളത് സൗദിയുടെ പ്രദേശമാണ് മറുവശം. അറേബ്യൻ കടലും. ഇങ്ങനെ ഒരു സംസ്ക്കാരം നിലനിന്നിരുന്നത് കൂടാതെ ആദ്യമായി കപ്പൽ ഉണ്ടാക്കിയത് നിസ്വയിൽ നിന്നും 150 കി. മീ. മാറി സൂർ പട്ടണത്തിലാണ്. ഈ സ്ഥലത്ത് ഇന്നും തടി കൊണ്ടുള്ള കപ്പൽ നിർമ്മിക്കുന്നു. ഒരു പക്ഷേ, നോഹ പെട്ടകം നിർമ്മിച്ചതും ഇവിടെ ആകുന്നു. അൽഹൂദാ കേവിൽ ആകണം വേദങ്ങൾ രചിച്ചിട്ടുള്ളത്. ഏകദേശം 6000 വർഷങ്ങൾ ആയിട്ടുണ്ടാവണം ആദിമവേദങ്ങൾക്ക്. ഈ കാലഘട്ടം ഗുഹാമനുഷ്യർ ആയിരുന്നു. ഏകദേശം 1600 വർഷങ്ങൾ കഴിഞ്ഞ് ജലപ്രളയം ഉണ്ടായപ്പോൾ ഈ വേദങ്ങൾ നോഹയുടെ പെട്ടകത്തിൽ സൂക്ഷിച്ചിരിക്കണം. പിന്നീട് നോഹയ്ക്ക് ശേഷമുള്ള ജനം ഇസ്രായേലിൽ നിന്ന് തെറ്റിപ്പോയവർ അതായത് കാണാതെ പോയ ആടുകൾ. ഇവർ ഈ വേദങ്ങൾ പല ദിക്കുകളിലേക്കും കൊണ്ടുപോയിക്കാണും. അങ്ങനെ വീണ്ടും ലോകത്തിന്റെ പല ഭാഗത്തും പല സംസ്ക്കാരങ്ങൾ വന്നുചേർന്നു. പിൽക്കാലത്ത് ജറുസലേം ദേവാലയം, സമാഗമനകൂടാരം ഇവയുടെ എല്ലാം പകർപ്പ് പല ദേശങ്ങളിലും കടന്നുപോയി. ഒപ്പം ഒരു നിയമപെട്ടകം നിർമ്മിച്ചു. ഇത് ഇന്ന് കേരളത്തിൽ അമ്പലങ്ങളിൽ ഉപയോഗിക്കുന്ന ജീവിതയ്ക്ക് സമം. രണ്ട് തണ്ടിന്മേൽ രണ്ടാളുകൾ ചുമക്കുന്നവിധം ഇതിനെ ദൈവത്തിന്റെ നിയമപ്പെട്ടകമായി ദൈവത്തിന്റെ ശക്തി വസിക്കുന്നതായിരുന്നു. ഇത് ഒന്നിൽ കൂടുതൽ ഉണ്ടാകരുത് എന്ന് ദൈവം കൽപ്പിച്ചു. ഒരു കൂടാരം മാത്രം നിർമ്മിക്കാൻ ദൈവം കൽപ്പിച്ചു. എന്നാൽ പല കൂടാരങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടാകണം. അതിനാൽ ഇതര മതസ്ഥരുടെ ആരാധനാലയങ്ങൾ, ആരാധനാരീതികൾ എല്ലാം പഴയ ജറുശലേം ദേവാലയത്തിന്റെ മാതൃകയിൽ തന്നെയാണ്. ശേഷം യേശുക്രിസ്തു ഭൂമിയിൽ അവതരിച്ചപ്പോൾ ആ ദേശത്തുള്ള ആട്ടിടയന്മാർ ചെല്ലുകയും വണങ്ങുകയും ചെയ്തു. ദൈവം

ജ്ഞാനമില്ലാത്ത സാധുക്കളായ ഇടയന്മാർക്ക് ബോധം ഉദിപ്പിക്കുന്നു. കൂടാതെ പണ്ഡിതന്മാരായ വിദ്വാന്മാരെ നക്ഷത്രം മുഖാന്തരം അറിയിക്കുന്നു. ഇവർ ഒരു പക്ഷെ മസ്ക്കറ്റിന്റെ പ്രദേശമായ സലാല പ്രവിശ്യയിൽ നിന്നും ഉള്ള ഇയ്യോബിന്റെ വംശത്തിൽപ്പെട്ടവർ ആകണം. ഇതാണ് ബേതലഹേമിൽ നിന്നും ഉള്ള കിഴക്ക് ദേശം. എന്നാൽ സൗദിയുടെ ഭാഗത്തുള്ള ഇസ്മായേല്യരും കിഴക്ക് ദേശം ആകുന്നു. ഒരു പക്ഷേ ഇവരിൽ നിന്നും ഒരു പ്രതിനിധി ഈ വിദ്വാന്മാരിൽ ഉണ്ടാകാം. ഇവർ ജ്ഞാനികൾ. നക്ഷത്രത്തിന്റെ ഭാവം നോക്കി മനസ്സിലാക്കുവാൻ കഴിവുള്ളവർ. കൂടാതെ ക്രിസ്തു ഒരാൾക്ക് മാത്രം അല്ല ലോകത്തുള്ള സകല മാനവ ജാതിക്കും വേണ്ടി ജനിച്ചിരിക്കുന്നു. അതിനാൽ മൂന്ന് വിഭാഗത്തിന്റെ പ്രതിനിധികൾ പൊന്നും, മൂറും, കുന്തിരിക്കവും കാഴ്ച വച്ചിരിക്കുന്നു. പൊന്ന് രാജാവിനെ പ്രതിനിധീകരിക്കുന്നു. രാജാവ് (യഹൂദൻ) യഹൂദന്റെ പ്രതിനിധിയായി ഒരാൾ പൊന്ന് കാഴ്ചവെച്ചു. ക്രിസ്തുവിന്റെ പാദത്തിൽ രാജാവിന്റെ സ്ഥാനങ്ങൾ അടിയറ വെച്ചിരിക്കുന്നു. രണ്ടാമത് മൂർ. ഇത് അബ്രഹാമിന്റെ ആദ്യജാതനായ ഇസ്മായേല്യർ ആ വംശത്തെ പ്രതിനിധീകരിച്ചിരിക്കുന്നു. ഇത് ഇന്നത്തെ സൗദിയുടെ പശ്ചാത്തലം. ഇവിടെ ധാരാളം മൂർ ഉണ്ട്. മൂന്ന് കുന്തിരിക്കം. ഇത് ഇയ്യോബിന്റെ വംശം. സലാലയുടെ പ്രദേശത്താണ് കുന്തിരിക്കം കാണുന്നത്. ഇന്നും ഇത് ധാരാളം കയറ്റുമതി ചെയ്യുന്നു. ഇവർ മൂന്ന് വംശം. എന്നാൽ നാലാമത് ഒരു വംശം ഉണ്ട്. അവർ എത്തപ്പെട്ടില്ല. അവരുടെ പ്രതിനിധികളും ക്രിസ്തുവിനെ സന്ദർശിച്ചില്ല. എന്നാൽ യേശുക്രിസ്തു ഈ തെറ്റിപ്പോയ ആടുകളെ തേടിപ്പിടിക്കുവാനും സുവിശേഷം അറിയിക്കുവാനും ലോകത്തിന്റെ നാനാഭാഗത്തേക്കും ശിഷ്യന്മാരെ അയക്കുന്നു. യോഹന്നാൻ സ്നാപകൻ മുഖാന്തിരം ലോകത്ത് ജനിച്ച എല്ലാവരുടേയും അവകാശം അതായത് സാത്താന്റെ അടിമത്വം മാറ്റി ക്രിസ്തുവിൽ സമർപ്പിച്ചു. എന്നാൽ ഇങ്ങനെയൊക്കെ ദൈവത്തിന്റെ പാദപീഠത്തിൽ ഭൂമിയിലുള്ള സകല മനുഷ്യന്റെയും അവകാശം കിട്ടി എങ്കിലും ബലമുള്ള ചെങ്കോൽ (പരിശുദ്ധാത്മാവിന്റെ അഭിഷേകം) സ്വർഗ്ഗമാകുന്ന സീയോനിൽ നിന്നും കിട്ടി. സ്വർഗ്ഗത്തിൽ പോകുവാൻ പശ്ചാത്തപിക്കുകയും ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യണം. എന്നാൽ മനുഷ്യരാൽ അസാധ്യമായത് ദൈവത്തിന് സാധ്യം.

# 37

# ദൈവകൽപ്പനകൾ

ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവനോട് കൽപ്പിക്കുന്നു, നടുവിൽ നില്ക്കുന്ന വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുതെന്ന്. എന്നാൽ മനുഷ്യൻ ആ കൽപ്പന ലംഘിച്ചു. ഇതു മാത്രമാണോ ദൈവം കൽപ്പിച്ചത്. യഥാർത്ഥ കൽപ്പന എന്തെന്നാൽ ദൈവം അഭിഷിക്തനാക്കിയ രാജാവിനെ അനുസരിക്കുകയും അംഗീകരിക്കയും ചെയ്യണം എന്നുള്ളതാണ്. അതായത് സ്വർഗ്ഗത്തിൽ തന്റെ അധികാരങ്ങൾ ദുർവിനിയോഗം ചെയ്തവരേയും അവരുടെ നേതാവായ ബയൽസബൂലിനെയും (ലൂസിഫർ, സാത്താൻ) നീക്കം ചെയ്ത് ക്രിസ്തുവിനെ അഭിഷിക്തനാക്കുന്നു. എന്നാൽ ദൈവകൽപ്പന അനുസരിപ്പാനോ ക്രിസ്തുവിനെ അംഗീകരിപ്പാനോ ഈ ജനം കൂട്ടാക്കിയില്ല. ഇതിൻപ്രകാരം ദൈവം അവരെ അടിച്ചിറക്കുന്നു. മനുഷ്യനെ ഭൂമിയിൽ സൃഷ്ടിക്കുന്നു – കായീൻ ജ്യേഷ്ഠനും ഹാബേൽ അനുജനും ആയി ഇവിടെ സ്വർഗ്ഗത്തിലെ അവസ്ഥ വീണ്ടും തുടരുന്നു. ദൈവം അനുഗ്രഹിച്ചവനെ നീക്കം ചെയ്യുന്നു. ജ്യേഷ്ഠൻ അനുജനെ കൊല്ലുന്നു. തുടർന്ന് ജനപ്രളയം വരെ കായീന്റെ ഭരണം ഭൂമിയിൽ നിലനിന്നു പോരുന്നു. പിന്നീട് ദൈവം അബ്രഹാമിൽക്കൂടി മക്കളെ സൃഷ്ടിക്കുന്നു (ജനിപ്പിക്കുന്നു). ഇവിടം മുതൽ ക്രിസ്തുവിന് ലഭിക്കണ്ടതായ സ്ഥാനം അനുജന്മാർക്ക് ലഭിക്കുന്നു. ഇസ്മായേലിനെ നീക്കി ഇസഹാക്കിന് അവകാശം ലഭിക്കുന്നു. ശേഷം ഇസഹാക്കിന്റെ മക്കളായ യേശാവിന്റെ ജ്യേഷ്ഠാവകാശം കൂടി അനുജനായ യാക്കോബിന് ലഭിക്കുന്നു. പിന്നീട് ദൈവം നിയോഗിക്കുന്നവരെ ജനം അംഗീകരിക്കുന്നു. എന്നാൽ ഇതെല്ലാം സ്വന്തം ജീവനേയും, വിശപ്പിനേയും കരുതി മാത്രം മോശയെ അംഗീകരിക്കുവാൻ. ശൗലിന്റെ സ്ഥാനം ദാവീദിന് ലഭിക്കുന്നതിൽക്കൂടി ജനം ദൈവത്തിന്റെ അഭിഷിക്തന്മാരെ അനുസരിക്കുന്നു. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തുവിനെ അംഗീകരിക്കുകയും അനുസരിച്ച് അവന്റെ രാജത്വത്തിൻകീഴിൽ ജീവിച്ചിരുന്നു എങ്കിൽ ഭൂമിയിൽ മനുഷ്യനായി ജനിച്ച് കഷ്ടപ്പെടേണ്ടതായ ആവശ്യം ഉണ്ടായിരുന്നോ?

“കർത്താവ് എന്റെ കർത്താവിനോട് അരുളി ചെയ്യുന്നു. ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്ക.” ദൈവസൃഷ്ടിയായ മനുഷ്യൻ ദൈവത്തെ അനുസരിക്കണം. മാലാഖമാരും പ്രധാന മാലാഖമാരും ദൈവത്തെ അനുസരിക്കണം. ദൈവ

സന്നിധിയിൽ തന്നെ ആയിരുന്നാലും തന്നോട് ചേർന്ന് നില്ക്കുന്ന പ്രധാന മാലാഖമാരെ ഏറ്റവും പുറകിൽ നിറുത്തി പുറകിലുള്ളവരെ ദൈവത്തോട് ചേർത്ത് നിർത്തിയാലും അത് അനുസരിക്കണം. ഇത് ദൈവകൽപ്പനയാണ്. ദൈവം തന്റെ മക്കളെ പരിപാലിക്കും. ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കയും ചെയ്യണം. എന്നാൽ നമ്മെ അനുസരിപ്പിക്കുന്നതെല്ലാം ദൈവമാണ് എന്ന് കരുതരുത്. ദൈവത്തെ തിരിച്ചറിയുവാനുള്ള ആത്മീയ ശക്തി ഉണ്ടാവണം. ഉദാ: ദൈവരാജ്യം ഒരു വലിയ തേനീച്ചക്കൂടിന് സമമാണ്. അവിടെ ഒരു ഈച്ച റാണി എന്ന് അറിയപ്പെടും. ഇത് ഇവിടെയുള്ളപ്പോൾ അതിന്റെ സാന്നിദ്ധ്യം മറ്റുള്ള ഈച്ചകൾ അറിയുന്നു. റാണിയെ സംരക്ഷിക്കുന്നത് മറ്റ് ഈച്ചകൾ തന്നെ. ഈ ഈച്ചയുടെ മക്കളാണോ മറ്റുള്ള ഈച്ചകൾ. ഒന്നും നമുക്ക് മനസ്സിലാവില്ല. അതുപോലെ ദൈവരാജ്യവും. ഈ കൂട്ടിലെ റാണി ഈച്ചയുടെ സാമീപ്യവും ഉണ്ടെങ്കിൽ മാത്രമേ കൂട് (കൂട്ടം) നിലനില്ക്കുകയുള്ളു. അതുപോലെ ദൈവസാമീപ്യം ഇല്ല എങ്കിൽ ദൈവരാജ്യം ഇല്ല. ക്രിസ്തുവിനെ കൊന്ന് അവന്റെ അവകാശം തട്ടിയെടുക്കുവാൻ തീരുമാനിച്ച കുടിയാന്മാരായ അന്നത്തെ പുരോഹിതരും കൂട്ടാളികളും ദൈവത്തെ ഇല്ലാതാക്കി സ്വർഗ്ഗം അവകാശമാക്കുവാൻ തീരുമാനിച്ച സാത്താനും കൂട്ടരും അതായത് മനുഷ്യരായ് ജന്മമെടുത്തവർ വിഡ്ഢികൾ ആണ്. കാരണം ദൈവത്തെ ഇല്ലാതാക്കിയാൽ ഈ ലോകം ഇല്ലാതാവും. സകലതും ശൂന്യമാകും. കൂടും, കൂട്ടവും ശിഥിലമാകും. അതിനാൽ ദൈവകൽപ്പനയായ 'ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ വിശ്വസിപ്പിൻ, ഇവന് ചെവി കൊടുപ്പിൻ' എന്ന ദൈവത്തിന്റെ ശബ്ദം നാം കേൾക്കുന്നു. എന്നാൽ എത്രപേർ ദൈവത്തിന്റെ കൽപ്പന അനുസരിക്കുന്നു. ക്രിസ്തുവിനെ അംഗീകരിക്കാത്തവർ അനുസരിക്കാത്തവർ അവന്റെ രാജ്യത്തിൽ അംഗങ്ങളാകുമോ? അവന്റെ വചനങ്ങളെ പ്രമാണിച്ച് ജീവിക്കുന്നവർ ഭാഗ്യവാന്മാരും ദൈവരാജ്യത്തിന് അവകാശികളും ആയിത്തീരുന്ന കാലം വിദൂരമല്ല.

പുതിയ ആകാശവും പുതിയ ഭൂമിയും ക്രിസ്തുവിന്റെ രാജ്യവും സമാഗതമാകുമ്പോൾ അവനെ അറിയാത്തവരും അംഗീകരിക്കാത്തവരും ആ രാജ്യത്തിന് അവകാശികളാകുമോ. നിത്യ നരകത്തിൽ ചാകാത്ത പുഴുവിലും കെടാത്ത തീയിലും അകപ്പെടാതെ ഇരിക്കണമെങ്കിൽ ഭൂമിയിൽ ജനിച്ച എല്ലാവരും ക്രിസ്തുവിനെ അംഗീകരിക്കുകയും വിശ്വസിക്കുകയും വേണം.

# 38

# ക്രിസ്തുവിന്റെ പ്രസക്തി

ലോകത്തുള്ള എല്ലാ മനുഷ്യരും ദൈവരാജ്യത്തിൽ പോകണമെന്ന് ആഗ്രഹിക്കുന്നവരാണ്. എല്ലാവരും ദൈവത്തെ വിളിക്കുകയും ചെയ്യുന്നു. പല പേരുകളിൽ വിളിക്കുമ്പോഴും ദൈവം ഒരുവൻ മാത്രം. എന്നാൽ മനുഷ്യനെ വേർതിരിച്ച് വച്ചിരിക്കുന്നത് എന്തിനാണ്. ഇത് മനുഷ്യന്റെ അജ്ഞതയും അനുസരണക്കേടും മാത്രമല്ലേ. യഹോവയെന്നും, അള്ളാഹുവെന്നും, ഗോഡ് എന്നും, റബുനി എന്നും ഈശ്വരൻ എന്നും അഭിസംബോധന ചെയ്ത് ദൈവത്തെ വിളിക്കുന്നു. ദൈവം എന്ത് വിളിച്ചാലും ഒന്നു തന്നെ. പിന്നെ എന്തിനാണ് അനവധി പേരുകൾ ഇവയോട് ഒപ്പം ചേർക്കുന്നത്. ഭൂമിയിൽ ജനിച്ച മാതാവിന്റെയും പിതാവിന്റെയും ഉദരത്തിൽ നിന്നും ജന്മമെടുത്ത് വിവാഹബന്ധത്തിൽ ജീവിച്ചവർ ഒരിക്കലും ദൈവങ്ങൾ ആവില്ല. ഇവരിൽ പലരും ദൈവത്തെ അറിഞ്ഞവർ, ദൈവത്തിൽ ഉറച്ച് വിശ്വസിച്ചവർ. അവർ പ്രവാചകന്മാരും മഹർഷിമാരും ഒക്കെ ആയിരിക്കാം. ബൈബിളിൽ പഴയ ചരിത്രത്തിൽ അനവധി പ്രവാചകന്മാർ ഉണ്ടായിരുന്നു. ഇവരെല്ലാം ദൈവത്തിനും മനുഷ്യനും ഇടയിൽ പ്രവർത്തിച്ചിരുന്നവർ, ആത്മീയ ശക്തിയിൽ ദൈവത്തിന്റെ ശബ്ദം മനുഷ്യരിൽ എത്തിച്ചിരുന്നവർ. ഇവർ അതാത് കാലത്ത് മനുഷ്യരെ അവരുടെ ആത്മാക്കളെ ക്രിസ്തുവിന്റെ പാദപീഠത്തിലേക്ക് നയിച്ചവർ. ക്രിസ്തു എന്ന രക്ഷകൻ വരുമെന്ന് പ്രവചിച്ചവർ. ഇവർ പ്രവാചകന്മാർ മാത്രം. ഭൂമിയിൽ ജനിച്ച് മരിച്ച ക്രിസ്തുവിന്റെ വരവ് പ്രതീക്ഷിച്ച് ഇരുന്നവർ – അതിനാൽ ക്രിസ്തു ഒരു പ്രവാചകൻ അല്ല. സകല ജനത്തിനും പ്രവാചകന്മാർക്കും മുകളിൽ ദൈവം ആക്കിവച്ചിരിക്കുന്നവൻ. രക്ഷിക്കുവാനും, ശിക്ഷിക്കുവാനും ശക്തിയുള്ളവൻ. പിതാവാം ദൈവത്തിൽ നിന്നും പൂർണ്ണ അധികാരം ലഭിച്ചവൻ ക്രിസ്തു. ഭൂമിയിൽ ജനിച്ച എല്ലാ മനുഷ്യനും ദൈവങ്ങൾക്കും, ഭൂമിയിൽ പിതാവ് ഉണ്ട്. എന്നാൽ ക്രിസ്തുവിന് പിതാവ് – ദൈവം. അവൻ സ്വർഗ്ഗത്തിൽ നിന്നും വന്ന് ജനിക്കുകയും തന്റെ ദൗത്യം ഒരു ഭാഗം നിവർത്തിയാക്കി സ്വർഗ്ഗത്തിലേക്ക് പോയവൻ. ഇനിയും വരുവാനിരിക്കുന്നവൻ, വിശക്കുന്നവനും, രോഗിക്കും, അന്ധനും, ബധിരനും സൗഖ്യവും രക്ഷയും നൽകുന്നവൻ, മരിച്ചവരെ ഉയിർപ്പിക്കുന്നവൻ, തെറ്റ് ചെയ്തവരെ ന്യായം വിധിക്കുവാനും, പശ്ചാത്തപിക്കുന്ന പാപിക്ക് മോചനം നൽകുവാനും അധികാരം ഉള്ളവൻ, സകല പ്രവാചകന്മാരും ഇസ്രായേൽ ജനവും കാത്തിരിക്കുന്നവൻ. എന്നാൽ ക്രിസ്തു എന്ന യേശുവിനെ കൈക്കൊള്ളാത്ത യഹൂദനും

ശേഷം ജനങ്ങളും ദൈവകൽപ്പന ലംഘിച്ചു. ദൈവം അഭിഷിക്തനാക്കിയവനെ ജനം അറിഞ്ഞില്ല; അംഗീകരിച്ചില്ല. ശേഷം മരിച്ച് ഉയിർത്ത ക്രിസ്തുവിനെ അനേകായിരങ്ങൾ വിശ്വസിച്ചു. ക്രിസ്തുവിന്റെ രാജത്വത്തെ അംഗീകരിക്കുന്നവർ മാത്രം ദൈവരാജ്യത്തിൽ തിരികെ എടുക്കപ്പെടും. അല്ലാത്തവരുടെ അവസ്ഥ പ്രവചനാതീതം. മനുഷ്യരിൽ അനവധി ദൈവങ്ങൾ ആയവർ ഉണ്ട്. അവർക്ക് മാതാപിതാക്കളും ഭാര്യമാരും മക്കളും ഒക്കെ ഉണ്ട്. ഇവർ യോഹന്നാനേക്കാൾ വലിയവരല്ല എന്ന് ക്രിസ്തു പറയുമ്പോൾ ഈ ദൈവങ്ങൾ ഒന്നും ദൈവങ്ങളല്ല എന്ന് സാരം. യോഹന്നാൻ പോലും ദൈവകൽപ്പനപ്രകാരം ജനിച്ചു എങ്കിലും യോഹന്നാൻ ദൈവം അല്ല. ക്രിസ്തുവിന് മുമ്പായി അയക്കപ്പെട്ട ദൂതൻ ആകുന്നു (ഞാൻ എന്റെ ദൂതനെ നിനക്ക് മുമ്പായി അയക്കുന്നു). ക്രിസ്തു പറയുന്നു, 'ഞാൻ സ്വർഗ്ഗത്തിൽ നിന്നും വന്നവൻ. ഞാൻ ഈ ലോകത്തിൽ ഉള്ളവനല്ല. അതിനാൽ ലോകം എന്നെ പകയ്ക്കുന്നു.' യേശുക്രിസ്തു ഒരു പ്രവാചകൻ അല്ല. യോഹന്നാൻ സ്നാപകനെ കുറിച്ച് യേശു പറയുന്നു. സ്ത്രീകളിൽ ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല. അവൻ പ്രവാചകനിലും വലിയവൻ. ക്രിസ്തുവിന് മുമ്പായി സ്വർഗ്ഗത്തിൽ നിന്നും അയക്കപ്പെട്ട ദൂതൻ ആകുന്നു യോഹന്നാൻ എങ്കിൽ ആ യോഹന്നാൻ പറയുന്നു, 'എന്നേക്കാൾ വലിയവൻ എനിക്ക് മുമ്പായി ഉണ്ടായിരുന്നവൻ ലോകം അവനെ കണ്ടില്ല. അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ ഞാൻ യോഗ്യനല്ല. അവൻ കളത്തെ മുറ്റും വെടിപ്പാക്കി നല്ലത് ശേഖരിക്കയും അല്ലാത്തതിനെ നരകത്തിൽ ഇട്ടു കളയുകയും ചെയ്യുവാൻ പ്രാപ്തി ഉള്ളവൻ. ഈ ക്രിസ്തു എങ്ങനെ പ്രവാചകന് സമനാകും. 'പിതാവ് എന്നിലും, ഞാൻ പിതാവിലും ഒന്നായിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായും ഒന്നാണ്. പ്രവാചകന്മാർ മാതാപിതാക്കളിൽ നിന്ന് ജനിച്ച് പ്രായപൂർത്തിയായശേഷം പ്രവചിക്കുമ്പോൾ മാത്രമാണ് അവർ പ്രവാചകന്മാർ ആയിട്ടുള്ളത്. ഇന്നേവരെ പ്രവാചകന്മാർ ആകും എന്നു മുന്നമേ ആരും പ്രവചിച്ച് കാണുന്നില്ല. എന്നാൽ ക്രിസ്തു ജനിക്കുമെന്ന് അനവധി നൂറ്റാണ്ടുകൾ മുമ്പ് മുതലേ പ്രവാചകന്മാർ പ്രവചിക്കുകയും കാത്തിരിക്കുകയും ചെയ്തിരുന്നു. അപ്പോൾ എല്ലാ പ്രവാചകന്മാരേയും പോലെ ക്രിസ്തുവും ഒരു പ്രവാചകൻ ആകുമോ. മോശ വളരെ അത്ഭുതങ്ങൾ ചെയ്യുന്നത് കാണുന്നു. എല്ലാം യഹോവയായ ദൈവം പറയുന്നതിന് അനുസരിച്ച് പ്രവർത്തിച്ചതായി മാത്രമാണ് കാണുന്നത്. എന്നാൽ ക്രിസ്തുവിന് ചോദിക്കാതെ തന്നെ പ്രവർത്തിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. ബലമുള്ള ചെങ്കോൽ സീയോനിൽ നിന്നും ലഭിച്ചിരുന്നു. ഇന്ന് ഭൂമിയിൽ ക്രിസ്തുമതം നിറഞ്ഞ് നില്ക്കുന്നു. തായ്തടി ക്രിസ്തുവും ശിഖരങ്ങൾ അനവധിയായ്, പല സ്വഭാവങ്ങൾ ഉള്ള ശിഖിരങ്ങൾ ആയി വളർന്ന്

നില്ക്കുന്നു. ഓരോ ശിഖരവും പറയുന്നു, ഞാൻ ക്രിസ്തുവാകുന്ന തടിയിൽ ഉണ്ടായ ശിഖിരമാണ് എന്ന്. എന്നാൽ ഓരോ ശിഖരവും പരസ്പരം ശത്രുതാമനോഭാവത്തിൽ പല സ്വഭാവത്തിൽ വളരുന്നു. ഏത് തടിയിൽ നിന്നാണോ ഉണ്ടായത്, എന്നാൽ ആ മരത്തിന്റെ ഗുണം അതിലെ ഫലത്തിനും ഉണ്ടാവണം. ക്രിസ്തു എന്ന തടിയിൽ നിന്നും ഉണ്ടായ ശിഖരങ്ങൾക്ക് ക്രിസ്തുവിന്റെ സ്നേഹമോ ഐക്യമോ ഇല്ല. ഒരു തടിയിൽ നിന്ന് പലരൂപത്തിലും ഗുണത്തിലും ഉള്ള ശാഖകൾ ഉണ്ടായാലും പരസ്പരം പഴി ചാരാതെ ഞാനാണ് യഥാർത്ഥ ക്രിസ്ത്യാനി (വൃക്ഷത്തിന്റെ കൊമ്പ്) എന്ന അഹങ്കാരം ഉണ്ടാവാതെ പരസ്പരം അംഗീകരിച്ച് സ്നേഹിച്ച് പരസ്പരം സഹായിച്ച് സഹവർത്തിക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്ത്യാനി ആകുന്നത്. പാരമ്പര്യ ക്രിസ്ത്യാനി എന്നും പുതു ക്രിസ്ത്യാനി എന്നും ഒന്നില്ല. മൂന്നാം മണി നേരത്തും ആറാം മണി നേരത്തും ഒമ്പതാം മണി നേരത്തും 11-ാം മണി നേരത്തും വേലയ്ക്ക് വന്നവരെ വിളിച്ചത് ഒരുവൻ "ക്രിസ്തു" ആയതിനാൽ മറ്റുള്ളവർ അസൂയപ്പെടേണ്ടതായ ആവശ്യം ഇല്ല. ദൈവരാജ്യത്തിൽ എത്താൻ ഇന്നവൻ (ഞാൻ) യോഗ്യൻ എന്ന് കരുതാൻ പാടില്ല. പൂവിന് സുഗന്ധവും ഭംഗിയും ഇല്ല എങ്കിൽ തേൻ കുടിക്കാൻ ശലഭം വരില്ല. അതിനാൽ മറ്റുള്ളവർ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടണം. എങ്കിൽ സഭകൾ ചൊവ്വുള്ളതായും ഐക്യം ഉള്ളതായും തീരണം. എല്ലാവരും ക്രിസ്തുവിൽ ആയിത്തീരണം എന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. കാരണം എല്ലാം ഏക പിതാവിന്റെ മക്കൾ. ആരും ന്യായവിധിയിൽ നിത്യനരകമായ തീച്ചൂളയിൽ വീണുപോകുവാൻ ക്രിസ്തു ആഗ്രഹിക്കുന്നില്ല. എന്നാൽ നിർബന്ധപൂർവ്വം ആരേയും ക്രിസ്ത്യാനി ആക്കേണ്ടതായ ആവശ്യം ഇല്ല. സത്യം എന്താണ് എന്നുള്ള ബോധ്യം എല്ലാവരിലും എത്തിച്ച് കൊടുക്കുക - അതാണ് സുവിശേഷം. എന്നാൽ എല്ലാവരും അതു കൈക്കൊള്ളണം എന്നില്ല. സ്വർഗ്ഗവും, നരകവും സ്വയം മനുഷ്യർ തിരഞ്ഞെടുക്കട്ടെ. സ്വർഗ്ഗത്തിലേക്കുള്ള വാതിൽ ക്രിസ്തുവാകുന്നു. ആ വാതിലിലൂടെ കടക്കുന്നവൻ രക്ഷ പ്രാപിക്കും. ഭൂമിയിൽ ജനിച്ച ഒരു ദൈവങ്ങളും-മനുഷ്യന് ഒന്നും വാഗ്ദാനം ചെയ്തിട്ടില്ല - ക്രിസ്തു ഒഴികെ. അന്ധന് കാഴ്ചയും മരിച്ചവന് ജീവനും, ആയിരങ്ങൾക്ക് അപ്പവും ശൂന്യതയിൽ നിന്നും കൊടുത്തവൻ ക്രിസ്തു മാത്രം. ഇല്ലായ്മയിൽ നിന്നും സൃഷ്ടിക്കുവാൻ കഴിയുന്നവനാണ് ദൈവം. ഉള്ളത് കൊടുക്കുവാൻ എല്ലാവർക്കും സാധിക്കും. മനുഷ്യനെക്കുറിച്ച് ഒരു ധാരണയും മനുഷ്യന് ഇല്ല. മനുഷ്യൻ മണ്ണിൽ നിന്നും ജനിച്ചു. മണ്ണിലേക്ക് തിരികെ ചേരുന്നു. ജീവൻ പ്രപഞ്ചത്തിൽ ലയിക്കുന്നു. അതുപോലെ മൃഗങ്ങളും പക്ഷികളും ജീവജാലങ്ങൾ എല്ലാം തന്നെ ഇങ്ങനെയാണ് മനുഷ്യനെക്കുറിച്ചുള്ള ധാരണ. എന്നാൽ ഇതൊക്കെ വെറും "മായ" ആകുകയും നിത്യമായത് വരുവാനിരിക്കു

കയും ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകും, ഈ ഭൂമിയിലെ മനുഷ്യന്റെ ജന്മം എന്തായിരുന്നു എന്ന് യഥാർത്ഥത്തിൽ മനുഷ്യനോ ജീവജാലങ്ങളോ ഒരു വിഷയമല്ല. ദൈവസന്നിധിയിൽ നിന്നും തള്ളപ്പെട്ട ദൈവപുത്രന്മാരാകുന്ന മാലാഖമാർ അവരുടെ തെറ്റ് തിരുത്തുവാനുള്ള അവസരങ്ങളായിരുന്നു മനുഷ്യജന്മം. ലോകവും ഭൂമിയും ചന്ദ്രനും നക്ഷത്രങ്ങളും മാറിപ്പോയാലും ഈ മനുഷ്യന്റെ ഉള്ളിൽ വസിക്കുന്ന ആത്മാക്കൾക്ക് മരണം ഇല്ല. ദൈവം ഉള്ള കാലത്തോളവും ഇവ നിലനിൽക്കും. ഈ ബോധം മനുഷ്യന് മാത്രം ഉണ്ടാവേണ്ടതാണ്. അങ്ങനെ തന്റെ സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് ചെല്ലുവാൻ ആഗ്രഹിക്കുന്നവർ പശ്ചാത്തപിച്ച് തെറ്റിൽ നിന്നും വിമുക്തരായി ശുദ്ധിയോടെ ഒരുങ്ങി ഇരിക്കണം. അല്ലാത്തവർ കൊല്ലും, കൊലയും, ധൂർത്തും മറ്റ് അർമ്മപ്രവർത്തികളും ചെയ്യട്ടെ. അവർക്ക് ഉള്ള പ്രത്യേക സ്ഥല ദൈവം ഒരുക്കിവച്ചിട്ടുണ്ട്.

അനവധി മതങ്ങൾ ഭൂമിയിൽ ഉണ്ട്. ആദിമമനുഷ്യർ ഇവർ പ്രാകൃത മനുഷ്യർ. ഇവർ 6200 വർഷം മുമ്പ് ജീവിച്ചിരുന്നു. എത്രായിരം സംവൽസരം എന്ന് പറയുവാൻ സാധ്യമല്ല. ബൈബിൾപ്രകാരം ദൈവത്തിന്റെ ആറാം ദിവസം ഇവരെ സൃഷ്ടിച്ചു. സൃഷ്ടിക്കു ശേഷം ദൈവം ഏഴാം ദിവസം വിശ്രമിച്ചു. ഈ വിശ്രമകാലഘട്ടം ഒരു ദിവസം എന്ന് പറയുന്നത് ചിലപ്പോൾ ആയിരമോ, പതിനായിരമോ, ലക്ഷമോ, കോടിയോ സംവൽസരം ആകാം. ഈ കാലഘട്ടങ്ങളിൽ ഭൂമി, ഭൂതപ്രേത പിശാചുക്കളുടെ കാലഘട്ടം ആയിരുന്നു. ഇവർ രാക്ഷസന്മാരായും അതിമാനുഷരായും ജീവിച്ചു. ചിരംജീവികളായും ജീവിച്ചു. ഒരു പക്ഷേ അസുരവംശം. എന്നാൽ ദൈവം 8-ാം ദിവസമാണ് ആദമിനെ സൃഷ്ടിക്കുന്നത്. അത് ഒരു പുതിയ സൃഷ്ടിയല്ലായിരുന്നു. മനുഷ്യൻ ഉണ്ടാകട്ടെ എന്ന് പറഞ്ഞപ്പോൾ ഉണ്ടായി, ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ടു. എന്നാൽ ദൈവത്തിന്റെ കരസ്പർശത്താൽ സൃഷ്ടിച്ച് പിശാചിന്റെ അടിമത്തത്തിൽ നിന്നും രക്ഷിപ്പാൻ ദൈവമക്കളാകുന്ന ആത്മാക്കൾക്ക് ഒരു കൂടാരം ഒരുക്കിയതാണ് ആദാമിനെ. എന്നാൽ സാത്താൻ ഇതും കണ്ടെത്തി. മനുഷ്യനെ തെറ്റിച്ച് അവന്റെ അടിമയാക്കി. എന്നാൽ രാക്ഷസമനുഷ്യരും ആത്മാക്കളും അസുരന്മാർ, കാളി കൂളി പിശാചുക്കൾ ആദാമിന്റെ മക്കൾ എല്ലാംകൂടി ഏകദേശം 1650 വർഷക്കാലം ഭൂമിയിൽ തമ്മിത്തല്ലി ജീവിച്ചു. ഇതാണ് ദൈവം ജലപ്രളയത്താൽ ഭൂമിയിലെ ജീവജാലങ്ങളെ നശിപ്പിച്ചത്. ദൈവത്തിന് ഇങ്ങനെ അനവധി അവസരങ്ങൾ മനുഷ്യന് കൊടുക്കേണ്ടതായ ആവശ്യം ഉണ്ടോ. എന്നാൽ ദൈവം കരുതുന്നു. മനുഷ്യൻ സ്വയം പശ്ചാത്തപിച്ച് ദൈവത്തെ സ്വീകരിക്കട്ടെ എന്ന് (ഗ്രൂപ്പായി). കൂട്ടമായി ഓരോ മനുഷ്യനിലും ആയിരക്കണക്കിന് ആത്മാക്കൾ വസിച്ചിരുന്നു. എന്നാൽ ഏക ആത്മാവിൽ ഓരോ മനുഷ്യനും ആയിക്കൊണ്ടിരിക്കുമ്പോൾ ദൈവം കണക്കിടും. ഇത് മനുഷ്യന്റെ

ധാർമ്മികതയാണ്. അതിനാൽ നിർബന്ധിച്ച് ഒരു പരിവർത്തനം ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിന് എല്ലാം സാധിക്കും. എന്നാൽ ദൈവം മനുഷ്യന്റെയും പിശാചിന്റെയും അവകാശത്തിൽ കടക്കുന്നില്ല. മനുഷ്യാ നീ തിരികെ വരൂ, തെറ്റുകളെ തിരുത്തി ദൈവത്തെയും നിന്നെത്തന്നെയും അറിയൂ.

# 39

# ബലികൾ

ദൈവത്തിന് ബലി കൊടുക്കുക. ദൈവം അത് പഴയനിയമകാലത്ത് മനുഷ്യനോട് കൽപ്പിക്കുന്നു. മൃഗത്തേയും, മറ്റ് ജീവജാലങ്ങളേയും മനുഷ്യൻ ബലി അർപ്പിച്ചിരുന്നു. നരബലി വരെ മനുഷ്യൻ ചെയ്തിട്ടുണ്ട്. ദൈവത്തിന് രക്തമോ മാംസമോ ആവശ്യമില്ല. ദൈവം സൃഷ്ടിച്ച് വച്ചിരിക്കുന്നത് മനുഷ്യനോട് ചോദിക്കണ്ടതായ ആവശ്യം ഇല്ല. ദൈവത്തിന് എടുത്ത് ആവശ്യമെങ്കിൽ ഭക്ഷിക്കാം. എന്നാൽ മനുഷ്യൻ മറ്റുള്ളവർക്കും കൂടി ഉള്ളത് കൈവശം വച്ചിട്ട് തന്റേതാണ് എന്ന് പറയുന്നു. അതിൽ പത്ത് ശതമാനം എങ്കിലും ദൈവത്തിന് വിട്ടുകൊടുക്കാൻ മനസ്സ് ഉണ്ടോ എന്നും ദൈവത്തെ അനുസരിക്കുന്ന ജനമാണോ എന്നും അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. ജന്മങ്ങൾ ജീവിച്ച മനുഷ്യൻ ദൈവം കൽപ്പിച്ച ബലികളിൽ നിന്നു വ്യതിചലിച്ച് തങ്ങളുടെ സ്വാർത്ഥതാൽപ്പര്യങ്ങൾക്ക് സാത്താനും അവനോട് ചേർന്ന് നിൽക്കുന്ന ദുർദേവന്മാർക്കും നരബലികൾ വരെ അർപ്പിച്ച് അശുദ്ധാചാരങ്ങൾ അനുഷ്ഠിച്ച് ദൈവത്തെ നിന്ദിക്കുകയും കോപിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ക്രിസ്തുവിന് അതായത് ഭൂമിയിൽ യേശു ജനിക്കുന്നതിന് മുമ്പ് മനുഷ്യന്റെ പാപങ്ങൾക്ക് പശ്ചാത്താപമായി മൃഗബലിയും, പക്ഷികളെ ഒക്കെ ബലി കൊടുത്തിരുന്നു. അങ്ങനെ അവരുടെ പാപത്തെ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞ് രക്ഷപ്പെടുവാനുള്ള ഒരു സാഹചര്യം ദൈവം അനുവദിച്ചിരുന്നു. എന്നാൽ യേശുക്രിസ്തു ക്രൂശിൽ യാഗമായതിന് ശേഷം രക്തബലി കൊടുക്കുന്നത് നിന്നു. എന്നാൽ പകരം അല്ല. സ്വയം ദൈവത്തിന് (ക്രിസ്തുവിനു) വേണ്ടി മരിക്കുന്നവർ വിശുദ്ധരാകുന്നു. ക്രിസ്തുവിന് വേണ്ടി മക്കളെയോ, വീടിനെയോ, സമ്പത്തോ, എന്ത് നഷ്ടമായാലും വരുവാനിരിക്കുന്ന ദൈവരാജ്യത്തിൽ പതിൻമടങ്ങ് ലഭിക്കും. എന്നിരുന്നാലും പഴയനിയമത്തിൽ ദൈവം എന്തിനാണ് ഇങ്ങനെ ബലി അർപ്പിക്കാൻ പറഞ്ഞത്. ജലപ്രളയത്തിന് മുമ്പ് മനുഷ്യൻ നരഭോജികളും പച്ച മാംസം തിന്നുന്നവനും ആയിരുന്നു. അതിനു മുമ്പ് പച്ച സസ്യം പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ തുടങ്ങി സസ്യഭുക്കുകൾ ആയിരുന്നു. ആ കാലഘട്ടം ആത്മീയ മനുഷ്യർ അല്ലായിരുന്നു. ശേഷം ആത്മീയ മനുഷ്യനായ ആദാമിന്റെ സന്തതികളും ഭൗതിക മനുഷ്യരായ ദുഷ്ടാത്മാക്കളും ചേർന്നു. രക്തവും മാംസവും ഭക്ഷിച്ച കാലം ആയിരുന്നു. ഈ മനുഷ്യരാശിയെ ജലപ്രളയത്താൽ സംഹരിച്ചു. പിന്നീട് ഉള്ള ജനത്തിന് ശുദ്ധി ഉള്ള ജീവജാലങ്ങളും ശുദ്ധി ഇല്ലാത്ത ജീവജാലങ്ങളേയും വേർതിരിച്ച്

കൊടുത്തു. ശേഷം പാകം ചെയ്ത് ഭക്ഷിക്കുവാൻ ദൈവം യാഗം കൽപ്പിക്കുന്നു. വിറക് കൂട്ടി തീ കത്തിച്ച് കാളകളേയും ആടുമാടുകളേയും ബലി അർപ്പിച്ച് അതിന്റെ മാംസം ഭക്ഷിക്കേണ്ടവിധം ദൈവം മനസ്സിലാക്കി കൊടുക്കുന്നു. അങ്ങനെ പ്രാകൃത മനുഷ്യരിൽ നിന്നും പരിഷ്കൃത മനുഷ്യരിലേക്ക് പതിയെ ജനത്തെ ദൈവം നടത്തുന്നു. ദൈവം മോശയുടെ കാലം തൊട്ട് എല്ലാ ജോലികളും മനുഷ്യനെ പഠിപ്പിച്ചു. ഗുഹാ മനുഷ്യന്റെ യുഗത്തിൽ നിന്നും തടികൾ കൊണ്ട് വീടും ആരാധനാലയവും ഉണ്ടാകാൻ പഠിപ്പിച്ചു. വസ്ത്രം നെയ്യാനും, സ്വർണ്ണം, ഇരുമ്പ് തുടങ്ങിയ പണികൾ ചെയ്യുവാനും പഠിപ്പിക്കുന്നു. കൂടാതെ എങ്ങനെ ദൈവത്തെ അനുസരിക്കണം എന്നെല്ലാം പഠിപ്പിച്ചു. പലപ്പോഴും മനുഷ്യർ തെറ്റ് ചെയ്തും പിറുപിറുത്തും ദൈവത്തിന്റെ കോപത്തിന് പാത്രമാകുന്നു. മനുഷ്യർ വീണ്ടും ഭൂമിയിൽ നിറയുന്നതിനനുസരിച്ച് അവന് ശുദ്ധിയുള്ളത് എല്ലാം കഴിക്കുവാൻ അനുവാദം കൊടുക്കുന്നു. എന്നാലും എക്കാലവും മനുഷ്യൻ ദൈവത്തോട് വാദിച്ചുകൊണ്ടിരുന്നു. ദൈവത്തെ പല തരത്തിലും കോപിപ്പിച്ചു. ദൈവം ഇസ്രായേൽ ജനതയെ നശിപ്പിക്കുവാൻ തുനിഞ്ഞപ്പോൾ ദൈവത്തിന്റെ കോപത്തെ തണുപ്പിക്കുവാൻ സ്വർഗ്ഗത്തിൽ ക്രിസ്തു നിന്നതുപോലെ സീനായ് മലയുടെ പിളർപ്പിൽ മോശ നിന്നില്ലായിരുന്നു എങ്കിൽ ദൈവം ഇസ്രായേൽ മക്കളെ മൊത്തം നശിപ്പിച്ചേനെ. എന്നാൽ അവരുടെ സന്തതി കനാൻദേശം കാണുമായിരുന്നില്ല. ഇങ്ങനെ എപ്പോഴും മനുഷ്യനും ദൈവത്തിനും മദ്ധ്യേ ചില മനുഷ്യർ മദ്ധ്യസ്ഥരായി ഉണ്ടാകും. ചിലപ്പോൾ വിശുദ്ധരായ വാങ്ങിപ്പോയവർ, മാതാപിതാക്കൾ, സഹോദരങ്ങൾ ഇവരിൽ ആരെങ്കിലും ദൈവത്തെ അറിയുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനാൽ ദൈവകോപം ദുഷ്ടത പ്രവർത്തിക്കുന്നവർക്കു പലപ്പോഴും നേരിടുന്നില്ല. ഇതും ഒരു താൽക്കാലിക രക്ഷപ്പെടൽ മാത്രം. എന്നാൽ ന്യായവിധിയിൽ മറ്റൊരാളുടെ പ്രാർത്ഥനയോ മദ്ധ്യസ്ഥതയോ പ്രയോജനപ്പെടുന്നില്ല. ഓരോരുത്തർക്കും അവരവരുടെ പ്രവർത്തികളുടെ ഫലം ലഭിക്കും. എന്നാൽ ഭൂമിയിൽ മരിച്ചവർക്കുവേണ്ടിയും കർമ്മങ്ങളും പ്രാർത്ഥനകളും ജീവിച്ചിരിക്കുന്നവർ ചെയ്യുന്നുണ്ടല്ലോ. അതിനാൽ സാഹചര്യം കൊണ്ട് ജീവിതം തെറ്റിലേക്ക് പോയവർക്ക് മനപ്പൂർവ്വമല്ലാത്ത തെറ്റുകൾക്ക് ഒക്കെ പ്രയാസമല്ലാത്ത തെറ്റുകൾക്ക് ഒക്കെ പ്രായശ്ചിത്തം ചെയ്യുവാൻ പുതിയ ഒരു ജന്മം മറ്റൊരു അവസ്ഥയിൽ ലഭിക്കുന്നു. ഇങ്ങനെ അനവധി ജന്മങ്ങൾ ജനിച്ച് മരിച്ച് വീണ്ടും ജീവിക്കുന്ന നമ്മൾ ഓരോരുത്തരും അവരുടെ കാലഘട്ടങ്ങളിൽ ദൈവത്തിൽ നിന്നും അകന്നും അടുത്തും ജീവിക്കാൻ സാധിക്കുന്നു. അങ്ങനെ മുപ്പതും, അറുപതും, നൂറും മേനി ഫലം ഉണ്ടാകുന്നവർക്ക് അവരുടേതായ പ്രതിഫലം ലഭിക്കും. എന്നാൽ എക്കാലത്തും മുപ്പതിന് താഴെ മാത്രം ഫലമേ ഉള്ളൂ എങ്കിൽ അവൻ നിത്യനര

കത്തിന് പാത്രമാകും. ഇതാണ് തെറ്റ് ചെയ്തുകൊണ്ട് ഇരിക്കുന്നവരുടെ കാര്യം. വല്ലപ്പോഴും നേർച്ച, വല്ലപ്പോഴും ദാനം, വല്ലപ്പോഴും സഹായം, കൂടുതൽ സമയം ധൂർത്ത്, തിന്മ – ഇവരെ ദൈവം പാതാളത്തിലേക്ക് താഴ്ത്തും. ഇതാണ് കർത്താവ് പറഞ്ഞത്. ഉള്ളവനോ ഏവനും കൊടുക്കും. ഇല്ലാത്തവനോ ഉള്ളതും കൂടെ എടുക്കപ്പെടും. ഇല്ലാത്തവന്റെ എടുത്ത് ഉള്ളവന് കൊടുക്കും എന്ന് പറഞ്ഞത്. യോഗ്യത ഇല്ലാത്തവനും അതു വിനിയോഗിക്കാൻ അറിയാത്തവനും ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് എടുത്തു കൂടുതൽ സമ്പാദിച്ചവന് അധികമായി ലഭിക്കും. എന്നാൽ മുപ്പതിന് മുകളിൽ നിലവാരത്തിൽ ജീവിച്ചവർക്ക് നൂറ് ശതമാനം വരെ അവരുടെ പ്രവർത്തിക്ക് അനുസൃതമായ ഫലം ദൈവത്തോട് ചേർന്ന് നിൽക്കാം. ഇതു വായിച്ചതിന് ശേഷം എങ്കിലും പശ്ചാത്തപിക്കൂ. ദൈവം ഏകനാണ്, സത്യമാണ്.

# 40

# മാറ്റം വരാത്ത മനുഷ്യരും മാറാത്തവരും

മനുഷ്യജന്മം നാല് യുഗങ്ങളിൽ കൂടിയാണ് കടന്നുവന്നത്. മതങ്ങൾ തമ്മിൽ മത്സരിക്കുന്നത് എന്തിന്? ആരും ദൈവത്തെ കണ്ടിട്ടില്ല. ദൈവത്തിന്റെ രൂപം നിർമ്മിക്കാനും കഴിയുകയില്ല. ദൈവം ഒരു രൂപവും എടുത്തിട്ടുമില്ല. എന്നാൽ എല്ലാ മനുഷ്യരിലും അതായത് ആദാമിന്റെ പാരമ്പര്യത്തിൽ ജനിച്ചവർ എല്ലാം ദൈവത്തിന്റെ അംശങ്ങൾ തന്നെ ആണ്. ഇവരിൽ സാത്താന്റെ സ്വഭാവം വന്നുചേർന്നു എന്ന് മാത്രം. അതിനാൽ കാലാകാലങ്ങളിൽ ദൈവം മനുഷ്യനെ നീക്കം ചെയ്ത് പുതിയ രൂപഭാവങ്ങൾ കൊടുത്ത് മാറ്റുന്നു. എന്നാൽ മനുഷ്യൻ മാറാതെ പഴയതിലേക്ക് തിരികെ പോകുന്നു. മനുഷ്യൻ പുതുകി വരാൻ ദൈവം ആഗ്രഹിക്കുന്നു. അവന്റെ സ്വഭാവങ്ങൾ നല്ലതാക്കി ഏകദൈവത്തിൽ വിശ്വസിച്ച് ദൈവ ചൈതന്യം വീണ്ടും പ്രാപിച്ച് പുതുക്കണം. ജലപ്രളയത്തിന് മുമ്പുള്ളത് വീണ്ടും ആവർത്തിക്കാതെ ഇരിക്കുക. ക്രിസ്തുവിന് മുമ്പ് ഉണ്ടായിരുന്നത് വീണ്ടും ആവർത്തിക്കാതെ ഇരിക്കുക. ഇപ്പോൾ പ്രധാന പുരുഷൻ ക്രിസ്തുവാണ്. വന്നവനും വരുവാനിരിക്കുന്നവനും അവൻ തന്നെ. അപ്പോൾ മറ്റൊരാൾ എന്തിന്. അവനും അവനെ അയച്ച ദൈവത്തെയും മാത്രം മനുഷ്യൻ വിശ്വസിച്ചാൽ മതിയാകും. പഴയ ആചാരങ്ങളെ നീക്കം ചെയ്യണം. വിഗ്രഹ ആരാധന പാപമാണ്. തന്റെ ദൈവം കല്ലും മണ്ണും തടിയും ലോഹവും ആവരുത്. അവൻ ജീവനുള്ള ദൈവമാണ്. കോടിക്കണക്കിന് പ്രകാശവർഷം അകലേക്ക് വ്യാപിച്ചുകിടക്കുന്ന പ്രപഞ്ചത്തെ തന്റെ രഥമാക്കി സഞ്ചരിക്കുന്ന ദൈവത്തിനെ നമ്മുടെ കണ്ണുകൾ കൊണ്ട് കാണുക പ്രയാസമാണ്. ഇത്രയ്ക്കും ശക്തിയുള്ള ദൈവം നമുക്ക് കൂടെ ഉണ്ട് എന്ന് വിശ്വസിക്കുമ്പോൾ മറ്റ് ശക്തികൾ വെറും നിസാരം ആകും. ഇന്ന് നാല് വേദങ്ങൾ ഉണ്ടല്ലോ. നാലും പൊരുത്തപ്പെടാത്ത തരത്തിലാണല്ലോ. ഓരോ മതത്തിന്റെയും ദൈവങ്ങളുടെ രൂപങ്ങൾ മനുഷ്യമനസ്സിൽ കുടിയിരിക്കുന്നു. എന്നാൽ യഥാർത്ഥ ദൈവത്തിന്റെ രൂപം ഇതൊന്നുമല്ല. എങ്കിൽ ആ ദൈവത്തെ ദർശിക്കുമ്പോൾ മനുഷ്യൻ കാണാത്ത ദൈവത്തെ ഉൾക്കൊള്ളാൻ സാധിക്കുമോ. അതിനാൽ ദൈവത്തിന്റെ രൂപത്തെ ഉണ്ടാക്കി മനസ്സിൽ പ്രതിഷ്ഠിക്കാതിരിക്കുക. ദൈവിക ചിന്തകൾ മാത്രം ഉണ്ടാവുകയും ദൈവത്തിന് ഹിതമാകുന്ന പ്രവർത്തി ചെയ്യുകയും വേണം. എല്ലാ മതങ്ങളും നന്മയുടെ പാത

തെളിച്ചിരിക്കുന്നു. തിന്മയുടെ വഴി നാശകരവുമാണ് എന്ന് പറയുന്നു. എല്ലാ മതസ്ഥരും ദൈവവിശ്വാസികളാണ്. ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്നു. എന്നാൽ ഇതുകൊണ്ടല്ല മനുഷ്യൻ തെറ്റുകാരായത്. ദേവലോകത്തു നിന്നും ഇറക്കപ്പെട്ടവരാണല്ലോ അസുരന്മാർ. ഹൈന്ദവപുരാണത്തിൽ ശ്രീരാമന്റെയും രാവണന്റെയും കാലഘട്ടത്തിന് ശേഷം അസുരന്മാരെപ്പറ്റി പ്രതിപാദിക്കുന്നില്ല. പിന്നീട് ശ്രീകൃഷ്ണന്റെയും കൗരവ പാണ്ഡവരുടെയും കാലം. ഈ കാലഘട്ടം മല്ലന്മാരുടെ വാഴ്ചയുടെ കാലഘട്ടം ആയിരുന്നു. ഇത് ഈ ചരിത്രങ്ങൾ ഇന്നത്തെ ഇന്ത്യയും അഫ്ഗാൻ, പാക്കിസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളെ കേന്ദ്രീകരിച്ചാണ് ഉണ്ടായിരുന്നത്. പാലാഴി കടഞ്ഞതും മന്ധര പർവ്വതം പസഫിക് സമുദ്രത്തിൽ ഉണ്ട് എന്ന് പറയുന്നതും വിശ്വസിക്കാൻ പ്രയാസമാണ് എന്നിരുന്നാലും ദേവാംശവും അസുരാംശവും നിറഞ്ഞ ആത്മാക്കളാണ് മനുഷ്യനിൽ വസിക്കുന്നത്. ഇത് ദൈവിക അംശവും പൈശാചിക അംശവും എന്നും പറയാം. തിന്മയുടെയും നന്മയുടെയും അംശം നിറഞ്ഞത് എന്ന് കരുതാം. അങ്ങനെ അസുരാംശവും, തിന്മയും പൈശാചികതയും മാറ്റി മനുഷ്യൻ സ്വയം ദൈവിക ആത്മാവിനെ കൂടുതൽ സമ്പാദിക്കണം. എങ്കിലെ മനുഷ്യന്റെ ദൈവികമായുള്ള ബന്ധം കൂടുകയുള്ളു. അങ്ങനെ മനുഷ്യൻ ദൈവിക ചൈതന്യം വർധിച്ച് പരമാത്മാവായ ദൈവത്തെ ദർശിക്കുവാനും അവിടുത്തെ സന്നിധിയിൽ എത്തപ്പെടാനും സാധിക്കുകയുള്ളു. ദൈവത്തെ നാം കോപിപ്പിച്ചാൽ ദൈവകോപത്തിൽ നാം നിലംപരിചാകും. കാറ്റും, മഴയും, മിന്നലും, ഇടിയും, പ്രളയവും, അഗ്നിയും, ബാധകളും, രോഗങ്ങളും ഒക്കെ ദൈവത്തിന്റെ സൈന്യങ്ങൾ ആണ്. അവ നന്മയായിട്ടും തിന്മയായിട്ടും പ്രവർത്തിക്കും. ഒരാൾ ചെയ്യുന്ന തിന്മകൾ കൊണ്ട് ചിലപ്പോൾ അനവധി ആളുകൾ ശിക്ഷിക്കപ്പെടാറുണ്ട്. അതുപോലെ നല്ല മനുഷ്യരാൽ അനവധി മനുഷ്യർ രക്ഷ പ്രാപിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ന്യായവിധിയിൽ ഇവ ഉപകരിക്കപ്പെടുന്നില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മാത്രം രക്ഷിക്കപ്പെടും.

# 41

# ഒമാനിലെ ഗ്രാൻഡ്മോസ്ക്ക്

1989-ൽ ആണ് ഞാൻ ഒമാനിൽ വരുന്നത്. എന്നാൽ ഒമാന്റെ വളർച്ചയ്ക്ക് അനുസരണമായി അവിടെ ദേവാലയങ്ങളും ഉയർന്നുകൊണ്ടേയിരുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ കാലത്താണ് അവർ ദേവാലയങ്ങൾ പണി തുടങ്ങുന്നത്. സ്വന്തം ഭവനം നിർമ്മിക്കുന്നതിന് മുമ്പ് അവർ ആരാധനാലയം ഉണ്ടാക്കും (മോസ്ക്ക്). ആ മോസ്ക്കുകൾക്ക് ചുറ്റും അള്ളാഹു അക്ബർ എന്ന ബാങ്ക് മുഴങ്ങുന്ന ശബ്ദം എത്തുന്ന സ്ഥലം ഐശ്വര്യപൂർണ്ണമായി വളർച്ച പ്രാപിക്കുന്നു. ഇന്ന് മസ്ക്കറ്റ് റൂവിയിൽ നിന്നും ഏകദേശം 25 കി. മീ. മാറി അസയ്ബ എന്ന സ്ഥലത്ത് 2000 ആണ്ടിന് ശേഷം ഗ്രാൻഡ് മോസ്ക്ക് നിർമ്മിച്ചു. എന്നും ഈ മോസ്ക്ക് ഞാൻ കാണുന്നുണ്ട്. എന്നാൽ അതിൽ പ്രവേശിക്കാൻ സാധിച്ചിട്ടില്ല. എന്നും ചിന്തിക്കും പോകണം എന്ന്. എന്നാൽ 2013 ജൂലൈ മാസം 6-ാം തീയതി (6-7-2013) ഞാനും കുടുംബവും അതിൽ പ്രവേശിച്ചു. നാനാജാതി മതസ്ഥർക്കും പ്രവേശിക്കുവാൻ ഒരു ദേവാലയം. അത്യധികം മനോഹരമായ സൗധം. അതിന്റെ ഉള്ളിൽ പ്രവേശിച്ചപ്പോൾ ഉണ്ടായ ഊർജ്ജം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. പ്രശാന്തസുന്ദരമായ ദേവാലയത്തിൽ പ്രതിഷ്ഠകൾ ഒന്നും ഇല്ല. അതിനാൽ ദേവാലയം നിറഞ്ഞ് അള്ളാഹുവിന്റെ ചൈതന്യം ഉണ്ടാകുന്നു. ശബ്ദമലിനീകരണം ഒന്നും ഇല്ലാത്ത പൂർണ്ണസമാധാനം ഉളവാകുന്ന ഈ ദേവാലയത്തിൽ കടന്ന് ഉള്ളു തുറന്ന് ദൈവത്തെ മഹത്വപ്പെടുത്തിയാൽ തീർത്തും സകല പ്രതിസന്ധികളും അകന്ന് പോകും. അനുഗ്രഹം വന്നു ചേരും. ഇവിടെ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കൂബിന്റെയും ദൈവമായ അൽ-യാഹു (യഹോവ) വിന്റെ നാമം മാത്രമാണ്. ഇവിടെ പ്രകാശവും സമാധാനവും ഒന്നിച്ച് വസിക്കുന്നു. ദൈവത്തെ ആരാധിക്കുന്ന ആലയങ്ങളിൽ വാതിലുകൾ തുറന്ന് കിടക്കട്ടെ. ദൈവത്തിനും മനുഷ്യനും ഇടയിൽ മതിലിന്റെ ആവശ്യം ഇല്ല. എന്നാൽ ഇടയ്ക്ക് ഒരു മതിൽ ഉണ്ട്. അത് പിശാചാണ്. ഈ മതിൽ തകർക്കപ്പെട്ടാൽ യഥാർത്ഥ ദേവാലയമാകുന്ന സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാൻ സാധിക്കും. എന്നാൽ ചില അതിർവരമ്പുകൾ എവിടെയും കാണും. മതങ്ങളുടെ അതിർവരമ്പ്. ഇത് ഒരർത്ഥത്തിൽ ആവശ്യമാണ്. മനുഷ്യന്റെ അന്ധമായ വിശ്വാസത്തിനല്ല, എന്നാൽ ദൈവത്തെ അന്വേഷിപ്പാനും അറിയുവാനും ആകണം ഈ വരമ്പുകൾ. ഒരു ഭവനത്തിൽ നിന്നും പല സ്ഥലങ്ങളിലേക്ക് ജോലിക്ക് പോകുന്ന സഹോദരങ്ങൾ ജോലി കഴിഞ്ഞ് തിരികെ സ്വന്തം ഭവനത്തിൽ എത്തി

ച്ചേരുന്നതുപോലെ നമ്മൾ പുറകോട്ട് തിരിച്ച് യാത്ര ചെയ്താൽ എല്ലാ വരും ദൈവസന്നിധിയിൽ എത്തിച്ചേരും. എന്നാൽ ഈ വരമ്പുകൾ ദൈവ ത്തിന്റെ അരികെ എത്തുവാനുള്ള തടസ്സം ആകാതിരിക്കട്ടെ. കാലാകാ ലങ്ങളിൽ പല മതങ്ങളും ശോഷിച്ച് പോയിട്ടുണ്ട്. ബുദ്ധമതവും, ജൈന മതവും, യഹൂദമതവും ഒക്കെ ഇങ്ങനെ ശോഷണം വന്നതാണ്. കാരണം ബുദ്ധ-ജൈന മതങ്ങൾ മാനുഷ്യദൈവങ്ങളാണ്. ഇവരുടെ സിദ്ധാന്ത ങ്ങൾ നല്ലതാണ്. അത്രമാത്രമേ അവർ ആഗ്രഹിച്ചുള്ളു. എന്നാൽ ഈ മനുഷ്യരെ ദൈവങ്ങളായി കണ്ടതിനാൽ പിൽക്കാലത്തു വന്ന ജനം ഇവരെ വിശ്വസിച്ചില്ല. എന്നാൽ യഹൂദമതം ഒരു അധികാരസ്ഥാനം മാത്ര മാണ്. യഹോവയായ ദൈവത്തെ ആരാധിച്ചിരുന്നവർ - അവകാശിയായ ക്രിസ്തു വരുന്നതുവരെ ചെങ്കോലും രാജത്വവും കൈവശം ഇരുന്നവർ. എന്നാൽ ക്രിസ്തു വന്നപ്പോൾ അവരുടെ അധികാരങ്ങൾ ഏൽപ്പിക്കു വാനോ രാജത്വം കൊടുക്കുവാനോ അവനിൽ വിശ്വസിക്കുവാനോ തുനി യാതെ ക്രിസ്തുവിനെ ഇല്ലാതാക്കുവാൻ വരെ തുനിഞ്ഞതിനാൽ അവ രുടെ മതം ശോഷിച്ച് പോയി. തന്നെയുമല്ല പലപ്പോഴും അവർ ഛിന്നിച്ച് പോവുകയും രാജ്യം നഷ്ടപ്പെടുകയും ചെയ്യുന്നു. പലപ്പോഴും കൂട്ടിച്ചേർ ക്കപ്പെടുകയും ചെയ്തു. എന്നിട്ടും ഇപ്പോഴും ഇവർ നാഥൻ ഇല്ലാത്ത അവസ്ഥയിൽ ആണ്. ഇവർ ക്രിസ്തുവിൽ വിശ്വസിച്ചിരുന്നു എങ്കിൽ ലോകത്തുള്ള എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കുമായിരുന്നു. മതങ്ങൾ അവരവരുടെ ഭാഷ അവരുടെ മക്കളെ പഠിപ്പിക്കുന്നു. അതിൽ നിന്ന് വ്യതി ചലിക്കുവാൻ അനുവദിക്കുന്നില്ല. എന്നാൽ ദൈവത്തെ അന്വേഷിക്കുന്ന വർ സ്വതന്ത്ര നിലപാടുള്ളവർ ആകണം. തങ്ങളുടെ മൂല്യങ്ങളിൽ മുറുകെ പ്പിടിച്ചുകൊണ്ട് സ്വതന്ത്രമായി ചിന്തിക്കുവാൻ സാധിക്കുകയില്ല. മനു ഷ്യന്റെ തീവ്രതാനിലപാടിനു മാറ്റം വരുത്തണം. ആടുകൾ ഇടയന്റെ ശബ്ദം കേട്ട് അവന്റെ അടുക്കലേക്ക് എത്തണം. അതിനാൽ മതങ്ങ ളുടെ കയറിൽ ബന്ധിച്ചിരിക്കുന്ന മനുഷ്യന് ദൈവത്തിന്റെ അടുത്തേക്ക് എത്തപ്പെടുവാൻ സാധിക്കുകയില്ല. എന്നാൽ ഒന്നും തകർത്ത് എറിയു കയല്ല, ഒരു മതം വിട്ട് മറ്റ് മതങ്ങളിലേക്ക് പലായനം ചെയ്യുകയല്ല, യഥാർത്ഥ സത്യം മനസ്സിലാക്കി ജീവിക്കുകയും അതിൻപ്രകാരം വേണം പരിവർത്തനം ചെയ്യുവാൻ. താൽക്കാലിക സമാധാനത്തിന് വേണ്ടിയും മതങ്ങൾ മാറരുത്. മനുഷ്യന് ചിന്തിക്കുവാൻ ഒത്തിരി അവസരങ്ങൾ ദൈവം തന്നു. എന്നാൽ ദൈവത്തെ അന്വേഷിക്കാതെ സ്വന്തം ലാഭത്തിന് അവരവരുടെ മൂല്യങ്ങളിൽ മുറുകെപ്പിടിച്ച് തമ്മിൽ തമ്മിൽ ന്യായം വിധിച്ച് ഇതുവരെ നാം ജീവിച്ചു. ന്യായവിധിയുടെ കാലഘട്ടം വരുമ്പോഴും മനുഷ്യന്റെ ഈ അവസ്ഥയ്ക്ക് മാറ്റംവരാതെ ഇരുന്നാൽ എന്താണ് പ്രയോജനം. മനുഷ്യന്റെ ലാഭക്കൊതിയും അധികാര സ്ഥാനങ്ങളുടെ കമ്പവും മാറിയാൽ മാത്രമേ ദൈവം ഒന്ന് എന്നും മനുഷ്യർ തുല്യർ

എന്നുമൊക്കെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. മതവും രാഷ്ട്രീയവും ഒന്നുപോലെയാണ്. അണികൾ ചോർന്ന് പോയാൽ സ്ഥാനവും മാനവും പോകും. എന്നാൽ രാഷ്ട്രീയക്കാരുടെ നിലപാടല്ല ദൈവിക ചിന്താഗതി ഉള്ളവർക്ക് വേണ്ടത്. സ്ഥാനമാനങ്ങൾ ത്യജിക്കുവാനും ക്ഷമിക്കുവാനും, താഴ്മയോടെ ജീവിക്കുവാനും, സഹനശക്തി, സഹാനുഭൂതി, ആർദ്രത, കരുണ തുടങ്ങിയ നല്ല ഗുണങ്ങൾ ഉണ്ടാകണം. അന്യോന്യം സ്നേഹിക്കുവാനും പരസ്പരം സഹായിക്കുവാനും മനസ്സുണ്ടാകണം. പട്ടിണി, ദാരിദ്ര്യം, കഷ്ടത, ദുഃഖം തുടങ്ങിയവയിൽ നിരാശപ്പെടാതെ തരണം ചെയ്ത് ജീവിക്കണം. ഇതെല്ലാം ദൈവത്തോട് അടുക്കുന്നതിന്റെ വഴിയാകണം.

ദൈവത്തെ അറിയുവാൻ സാധാരണക്കാരന് അവകാശം ഇല്ലേ. ഒരു സാധാരണ മനുഷ്യന് അനവധി സംശയങ്ങളും, ധാരണകളും ഉണ്ട്. അവന് ശരിയായ ഉത്തരം ലഭിക്കുന്നില്ല. പണ്ഡിതരും ശ്രേഷ്ഠരും ആയവർക്കാണോ ദൈവത്തിന്റെ വരം ലഭിക്കുന്നത്. സാധാരണക്കാരന് ഇത് അപ്രാപ്യമാണോ. ഞാൻ ഒരു സാധാരണക്കാരനായി ചിന്തിച്ചപ്പോൾ മാത്രമാണ് ഇങ്ങനെ ഒരു പുസ്തകം എഴുതുവാൻ സാധിച്ചത്. ഇതിൽ മറ്റ് ആരുടേയും കൈകടത്തൽ ഇല്ല. മറ്റുള്ളവരുടെ വാക്കുകൾ കേട്ടിരുന്നു എങ്കിൽ എനിക്ക് സ്വതന്ത്രമായി ദൈവത്തെ അന്വേഷിപ്പാൻ സാധിക്കുമായിരുന്നില്ല. ഞാൻ എന്നിലേക്ക് ആരേയും ആകർഷിക്കുന്നില്ല. എന്റെ അടുക്കൽ വന്നാൽ നിങ്ങൾക്ക് ഒന്നും കിട്ടുകയും ഇല്ല. എന്നാൽ ക്രിസ്തുവിന്റെ വചനങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ക്രിസ്തുവിന്റെ അടുക്കൽ എത്തുവാൻ ഉള്ള വഴി പറഞ്ഞുതരാൻ സാധിക്കും. വി. യോഹന്നാൻ പോലും തന്നിലേക്ക് ആരേയും ആകർഷിച്ചിരുന്നില്ല. അദ്ദേഹവും ക്രിസ്തുവിലേക്കാണ് ജനത്തെ നയിക്കുന്നത്. വാക്സാമർത്ഥ്യത്താൽ ആരേയും വശീകരിക്കാൻ മനുഷ്യന് കഴിയും. അനവധി ഗുരുക്കന്മാരും ദൈവങ്ങളും തങ്ങളുടെ വലയത്തിൽ മനുഷ്യനെ നിർത്തിയിരിക്കുന്നു. എന്നാൽ നിത്യമായ ജീവിതം ലഭിക്കുവാൻ ഇവർക്ക് എന്തുചെയ്യുവാൻ സാധിക്കും. ആരെയെങ്കിലും ദൈവസന്നിധിയിൽ എത്തിക്കാൻ പറ്റുമോ. അങ്ങനെ ഒരു വാഗ്ദാനം ക്രിസ്തു അല്ലാതെ ആരെങ്കിലും തന്നിട്ടുണ്ടോ. അങ്ങനെ തരുന്നവരുടെ പ്രവർത്തിയും ക്രിസ്തുവിന്റെ പ്രവർത്തികളും തമ്മിൽ യോജിച്ച് നോക്കണം. എന്നിട്ട് വിശ്വസിക്കണം. മരിച്ചവനെ ഉയിർപ്പിക്കാൻ കഴിയുന്നവന് മാത്രമേ ഈ വാഗ്ദാനം നിറവേറ്റാൻ സാധിക്കുകയുള്ളു. ഇന്നും എന്നും മനുഷ്യൻ സമാധാനം ഇല്ലാതാക്കുന്നു. ഒരുവൻ മറ്റൊരുവന് ദോഷം നിരൂപിക്കുന്നു. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു. ഈ മനുഷ്യർ ദൈവത്തിന്റെ പുത്രരായ മാലാഖമാർ ആയിരുന്ന കാലത്ത് സ്വർഗ്ഗരാജ്യത്തിൽ

തന്റെ പിതാവിന് ഒരു സമാധാനവും കൊടുക്കാത്തവർ ആയിരുന്നു. തമ്മിൽ വൈരവും കലഹവും നിമിത്തം സ്വർഗ്ഗീയ സമാധാനം ഇല്ലാതാക്കിയവർ. അതിനാൽ ആദമിനെ സൃഷ്ടിച്ചപ്പോൾ സമാധാനം ഒഴികെ മറ്റ് എല്ലാം മനുഷ്യന് ദൈവം കൊടുത്തു. സമാധാനം സ്വയം ഉണ്ടാക്കേണ്ടതാണ്. എന്നാൽ മനുഷ്യന് ഒരിക്കലും അതു സാധ്യമാവുകയില്ല. ഇനിയും മുമ്പോട്ടുള്ള കാലത്ത് മനുഷ്യന് സമാധാനം ഇല്ലായ്മയുടെ കാലമാണ്. മനുഷ്യൻ തമ്മിൽ മത്സരിക്കുന്നു. യുദ്ധം ചെയ്യുന്നു. പ്രതികാര ചിന്ത വളരുന്നു. ചതിക്കുന്നു. മറ്റുള്ളവരെ കൊല്ലുവാൻ ആഗ്രഹിക്കുന്നു. അങ്ങനെ ദുഷ്ടതകൾ പലതും പ്രവർത്തിക്കുന്നു. എന്നാൽ പലപ്പോഴും ഈ ദുഷ്ടർ നന്മയും ചെയ്യുന്നു. ഇതിന്റെ കാരണം അവന്റെ ഉള്ളിലുള്ള ആത്മാവ് ദൈവസൃഷ്ടിയായ ആത്മാവിൽ ദുഷ്ടശക്തി കയറിക്കൂടി അങ്ങനെ നല്ല ആത്മാവിനെ ദുഷ്ട ആത്മാവ് ഞെരുക്കിക്കൊണ്ടിരിക്കുന്നു. ലോകത്തുള്ള സകല മനുഷ്യനും സഹോദരങ്ങളാണ്. ആരും ശത്രുക്കളല്ല. വെളുത്തവനും കറുത്തവനും എല്ലാം സഹോദരങ്ങൾ. അങ്ങനെ ചിന്തിക്കുക. അതാണ് സത്യം. മതങ്ങൾ വേർതിരിച്ചത് ദൈവമല്ല, മനുഷ്യനാണ്. ദൈവം മതത്തിന് പേർ ഇട്ടിട്ടില്ല. എല്ലാവർക്കും ഒരു പേർ മനുഷ്യൻ. സാത്താന്റെ പ്രേരണയാൽ അവന്റെ ആത്മാവിനേയും വഹിച്ചുകൊണ്ട് നടക്കുന്നവരാണ് മത തീവ്രവാദവും കുലപാതകവും ദുഷ്പ്രവർത്തികളും മറ്റും ചെയ്യുന്നത്. ഒരുവന് ഭാര്യ ആകുന്നതുവരെ “സ്ത്രീ” അവൾ അമ്മയുടെയോ സഹോദരിയുടെയോ സ്ഥാനം ആകണം. അറിവില്ലാത്ത കാലത്ത് വീഴ്ച വന്നിട്ടുണ്ടെങ്കിൽ പശ്ചാത്തപിച്ച് തിരുത്തണം. സ്വന്തം മാതാപിതാക്കളെപ്പോലെ ലോകത്തുള്ള പ്രായമായവരെ കാണണം. തന്നിലും ഇളയവരെ സഹോദരന്മാരോ  സ്വന്തം കുഞ്ഞുങ്ങളെയോ പോലെ കാണണം. മൽസരബുദ്ധി ഉപേക്ഷിക്കണം. എന്നാൽ സ്വന്ത ബുദ്ധി ഉപയോഗിക്കാം.  അതിൽ കപടം ഉണ്ടാവരുത്. അങ്ങനെ വന്നാൽ അവരിൽ പിശാചിന്റെ ആവാസം കൂടുതലാണ്. ഇപ്പോൾ പിശാച് ഒരു വലിയ ശക്തിയല്ല. അവന്റെ ശക്തി എല്ലാം ലോകത്തുള്ള മനുഷ്യനിൽ ലയിപ്പിച്ചിരിക്കുന്നു. ഇത് വേർതിരിക്കുന്ന കാലം വരുമ്പോൾ അവൻ വലിയ ശക്തിയാകും. എന്നാൽ ദൈവശക്തി മനുഷ്യനിൽ വളരണം. അപ്പോൾ സാത്താന്റെ ശക്തി കുറയും. അത് മറ്റ് ഒരാളെ കൊന്നിട്ടല്ല. സ്വയം തിന്മകൾ ഉപേക്ഷിച്ച് നന്മകൾ ചെയ്ത് ദൈവതേജസ് ഉണ്ടാകുമ്പോൾ ദുഷ്ടശക്തി ഇല്ലാതെ ആകും. ദൈവത്തോട് ചേരുവാനുള്ള ആത്മാവും സാത്താനോട് ചേരുവാനുള്ള ആത്മാവും ഒരുപോലെ മനുഷ്യനിൽ വസിക്കുന്നു. വീണ്ടും വീണ്ടും തിന്മ ചെയ്ത് സാത്താനോട് ചേരാതെ നന്മ മാത്രം ചെയ്യുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യണം. ദിവസം അനവധി ആൾക്കാരെ മനുഷ്യൻ വധിക്കുന്നു. ഇങ്ങനെ ചെയ്ത് ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാധി

ക്കുമെന്ന് കരുതുന്നുണ്ടോ. നാം ചെയ്യുന്ന തെറ്റുകൾക്ക് എത്ര ഇരട്ടി കടുത്ത ശിക്ഷ നാം ഏൽക്കും എന്ന് ബോദ്ധ്യം ഉണ്ടെങ്കിൽ നാം ഇങ്ങനെ തെറ്റ് ചെയ്യുമോ. മൂഢൻ ദൈവം ഇല്ല എന്ന് പറയുന്നു. അവൻ മ്ലേച്ഛത പ്രവർത്തിക്കുന്നു. ദൈവം ഉണ്ട് എന്ന് പറയുന്നവരും തെറ്റ് ചെയ്യാതിരിക്കുന്നില്ല. അവരുടെ തെറ്റ് ദൈവത്തിനുവേണ്ടിയാണ് എന്ന് ന്യായീകരിക്കുന്നു. എല്ലാ സമൂഹങ്ങളേയും ഒരുപോലെ കാണുന്നവനാണ് നേതാവ്, രാജാവ്, പുരോഹിതന്മാർ. ഇവരിൽ വേറുകൃത്യം ഉണ്ടാവാൻ പാടില്ല. അവരുടെ സഹജീവികളെ അനുഗ്രഹിക്കുന്നതിന് മാത്രം ആകണം. കോപം ഉപേക്ഷിച്ച് സ്നേഹം ധരിക്കണം. ദൈവങ്ങളുടെ പേരിൽ യുദ്ധം ചെയ്യുന്നവർ, സഹജീവികളെ കൊല്ലുന്നവർ, സാത്താന്റെ സ്നേഹിതർ ആകുന്നു. ദൈവത്തിനുവേണ്ടി യുദ്ധം ചെയ്യുവാൻ ദൈവം പറയുമ്പോൾ ചെയ്താൽ മതി. ആദം മുതൽ ജലപ്രളയം വരെ കായീന്റെ ഭരണം ആയിരുന്നു. ഇത് യുദ്ധങ്ങളുടെ കാലഘട്ടം. എന്നാൽ യുദ്ധം ചെയ്താലും ജനം മരിക്കാത്ത കാലവും ഉണ്ടായിരുന്നു. അതാണ് ജലപ്രളയത്താലുള്ള സംഹാരം. ഇവിടെ സംഹരിച്ചത് മനുഷ്യനല്ല ദൈവമാണ്. അപ്പോൾ ദൈവം ആരേക്കൊണ്ടും ചെയ്യിച്ചില്ല. പിന്നീട് നോഹ മുതൽ യേശുക്രിസ്തു വരെയുള്ള കാലഘട്ടത്തിൽ ദൈവത്തിന്റെ ശബ്ദം മൂലം മനുഷ്യനോട് കൽപ്പിച്ച് യുദ്ധം ചെയ്യിച്ചു. മനുഷ്യന്റെ രക്തദാഹം അവനേക്കൊണ്ട് ദൈവം ചെയ്യിച്ചു. ക്രിസ്തു സ്വർഗ്ഗത്തിൽ പോയതിന് ശേഷം ഭൂമിയിൽ ദൈവത്തിന്റെ ശബ്ദം ഒരു മനുഷ്യനും കേട്ടിട്ടില്ല. ആരോടും ദൈവം യുദ്ധം ചെയ്യാൻ കൽപ്പിച്ചിട്ടുമില്ല. എന്നാൽ ക്രിസ്തുവിന് ശേഷം മനുഷ്യൻ പരസ്പരം സ്നേഹിക്കാൻ ആഹ്വാനം ചെയ്യുന്നു. മനുഷ്യൻ അനുസരിക്കുന്നുണ്ടോ. ഇതാണ് മനുഷ്യൻ ദൈവത്തിന്റെ പിടിയിൽപ്പോലും ഒതുങ്ങാത്ത ദുഷ്ടപിശാചിന്റെ വലയിലാണ് എന്ന് പറയുന്നത്. ഈ വല തകർത്ത് വെളിയിൽ വരുന്നവർ സ്വൽപം കഷ്ടതകൾ ഏൽക്കുമെങ്കിലും ആത്മീയമായ ശക്തി ഇവർ സമ്പാദിച്ചിരിക്കും. അന്ത്യകാലത്ത് സാത്താനോട് പൊരുതാൻ ഇവർക്ക് സാധിക്കും. അന്ന് സാത്താന്റെ അന്ത്യം കുറിക്കും. അവനോട് കൂടി തിന്മ പങ്കിട്ടവരും നശിക്കും. ക്രിസ്തു വരുവാൻ താമസിക്കുന്ന കാലത്തോളം ഇവർക്ക് രക്ഷപെടുവാനുള്ള അവസരം ഉണ്ട്. എന്നാൽ അന്ത്യനാൾ വരെ പാപം ചെയ്യുന്നവർ നിത്യ നരകത്തിൽ വീണിരിക്കും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.